


# ചാവറയച്ചൻ

# ചാവറയച്ചൻ
## ഒരു രേഖാചിത്രം

ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ.

# *Chavarayachan Oru Rekhachithram*
**(A Book of Documetation)**

**Author** : **FR. THOMAS PANTHAPLACKAL, CMI**

**Published by** : The CMI General Secretariate
For Evangelization & Pastoral Ministry
Ernakulam

**First Published**: Malayalam - 2004

Type set at
**TEXT 'N' GRAPHICS**
ERNAKULAM

Printed at
**ANASWARA PRINTERS**

**Cover and Picture Design:**
**Fr. Thomas Panthaplackal CMI**
**and**
**Image House**

**Price : Rs. 50.00**

© The CMI General Secretariate
For Evangelization & Pastoral Ministry
Ernakulam - 682 011

# ചാവറയച്ചൻ ഒരു രേഖാചിത്രം

(ആധികാരികരേഖകൾ)

സമർപ്പണം

## പരിശുദ്ധ അമ്മയ്ക്ക്

അമലോത്ഭവയായി പ്രഖ്യാപിച്ചതിന്റെ 150-ാം വർഷത്തിൽ

## വാഴ്ത്തപ്പെട്ട ചാവറയച്ചന്

ജനനത്തിന്റെ 200-ാം വർഷത്തിൽ

**ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ.**

സി. എം. ഐ. ജനറൽ സെക്രട്ടറിയേറ്റ്
മിഷൻ & അജപാലനവകുപ്പ്
എറണാകുളം
8-12-2004



## സന്ദേശം

ആത്മീയപിതാവ്, അനഭിഷിക്തനായ മെത്രാൻ, കേരളസഭാസംരക്ഷകൻ, ഏതദ്ദേശിയവും സീറോമലബാർസഭയിലേതുമായ രണ്ടു സന്യാസസഭകളുടെ സ്ഥാപകൻ, സെമിനാരി മല്പാനും പരീക്ഷകനും ആർച്ചുഡീക്കന്മാർക്കുശേഷമുള്ള ആദ്യത്തെ വികാരി ജനറൽ, കുടുംബപ്രേഷിതൻ, പുനരൈക്യപ്രസ്ഥാനത്തിന്റെ മാർഗ്ഗദർശി, സഭാചരിത്രകാരൻ, വിദ്യാഭ്യാസപ്രവർത്തകൻ, സാഹിത്യകാരൻ, സാമൂഹ്യപരിഷ്കർത്താവ്, അഗതികളുടെ പിതാവ് എന്നിങ്ങനെ നിരവധി മേഖലകളിലൂടെ കേരളസഭയേയും സമൂഹത്തെയും നയിച്ച വിശുദ്ധനായ ഒരു പുണ്യപുരുഷനാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

അദ്ദേഹത്തെ കേന്ദ്രീകരിച്ചുള്ള ആധികാരിക രേഖകളിലൂടെ കടന്നുപോയപ്പോൾ, 135 വർഷം മുമ്പു ജീവിച്ചിരുന്ന ചാവറയച്ചനെ എളുപ്പത്തിൽ മനസ്സിലാക്കുവാനും, അദ്ദേഹത്തെക്കുറിച്ചു പറഞ്ഞിട്ടുള്ള വസ്തുതകളെ സ്വാഭാവികമായി വിശ്വസിക്കുവാനും എളുപ്പമായി.

1805-മുതലുള്ള അറുപത്തഞ്ചുവർഷത്തെ ജീവിതത്തിനുള്ളിൽ അദ്ദേഹം ചെയ്തുതീർത്ത നന്മകളെ വിലയിരുത്തുമ്പോൾ, കേരളത്തിൽ ഇന്നുവരെ അദ്ദേഹത്തോടു തുല്യനായ മറ്റൊരു പ്രതിഭയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നു സമ്മതിക്കേണ്ടിവരുന്നു. ക്രിസ്തുവിന്റെ ജീവിതത്തിൽ നിന്നും അടർത്തിയെടുത്ത പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും ശൈലികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള തന്റെ തീർത്ഥാടനം മോസസ് ഇസ്രായേൽ ജനത്തെ നയിച്ചതു പോലെ ആയിരുന്നു.

പരിശുദ്ധ പിതാവിനെയും തിരുസഭയേയും അമ്മയേപ്പോലെ സ്നേഹിച്ചിരുന്ന ചാവറയച്ചൻ സഭയുടെ വ്യക്തിത്വത്തെ കാത്തുസൂക്ഷിക്കുവാനും സഭയെ ഒന്നിച്ചുനിർത്തുവാനും വേണ്ടി രക്തം ചിന്താതെ രക്തസാക്ഷിയായ ആളാണ്. കേരളസഭാതനയരെ

വിശ്വാസത്തിലും വിശുദ്ധിയിലും നിലനിർത്തുവാൻവേണ്ടി വൈദികരേയും, സന്യസ്തരേയും, ആത്മായരേയും ആരാധനാക്രമപരിഷ്ക്കരണങ്ങളിലൂടെയും നവീകരണപ്രവർത്തനങ്ങളിലൂടെയും സജ്ജമാക്കി.

മനുഷ്യമഹത്വത്തെ ലക്ഷ്യംവെച്ച് ജാതിമത വ്യത്യാസമില്ലാതെ, സാമൂഹ്യവും, സാംസ്ക്കാരികവും, മതപരവുമായ വളർച്ചക്കുവേണ്ടി നിലകൊണ്ട ചാവറയച്ചൻ കേരളജനതയാൽ എന്നും ആദരിക്കപ്പെടേണ്ട നവോത്ഥാന നേതാവാണ്.

ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടുവാൻ സഹായകമാകത്തക്കവിധമാണ് ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. ആധികാരികരേഖകളിലൂടെ ചാവറയച്ചന്റെ ചിത്രം വരച്ചു കാണിച്ചിരിക്കുന്നത്. 1829 മുതൽ 1870 വരെയുള്ള സുപ്രാധാനരേഖകൾ കൂട്ടിച്ചേർത്തു വായിക്കുമ്പോൾ ആ കാലഘട്ടത്തിലെ കേരളസഭാചരിത്രത്തെയുംക്കൂടിയാണ് അനാവരണം ചെയ്തിരിക്കുന്നതെന്നു മനസ്സിലാകും.

ഇത്രയും രേഖകൾ ഒരുമിച്ചു ഇതുവരെ പ്രകാശനം ചെയ്തിട്ടില്ലാതിരിക്കെ, തോമസച്ചൻ നടത്തിയിരിക്കുന്ന ഈ ശ്രമം ഏറ്റം അഭിനന്ദനാർഹമാണ്. ഇതു കേരളസഭയുടെ ഒരു മുതൽക്കൂട്ടുതന്നെയാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ 200-ാം ജന്മവർഷത്തിന്റെയും നമ്മുടെ പരിശുദ്ധഅമ്മയെ അമലോത്ഭവയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിന്റെയും ഓർമ്മയ്ക്കായി ഈ ചെറുഗ്രന്ഥത്തെ കേരളജനതയ്ക്കായി സമർപ്പിക്കുവാൻ എനിക്കതിയായ സന്തോഷമുണ്ട്. ഈ പുസ്തകം എല്ലാവരും പഠനവിഷയമാക്കാനും അതുവഴി വാഴ്ത്തപ്പെട്ട ചാവറയച്ചൻ നമ്മുടെയിടയിൽ കൂടുതൽ സജീവനായി അറിയപ്പെടുവാനും വണങ്ങപ്പെടുവാനും ഇടവരട്ടെ എന്നാശംസിക്കയും അതിനായി പ്രാർത്ഥിക്കയും ചെയ്യുന്നു.

**വർക്കി കാർഡിനൽ വിതയത്തിൽ**
മേജർ ആർച്ച് ബിഷപ്പ്
എറണാകുളം - അങ്കമാലി

എറണാകുളം
8-12-2004



# അവതാരിക

പത്തൊമ്പതു നൂറ്റാണ്ടു പഴക്കമുള്ള ഭാരതസഭയെക്കുറിച്ചു 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യശതകങ്ങളിൽ ഒരാൾ ദുഃഖിച്ചു പറഞ്ഞു: 'ഒരു വിശുദ്ധനെ ജനിപ്പിക്കാൻ പ്രസവശേഷിയില്ലാത്ത ഒരു സ്ത്രീയായിത്തീർന്നിരിക്കുന്നു ഭാരതസഭ' എന്ന്. ഈ ദുഃഖം ഭാരതസഭയിൽ ആദ്യം വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കുയർത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേതായിരുന്നു. അദ്ദേഹത്തിന്റെ ദൈവസ്നേഹത്തിന്റെയും തിരുസഭാസ്നേഹത്തിന്റെയും അതുവഴി മനുഷ്യവംശത്തിന് നല്കിയ സമ്പൂർണ്ണസമർപ്പണത്തിന്റെയും ഫലമായി ദൈവം അദ്ദേഹത്തെ ഒന്നാമനായി തന്നെ തിരഞ്ഞെടുക്കുകയും ചെയ്തു.

ദൈവത്തിന്റെ മനുഷ്യരുടെയിടയിലെ ഇടപെടലുകൾക്ക് മനുഷ്യരെത്തന്നെയാണ് പലപ്പോഴും ഉപകരണങ്ങളാക്കുന്നത്. ഈ കാര്യത്തിൽ ദൈവത്തിന്റെ കരങ്ങളിലെ ഒന്നാമത്തെ ഉപകരണം, തന്റെ അമ്മയുംക്കൂടിയായ അമലോത്ഭവ കന്യകാമറിയമാണ്. കൈക്കുഞ്ഞായിരിക്കുമ്പോൾ തന്നെ തന്റെ ദാസനായിത്തീർന്ന ചാവറയച്ചനെ തന്നെയാണ് പരിശുദ്ധ അമ്മ 19-ാം നൂറ്റാണ്ടിലെ കേരളസഭയുടെയും സമൂഹത്തിന്റെയും സർവ്വതോമുഖമായ വളർച്ചയ്ക്ക്, തന്റെ തിരുകുമാരനുവേണ്ടി വൈദികരെയും, സന്യസ്തരെയും, കുടുംബജീവിതക്കാരെയും ഒരുക്കിയെടുക്കുവാൻ ഉപകരണമാക്കിയത്. ദിവ്യകാരുണ്യഭക്തനായിരുന്ന ചാവറയച്ചനാകട്ടെ, തിരുക്കുടുംബത്തിന്റെ തുണയോടെ തന്റെ ദൗത്യം പൂർത്തിയാക്കി.

വിശുദ്ധ ഗ്രന്ഥത്തിലെ 950 വയസ്സുവരെ ജീവിച്ച നോഹയും 120 വയസ്സു വരെ ജീവിച്ച മോശയും ദൈവജനത്തിന് പ്രശ്നസന്ധികളിൽ ദൈവകരങ്ങളിലെ ഉപകരണങ്ങളായി. ഇതുപോലെ കേരളസഭയുടെ 19-ാം നൂറ്റാണ്ടിലെ നിരവധിയായ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും പാലക്കൽ, പോരൂക്കര തോമ്മാച്ചന്മാരോടുക്കൂടി, ചാവറയച്ചൻ ആസ്ഥാനമായി ഉറപ്പിക്കപ്പെട്ട മാന്നാനം

കേരളസഭയ്ക്കും നോഹിന്റെ പെട്ടകത്തിന്റെ സ്ഥാനവും, ചെങ്കടലും മരുഭൂമിയും താണ്ടി മരുഭൂമിയിലേയ്ക്കു ദൈവജനത്തെ നയിച്ച മോശയുടെ സ്ഥാനം ചാവറയച്ചനും വഹിക്കുന്നു. പല നൂറ്റാണ്ടുകൾക്കുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കാഞ്ഞവയൊക്കെ 66 വയസ്സിനുള്ളിൽ അദ്ദേഹം തുടക്കമിടുകയോ, നിദർശനം ചെയ്യുകയോ ചെയ്തു എന്നതിന്റെ തെളിവുകളാണ് അദ്ദേഹത്തെ ചുറ്റിപ്പറ്റിയുള്ള നിരവധിയായ രേഖകൾ. ജീവിതകാലത്തും അതിനുശേഷവും ചാവറയച്ചൻ ദൈവജനത്തിനുവേണ്ടി നിലകൊള്ളുന്നു എന്നതിന്റെ അടയാളമാണ് അദ്ദേഹത്തിലൂടെ ദൈവസന്നിധിയിൽ നിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾ. അതുകൊണ്ടു മാത്രമാണ് അദ്ദേഹം മരിച്ച് 100 വർഷം പിന്നിട്ടിട്ടും അദ്ദേഹത്തെക്കുറിച്ചുള്ള 210 രേഖകൾ ശേഖരിച്ച് നാമകരണനടപടികൾക്കുള്ള തിരുസംഘത്തിന് 1971-ൽ നൽകുവാൻ സാധിച്ചത്.

ഈ ചരിത്ര രേഖകളിൽ നിന്നും ഇന്നുവരെ എഴുതപ്പെട്ട മറ്റു പല രേഖകളിൽ നിന്നും ശേഖരിച്ച അറിവുകൾ അതേപടി 'ചാവറയച്ചൻ ഒരു രേഖാചിത്രം' എന്നപേരിൽ ഫാ. തോമസ് പന്തപ്ലാക്കൽ സി.എം. ഐ ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുകയാണ്.

'ചാവറയച്ചൻ എഴുതുന്നു' എന്ന ശേഖരത്തിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ വൈദികർക്കും, സന്യസ്തർക്കും കുടുംബജീവിതക്കാർക്കും നൽകുന്ന പല നിർദ്ദേശങ്ങളും ഉപദേശങ്ങളും ഉണ്ട്. ഇതുകൂടാതെ അദ്ദേഹം മാർപ്പാപ്പാക്കും, കർദ്ദിനാൾമാർക്കും, മെത്രാന്മാർക്കും, വൈദികർക്കും, സന്യാസി സന്യാസിനികൾക്കും, അൽമായർക്കും എഴുതിയ 15 എഴുത്തുകളും സർക്കുലർകളും പെടുന്നുണ്ട്. ഈ രേഖകൾ തെളിയിക്കുന്നത് അദ്ദേഹത്തിന്റെ ജീവിതം തിരുസഭയെ മുഴുവൻ ഉൾക്കൊള്ളുന്നതായിരുന്നു എന്നുമാത്രമല്ല, എല്ലാവർക്കും തന്റെ ജീവിതത്തിലുണ്ടായിരുന്ന പ്രാധാന്യത്തെയും അനുസ്മരിപ്പിക്കുന്നു.

19-ാം നൂറ്റാണ്ടിലെ മാർപ്പാപ്പാമാരും, കേരളസഭയിലെ ഭരണാധികാരികളും, തിരുവിതാംകൂർ രാജാക്കന്മാരും അടുത്തശേഖരത്തിൽപെടുമ്പോൾ, ആ കാലത്തെ സഭാ, രാഷ്ട്രീയ അധികാരികളെയും അവരിലൂടെ ഉണ്ടായപ്രവർത്തങ്ങളെയും വിലയിരുത്തുവാൻ സഹായിക്കുന്നു.

ചാവറയച്ചൻ നൽകിയിട്ടുള്ളതും, അദ്ദേഹത്തിനുവേണ്ടി നൽകിയിട്ടുള്ളതുമായ 12 രേഖകളാണ് അടുത്ത സെറ്റിൽ കാണുന്നത്. ഈരേഖകൾ അദ്ദേഹത്തിന്റെ പ്രവർത്തനമേഖലകളെ വ്യക്തമാക്കിത്തരുന്നതും, കേരളസഭയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനത്തെയും വെളിപെടുത്തുന്നു.

തുടർന്നുള്ള വേറൊരു രേഖാ ശേഖരമാണ് ചാവറയച്ചനെ നേരിട്ടുകണ്ടവരും, അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥത്താൽ രോഗശാന്തി ലഭിച്ചവരും തരുന്ന സാക്ഷ്യങ്ങൾ. ഇതുപോലെ മാർപ്പാപ്പയും ഇൻഡ്യൻ പ്രസിഡണ്ടും മുതലുള്ള സമുന്നത നേതാക്കൾ ചാവറയച്ചനെക്കുറിച്ചു പറഞ്ഞിട്ടുള്ളവയും, ഒരെഴുത്തുകാരനും കൂടിയായിരുന്ന അദ്ദേഹത്തെക്കുറിച്ചുള്ള ചരിത്ര, സാഹിത്യ, സാമൂഹ്യ, സാംസ്ക്കാരിക നായകന്മാരുടെ വിലയിരുത്തലുകളും അവരുടെ തന്നെ വാക്കുകൾകൊണ്ട് ഈ പുസ്തകത്തിലെ 29 രേഖകളിലൂടെ പ്രതിപാദ്യവിഷയമാക്കിയിരിക്കുന്നു.

ചാവറയച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്ഥാപനങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ ഒദ്യോഗിക നാമത്തിൽ ഇന്നും ലഭ്യമാകുന്ന പ്രിയോർമാവിനേക്കുറിച്ചും, തന്റെ അന്ത്യമൊഴികളെക്കുറിച്ചും, അദ്ദേഹത്തിന്റെ മരണവൃത്താന്തങ്ങളെക്കുറിച്ചുമെല്ലാം നൽകുന്ന ആധികാരിക അറിവുകൾ ചരിത്രരേഖകളിലൂടെ അവതരിപ്പിച്ചുകൊണ്ട് ചാവറയച്ചന്റെ സമ്പൂർണ്ണ ജീവചരിത്രത്തെ തന്നെയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ചാവറയച്ചന്റെ ജീവിതത്തെയും, പ്രവർത്തനങ്ങളേയും, വിശുദ്ധിയേയും, ലോകം നിറഞ്ഞുനിൽക്കുന്ന അദ്ദേഹത്തിന്റെ അറിവിനേയും, ബന്ധങ്ങളേയും വെളിച്ചത്തു കൊണ്ടുവരുവാൻ സഹായിക്കുന്നതാണ് ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന രേഖകളെല്ലാം. അതിൽ പ്രധാനപ്പെട്ട പല രേഖകളും, ഇതുവരെ പ്രസാധനം ചെയ്യപ്പെടാത്തതടക്കം, ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. ബഹുജനമദ്ധ്യത്തിലേയ്ക്കെത്തിക്കുകയാണ്. ഈ രേഖകളിലൂടെ കടന്നുപോയാൽ വാഴ്ത്തപ്പെട്ട ചാവറയച്ചനേയും, 19-ാം നൂറ്റാണ്ടിലെ കേരളസഭയേയും സമൂഹത്തേയും, അതിന്റെ അവസ്ഥകളേയുംക്കുറിച്ചറിയുവാൻ ഇത്ര ആധികാരികമായ ഒരു ഗ്രന്ഥം ചരിത്രരേഖകളിലൂ


ടെയും സമുന്നതരുടെ വാക്കുകളിലൂടെയും ഉണ്ടായിട്ടില്ല എന്ന് മനസ്സിലാകും. പ്രത്യേകിച്ച് ചാവറയച്ചനെക്കുറിച്ചു പഠിക്കാനുള്ള ഈ ഗ്രന്ഥം മലയാളികളായ എല്ലാവർക്കും ഉപകാരപ്രദമാകട്ടെ എന്നാശംസിച്ചുകൊണ്ട്, തോമസച്ചനെ അനുമോദിച്ചുകൊണ്ട്, കേരളസഭയ്ക്കായി സമർപ്പിക്കുന്നു.

ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐ.

മാന്നാനം

പോസ്റ്റുലേറ്റർ (1967–2004)

7–12–2004



## ജനറാളച്ചൻ സംസാരിക്കുന്നു

കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് പഴയതു പലതും നഷ്ടപ്പെടുക എന്നത് സ്വാഭാവികവും ചരിത്രസത്യവുമാണ്. വ്യക്തികളെക്കുറിച്ചായാലും, കയ്യെഴുത്തുകളായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന രേഖകളുടെ കാര്യത്തിലായാലും ഇതു ശരിതന്നെ. വ്യക്തികൾ മൺമറയുമ്പോൾ ഓർമ്മകളിൽ നിന്നും അകന്നുപോകുന്നു. അവരെ ഓർമ്മകളിലേയ്ക്ക് വീണ്ടും കൊണ്ടുവരണം. രേഖകൾ പ്രകൃതിശക്തികളുടെ നിയന്ത്രണത്തിനുവിധേയമാക്കണം. ഓർമ്മിപ്പിക്കയും സുരക്ഷിതമാക്കുകയും ചെയ്യുന്ന പ്രക്രിയയാണല്ലൊ പുസ്തപ്രകാശനങ്ങളിലൂടെ നടക്കുന്നത്.

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവചരിത്രം പഴയ രേഖകളെല്ലാം പരിശോധിച്ച്, കൂട്ടിച്ചേർക്കേണ്ടവയെല്ലാം ചേർത്ത് ആധികാരികഗ്രന്ഥം രചിച്ച് പുനഃപ്രകാശനം ചെയ്യുവാൻ സി.എം.ഐ. സഭയുടെ പൊതുസംഘം 2002-ൽ തീരുമാനമെടുക്കുകയും അതിനായി അജപാലനവകുപ്പ് സെക്രട്ടറി ബഹു. മാത്യു കണിയാംപറമ്പിലച്ചന്റെ നേതൃത്വത്തിൽ ബഹു. ലൂക്കാസ് വിത്തു വട്ടിക്കലച്ചനും, മത്ത്യാസ് മുണ്ടാടനച്ചനും അടങ്ങുന്ന ഒരു കമ്മിറ്റിയെ നിശ്ചയിക്കയും ചെയ്തിരുന്നു.

ഈ കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന ബഹു. തോമസ് പന്തപ്ലാക്കലച്ചൻ നടത്തിയ അന്വേഷണങ്ങളിൽ ചാവറപ്പിതാവിന്റെ ജീവിതത്തോടും വ്യക്തിത്വത്തോടും ബന്ധപ്പെടുത്തി കണ്ടെത്തിയ പ്രധാനപ്പെട്ട പല രേഖകളും ഒന്നിച്ചുചേർത്ത് ചെറിയൊരു ഗ്രന്ഥമായി അവതരിപ്പിക്കയാണിവിടെ. അദ്ദേഹത്തിന്റെ ഈ പരിശ്രമം വഴി ഈടുവെപ്പുകളിൽ മാത്രം ഒളിച്ചിരുന്ന പല രേഖകൾ പുസ്തകരൂപേണ പൊതുജന സമക്ഷം എത്തുന്നു എന്നതിനോടൊപ്പം, 1829 മുതൽ 1871 വരെ എഴുതപ്പെട്ട ചരിത്രരേഖകളെ കാലം വരുത്തിവെയ്ക്കുന്ന നാശത്തിൽനിന്നും പ്രസിദ്ധീകരണ മാദ്ധ്യമത്തിലൂടെ സുരക്ഷിതമാക്കുകയാണ് ചെയ്തിരിക്കുന്നത്. വാഴ്ത്തപ്പെട്ട ചാവറപിതാവ് തന്റെ 65 വർഷത്തെ ജീവിതത്തിനിടയിൽ ഇടപെട്ട

സാഹചര്യങ്ങളെയും പ്രവർത്തിയിൽ കൊണ്ടുവന്ന നന്മകളെയും ആധികാരികമായി തെളിയിയ്ക്കുവാൻ ഈ രേഖകൾ സഹായിക്കും. സി.എം.ഐ സഭ തുടങ്ങുവാൻ 1829-ൽ അനുവാദം കിട്ടിയതും, 1844-ൽ അദ്ദേഹത്തെ മല്പാനും വൈദികരുടെ പരീക്ഷകനും ആക്കിയതും, 1846-ൽ പ്രസ്സുതുടങ്ങുവാൻ രാജാവിന്റെ അനുവാദംകിട്ടിയതും, 1849-ൽ ലത്തീൻ സുറിയാനി സഭകളിൽ വചനപ്രഘോഷകരാക്കി ചുമതലപ്പെടുത്തിയതും, 1855-ൽ അദ്ദേഹവും അനുയായികളും വ്രതബദ്ധരായതും, 1859ൽ പുത്തൻ പള്ളിയിൽ മഠം തുടങ്ങാൻ നടത്തിയ ശ്രമങ്ങളും, 1861 സുറിയാനി സഭയുടെ മുഴുവനും വികാരി ജനറാളാക്കിയതും, അതേ വർഷംതന്നെ തോമസ് റോക്കോസ് മെത്രാന്റെ ശീശ്മക്കെതിരെ നേതൃത്വമെടുത്തതിന് 9-ാം പീയൂസ് മാർപ്പാപ്പ അയച്ച എഴുത്തും അടക്കമുള്ള പല വിശേഷങ്ങളും അദ്ദേഹം ഇടപെട്ട പ്രവർത്തനങ്ങൾക്കുള്ള തെളിവുകളും കൂടി ആയി മാറുന്നു. അതുപോലെ ഈ രേഖകളെല്ലാം കേരളസഭയുടെ ചരിത്രഭാഗവും കൂടിയാണ്. ഈ രേഖകളെയും ഇനിയും കണ്ടെത്താനിരിക്കുന്ന രേഖകളെയും ഉൾപ്പെടുത്തികൊണ്ടുള്ള വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ആധികാരികജീവചരിത്രം താമസിയാതെ പുറത്തിറങ്ങും. അതിന്റെ മുന്നോടിയായി, ചാവറപ്പിതാവിന്റെ 200-ാം ജയന്തി വർഷത്തിൽ, പരിശുദ്ധ അമ്മയെ 'അമലോത്ഭവ'യായി പ്രഖ്യാപിച്ചതിന്റെ 150-ാം വർഷത്തിൽ ഈ ചെറുഗ്രന്ഥം മലയാളഭാഷയിൽ കേരളസഭയ്ക്ക് സമർപ്പിക്കുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ബഹു. തോമസച്ചൻ ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമങ്ങളെ നേരിൽ നോക്കി കണ്ടുകൊണ്ടിരിക്കുന്ന ഞാൻ അച്ചന് അനുമോദനങ്ങളർപ്പിക്കയും, ചാവറപ്പിതാവിന്റെ മഹത്വം കൂടുതൽ വെളിപ്പെടുത്തപ്പെടുവാൻ ഈ ഗ്രന്ഥം സഹായകമാകട്ടെ എന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

ഫാ. ആന്റണി കരിയിൽ സി. എം. ഐ.
പ്രിയോർ ജനറൽ
പ്രയർ ജനറൽസ് ഹൗസ്

എറണാകുളം
6-12-2004



# ആശംസ

ഭാരതസഭ സ്വന്തമായ അപ്പസ്തോലിക പാരമ്പര്യത്തിൽ 16-ാം നൂറ്റാണ്ടുവരെ ഒരു സഭയായി മുന്നേറുകയായിരുന്നു. നിർഭാഗ്യവശാൽ ചരിത്രപരമായ പല കാരണങ്ങളാൽ ഈ ഐക്യത്തിന് ഭംഗം വരുകയും 1653 ലെ കൂനൻ കുരിശുസത്യത്തോടെ അത് പ്രകടമായ പിളർപ്പിൽ പര്യവസാനിക്കുകയും ചെയ്തു. ഈ അനൈക്യം സഭാഗാത്രത്തിൽ ഉണ്ടാക്കിയ മുറിവ് സഭാമക്കൾ ഏവരെയും ഏറെ ദുഃഖിപ്പിച്ചു. ദൈവീകമായ സഭാ കൂട്ടായ്മയ്ക്ക് കോട്ടം തട്ടിയ നാൾ മുതൽ ഐക്യത്തിന് വേണ്ടിയുള്ള തീവ്രമായ പരിശ്രമങ്ങളും ആരംഭിച്ചിരുന്നു. നിരവധി വ്യക്തികൾ, വിവിധ രീതിയിൽ ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി യത്നിച്ചു എന്നുള്ളത് ചരിത്രസത്യമാണ്.

19-ാം നൂറ്റാണ്ടിൽ ഈ രംഗത്ത് ആത്മാർത്ഥമായി പ്രവർത്തിച്ച ഒരു പുണ്യപുരുഷനായിരുന്നു ഭാഗ്യസ്മരണാർഹനായ ചാവറയച്ചൻ. കർമ്മലീത്താ സന്യാസസഭാസമൂഹത്തിൽ ഒരംഗം ആയിരുന്നുകൊണ്ട്, 'ഒരിടയനും ഒരു തൊഴുത്തും' എന്ന യേശുനാഥന്റെ ആഹ്വാനത്തെ അദ്ദേഹം ഹൃദയപൂർവ്വം ഉൾക്കൊണ്ടു.

സ്വന്തം സമൂഹത്തിൽ നിന്നും ഒരു മെത്രാനെ ലഭിച്ചാൽ അതുവഴി സഭയിൽ ഏകീകരണവും, യോജിപ്പും, പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും, പുനരൈക്യവും ഉണ്ടാകുമെന്ന് അദ്ദേഹം യഥാസമയം മനസ്സിലാക്കിയിരുന്നു. അനുകൂലമായ സാഹചര്യം ഉണ്ടാക്കുവാൻ അഭിപ്രായങ്ങൾ അറിയിച്ചുകൊണ്ട് അദ്ദേഹം റോമിലേക്ക് എഴുതുകയുണ്ടായി. യാക്കോബായ സഭയിലെ അംഗങ്ങൾ തിരിച്ചുവരികയാണെങ്കിൽ ആരാധനക്രമത്തിലും വൈദികരുടെ കാര്യത്തിലും എന്തു നിലപാടാണ് സ്വീകരിക്കേണ്ടത് എന്ന് പരിശുദ്ധ സിംഹാസനവുമായി ആലോചന നടത്തുവാനും ഈ പുണ്യപുരുഷൻ മറന്നില്ല. ഒന്നാം വത്തിക്കാൻ സുന്നഹദോസിൽ സംബന്ധിക്കുവാൻ മെത്രാൻമാരെ പ്രേരിപ്പിക്കുവാൻ യാക്കോബായ വൈദികർക്കുള്ള എഴുത്തിലൂടെ അച്ചൻ ശ്രമിച്ചതായി രേഖകൾ കാണുന്നുണ്ട്.

സഭാകൂട്ടായ്മയ്ക്ക് വേണ്ടി അഥവാ പുനരൈക്യത്തിന് ചാവറയച്ചനെപ്പോലുള്ള മഹത്വ്യക്തികൾ നടത്തിയ പ്രാർത്ഥനകളും, തുടങ്ങിവച്ച പരിശ്രമങ്ങളും ഒന്നുംതന്നെ നിഷ്ഫലമായില്ല. ഈ നൂറ്റാണ്ടിലെ ഐക്യത്തിന്റെ പ്രവാചകൻ എന്ന് അറിയപ്പെടുന്ന ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങൾകൊണ്ട് സഭാ ഐക്യം എന്ന സ്വപ്നം ഒരു പരിധിവരെ യാഥാർത്ഥ്യമായി. അദ്ദേഹത്തിന്റെയും അനുയായികളുടെയും പുനരൈക്യത്തിലൂടെ മലങ്കരസഭയിൽ പുനരൈക്യ പ്രസ്ഥാനം ആവിർഭവിച്ചു. അങ്ങനെ മലങ്കര കത്തോലിക്കാസഭ ഈ ഭാരതഭൂവിൽ ഒരു സജീവ സാന്നിദ്ധ്യവുമായി.

യേശുക്രിസ്തുവിനാൽ സ്ഥാപിതമായ യഥാർത്ഥ സഭാകൂട്ടായ്മയിലേക്ക് എല്ലാ മനുഷ്യരും കടന്നുവരുമ്പോൾ മാത്രമെ ദൈവത്തിലുള്ള പുനരൈക്യം അതിന്റെ പൂർണ്ണതയിൽ എത്തുകയുള്ളൂ. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിതവും ജീവിതദർശനങ്ങളും ഈ സത്യത്തിനാണ് സാക്ഷ്യം വഹിക്കുന്നത്.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ 200-ാം ജന്മദിനം ആഘോഷിക്കുന്ന അനുഗ്രഹിക്കപ്പെട്ട ഈ അവസരത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ ഹൃദയപൂർവ്വമായ നന്ദി പ്രകടിപ്പിക്കുകയും ആഘോഷങ്ങൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. ഐക്യത്തിനുവേണ്ടി അദ്ദേഹം നടത്തിയ എല്ലാ പരിശ്രമങ്ങളെയും അഭിമാനത്തോടെ ആദരിക്കുന്നു. അതുപോലെ തന്നെ മലങ്കര കത്തോലിക്കാ സഭയുടെ ആദ്യകാലവളർച്ചയിൽ അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളും പിൽക്കാലത്ത് C.M.I. സന്യാസസമൂഹവും നൽകിയിട്ടുള്ള സഹായസഹകരണങ്ങളും നന്ദിയോടെ അനുസ്മരിക്കുന്നതിനും ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തട്ടെ! ചരിത്രരേഖകൾ കൊണ്ടു ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ. നിർമ്മിച്ച 'ചാവറയച്ചൻ ഒരു രേഖാചിത്രം' എന്ന കൃതിക്കും പ്രചുരപ്രചാരം നേരുന്നു.

എന്ന്,

സിറിൽ മാർ ബസേലിയോസ്,
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്,
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്ത.

തിരുവനന്തപുരം
4-12-2004



# ആശംസ

ദൈവം സ്ത്രീയെ സൃഷ്ടിച്ചത് പുരുഷന് ഇണയും തുണയും ആകാൻ വേണ്ടി മാത്ര മല്ല. സ്ത്രീ ഒരു ശക്തിയാണ്, ഒരു സിദ്ധി യാണ്, അവളിൽ മാതൃത്വം നിറഞ്ഞു നിൽക്കുന്നതു പോലെ സാഹോദര്യവും തുളുമ്പിനിൽക്കുന്നു. സ്ത്രീയുടെ ശാലീനതയിൽ നിന്നു കവിഞ്ഞൊ ഴുകുന്ന സ്നേഹം ഗുരുനാഥയുടേയും, ആശ്വാസകയുടേയും, പ്രചോ ദകയുടേയും മുഖം സ്വീകരിക്കുന്നു. ഇത് അനേകർക്ക് മാർഗ്ഗദീപവും വഴികാട്ടിയുമാണ്.

19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ കേരളജനതയുടെ മന സ്സിൽ ഈ തിരിച്ചറിവ് ഉണ്ടാകാതെ പോയതുകൊണ്ടോ എന്തോ, സ്ത്രീയും അറിഞ്ഞില്ല പുരുഷനും അറിഞ്ഞില്ല സ്ത്രീയുടെ ശക്തി. ഈ തിരിച്ചറിവ് ചാവറയച്ചനിൽ ഉണ്ടായതുകൊണ്ടായിരിക്കാം, കേര ളവനിതകളെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് കൊണ്ടുവ രാൻ അദ്ദേഹത്തിന് കഴിഞ്ഞത്.


1866-ൽ കൂനമ്മാവിൽ സി.എം.സി. മഠവും അതോടുചേർന്ന് ഒരു ബോർഡിംഗ് ഹൗസും ആദ്യമായി ഉണ്ടായി. ചാവറയച്ചനായി രുന്നു ഇതിന്റെ പിന്നിലെ പ്രധാന ശില്പി. അതു മുതലിങ്ങോട്ട് ലക്ഷത്തിലേറെ മാതൃത്വം മാറ്റിവെച്ച സഹോദരികളുണ്ടായി. അവരെ ഒരുമിപ്പിക്കുന്ന സന്യാസസഭകളുണ്ടായി. അവരുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളും, അഗതിമന്ദിരങ്ങളും, ആതുരാലയങ്ങളും തൊഴി ലധിഷ്ഠിത പ്രസ്ഥാനങ്ങളും ആയിരക്കണക്കിനുണ്ടായി. ഇവരുടെ സേവനം കേരളവും ഇൻഡ്യയും വിട്ട് ലോകത്തിന്റെ നാനാഭാഗ ങ്ങളിലെത്തി. ഇതിന്റെ ഒക്കെ തുടക്കമോ ചാവറയച്ചനിൽ നിന്ന്.

ഇത്രയും ചരിത്രമറിഞ്ഞാൽ കേരളത്തിലെ ഏതൊരു സ്ത്രീയും ചാവറയച്ചനിൽ അഭിമാനം കൊള്ളും. പ്രത്യേകിച്ച് സന്യാ സിനികൾ. 19-ാം നൂറ്റാണ്ടിലെ കേരളചരിത്രത്തെ അവിസ്മരണീ യമാക്കിത്തീർത്ത ഈ മഹാന്റെ പ്രതിഭയുടെ നാനാമുഖങ്ങളെ തിരി ച്ചറിയുവാൻ ഏറ്റം സഹായകമാണ്, അദ്ദേഹത്തെക്കുറിച്ചുള്ള ചരിത്ര

രേഖകളെ മാത്രം ആസ്പദമാക്കി ഫാ. തോമസ് പന്തപ്ലാക്കൽ സി. എം.ഐ. രചിച്ച 'ചാവറയച്ചൻ ഒരു രേഖാചിത്രം' എന്ന ചെറുഗ്രന്ഥം. കേരളത്തിലെ 19-ാം നൂറ്റാണ്ടിലെ മതപരവും, സാമൂഹ്യവും, സാംസ്ക്കാരികവുമായ എല്ലാ ആവശ്യങ്ങളും തിരിച്ചറിഞ്ഞ് അതിനുള്ള പരിഹാരവഴികൾ നിർദ്ദേശിക്കുവാനോ, കണ്ടെത്തുവാനോ ചാവറയച്ചനു കഴിഞ്ഞു എന്ന് 72-ഓളം രേഖകളിലൂടെ തോമസച്ചൻ അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം തെളിയിക്കുന്നുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ അതുല്യനായി ഉയർന്നു നിൽക്കുന്ന ഈ നവോത്ഥാനനേതാവിനെ പഠിക്കുന്നതിന് ഇതിലും നല്ല ഒരാധികാരിക ഗ്രന്ഥം ഇല്ല എന്നുതന്നെ പറയാം. ഇതിന്റെ കോപ്പി ഓരോ മലയാളി കുടുംബത്തിലും ഉണ്ടായിരിക്കട്ടെ എന്ന് ഞാനാശംസിക്കുന്നു. ഈ സദ്ഗ്രന്ഥം അവതരിപ്പിച്ച തോമസച്ചന് നന്ദിയും ആശംസകളും.

മദർ എഡ്വേർഡ് സി.എം.സി
സുപ്പീരിയർ ജനറൽ
മൗണ്ട് കാർമ്മൽ ജനറലേറ്റ്

ആലുവ
5-12-2004



# അഭിനന്ദനങ്ങൾ

കാലങ്ങൾ കടന്നുപോകുംതോറും അതിനു മുമ്പു കടന്നുപോയ വ്യക്തികളും ഓർമ്മയിൽ നിന്നകലും എന്നത് സ്വാഭാവികമാണ്. എന്നാൽ എല്ലാക്കാലത്തും ചിലരെയെങ്കിലും നാം ഓർമ്മയിൽ നിലനിർത്താറുണ്ട്. അതിനു കാരണം അവർ ആ സമൂഹത്തിന് ഒരു കാലത്ത് ഏറ്റം വേണ്ടപ്പെട്ടവരായിരുന്നതു കൊണ്ടാണ്. ഇത്തരത്തിൽ കേരളസമൂഹത്തിന് ഒരിക്കലും മറക്കാൻ പറ്റാത്ത വ്യക്തിപ്രഭാവമാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. ഒരു കാലഘട്ടത്തിലെ കേരളസമൂഹത്തിൽ അവരുടെ നിരവധിയായ ആവശ്യങ്ങളുടെ മുമ്പിൽ പരിഹാരമാർഗ്ഗമായി നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു ചാവറയച്ചൻ.

അദ്ദേഹം തുടങ്ങിവെച്ച ഓരോ പ്രവർത്തനത്തിന്റെയും ഫലമനുഭവിക്കുന്നവരാണ് ഇന്നത്തെ തലമുറയിലും ഉള്ളവർ. ഇന്നു കേരളസഭ വിഭാവനം ചെയ്യുന്നതും നാമിന്നനുഭവിക്കുന്ന പലതിന്റെയും തുടക്കക്കാരൻ ചാവറയച്ചനാണ് എന്നത് വലിയ ഒരു വാസ്തവമത്രെ.

ഈ സത്യം മനസ്സിലാക്കി, ജനങ്ങളെ അദ്ദേഹത്തിന്റെ അതുല്യസംഭാവനകളുടെ ആഴങ്ങളിലേക്ക് നയിക്കണം. മനുഷ്യമനസ്സുകളിൽ ചാവറയച്ചൻ ഒരു വാടാവൃക്ഷമായി, കുളിർമ്മയേകുന്ന ഓർമ്മയായിത്തീരാൻ അദ്ദേഹം ചെയ്തതും ചെയ്യിച്ചതും അദ്ദേഹത്തെക്കുറിച്ച് അനുഭവസ്തർ പറഞ്ഞതുമായവയെ ഒരു രേഖാചിത്രമാക്കി ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ. കേരളസമൂഹത്തിനു നൽകുകയാണ്. പുസ്തക ഈടുവെപ്പുകളിലും മറ്റും അജ്ഞാതമായി കിടന്നിരുന്ന 200 ഓളം വർഷത്തെ ചരിത്രരേഖകളെ ചാവറയച്ചനെക്കുറിച്ചോർമ്മിക്കുവാൻ ഇന്നു നമുക്ക് സംലഭ്യമായിരിക്കുന്നു.

സി.എം.ഐ. സഭയുടെ പാസ്റ്ററൽ ഡിപ്പാർട്ടുമെന്റിനു വേണ്ടി അദ്ദേഹം ഏറ്റെടുത്ത ഒരു വെല്ലുവിളിയുടെ ഭാഗമാണ് ഈ ചരിത്രരേഖ- ''ചാവറയച്ചൻ ഒരു രേഖാചിത്രം.'' ഇതൊരാവർത്തി വായിച്ചാൽ പിന്നെ വാഴ്ത്തപ്പെട്ട ചാവറയച്ചനെ പിന്നീടൊരിക്കലും

മറക്കാനാവില്ല. അദ്ദേഹത്തെ മറക്കുക എന്നതോ കേരളസഭയെ സംബന്ധിച്ചിടത്തോളം ഏറ്റം വലിയ അപരാധം ആയിരിക്കും എന്നതും ഈ കൃതി തെളിയിക്കുന്നു. ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി എന്നവിധം ഏറ്റം സന്തോഷത്തോടെ ഈ പുസ്തകം അനുവാചകസമക്ഷം എത്തിക്കുകയാണ്. ഡിപ്പാർട്ടുമെന്റിനുവേണ്ടി ബ. തോമസച്ചന് പ്രത്യേകം നന്ദിയും വായനക്കാർക്ക് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ അനുഗ്രഹങ്ങളും ആശംസിക്കുന്നു.

ഫാ. മാത്യു കണിയാംപറമ്പിൽ സി.എം.ഐ.

എറണാകുളം
7 - 12 - 2004

സെക്രട്ടറി
മിഷൻ & അജപാലനവകുപ്പ്



# ആമുഖം

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിനെക്കുറിച്ച് പഠിച്ചു തുടങ്ങിയപ്പോൾ, ഒരു അസാമാന്യ വ്യക്തിത്വത്തിന്റെ ഉടമയാണ്, കേരള സഭയിൽ ഇന്നുവരെയുള്ള വേറൊരു വ്യക്തിയുമായും താരതമ്യം ചെയ്യാൻ കഴിയാത്തവിധം സഭയെ വിവിധ മേഖലകളിലൂടെ ശുശ്രൂഷിച്ച ആളാണ്, ഒരു പുരുഷായിസ്സിനു ചെയ്തു തീർക്കാവുന്നതിലുമധികം അതുല്യ സേവനങ്ങൾ കൊണ്ടും പ്രസ്ഥാനങ്ങൾകൊണ്ടും കേരളസഭയേയും സമൂഹത്തേയും പരിപുഷ്ടമാക്കിയ ആളാണ്, ഇതിലെല്ലാമുപരി ദൈവാത്മാവിനാൽ നയിക്കപ്പെട്ട വ്യക്തിയായിരുന്നു ചാവറപ്പിതാവ് എന്ന വലിയ തിരിച്ചറിവിലേക്കാണ് നയിക്കപ്പെടുന്നത്.

അദ്ദേഹം അടിസ്ഥാനമിട്ടു ആരംഭിച്ച പലതും വളർത്തി എടുക്കുവാൻ ശ്രമിച്ചു എന്നതു വിട്ട് പുതിയതൊന്നും കൂട്ടിച്ചേർക്കുവാൻ ഇല്ലാത്തവിധം അദ്ദേഹം എല്ലാറ്റിനും തുടക്കമിട്ടിരുന്നു എന്നതാണ് സത്യം.

ഇന്ന് അദ്ദേഹം നമ്മുടെയിടയിൽ വേണ്ടവണ്ണം ആദരിക്കപ്പെടാതെയും അറിയപ്പെടാതെയും പോകുന്നുണ്ടെങ്കിൽ അതിനു കാരണം വേണ്ടവിധം അദ്ദേഹത്തെക്കുറിച്ചു പഠിക്കാൻ ശ്രമിച്ചിട്ടില്ല എന്നതുകൊണ്ടായിരിക്കാം. ഇതു വലിയൊരു നന്ദികേടായി പരിണമിച്ചേക്കാം.

അറിയാതെ സ്നേഹിക്കാൻ സാധിക്കയില്ല, സ്നേഹിക്കാതെ സ്വീകരിക്കാനും അംഗീകരിക്കാനും എളുപ്പമല്ല. ഇതൊരു സാമാന്യ തത്വമാണ്. ഈ കുറവു പരിഹരിക്കുവാൻ വേണ്ടി ആധികാരികമായ രേഖകളെയും, വിവിധരംഗങ്ങളിൽ ചാവറപ്പിതാവുമായി അനുഭവസ്തരായ വ്യക്തികളുടെ മൊഴികളെയും കൂട്ടിച്ചേർത്ത് ഈ ചെറുഗ്രന്ഥം, കേരളമക്കളുടെ ഏറ്റം പ്രിയപ്പെട്ട അമ്മയായ പരിശുദ്ധമറിയത്തെ അമലോത്ഭവയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിൽ, ചാവറയച്ചന്റെ ജനനത്തിന്റെ 200-ാം വർഷത്തിൽ കേരളസഭയ്ക്കു സമർപ്പിക്കുകയാണ്.

മലയാളം കൂടാതെ ലാറ്റിൻ, സുറിയാനി, ഇറ്റാലിയൻ, പോർച്ചുഗീസ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലാണ് പല രേഖകളും എഴുതിയിരിക്കുന്നത്. ഇവയെ മലയാളത്തിലേയ്ക്ക് ഭാഷാന്തരം ചെയ്തിരിക്കയാണിവിടെ. ചാവറയച്ചന്റെ നാമകരണനടപടികളുടെ ഭാഗമായാണ് ഈ രേഖകളുടെയെല്ലാം ഒറിജിനലോ, ശരിപകർപ്പോ മാന്നാനം പുസ്തക ഈടുവെപ്പിൽ സൂക്ഷിച്ചിരിക്കുന്നത്. ഇവയിൽ ചിലതെല്ലാം ഇതിനുമുമ്പ് ചാവറയച്ചന്റെ ജീവചരിത്രപുസ്തകങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ പുസ്തകത്തിൽ 16 തലവാചകങ്ങളിലായി 72 ഓളം രേഖകളെ പ്രത്യേക വിധത്തിൽ ക്രോഡീകരിച്ചിരിക്കുന്നു. തുടക്കത്തിൽ കൊടുത്തിരിക്കുന്ന ചാവറയച്ചന്റെ ലഘുജീവചരിത്രം ഒറ്റനോട്ടത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തെ മുഴുവൻ അനാവരണം ചെയ്യുന്നു. ഈ ചരിത്രഭാഗത്തെ ആധികാരികരേഖകൾവഴി വിശ്വാസയോഗ്യമാക്കിയിരിക്കയാണ് ഈ ഗ്രന്ഥത്തിൽ.

'ചാവറയച്ചൻ എഴുതുന്നു' എന്ന തലവാചകത്തിൽ കൊടുത്തിരിക്കുന്ന 15 രേഖകൾ അദ്ദേഹത്തിന് ഏതെല്ലാം തലങ്ങളിൽ ആരെല്ലാമായിട്ടു ബന്ധമുണ്ടായിരുന്നു എന്നും, 19-ാം നൂറ്റാണ്ടിൽ കേരളസഭയ്ക്കും സമൂഹത്തിനും അദ്ദേഹം ചെയ്ത കാര്യങ്ങളെയും വ്യക്തമാക്കുന്നു. 'ചാവറയച്ചനും ആധികാരികരേഖകളും' എന്ന ശീർഷകത്തിൽ ചാവറയച്ചനെക്കുറിച്ച് ഇന്നുവരെ പ്രസിദ്ധപ്പെടുത്താത്ത പല രേഖകളെയും വെളിച്ചത്തു കൊണ്ടുവരുന്നു. പ്രസ്സു നടത്താനുള്ള തിരുവിതാംകൂർ രാജാവിന്റെ അനുവാദവും, സുറിയാനി ലത്തീൻ സഭകളുടെ മുഴുവൻ വചനപ്രഘോഷകരായി ചാവറയച്ചനെയും അനുയായികളെയും നിശ്ചയിച്ചതും, അദ്ദേഹത്തെ വികാരി ജനറാളായി നിയമിച്ചതും, ഭാരതത്തിലെ ആദ്യത്തെ സന്യാസവൈദികന്റെ വ്രതാർപ്പണരേഖയും, ചെമ്പുതകിടിലെ ജീവചരിത്രവുമെല്ലാം വലിയ വില കല്പിക്കേണ്ട രേഖകളാണ്.

ചാവറയച്ചനെ നേരിട്ടു കണ്ടിട്ടുള്ളവരും, അദ്ദേഹത്തിന്റെ മരണാനന്തരം അദ്ദേഹത്തിലൂടെ അനുഗ്രഹങ്ങൾ സ്വീകരിച്ചവരും, സഭാ, സാമൂഹ്യ, രാഷ്ട്രീയവേദികളിലെ സമുന്നതനേതാക്കളും, ചരിത്രകാരന്മാരും, സാഹിത്യകാരന്മാരുമെല്ലാം ചാവറയച്ചനെക്കുറിച്ചു പങ്കുവെച്ചിട്ടുള്ള ഹൃദയസ്പർശിയായിട്ടുള്ള അനുഭവങ്ങളും, വിലയിരുത്തലുകളുമാണ് അടുത്ത 29 രേഖകളിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

അദ്ദേഹത്തിന്റെ സേവനരംഗങ്ങളേയും തുടങ്ങിവെച്ച സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും, അദ്ദേഹം എഴുതിയ വിവിധ കൃതികളേയും വിലയിരുത്തുമ്പോൾ എങ്ങിനെ ഒരു പുരുഷായുസ്സിനുള്ളിൽ ഇത്രമാത്രം കാര്യങ്ങൾ ഒരു മനുഷ്യനു ചെയ്തുതീർക്കാൻ സാധിച്ചു എന്ന ആശ്ചര്യഭാവം എല്ലാവരിലും അവശേഷിക്കുന്നു. ഒരു പക്ഷേ ലോകചരിത്രത്തിലാദ്യമായിട്ടായിരിക്കണം ഒരു വ്യക്തിയുടെ പേരു നിലനിർത്തുന്ന വൃക്ഷം തലമുറകൾക്ക് ഓർമ്മയായി 'പ്രിയോർമാവ്' എന്നപേരിൽ വംശനാശം വരാതെ ഇന്നും ഫലം നൽകുന്നത്.

അദ്ദേഹത്തിന്റെ അന്തിമവചസ്സുകളും അവസാന നിമിഷങ്ങളുമടങ്ങുന്ന രേഖകൾ, ഹൃദയത്തെ അലിയിപ്പിക്കുന്നതും, ദൈവാനുഭൂതിയിലേയ്ക്ക് ഉയർത്തുന്നതും, ജീവിതവീക്ഷണങ്ങളെ രൂപീകരിക്കാൻ സഹായിക്കുന്നതും, ചാവറയച്ചന്റെ ജീവിതവിശുദ്ധിയെ വിളിച്ചറിയിക്കുന്നതുമാണ്. ഒറ്റനോട്ടത്തിൽ ഈ പുസ്തകം രേഖകളുടെ ഒരു സമാഹാരമാണെന്നു തോന്നിയാലും ഇതിലൂടെ ചാവറയച്ചൻ എന്ന വാഴ്ത്തപ്പെട്ടവന്റെ ജീവചരിത്രം വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്.

വായനക്കാരുടെ എളുപ്പത്തിനുവേണ്ടി ചുരുങ്ങിയ പേജുകളിലൂടെ അവതരിപ്പിക്കപ്പെടുന്ന തിരഞ്ഞെടുക്കപ്പെട്ട പ്രസക്തഭാഗങ്ങൾ മാത്രം ഉൾക്കൊള്ളുന്ന, ഈ പഠനഗ്രന്ഥം തയ്യാറാക്കുവാൻ എന്നെ ധാരാളം പേർ സഹായിച്ചിട്ടുണ്ട്. എന്റെ സഹോദരീസഭ സി.എം.സി. യിലെ എന്നെ സഹായിച്ച സഹോദരിമാരേയും, ഈ കാര്യത്തിൽ എന്നെ ഏറ്റം കൂടുതൽ സഹായിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി നയിച്ച വികാരി ജനറൽ ബഹു. മാത്യു കണിയാംപറമ്പിലച്ചനെയും, സി. എം. ഐ. ജനറൽ ഹൗസിലെ എല്ലാ അംഗങ്ങളെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

ഈ ചെറുഗ്രന്ഥത്തിന് സന്ദേശങ്ങളും ആശംസകളും നൽകിയ സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിലും, സീറോമലങ്കരസഭയുടെ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസും ആശംസകൾക്കുപരിയായി വ്യത്യസ്ത മേഖലകളിൽ ചാവറയച്ചനെക്കുറിച്ചുള്ള ചരിത്രാവലോകനം നടത്തിയിരിക്കയാണ്. ബഹു. ജനറാളച്ചനും മദർ ജനറലുമാകട്ടെ വാഴ്ത്തപ്പെട്ട ചാവറപ്പിതാവിനോടുള്ള വാത്സല്യം പ്രകടിപ്പിച്ചിരിക്കുന്നു.

എല്ലാറ്റിനും എല്ലാവർക്കും നന്ദി.

അവതാരിക എഴുതി ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച ബഹു. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐ. യെക്കുറിച്ച് പ്രത്യേകം ഓർക്കാതെ വയ്യ. വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ചോ അദ്ദേഹത്തെ കേന്ദ്രീകരിച്ചുള്ള ആധികാരിക രേഖകളെക്കുറിച്ചോ ഇത്രയധികം കൃത്യമായ അറിവുള്ള മറ്റൊരാൾ ജീവിച്ചിരിപ്പില്ല. ഏതാണ്ട് അരനൂറ്റാണ്ടോളം ചാവറയച്ചനുവേണ്ടി പ്രവർത്തിക്കയും അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ നിരയിലേയ്ക്കുയർത്തുവാൻ പോസ്റ്റുലേറ്റർ എന്ന വിധം റോമിൽ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുത്തതും ബ. ലൂക്കാച്ചൻ തന്നെ. ചാവറയച്ചന്റെ രേഖാചിത്രത്തിന് അവതാരിക എഴുതാൻ ഇതിലും യോഗ്യനായ മറ്റൊരു വ്യക്തിയില്ല. അദ്ദേഹം തന്ന രേഖകളുടെ ചിത്രീകരണം കൂടിയാണിത്. ബഹു. ലൂക്കാച്ചന് നന്ദി അർപ്പിക്കട്ടെ.

ഈ പുസ്തകം ഇത്ര മനോഹരമാക്കിത്തീർക്കുവാൻ സഹകരിച്ച ഇമേജ് ഹൗസിനേയും അനശ്വര പ്രിന്റേഴ്സിനെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

എറണാകുളം — പ്രിയോർ ജനറൽ ഹൗസ്

8-12-2004

# ഉള്ളടക്കം


പേജ്

1. Family Tree of Blessed Chavara 1
2. ചാവറയച്ചൻ - ലഘുജീവചരിത്രം 2
3. Important places connected with Blessed Chavara 22
4. ചാവറയച്ചൻ സംസാരിക്കുന്നു.
   * ചാവറയച്ചൻ വൈദികരോടു സംസാരിക്കുന്നു. 23
   * ചാവറയച്ചൻ സന്യസ്തരോടു സംസാരിക്കുന്നു. 25
   * ചാവറയച്ചൻ കുടുംബങ്ങളോടു സംസാരിക്കുന്നു. 27
5. ചാവറയച്ചൻ എഴുതുന്നു
   * ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും സഹകരിക്കുന്നു 29
   * സെമിനാരിക്കുവേണ്ടി അയച്ച സർക്കുലർ 30
   * പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തിനുള്ള അനുവാദത്തിന് എഴുതുന്നു. 32
   * ചാവറയച്ചൻ വിചാരണ നടത്തിയതിന്റെ റിപ്പോർട്ട് 33
   * 9-ാം പീയൂസ് മാർപ്പാപ്പായ്ക്ക് എഴുതിയ കത്ത് 35
   * 9-ാം പീയൂസ് മാർപ്പാപ്പായുടെ മറുപടി കത്ത് 38
   * റോക്കോസ് മെത്രാനെ തിരിച്ചുവിളിക്കാൻ നിർദ്ദേശം 40
   * പള്ളിയോടു ചേർന്ന് പള്ളിക്കൂടങ്ങൾ നടത്തണമെന്ന് ചാവറയച്ചൻ 42
   * ചാവറയച്ചൻ കൂനമ്മാവു മഠത്തിലെ സി.എം.സി. സിസ്റ്റേഴ്സിന് എഴുതുന്നു. 43
   * ആരാധനാ ക്രമസംബന്ധമായി പ്രൊപ്പഗാന്താ തിരുസംഘത്തിന് ചാവറയച്ചൻ എഴുതിയ കത്തിൽ നിന്ന്. 44
   * നന്മരണസഭയും, ഉപവിശാലയും സ്ഥാപിക്കാൻ എഴുതുന്നു. 46
   * ആരാധനാക്രമത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ചാവറയച്ചൻ അറിയിക്കുന്നു. 48
   * 1869 ൽ സ്വന്തം റീത്തിൽ മെത്രാനു വേണ്ടി ചാവറയച്ചൻ എഴുതുന്നു. 50
   * യാക്കോബായ മെത്രാന്മാരെ ഒന്നാം വത്തിക്കാൻ സുനഹദോസിലേക്കു ക്ഷണിക്കുന്നു. 52

* പുനരൈക്യശ്രമം - പാലാക്കുന്നേൽ വല്യച്ചന്റെ ഡയറിയിൽ നിന്ന്. 54

6. 19-ാം നൂറ്റാണ്ടിലെ തിരുവിതാംകൂർ രാജാക്കന്മാർ. 55

7. **ചാവറയച്ചനും ആധികാരികരേഖകളും**

* ചാവറയച്ചൻ എഴുതിത്തുടങ്ങിയ ആദ്യരേഖ-ദർശന വീടിനെയും താപസഭവനത്തേയും കുറിച്ച്. 56
* വരാപ്പുഴ മെത്രാൻ മൗറേലിയൂസ് സ്റ്റബിലീനി 1829-ൽ നൽകിയ അനുവാദപത്രം. 58
* ചാവറയച്ചനെ 1844-ൽ മല്പാനും, വൈദികരുടെ പരീക്ഷകനുമായി നിയമിക്കുന്നു. 60
* 1846-ൽ പ്രസ്സുതുടങ്ങുവാൻ തിരുവിതാംകൂർ മഹാരാജാവിന്റെ അനുവാദം 61
* 1849-ൽ കേരളത്തിലെ വചനപ്രഘോഷകരായി നിയമിക്കുന്നു. 63
* ഭാരതത്തിലെ ആദ്യത്തെ ക്രൈസ്തവ സന്യാസിയുടെ വ്രതാർപ്പണം 64
* മഠത്തിന്റെ സ്ഥലം സെമിനാരിയുടേതായി മാറുന്നു. 66
* 1861-ൽ ചാവറയച്ചനെ വികാരി ജനറാളായി നിയമിക്കുന്നു. 68
* പല പള്ളികളുടെ ഡെപ്യൂട്ടിയായി നൽകിയ അധികാരപത്രം. 71
* ചാവറയച്ചനെ മെത്രാനാക്കണമെന്ന് റോമിലേക്ക് അപേക്ഷിക്കുന്നു. 72
* കബറിടത്തിൽ ചെമ്പുതകിടിൽ എഴുതി സൂക്ഷിച്ചിരിക്കുന്ന രേഖ. 74
* ചാവറയച്ചന്റെ നാമകരണ നടപടികൾ ആരംഭിക്കുന്നു. 75
* ചാവറയച്ചന്റെ ജീവചരിത്രപഠന രേഖയെക്കുറിച്ച് മാർപ്പാപ്പ. 77

8. **19-ാം നൂറ്റാണ്ടിലെ മാർപ്പാപ്പാമാർ** 78

9. **സമുന്നത നേതാക്കൾ ചാവറയച്ചനെക്കുറിച്ച്, സംസാരിക്കുന്നു.**

* പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ 79
* അത്യുന്നത കർദ്ദിനാൾ പീറ്റർ പലസ്സീനി 81
* അത്യുന്നത കർദ്ദിനാൾ സൈമൺ ലൂർദ്ദ് സാമി 82
* അത്യുന്നത കർദ്ദിനാൾ ആന്റണി പടിയറ 83
* മുൻ രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ 86

* മുൻ കേരളാഗവർണ്ണർ പി. രാമചന്ദ്രൻ 87
* മാർ ജയിംസ് കാളാശ്ശേരി, മുൻ ചങ്ങനാശ്ശേരി മെത്രാൻ 88
* മാർ ജോസഫ് പവ്വത്തിൽ, ചങ്ങനാശ്ശേരി അതിരൂപതാമെത്രാപ്പോലീത്ത 89
* മാർ കുര്യാക്കോസ് കുന്നശ്ശേരി, കോട്ടയം രൂപതാമെത്രാൻ 91

**10. 19-ാം നൂറ്റാണ്ടിലെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാരും സുറിയാനി സഭാധികാരികളും.** 92

**11. ചാവറയച്ചനെ നേരിട്ടു കണ്ടവർ സംസാരിക്കുന്നു.**
* ജ്ഞാന ഇരുളിനെ നീക്കി 96
ഫാ. കുര്യാക്കോസ് ഏലീശ, പോരൂക്കര.
* മലയാളത്തിലെ പെൺ പൈതങ്ങൾക്ക് ഒരു പുണ്യസങ്കേതം 98
ഫാ. ലെയോപ്പോൾദ് ബെക്കാറോ ഒ.സി.ഡി.
* എളിമ എന്ന നാലാമത്തെ വ്രതം 100
ബിഷപ്പ് മർസലിൻ ഒ.സി.ഡി.
* ചാവറയച്ചന്റെ തലമുടി ശിഷ്യന്റെ കയ്യിൽ 101
ഫാ. ഔസേപ്പച്ചൻ മുട്ടത്തുപാടത്ത്
* കണ്ണുനീർ തുളുമ്പുന്ന ദൈവാനുഭവം 103
ഫാ. ലൂയീസച്ചൻ മഞ്ഞുമ്മേൽ

**12. ചാവറയച്ചനിലൂടെ അനുഗ്രഹം കിട്ടിയവർ സംസാരിക്കുന്നു.**
* അൽഫോൻസാമ്മയ്ക്കു ലഭിച്ച രോഗശാന്തികൾ-1836 104
* കൂനമ്മാവിലെ മുറിയും രോഗശാന്തിയും -1949 107
* അത്ഭുതസൗഖ്യം ചാവറയച്ചനിലൂടെ - 1960 109
* കേട്ട അറിവിൽനിന്ന് അനുഭവത്തിലേയ്ക്ക് - 1993 111
* ചാവറഭക്തിയിലൂടെ ആത്മവിശ്വാസം - 2004 113
* ഓപ്പറേഷൻ ടേബിളിൽ നിന്ന് ഓപ്പറേഷൻ കൂടാതെ - 2004 115

**13. ചാവറയച്ചനെക്കുറിച്ച് ചരിത്ര, സാഹിത്യ, സാമൂഹ്യ, സാംസ്കാരിക നായകന്മാർ**
* **ചാവറയച്ചൻ - 'കേരളചരിത്രകാരന്മാർ വിസ്മരിച്ച നവോത്ഥാന നേതാവ്'** 117
* **ചാവറയച്ചൻ - 'സുറിയാനിസഭയിൽ നിന്നൊരു നവോത്ഥാന നായകൻ'** 119

* 'ചാവറയച്ചന് 51 വയസ്സുള്ളപ്പോൾ ശ്രീനാരായണ ഗുരുവിന് 9 വയസ്സ്' 121
* ചാവറയച്ചൻ - 'സംഘാടകനും സംയോജകനും' 122
* ചാവറയച്ചൻ- 'വൈദേശികരൂപങ്ങളെ മാതൃകയാക്കിയ കവി, ആദ്യഖണ്ഡകാവ്യകൃത്തും' 123
* ചാവറയച്ചൻ - 'ആത്മസൗന്ദര്യം കവിതകളിലൂടെ മലയാളത്തിലേയ്ക്കു കൊണ്ടുവന്ന കവി' 124
* ചാവറയച്ചൻ - 'ദൈവം പ്രത്യേകം തിരഞ്ഞെടുത്ത സന്യാസ സഭാസ്ഥാപകൻ' 125
* ചാവറയച്ചൻ - 'ഭാരതത്തിന്റെ ആദ്ധ്യാത്മിക പൈതൃകം ഉൾക്കൊണ്ടവൻ' 126
* 'ചാവറയച്ചനും മാന്നാനം ചിറ്റേഴത്ത് തറവാടും' 127

14. **ചാവറയച്ചന്റെ സംഭാവനകൾ**

* ചാവറയച്ചന്റെ സേവനരംഗങ്ങൾ 129
* ചാവറയച്ചന്റെ കാലത്തു തുടങ്ങിയ സ്ഥാപനങ്ങൾ 131
* ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ 135
* പ്രിയോരച്ചനും പ്രിയോർമാവും 137


15. **ചാവറയച്ചന്റെ അന്തിമവചസ്സുകൾ**

* ചാവറയച്ചന്റെ മരണപത്രികയിൽ നിന്ന് 139
* ചാവറയച്ചന്റെ അന്തിമ ഉപദേശങ്ങളും അവസാന നിമിഷങ്ങളും 141

16. **ചാവറയച്ചൻ അവസാനിപ്പിച്ചിടത്തുനിന്ന് ആരംഭിച്ചിടത്തേയ്ക്ക്** 144

17. **'ചാവറയച്ചൻ ഒരു രേഖാചിത്രം' എന്ന ഈ പുസ്തകത്തിലെ രേഖകളുടെ ആധികാരികതയും അതു കണ്ടെത്താനുള്ള മാർഗ്ഗങ്ങളും.**

* മാന്നാനത്തുള്ള ഗ്രന്ഥശേഖര ഈടുവെപ്പ് 146
* ചാവറയച്ചന്റെ ജീവചരിത്രത്തെയും വിശുദ്ധിയേയും വിലയിരുത്തുന്ന പൊസിസ്സിയോ (Positio) എന്ന ആധികാരികപഠനരേഖ 147
* HERALD OF THE EAST etc; 150
* END NOTES 151




## Family Tree of Blessed Chavara

# ചാവറയച്ചൻ - ലഘുജീവചരിത്രം

1986 ഫെബ്രുവരി 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തുവെച്ച് ചാവറകുര്യാക്കോസ് ഏലിയാസച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി: ... കേരളത്തിൽ ജനിക്കുകയും അറുപത്തഞ്ച് വർഷത്തോളം ഇവിടെ ജീവിക്കുകയും ചെയ്ത ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ക്രിസ്തീയ ജീവിതത്തിന്റെ നവീകരണത്തിനും വളർച്ചയ്ക്കും വേണ്ടി കഠിനാധ്വാനം ചെയ്ത ആളാണ്. ക്രിസ്തുവിനോടുള്ള ആഴമായ സ്നേഹം അദ്ദേഹത്തെ അപ്പസ്തോലിക തീക്ഷ്ണത കൊണ്ടു നിറച്ചു. ഇത് സഭയുടെ ഐക്യത്തെ വളർത്തുവാൻ പ്രത്യേകമായി സഹായിച്ചു. ആത്മാക്കളുടെ രക്ഷയിലുള്ള പ്രവർത്തനങ്ങളിൽ വലിയ ഔദാര്യത്തോടെ എല്ലാവരോടും പ്രത്യേകിച്ച് തന്റെ സഹസന്യാസികളോടും വൈദികരോടും സഹകരിച്ചു... സഭ ഇന്നു പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടി അനുസ്മരിക്കുന്നു.''[1]

## ചാവറയിൽ നിന്ന് ചാവറയച്ചനിലേക്ക്

1805 ഫെബ്രുവരി 10-ാം തീയതി കുട്ടനാട്ടിലെ കൈനകരി ഗ്രാമത്തിൽ കുര്യാക്കോ- മറിയം ദമ്പതിമാരിൽ നിന്ന് ചാവറയച്ചൻ ജാതനായി.[2] 1805 സെപ്തംബർ 8ന് മരിയൻ ദേവാലയമായ വെച്ചൂർ പള്ളിയിൽ കൊച്ചുകുര്യാക്കോസിനെ മേരിദാസനായി അടിമവെച്ചു.[3] തന്റെ അമ്മയിൽ നിന്നു ലഭിച്ച പരിശീലനത്തെക്കുറിച്ച് അദ്ദേഹം അനുസ്മരിക്കുന്നതിങ്ങനെയാണ്:

''സ്തന്യദാനത്തോടൊപ്പം പ്രാർത്ഥനയുടെ പ്രഥമപാഠങ്ങളും എന്റെ സ്നേഹമയിയായ അമ്മ എനിക്കു പറഞ്ഞുതന്നു. ഞാൻ അവയെല്ലാം തീഷ്ണതയോടെ പഠിച്ചു. അമ്മയുടെ സമീപത്തിരുന്ന് ദൈവ



*ചാവറയച്ചൻ ജനിച്ച വീട് (കൈനകരി) ഇന്നും സൂക്ഷിക്കപ്പെടുന്നു*
*1805 ഫെബ്രുവരി 10*

ത്തെക്കുറിച്ചു ഞാനറിഞ്ഞു. പാതിരാത്രിയിൽ അമ്മ എന്നെ ഉണർത്തുകയും ദൈവമാതാവിനെക്കുറിച്ചുള്ള ജപങ്ങളും രാജരാജനായ ഈശോയുടെ നാമജപങ്ങളും ഉരുവിടുവാനും എന്നെ പഠിപ്പിച്ചു."[4]

അഞ്ചുമുതൽ പത്തുവയസ്സുവരെയുള്ള സമയത്ത് ഗ്രാമത്തിലെ കളരി ആശാനോടൊപ്പം പഠിച്ചു.[5] പാലയ്ക്കൽ മല്പാന്റെ ക്ഷണത്തെ തുടർന്ന് രണ്ടുവർഷത്തോളം ചേന്നങ്കരി ഇടവകപള്ളിയിലും വീട്ടിലുമായി താമസിച്ച് ദൈവത്തിന്റെ വിളിയെ ഉറപ്പിച്ചു.[6] 1818-ൽ പള്ളിപ്പുറം ഇടവക സെമിനാരിയിൽ ചേർന്ന് പാലയ്ക്കൽ തോമ്മാ മല്പാന്റെ ശിക്ഷണം സ്വീകരിച്ചു.[7] അധികം താമസിയാതെ കൈനകരി പ്രദേശത്തുണ്ടായ പകർച്ചവ്യാധിയിൽ പെട്ട് അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞു.[8] ഇതിനിടയിൽ നാലു സഹോദരിമാരെ കെട്ടിച്ചയച്ചിരുന്നു. കുടുംബം അനാഥമാകുന്ന അവസ്ഥയിലെത്തി. സെമിനാരി ജിവിതം ഉപേക്ഷിച്ച് വീട്ടിലേയ്ക്കു തിരിച്ചു വരുവാൻ ബന്ധുമിത്രാദികൾ ഉപദേശിക്കയും നിർബന്ധിക്കയും ചെയ്തു. എന്നാൽ മൂത്ത സഹോദരിയേയും ഭർത്താവിനെയും കുടുംബകാര്യങ്ങൾ അന്വേഷിക്കുവാനും, ജ്യേഷ്ഠന്റെ പുത്രിയെ സംരക്ഷിക്കുവാനും ചുമതലപ്പെടുത്തി. കുട്ടി വളർന്ന് വിവാഹിതയാകുമ്പോൾ അവളിലൂടെ ചാവറക്കുടുംബം തുടരത്തക്കവിധം കാര്യങ്ങൾ ക്രമീകരിച്ചശേഷം കൊച്ചുകുര്യാക്കോസ് സെമിനാരി ജീവിതം തുടർന്നു. കാരണം തന്നിലുള്ള ദൈവത്തിന്റെ വിളിയുടെ സ്വരം അത്രശക്തമായിരുന്നു.[9]



*ചാവറയച്ചൻ 1829 നവംബർ 29ന് പൗരോഹിത്യം സ്വീകരിച്ച സ്ഥലം അർത്തുങ്കൽ പള്ളി*

ചാവറശെമ്മാശ്ശൻ 24-ാം വയസ്സിൽ 1829 - നവംബർ 29-ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗറേലിയൂസ് സ്തബലിനി മെത്രാനിൽ നിന്ന് അർത്തുങ്കലുള്ള വിശുദ്ധ അന്ത്രയോസിന്റെ ദേവാലയത്തിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. പ്രഥമബലിയിൽ നേരത്തെ ആലോചനയിലിരുന്ന സന്യാസജീവിതം നയിക്കുന്നതിനാവശ്യമായ ദൈവാനുഗ്രഹം ലഭിക്കുവാൻ പ്രാർത്ഥിക്കാനും മറന്നില്ല.[10] സഭാതനയർ ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്നു എന്നു മനസ്സിലാക്കിയ അദ്ദേഹം ചുറ്റിനടന്ന് പള്ളികളിൽ പ്രസംഗിക്കുവാൻ തുടങ്ങി. പുളിങ്കുന്നിൽ നടത്തിയ ധ്യാനപ്രസംഗം അദ്ദേഹത്തെ പ്രശസ്തനാക്കി.[11]

## ഭാരതത്തിലെ ആദ്യത്തെ സന്യാസസഭ രൂപം കൊള്ളുന്നു

തങ്ങളിൽ അങ്കുരിച്ച സന്യാസ വിളിയുടെ പ്രചോദനത്താൽ പാലയ്ക്കൽ തോമ്മാ മല്പാനും, പോരൂക്കര തോമ്മാച്ചനും, ചാവറകുര്യാക്കോസച്ചനും, കണിയാന്തറ യാക്കോബും[12] "ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു താപസഭവനമില്ലായ്കയാൽ

ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ടും പല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശന വീട് ഉണ്ടാക്കണമെന്ന ആഗ്രഹത്താൽ''[13] അനുവാദത്തിനായി മെത്രാനോടപേക്ഷിച്ചു. സ്തബിലിനി മെത്രാൻ അവരെ പ്രോത്സാഹിപ്പിക്കയും ഈ ലക്ഷ്യത്തിനായി പണം പിരിക്കുവാനുള്ള അനുവാദക്കടലാസ് നൽകുകയും ചെയ്തു.[14] 1831, മേയ് 11-ാം തിയതി മാന്നാനത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ പുതിയ ആശ്രമത്തിന്റെ ശിലാസ്ഥാപന കർമ്മം നടന്നു.[15] ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസ സഭയുടെ തുടക്കമായിരുന്നു ഇത്.[16]

***സി. എം. ഐ. സ്ഥാപകപിതാക്കന്മാർ***



*തോമസ് പാലയ്ക്കൽ*



*തോമസ് പോരൂക്കര*



*കുര്യാക്കോസ് ചാവറ*



*ജേക്കബ് കണിയാന്തറ*

തങ്ങൾ നേതൃത്വം കൊടുത്ത സന്യാസജീവിതത്തിലേയ്ക്ക് പല അംഗങ്ങൾ വന്നു തുടങ്ങിയപ്പോൾ 1840-ൽ അലിഖിത നിയമത്തോടും ആചാരാനുഷ്ഠാനങ്ങളോടും കൂടി സന്യാസസമൂഹജീവിതം ആരംഭിച്ചു.[17] 1841- ജനുവരി 16ന് ബഹുമാനപ്പെട്ട പാലയ്ക്കലച്ചനും 1846- ജനുവരി 8-ന് പോരുക്കരയച്ചനും മരണമടഞ്ഞപ്പോൾ സന്യാസസമൂഹത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ചാവറയച്ചനിൽ നിക്ഷിപ്തമായി.[18] 1855 ഡിസംബർ 8ന് ചാവറയച്ചനോടു ചേർന്ന് പത്തുപേർ വ്രതബദ്ധരായപ്പോൾ 'അമലോത്ഭവ കന്യാമറിയത്തിന്റെ ദാസസംഘം' എന്ന പേരിൽ തിരുസഭയുടെ അംഗീകാരമായി. കർമ്മലീത്ത മിഷനറിമാരോടുള്ള സഹവാസത്താൽ തുടർന്ന് 'അമലോത്ഭവ കർമ്മല മാതാവിന്റെ ദാസർ' എന്ന പേരും 1859- മുതൽ വെള്ള ളോവയ്ക്കും തുകൽ ബൽറ്റിനും പുറമെ വെള്ള സ്ക്കാപ്പുലറും ധരിക്കുവാൻ ഇടവന്നു. തുടർന്ന് 1861 മുതൽ കർമ്മലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ എന്നപേരിൽ ആക്കുകയും

ചെയ്തു.[19] ദൈവപരിപാലനയുടെ ഭാഗമായി ചാവറയച്ചൻ എല്ലാം സ്വീകരിച്ചു. വളർച്ചയുടെ വിവിധ ഘട്ടങ്ങൾ കടന്ന് എത്തിയ സഭ 1958 മുതൽ 'അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്തർ (സി.എം.ഐ) എന്ന പേരു സ്വീകരിച്ചു.[20]



*മാന്നാനത്ത് 1831-ൽ ആദ്യബലിയർപ്പിച്ച കപ്പേളയുടെ സ്ഥാനത്ത് ഉണ്ടാക്കിയ ജൂബിലി കപ്പേള ആശ്രമദേവാലയത്തിന്റെ വലതുവശത്ത്*

ചാവറയച്ചൻ പതിനാറുവർഷക്കാലം സഭയുടെ പൊതുശ്രേഷ്ഠനായി ഭരണം നടത്തി. സഭയിലും സമൂഹത്തിലും ഇവരിലൂടെ ഉണ്ടായിക്കൊണ്ടിരുന്ന നന്മകളെ തിരിച്ചറിഞ്ഞ ജനം പല സ്ഥലങ്ങളിലും ആശ്രമങ്ങൾ ആരംഭിക്കുവാൻ നിർബ്ബന്ധിച്ചു. ഈ കാലയളവിൽ, കൂനമ്മാവ്, ഏൽത്തുരുത്ത്, പ്ലാശനാൽ, വാഴക്കുളം, പുളിങ്കുന്ന്, അമ്പഴക്കാട്, മുത്തോലി എന്നീ ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു.[21] 1864 - മുതൽ വികാരി അപ്പസ്തോലിക്കയുടെ പ്രത്യേക താല്പര്യപ്രകാരം ചാവറയച്ചന്റെ സ്ഥിരതാമസം കൂനമ്മാവിലേയ്ക്ക് മാറ്റുകയും ജീവിതാന്ത്യം വരെ അവിടെ താമസിക്കുകയും ചെയ്തു.[22]

## സീറോമലബാർ സഭയുടെ ആദ്യ പൊതു സെമിനാരി മാന്നാനത്ത്

ആത്മീയ ഉണർവ്വില്ലാതിരുന്ന കേരളസഭയിൽ നല്ല നേതൃത്വം നൽകുവാൻ ധാരാളം വൈദികർ ഉണ്ടാകണം എന്നവർ ആഗ്രഹിച്ചു. 1833-ൽ മാന്നാനത്തു തുടങ്ങിയ സെമിനാരി സീറോമലബാർ സഭ

യുടെ ആദ്യപൊതു സെമിനാരി ആയി വളർന്നു.[23] ഇവിടെ 150 പേരെ വരെ ഒരുമിച്ചു താമസിപ്പിച്ചു പഠിപ്പിക്കുവാൻ കഴിയുമായിരുന്നു.[24] 1844-ൽ വികാരി അപ്പസ്തോലിക്ക ഫ്രാൻസീസ് സേവ്യർ മെത്രാൻ ചാവറയച്ചനെ സീറോമലബാർ സഭയിലെ വൈദിക പരിശീലന ത്തിനുള്ള മല്പാനും പട്ടം കൊടുക്കാനുള്ള പരീക്ഷകനും, പ്രസംഗം പറയുവാനും, കുമ്പസാരിപ്പിക്കുവാനുമുള്ള അനുവാദം കൊടുക്കു ന്നവനുമായി നിയമിച്ചു.[25] 40 വർഷത്തോളം അദ്ദേഹം വൈദിക പരിശീലനരംഗത്തു പ്രവർത്തിച്ചു. മാന്നാനത്തെ പരിശീലനത്തിന്റെ മേന്മ മനസ്സിലാക്കിക്കൊണ്ട് ബർണർഡിൻ മെത്രാപ്പോലീത്ത മറ്റു ആശ്രമങ്ങളോടുചേർത്തു സെമിനാരികൾ തുടങ്ങുവാനും നിർദ്ദേ ശിച്ചു. അന്നുവരെയുണ്ടായിരുന്ന 20-ഓളം മറ്റു ഇടവക സെമിനാ രികൾ നിർത്തലാക്കുകയും ചെയ്തു.[26] 1932-ൽ മംഗലപ്പുഴയ്ക്കു മാറ്റിയ പുത്തൻ പള്ളി സെമിനാരിയുടെയും തുടക്കക്കാരൻ ചാവറയച്ചനായിരുന്നു.[27]



*1833-ൽ മാന്നാനത്താരംഭിച്ച സെമിനാരിയോടു ചേർന്നുള്ള ഇന്നത്തെ ആശ്രമം*

## സുശിക്ഷിതമായ സന്യാസ, വൈദിക നേതൃത്വം

ജനങ്ങളുടെ ആദ്ധ്യാത്മികോത്ഥാനത്തിനും, സുസ്ഥിതിക്കും സുശിക്ഷിതരും വിശുദ്ധിയുള്ളവരുമായ സന്യാസികളും വൈദികരും ആവശ്യമാണെന്ന് ചാവറയച്ചനും ആദ്യപിതാക്കളും മനസ്സിലാക്കിയിരുന്നു. വൈദികർക്ക് അദ്ദേഹം വാർഷികധ്യാനം നിർബന്ധമാക്കി.[28] ആരാധനാക്രമങ്ങളിൽ ഐകരൂപ്യവും നിശ്ചിതക്രമങ്ങളും ഏർപ്പെടുത്തി. വൈദികരുടെ കാനോന നമസ്ക്കാരം സുറിയാനി പാരമ്പര്യങ്ങൾക്കനുസരിച്ചു ക്രോഡീകരിച്ചു.[29] ഇടവകകളിൽ പതിവില്ലാതിരുന്ന വാർഷികധ്യാനങ്ങൾ നടപ്പിലാക്കി.[30] നാല്പതുമണി ആരാധനയ്ക്കു തുടക്കം കുറിച്ചു.[31] ഞായറാഴ്ച പ്രസംഗം പതിവാക്കാൻ അദ്ദേഹം പ്രേരണയായി.[32] ഇദ്ദേഹം വികാരിജനറൽ ആയിരുന്നപ്പോൾ മെത്രാന്റെ അനുമതിയോടെ സുറിയാനി സഭയെ നാലു സോണുകളായി തിരിച്ചു. അതിന്റെ ആത്മീയവളർച്ചയ്ക്കാവശ്യമായതു ചെയ്യുവാൻ സി.എം.ഐ വൈദികരെ ഡെപ്യൂട്ടികളായി നിയോഗിച്ചു.[33] സഭയ്ക്കുണ്ടാകാവുന്ന സാമ്പത്തിക പ്രതിസന്ധികളിൽ സമൂഹത്തെ ഭാരപ്പെടുത്താതെ അദ്ദേഹവും കൂട്ടരും കണ്ടെത്തിയ എളുപ്പവഴിയിലുള്ള പിരിവുകളായിരുന്നു പള്ളികളിൽ നിന്നുള്ള നൂറ്റിക്കഞ്ചു പിരിവ്, കെട്ടുതെങ്ങുപിരിവ്, പിടിയരിപ്പിരിവ് തുടങ്ങിയവ. ഇന്നും പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണിവ.[34]

## ചാവറയച്ചൻ മുദ്രാലയപ്രേഷിതൻ

ചാവറയച്ചൻ മുദ്രാലയപ്രേഷിതത്വത്തിലും തന്റെ കഴിവുകൾ തെളിയിക്കുകയുണ്ടായി. അന്നു തിരുവനന്തപുരത്തുള്ള ഗവർമ്മേണ്ടു പ്രസ്സും കോട്ടയത്തുള്ള ചർച്ചു മിഷൻ സൊസൈറ്റിയുടെ പ്രസ്സുമേ കേരളത്തിൽ ഉണ്ടായിരുന്നുള്ളു.[35] കത്തോലിക്കാ വിശ്വാസം വളർത്തുവാനും സഭാവാർത്തകൾ പ്രചരിപ്പിക്കുവാനും ഇവരണ്ടും ഉപകാരപ്പെട്ടില്ല. 1846-ൽ മാന്നാനത്തു ചാവറയച്ചൻ സ്ഥാപിച്ച പ്രസ്സായിരുന്നു കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ പ്രസ്സ്.[36] ജനങ്ങളിൽ ദൈവഭക്തിയും നന്മയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പുസ്തകങ്ങൾ പ്രചരിപ്പിക്കുവാൻ ഇതു നിമിത്തമായി. അതേ സമയം മതസൗഹാർദ്ദത്തെ ഊട്ടിഉറപ്പിക്കുവാനും ഈ പ്രസിദ്ധീകരണങ്ങൾ ഉപകരണങ്ങളായി. അക്ഷരലോകത്തേയ്ക്ക് കേര



ചാവറയച്ചൻ 1846-ൽ സ്ഥാപിച്ച പ്രസ്സ് ഇരുന്ന സ്ഥാനത്ത് ഇന്നുള്ള പ്രസ്സ് കെട്ടിടം

ളത്തെ കൈപിടിച്ചു നടത്തുകയായിരുന്നു ചാവറയച്ചൻ ഉണ്ടാക്കിയ മരപ്രസ്സിലൂടെ. കേരളത്തിലെ പ്രസ്സുകളുടെ മുത്തശ്ശിയായി ഈ മര പ്രസ്സ് ഇന്നും മാന്നാനത്തു സൂക്ഷിച്ചിരിക്കുന്നു.

## ചാവറയച്ചന്റെ വിദ്യാഭ്യാസ പ്രവർത്തനം

വിദ്യാഭ്യാസരംഗത്ത് കളരിയും ആശാനുമായി കഴിഞ്ഞിരുന്ന കേരളത്തിൽ പ്രത്യേകിച്ച് അധകൃതർക്ക് വിദ്യാഭ്യാസ സാധ്യതകൾ ഇല്ലാതിരുന്ന കാലത്ത് 1846-മുതൽ സംസ്കൃതസ്കൂളും ഇതരസ്കൂളുകളും ആരംഭിച്ചത് സാമൂഹ്യസാംസ്ക്കാരിക രംഗത്തെ ചാവറയച്ചന്റെ വലിയ കാൽവെപ്പായിരുന്നു.[37] പള്ളികൾക്കടുത്തായി പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിന് അദ്ദേഹം മുൻകൈ എടുത്തു. 1864ൽ അദ്ദേഹം പള്ളിയോടുചേർത്തു സ്കൂളുകൾ സ്ഥാപിക്കാൻ വികാരിജനറാളിന്റെ അധികാരത്തോടെ കല്പനപുറപ്പെടുവിച്ചു.[38] താമസിയാതെ ക്രൈസ്തവകേന്ദ്രങ്ങൾ വിദ്യാനികേതനങ്ങളായി മാറി. നാടിനെ സാക്ഷരകേരളമാക്കി മാറ്റിക്കൊണ്ട് പാവപ്പെട്ടവരും അധകൃതരുമായ കുട്ടികൾക്ക് ഉച്ചക്കഞ്ഞിയും, വസ്ത്രവും, പുസ്തകങ്ങളും നൽകി, ജാതി വർണ്ണവിത്യാസങ്ങൾ കൂടാതെ ഒന്നിച്ചിരുന്നു



ചാവറയച്ചൻ 1846–ൽ സ്ഥാപിച്ച സംസ്കൃതസ്കൂൾ

പഠിക്കുവാൻ അദ്ദേഹം സഹായിച്ചപ്പോൾ, സർക്കാരിനുപോലും അദ്ദേഹം ഒരു മാതൃകയായിത്തീർന്നു.[39] അദ്ദേഹം കേരളത്തിലെ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ തുടക്കക്കാരനായി മാറി.

## ചാവറയച്ചൻ ശീശ്മയെ നിർവീര്യമാക്കി

റോക്കോസ് ശീശ്മയുടെ കാലത്ത് 1861ൽ തല്പരകക്ഷികൾ



ശീശ്മമെത്രാൻ റോക്കോസിനെ ചാവറയച്ചൻ 1861–ൽ യാത്രയാക്കുന്നു (ഭാവനാചിത്രം)

ചാവറയച്ചന് മെത്രാൻ പദവി വാഗ്ദാനം ചെയ്തു. തിരുസഭയോടു ചേർന്നു നിൽക്കാൻവേണ്ടി അദ്ദേഹം ആപദവി വലിച്ചെറിഞ്ഞു.[40] ശീശ്മയെ നേരിടുവാൻ വികാരിജനറലായി നിയമിക്കപ്പെട്ടപ്പോൾ അതിനടുത്ത കടമകളും ശീശ്മയെ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളും സ്തുത്യർഹമാം വിധം നിർവ്വഹിച്ചു.[41] നിയമവഴികളിലൂടെ നിഷ്കാസിതനായ ശീശ്മ മെത്രാൻ റോക്കോസ് താമസിയാതെ കേരളം വിട്ടുപോയി. ശീശ്മയിൽ വീണുപോയ 116ലേറെ ഇടവകകളെ ചാവറയച്ചന്റെ സദ്പ്രേരണയും അനുരഞ്ജനമനോഭാവവും വഴി വേഗം തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു.[42] സമയോചിതമായ തന്റെ ഇടപെടലുകളെ സ്തുതിച്ചുകൊണ്ട് പരിശുദ്ധപിതാവ് 9-ാം പീയൂസ് മാർപ്പാപ്പ സന്ദേശമയയ്ക്കുകയും ചെയ്തു.[43]

## ചാവറയച്ചനും സ്ത്രീശക്തീകരണവും

കേരളത്തിൽ ആദ്യമായി വനിതകൾക്കുവേണ്ടി കന്യകാമഠം സ്ഥാപിച്ചതിന്റെ പ്രേരക ശക്തി ചാവറയച്ചന്റേതാണ്. ദീർഘനാളത്തെ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി 1866,

*1866-ൽ ആരംഭിച്ച സി.എം.സി. സ്ഥാപക പിതാക്കന്മാർ*



*ഫാ. കുര്യാക്കോസ് ഏലിയാസ് ചാവറ*



*ഫാ. ലെയോപ്പോൾദ് ബെക്കാറോ O.C.D.*

ഫെബ്രുവരി 13-ാം തിയതി ലെയോപ്പോൾദ് ബെക്കാറോ എന്ന മിഷനറിയോടുചേർന്ന് കൂനമ്മാവിൽ കർമ്മലീത്താമഠം ഉദ്ഘാടനം ചെയ്യപ്പെട്ടു.[44] നാല് അംഗങ്ങളോടുകൂടി തുടങ്ങിയ സന്യാസിനി സഭ രണ്ടായി ഇന്ന് സി.എം.സി, സി.റ്റി. സി എന്നീ പേരുകളിൽ അറിയപ്പെടുന്നു. കേരളസംസ്ക്കാരത്തിൽ അടുക്കളയിൽ മാത്രം



*ചാവറയച്ചൻ കുനമ്മാവിൽ 1866–ൽ പണിയിപ്പിച്ച മഠം ഇന്നും ഉണ്ട്*

ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരുവാൻ മഠ സ്ഥാപനം സഹായിച്ചു. പെൺകുട്ടികൾക്കായി തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസവും ബോർഡിംഗ് ഹൗസും ആരംഭിച്ചു.[45] സഹോദരസഭകളായി സ്ഥാപിക്കപ്പെട്ട സി.എം.ഐ, സി.എം.സി. സഭകൾ തിരുസഭാ സേവനത്തിൽ കേരളവും ഭാരതവും കടന്നു ലോകത്തിന്റെ നാനാഭാഗങ്ങളിൽ വ്യാപൃതരാണ്.

## ചാവറയച്ചൻ അഗതികളുടെ ആലംബം

വൃദ്ധരും, അഗതികളും, രോഗികളും, ആലംബഹീനരുമായവർക്ക് അഭയകേന്ദ്രമായി കൈനകരിയിൽ ചാവറയച്ചൻ 1869ൽ ആരംഭിച്ച ഉപവിശാല ഇത്തരത്തിലുള്ള ഇൻഡ്യയിലെ ആദ്യസ്ഥാപനമാണ്.[46] രോഗികളെ സഹായിക്കുന്നതിനും, മരണാസന്നരെ നന്മരണത്തിന് ഒരുക്കുന്നതിനും അദ്ദേഹം സ്ഥാപിച്ച ജീവകാരുണ്യസംഘടനയാണ് 'യൗസേപ്പിതാവിന്റെ നന്മരണസഭ.'[47] രോഗി പരിചരണരംഗത്തും ജീവകാരുണ്യ പ്രവർത്തനരംഗത്തും കേരളസഭ ഇവകളിലൂടെ തുടക്കമിടുകയായിരുന്നു. പാവപ്പെട്ടവരെ സഹായിക്കുന്നതിനും നിർദ്ധനരായ കുട്ടികളെ പഠിപ്പിക്കുന്നതിനുമുള്ള വരുമാനമാർഗ്ഗമായാണ്



*ചാവറയച്ചൻ കൈനകരിയിൽ 1869-ൽ സ്ഥാപിച്ച അഗതിമന്ദിരം (ഭാവനാചിത്രം)*

മാന്നാനത്തിനും ആർപ്പുക്കരയ്ക്കും അടുത്ത് 17 പറയ്ക്കുള്ള പുഞ്ചപ്പാടം വാങ്ങി കൃഷിചെയ്തിരുന്നത്.[48]

## ചാവറയച്ചൻ-അവസാന വാക്ക്

ചാവറയച്ചന്റെ ശാലീനമായ സംഭാഷണവും പെരുമാറ്റവും ജാതി മതഭേദമന്യേ എല്ലാവരേയും ആകർഷിച്ചിരുന്നു. വൈദികരുടേതായാലും ആത്മായരുടേതായാലും, മറ്റുമതസ്തരുടേതായാലും പ്രശ്ന പരിഹാരത്തിനുള്ള അവസാനത്തെ വാക്കായിരുന്നു ചാവറയച്ചന്റേത്.[49] ഇടവകകളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പലപ്പോഴും മെത്രാൻ ചാവറയച്ചനോടായിരുന്നു ആവശ്യപ്പെട്ടിരുന്നതും അദ്ദേഹത്തിൽ നിന്നായിരുന്നു നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നതും.[50]

## ചാവറയച്ചൻ സുറിയാനി സഭയുടെ തനിമയ്ക്കും ഐക്യത്തിനും വേണ്ടി നിലകൊണ്ടവൻ

കേരള സഭയെ ഐക്യത്തിൽ നിലനിർത്തുക എന്നതായിരുന്നു ചാവറയച്ചന്റെ ശ്രമങ്ങളിൽ ഏറ്റവും വലുത്. റീത്തുകളുടെ പേരിലും, മിഷനറിമാരുടെ ഉപവിക്കുറവിന്റെ പേരിലും, അവരെ തെറ്റിദ്ധരിച്ച

തുകൊണ്ടും, അകത്തോലിക്ക സഭകളുടെ പ്രവർത്തനങ്ങൾകൊണ്ടും വിവേകവും, വിശുദ്ധിയും വിധേയത്വവും നഷ്ടപ്പെട്ടുകൊണ്ടിരുന്ന സമൂഹത്തെ ഒന്നിച്ചു നിർത്തുവാനും സാഹോദര്യത്തിലേയ്ക്കും ദൈവൈക്യത്തിലേയ്ക്കും നയിക്കുവാനും ചാവറയച്ചൻ അശ്രാന്തം പരിശ്രമിച്ചു.[51] പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബായിക്ക് 1869-ൽ അദ്ദേഹം എഴുതിയ കത്തു തന്നെ ഇതിനുള്ള തെളിവാണ്. അതിൽ സ്വന്തറീത്തിൽ മെത്രാൻ ഉണ്ടാകണമെന്നദ്ദേഹം നിർദ്ദേശിച്ചു. ലഭിച്ചില്ലെങ്കിൽ വരാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിവരിച്ചു.[52] ആരാധനാക്രമത്തിൽ സുറിയാനി പാരമ്പര്യങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തി നടപ്പാക്കാനും അദ്ദേഹം ആജീവനാന്തം പരിശ്രമിച്ചു. അതിനോടൊപ്പം ആഗോളസഭയെ ഒന്നായിക്കാണുവാനും അദ്ദേഹത്തിനു കഴിഞ്ഞു.[53]

## ചാവറയച്ചനും പുനരൈക്യശ്രമങ്ങളും

ചാവറയച്ചന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നായിരുന്നു, സാഹചര്യത്തിന്റെ സമ്മർദ്ദം മൂലമായിരുന്നാലും, കത്തോലിക്കാ സഭയിൽനിന്നും വേർപെട്ടുപോയ യാക്കോബായ സഹോദരങ്ങൾ വീണ്ടും സഭയിൽ ഒന്നായിത്തീരുക എന്നത്. സ്വന്തറീത്തിലും, ഈ നാട്ടിൽ നിന്നുമുള്ള മെത്രാന്മാർ ഉണ്ടായാൽ ഈ സാദ്ധ്യത യേറെയാണെന്ന് അദ്ദേഹം റോമിലേക്കറിയിച്ചിട്ടുണ്ട്.[54] അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാഴമായി ചിന്തിച്ചപ്പോൾ കണ്ടെത്തിയ ചില പ്രായോഗിക പ്രശ്നങ്ങളായിരുന്നു, ആരാധനക്രമത്തിൽ വരുത്തേണ്ടമാറ്റങ്ങളേക്കുറിച്ചും, വിവാഹിതരായ യാക്കോബായ വൈദികർ തിരിച്ചുവന്നാൽ അവരെ എപ്രകാരം സ്വീകരിക്കാനാകും എന്നതും മറ്റും. ഇതിനേക്കുറിച്ചുള്ള പരിഹാരവഴികളെക്കുറിച്ച് വികാരി അപ്പസ്തോലിക്കാ വഴി റോമിന്റെ മനസ്സുകണ്ടെത്തുവാൻ ചാവറയച്ചൻ ശ്രമിക്കുന്നതിനേക്കുറിച്ച് ശിഷ്യനും കൂടിയായ പാലാക്കുന്നേൽ മത്തായി അച്ചനുമായി നടത്തിയ എഴുത്തുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.[55] 1869-ൽ 9-ാം പീയൂസ് മാർപ്പാപ്പ, സഭയുടെ കൂട്ടായ്മയിൽ നിന്നു വിട്ടുനിൽക്കുന്ന ലോകത്തെവിടെയുമുള്ള മെത്രാന്മാരെയും ഒന്നാം വത്തിക്കാൻ സുനഹദോസിലേക്ക് ക്ഷണിച്ചതിനെ കണക്കിലെടുത്ത് യാക്കോബായ മെത്രാന്മാരെയും ക്ഷണിക്കുവാൻ അന്നത്തെ വികാരി അപ്പസ്തോലിക്കവഴി ചാവറയച്ചൻ നേതൃത്വമെടുത്തു എന്നതും രേഖകളിൽ നിന്നും കണ്ടെത്തുവാൻ കഴിയും.[56]

## ആത്മാക്കളെക്കുറിച്ചുള്ള ചാവറയച്ചന്റെ തീക്ഷ്ണത

ക്രിസ്തുവിന് ആത്മാക്കളെ നേടിക്കൊടുക്കുക എന്ന തീക്ഷ്ണ തയാൽ എരിഞ്ഞിരുന്ന ചാവറയച്ചൻ ക്രിസ്തീയ വിശ്വാസം സ്വീക രിക്കുവാൻ ആഗ്രഹിച്ചുവന്നവരെ തന്റെ സഹോദര വൈദികർ വഴി വേണ്ടവിധം ഒരുക്കി മാമ്മാദീസ നൽകിയിരുന്നു. നൂറിലേറെപേർക്കു വരെ ഒരുമിച്ച് മാമ്മോദീസ നൽകിയ അവസരങ്ങളും അവരുടെ ജീവിതത്തിലുണ്ട് എന്ന് മാന്നാനം നാളാഗമത്തിൽ കാണുന്നു.[57] പുതുതായി വിശ്വാസം സ്വീകരിച്ചവർക്കായി വിശ്വാസ പരിശീലന കേന്ദ്രങ്ങളും സ്കൂളുകളും ആദ്യകാല ആശ്രമങ്ങളോടു ചേർത്ത് നടത്തിയിരുന്നു.[58]

## ചാവറയച്ചന്റെ പരസ്നേഹവും ശത്രുസ്നേഹവും

ദൈവത്തെ സ്നേഹിക്കുകയും ശുശ്രൂഷിക്കയും ചെയ്യുന്നത് മനുഷ്യരെ സ്നേഹിക്കയും ശുശ്രൂഷിക്കയും ചെയ്തുകൊണ്ടാണെ ന്നതിൽ ചാവറയച്ചനു രണ്ടു പക്ഷമില്ലായിരുന്നു. സ്നേഹം ക്ഷമ യുടെ പര്യായമാണെന്നു തെളിയിക്കുന്നതായിരുന്നു നാല്പതു വയ സ്സുകാരനായ സെമിനാരി സഹപാഠി ഫിലിപ്പോസ് ശെമ്മാശ്ശനെ സുറിയാനി പഠിപ്പിക്കുവാൻ പതിനെട്ടു വയസ്സെത്താത്ത ചാവറശെ മ്മാശ്ശൻ നടത്തിയ ശ്രമം.[59] മാന്നാനത്തെ സന്യാസ സമൂഹത്തിൽ നിന്നു വിശുദ്ധരുണ്ടാകുന്നതിനു മുമ്പെ താൻ സ്ഥാപിക്കുന്ന സന്യാ സസഭയിൽ നിന്ന് വിശുദ്ധരെ ഉണ്ടാക്കുമെന്നു വെല്ലുവിളിച്ചു കൊണ്ട് കുടക്കച്ചിറ അന്തോനി മാന്നാനം സെമിനാരിയിൽ നിന്നും പഠനം നിർത്തി ഇറങ്ങിപ്പോയി. പിന്നീട് അദ്ദേഹം വൈദികനായി പ്ലാശ നാൽ തുടങ്ങിയ സന്യാസികളുടെ തപശ്ചര്യനിറഞ്ഞ ജീവിതം കണ്ട് ഈ മാതൃക കണ്ടനുകരിക്കാൻ തന്റെ സമൂഹത്തിന് നിർദ്ദേശം കൊടുക്കാൻ മാത്രം വിശാലമായിരുന്നു ചാവറയച്ചന്റെ മനസ്സ്. ഈ കുടക്കച്ചിറ തന്നെയാണ് റോക്കോസ് ശീശ്മയ്ക്ക് വഴിതെളിച്ച നേതാ വായി മാറിയത്.[60] മറ്റൊരു നേതാവായ തൊണ്ടനാട്ടു അന്തോനി കത്തനാരെയും മറ്റുള്ളവർ കൈവിട്ടപ്പോൾ മാന്നാനത്തു സ്വീകരി ച്ചതും മാനസാന്തരത്തിലേയ്ക്ക് നയിച്ചതും, ധ്യാനിക്കുവാൻ അവ സരം കൊടുത്തതുമെല്ലാം ചാവറയച്ചന്റെ പ്രതിയോഗിക്കു തന്നെ ആയിരുന്നു.[61]

തനിക്കെതിരായി കള്ളക്കേസ്സു കൊടുക്കുകയും കോടതി

കേറ്റുകയും ചെയ്ത ആളായിരുന്നു മുട്ടുചിറ ഇടവക മാഞ്ഞൂർ കളപ്പുരയ്ക്കൽ മാത്തൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിന്റെയും പ്രാരാബ്ദങ്ങൾ മനസ്സിലാക്കിയ ചാവറയച്ചൻ, ഈ കുടുംബത്തെ കഴിയും വിധം സഹായിച്ച് ശത്രുക്കളെ സ്നേഹിക്കുക എന്ന കർത്താവിന്റെ പ്രമാണം പാലിക്കണമെന്ന് തന്റെ മരണപത്രികയിൽ എഴുതി വെച്ചു.[62] തന്റെ ഏറ്റവും വലിയ ശത്രു എന്ന് പരിഗണിക്കേണ്ട റോക്കോസ് മെത്രാനെ മറ്റ് എതിരാളികളിൽ നിന്നു കാത്ത്, തന്റെ നാട്ടിലെത്താനുള്ള യാത്രാസൗകര്യങ്ങളും പണവും നൽകി അദ്ദേഹം കപ്പലിൽ യാത്ര തുടരുന്നതുവരെ കാത്തു നിന്നതും ശത്രു സ്നേഹത്തിന്റെ വലിയ പാഠങ്ങൾ ചാവറയച്ചൻ നൽകിക്കൊണ്ടായിരുന്നു.[63]

## ചാവറയച്ചന്റെ ആത്മീയത നിറഞ്ഞ വചനധാര

ചാവറച്ചന്റെ ആത്മീയജീവിതത്തിന്റെ നെല്ലും പതിരും തിരിക്കാൻ സഹായിക്കുന്നതാണ് അദ്ദേഹം എഴുതിയ ആത്മാനുതാപം, മരണവീട്ടിൽ പാടുവാനുള്ള പാന, അനസ്തസ്യായുടെ രക്തസാക്ഷ്യം എന്ന കവിതാസമാഹാരവും, ഗദ്യരചന – 'ധ്യാന സല്ലാപ' ങ്ങളും. ക്രിസ്തു, ദൈവമാതാവ്, തിരുസഭ, വിശുദ്ധരുടെ കൂട്ടായ്മ ഇവയൊക്കെയായിരുന്നു അദ്ദേഹത്തിന്റെ പ്രതിപാദ്യവിഷയങ്ങൾ. കുടുംബജീവിതക്കാർക്കായി 'നല്ല അപ്പന്റെ ചാവരുൾ' എന്ന പേരിൽ എഴുതിയ ലേഖനം കുടുംബങ്ങളിൽ സ്നേഹം, സമാധാനം, നീതി, വിശുദ്ധി, ക്രമം, നന്മ തുടങ്ങിയവ വളർത്തിയെടുക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളായിരുന്നു. അദ്ദേഹത്തിന്റെ 'മരണവീട്ടിൽ പാടുവാനുള്ള പാന' സുകൃതജീവിതം നയിക്കുവാൻ വലിയ പ്രേരണയാണ് നൽകുക. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഉന്നതസോപാനങ്ങളിൽ എത്തുവാൻ ഇവ മറ്റുള്ളവരെ സഹായിച്ചു. അദ്ദേഹം എഴുതിയ 'നാളാഗമം' 19-ാം നൂറ്റാണ്ടിലെ കേരളസഭയുടെ ചരിത്രം കൂടിയാണ്. മാർപ്പാപ്പയ്ക്കും കർദ്ദിനാൾമാർക്കും, മെത്രാന്മാർക്കുമുള്ള കത്തുകൾ മുതൽ, ഇടവകവൈദികർക്കും സന്യസ്തർക്കും ചാവറയച്ചൻ അയച്ച സർക്കുലറുകളും കത്തുകളും വ്യവഹാരസംബന്ധമായ കത്തുകളുമടങ്ങുന്ന 67 രേഖകൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും, വിശുദ്ധിയേയും, വ്യക്തി ബന്ധങ്ങളേയും വിളിച്ചറിയിക്കുന്നവയാണ്. പാരമ്പര്യങ്ങൾക്കനുസരിച്ച് അദ്ദേഹം ക്രോഡീകരിച്ചവയാണ് തൂക്കാസ എന്ന ക്രമാനുഷ്ഠാനവും, കാനോ




*ചാവറയച്ചൻ രചിച്ച കൃതികൾ*

നനമസ്ക്കാരവും കുർബ്ബാന പഞ്ചാംഗവും മരിച്ചവർക്കുവേണ്ടിയുള്ള ക്രമങ്ങളും.[64] ദൈവവചനത്താൽ സമ്പുഷ്ടമായ ക്രിസ്തു കേന്ദ്രീകൃതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. വിശുദ്ധകുർബ്ബാനയുടെ വലിയ ഭക്തനായിരുന്നു അദ്ദേഹം. ദിവസവും അനേക മണിക്കൂറുകൾ ദിവ്യസക്രാരിയുടെ മുമ്പിൽ ചിലവഴിച്ചിരുന്നു.[65] തിരുക്കുടുംബത്തിന്റെ അതീവ ഭക്തനായിരുന്ന അദ്ദേഹം ഈ ഭക്തി പ്രചരിപ്പിച്ചു. 'എന്റെ അമ്മ', 'എന്റെ അപ്പൻ' എന്നായിരുന്നു പരിശുദ്ധ കന്യകയേയും വിശുദ്ധയൗസേപ്പിനെയും അദ്ദേഹം വിളിച്ചിരുന്നത്.[66] ആത്മാക്കളെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന ചാവറയച്ചൻ രാത്രിയുടെ യാമങ്ങളിലും സിമിത്തേരിയിൽ പോയി ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു.[67] തന്റെ ഉള്ളിൽ തിങ്ങിനിറഞ്ഞ ദൈവാനുഭവം രചനകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മറ്റുള്ളവരിലേയ്ക്ക് അദ്ദേഹം ഒഴുക്കിയിരുന്നു. തന്റെ അറിവു വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ മലയാളഭാഷകൂടാതെ തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകളും അദ്ദേഹത്തിന് ഉപയോഗിക്കുവാൻ കഴിയുമായിരുന്നു.

## ചാവറയച്ചൻ സഹനത്തിന്റെ വഴികളിലൂടെ

സഹനം ദൈവദാനമാണ്. ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേർത്ത് സ്വീകരിക്കുമ്പോൾ സ്വയ വിശുദ്ധീകരണത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും അത് ഉപകാരമാകും. ഈ ഉൾക്കാഴ്ച ഉള്ളവർക്ക് സഹനം സ്നേഹത്തിന്റെ ഒരനുഭവമാണ്. ചാവറയച്ചന്റെ ചെറുപ്പകാലത്തു പിടികൂടിയ വാതപ്പനി മരണത്തോളം കൂട്ടായി

ഉണ്ടായിരുന്നു.[68] കാലിലെ രോഗവും ഇടയ്ക്കിടയ്ക്ക് സഹനത്തി നുള്ള വഴികൾ തുറന്നു. യാത്രക്കിടയിൽ പലപ്രാവശ്യം അദ്ദേഹം രോഗിയാകയും പരസഹായം വേണ്ടിവരികയും ചെയ്തിട്ടുണ്ട്.[69] തന്റെ അവസാന നാളുകളിൽ മൂന്നുമാസത്തോളം പൂർണ്ണമായ അന്ധത അദ്ദേഹത്തെ ബാധിച്ചു. കുറെനാളത്തേയ്ക്ക് ശയ്യാവലം ബനായിരുന്നു.[70] അപാരമായ വേദനകൾ സഹിച്ചിരുന്നപ്പോഴും അദ്ദേഹം പ്രസന്നവദനനും ഒന്നിലും പരാതിയില്ലാത്തവനും ആയി രുന്നു. അദ്ദേഹത്തിന്റെ സഹനത്തെക്കുറിച്ച് വേണ്ടവണ്ണം മനസ്സി ലാക്കാത്തതുകൊണ്ടായിരിക്കാം ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ സഹനജീവിതത്തേക്കുറിച്ച് വിവരിക്കാത്തത്.

അദ്ദേഹത്തിന്റെ ശാരീരിക സഹനങ്ങളേക്കാൾ എത്രയോ മട ങ്ങായിരുന്നു മാനസ്സികസഹനങ്ങൾ എന്നും കാണാവുന്നതാണ്. സെമിനാരിയിലേയ്ക്കു പോകാൻ മാതാപിതാക്കൾ തടസ്സം നിന്നതും, ചാവറകുടുംബത്തെ തൂത്തുമാറ്റാൻ പോരുന്നവിധം മാതാ പിതാക്കളുടെയും ഏകസഹോദരന്റെയും അകാലമരണവും, ആസ്ത പ്പാടുപട്ടം സ്വീകരിച്ചെത്തിയ ചാവറ ശെമ്മാശ്ശനെ ഇടവകക്കാരും വികാരിയച്ചനും സ്വീകരിക്കാതെ വന്നതുമെല്ലാം[71] ചാവറയച്ചന്റെ ജീവിതത്തിലെ വലിയ സഹനങ്ങളുടെ നിമിഷങ്ങളായിരുന്നു.

മാന്നാനത്ത് ആശ്രമം ആരംഭിച്ചപ്പോൾ അതിനുണ്ടായ തടസ്സ ങ്ങളും,[72] സ്വതന്ത്ര ഭാരതീയ സന്യാസസഭയായി തുടരാൻ സാധി ക്കാതെ വന്നതും,[73] കേരളസഭയിലുണ്ടായ ശീശ്മകളും അതിന്റെ പേരിൽ സഭാതനയർ ചേരിതിരിയുന്നതിലുള്ള ദുഃഖങ്ങളുമെല്ലാം വർണ്ണനാതീതങ്ങളായിരുന്നു.[74] യൂറോപ്പിലുണ്ടായ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധങ്ങൾ തിരുസഭയ്ക്കും പരിശുദ്ധപിതാവിനും വരുത്തിയ വിന കൾ കണ്ണുനീരോടെ മാത്രമെ തിരുസഭാസ്നേഹിയായ ചാവറയ ച്ചന് ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ കഴിഞ്ഞുള്ളു.[75] ദൈവ പരിപാലനയിൽ അടിയുറച്ചു വിശ്വസിച്ച അദ്ദേഹം എല്ലാ സഹന ങ്ങളിലും നന്മ മാത്രം കണ്ടെത്തി.


## ചാവറയച്ചൻ - മരണത്തെ ഭയപ്പെടാത്ത സിദ്ധൻ

മരണമടുത്തു എന്നറിഞ്ഞപ്പോൾ മനുഷ്യ സംസർഗ്ഗം കുറയ്ക്കു വാൻ അദ്ദേഹം ആഗ്രഹിച്ചു. ആരെങ്കിലും അടുത്തെത്തിയാൽ ആത്മീയ കാര്യങ്ങൾ മാത്രമെ സംസാരിക്കാവു എന്നദ്ദേഹം

നിഷ്ക്കർഷിച്ചു. ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വായിച്ച് കേൾക്കുവാൻ അദ്ദേഹം താല്പര്യം പ്രകടിപ്പിച്ചു.[76] അദ്ദേഹത്തിന്റെ മരണം അടുത്തു എന്നറിഞ്ഞ ദുഃഖാർത്തരായ അംഗങ്ങളെ ആശ്വസിപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരുതന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. തിരുക്കുടുംബത്തിന്റെ സംരക്ഷണം എപ്പോഴും എന്നോടുകൂടിയുണ്ടായിരുന്നതുകൊണ്ട് മാമ്മോദീസായിൽ എനിക്കുകിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നുപറയുവാൻ ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങൾ എല്ലാവരെയും ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ" എന്നു പ്രാർത്ഥിച്ചുകൊണ്ട് അവരെ അനുഗ്രഹിച്ചു. തുടർന്ന് രോഗിലേപനം ചോദിച്ചുവാങ്ങുകയും 1871, ജനുവരി 3 രാവിലെ 7.30 ന് 65-ാം വയസ്സിൽ അദ്ദേഹം ദൈവത്തിൽ വിലയംപ്രാപിക്കയും ചെയ്തു.[77]

## ചാവറയച്ചന്റെ വിശുദ്ധിയിലേക്കുള്ള നാൾവഴികൾ

ചാവറയച്ചന്റെ മരണവർഷത്തിൽ തന്നെ, അദ്ദേഹത്തിന്റെ ആത്മീയ പിതാവും കൂടിയായിരുന്ന ലെയോപ്പോൾദ് മിഷനറി, ഈ പുണ്യപിതാവിന്റെ പല ഉപയോഗവസ്തുക്കളും തിരുശേഷിപ്പ് എന്ന വിധം സൂക്ഷിക്കുവാനായി സഭാംഗങ്ങൾക്ക് വീതിച്ചുകൊടുത്തിരുന്നു. നേരിട്ടുള്ള ജീവിതാനുഭവങ്ങൾ വഴി ചാവറയച്ചന്റെ ജീവി



ചാവറയച്ചൻ യാത്രയ്ക്കുപയോഗിച്ചിരുന്ന വള്ളം മാന്നാനത്ത് സൂക്ഷിച്ചിരിക്കുന്നു

തവിശുദ്ധിയേക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്ന അദ്ദേഹം നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതിനേക്കുറിച്ച് പ്ലാൻചെയ്തു തുടങ്ങിയെങ്കിലും 1875ൽ അദ്ദേഹം ഇറ്റലിയിലേയ്ക്ക് മടങ്ങിപ്പോയതിനാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല.

തുടർന്ന് കേരള സഭാന്തരീക്ഷത്തിലുണ്ടായ കലുഷിതമായ സാഹചര്യങ്ങളാൽ തുടർനടപടികൾ മന്ദഗതിയിലായി. 1936-ൽ ചേർന്ന സി. എം. ഐ. സഭയുടെ പൊതുസംഘം വീണ്ടും നാമകരണ നടപടികൾ ആരംഭിക്കാൻ നിശ്ചയിച്ചു. ഇതിന്റെ ഭാഗമായി ചാവറയച്ചന്റെ സമ്പൂർണ്ണ ജീവചരിത്രം പ്രസിദ്ധീകരിച്ചതോടെ അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയേയും പുണ്യങ്ങളേയും കുറിച്ച് കൂടുതൽ ആളുകൾ അറിയാനിടയായി. കൂടുതൽ മാദ്ധ്യസ്ഥ പ്രാർത്ഥനകളും ആരംഭിച്ചു. ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചു തുടങ്ങി.

1953-ൽ ഒറിയന്റൽ സഭകളുടെ അദ്ധ്യക്ഷനും കൂടിയായിരുന്ന കാർഡിനൽ യുജിൻ ടിസറാംഗ് നടപടികൾ ആരംഭിക്കുവാൻ അന്നത്തെ ജനറലിനോടാവശ്യപ്പെട്ടു. 1955ൽ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതി ലഭിച്ചു. 1957ൽ ചങ്ങനാശ്ശേരി രൂപതാ മെത്രാൻ മാർ മാത്യു കാവുകാട്ട് നടപടികൾക്കാവശ്യമായ ചരിത്ര കമ്മീഷനെ നിയോഗിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്നും അർകൈവ്സുകളിൽ നിന്നുമായി 210 രേഖകൾ ഇവർ കണ്ടെത്തി.

1962-ൽ ചാവറയച്ചന്റെ ജീവിതത്തെയും വിശുദ്ധിയെയും വിലയിരുത്താൻ നിയമിച്ച ട്രിബ്യൂണൽ 501 സെഷനുകളിലൂടെയായി 104 സാക്ഷികളുടെ മൊഴികൾ ശേഖരിച്ചു. 1967-ൽ ട്രിബ്യൂണലിന്റെ പ്രസിഡണ്ടായ ഫാ. ലൂക്കാസ് വിത്തുവട്ടിക്കലിന്റെ നേതൃത്വത്തിലാണ് രേഖകളും നടപടികളും ലത്തീനിലേയ്ക്ക് പരിഭാഷപ്പെടുത്തിയത്. അതിരൂപതാ മെത്രാൻ മാർ ആന്റണി പടിയറ 1971-ൽ ഒപ്പുവെച്ച രേഖകൾ റോമിലെ നാമകരണ നടപടികളുടെ തിരുസംഘത്തിന് സമർപ്പിച്ചു.

1973-ൽ സംഘം രേഖകളുടെ സാധ്യത ഉറപ്പുവരുത്തി. 1977-ൽ പൊസിസിയോ എന്ന ആധികാരിക പഠനരേഖ തിരുസംഘത്തിനു


സമർപ്പിച്ചു. പൊസിസിയോ പരിശോധിച്ച ഒൻപതംഗങ്ങളും ചാവറയച്ചൻ ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നതായി, ഏകകണ്ഠമായി പ്രഖ്യാപിച്ചു. ഇത്തരമൊരു അംഗീകാരം നൽകുന്നത് തിരുസംഘത്തിന്റെ ചരിത്രത്തിൽ വളരെ അപൂർവ്വമായ സംഭവമാണ്. 1984 ഏപ്രിൽ 7ന് പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ ചാവറയച്ചനെ 'ധന്യ'നായി പ്രഖ്യാപിച്ചു.

ഇതെ തുടർന്ന് ദൈവദാസൻ ചാവറയച്ചന്റെ മാദ്ധ്യസ്ഥതയിൽ നടന്ന മൂന്നൽഭുതങ്ങൾ സമർപ്പിച്ചു. അതിൽ ഒന്ന് തിരഞ്ഞെടുത്ത് പഠനവിഷയമാക്കുകയും 1985-ൽ അത്ഭുതമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1986 ഫെബ്രുവരി 8-ന് കോട്ടയത്ത് വെച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.[78]

ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള പഠനങ്ങളുടെ അവസാനം അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ നാമനിർദ്ദേശം ചെയ്ത വിശുദ്ധരേക്കുറിച്ചുള്ള നടപടികളുടെ തിരുസംഘത്തിന്റെ തലവൻ, കർദ്ദിനാൾ പീറ്റർ പലസ്സിനി നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു: "ജീവിതകാലം മുഴുവൻ അനുതാപചിന്തയാൽ ഉരുകിയിരുന്ന ചാവറയച്ചൻ, 'മാമ്മോദിസായിൽ സ്വീകരിച്ച ദൈവ വരപ്രസാദം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ചു' എന്നുപറഞ്ഞുകൊണ്ടാണ് മരണത്തെ അഭിമുഖീകരിച്ചത്. പാപബോധമില്ലാത്ത ആധുനികലോകത്തിന് അദ്ദേഹം ഒരു ചോദ്യച്ഛിഹ്നമാണ്."[79]

ഇരുപതുനൂറ്റാണ്ടു പഴക്കമുള്ള ഭാരതസഭയിലെ ആദ്യവിശുദ്ധരുടെ ഗണത്തിൽ ചാവറയച്ചനും പെടുന്നു എന്നത് നമുക്ക് സന്തോഷകരമാണ്. അദ്ദേഹം വഴി നല്ല ദൈവം ധാരാളം അനുഗ്രഹങ്ങൾ ലോകത്തിനു ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

# 3. Important places related to Blessed Chavara



# 4. ചാവറയച്ചൻ സംസാരിക്കുന്നു

## ചാവറയച്ചൻ വൈദികരോടു സംസാരിക്കുന്നു

'ഞാൻ ശുദ്ധിയുള്ളവനാകയാൽ എന്റെ അടുത്തണയുന്നവരായ നിങ്ങളും ശുദ്ധിയുള്ളവരായിരിപ്പിൻ' എന്നു താൻ കല്പിച്ചിരിക്കയിൽ വാഴ്ത്തപ്പെട്ട കൂടപ്പിറപ്പേ, ഈ എത്രയും വെടിപ്പും വിശുദ്ധിയും നിറയപ്പെട്ടിരിക്കുന്ന ഈ സർവ്വേശ്വരന്റെ ദേവാലയത്തിലും, എത്രയും മഹത്വമുള്ള തന്റെ അൾത്താരയിലും, ശ്രാപ്പേ, ക്രോവേ എന്നീ ഉന്നത അരൂപികൾ എത്രയോ ഭയത്തോടും വിറയലോടും കൂടി നിൽക്കുന്നു! നിന്റെ കൈകൊണ്ട് എടുക്കുകയും, മുറിക്കുകയും, പകുക്കുകയും, കൊടുക്കുകയും ചെയ്യുന്ന ഈ വിശുദ്ധ ദിവ്യരഹസ്യത്തിന്റെ മുമ്പിൽ സാഷ്ടാംഗവന്ദനം ചെയ്യുന്നു. ഉന്നതരായ ഈ മാലാഖവൃന്ദങ്ങൾപോലും തന്റെ തിരുമുഖത്ത് ഭക്ത്യാദരവു കൂടാതെ നോക്കുവാൻ തുനിയുന്നില്ല എന്ന ഈ തമ്പുരാന്റെ അൾത്താരയിൽ ദിവസം പ്രതി ഏതുപ്രകാരം നീ കടന്നുവരുന്നു എന്ന് സൂക്ഷത്തോടെ പരിശോധിക്കുക.

ആടിനെയും കാളയെയും അറുത്ത് പൂജിച്ചിരുന്ന കാലത്ത് അല്പമായ ആചാരക്കുറവോടെ ഈ മദുബഹായ്ക്ക് അടുത്തു (പുരോഹിതർ) ചെന്നതിനാൽ ഉടൻ വീണുമരിക്കയും തീ പുറപ്പെട്ടു ദഹിപ്പിക്കയും ചെയ്തു. എന്നാൽ ഭക്തിയുള്ള കൂടപ്പിറപ്പെ, നീ അണയുന്ന ഈ മദുബഹായിൽ മുട്ടാടും, മൂരിയും കാളയുമല്ല, അറുക്കപ്പെടുന്നതും, ചെങ്ങാലിയുടെയൊ, മാടപ്രാവിന്റെയോ മാംസമല്ല അർപ്പിക്കപ്പെടുന്നതും, പിന്നെയോ, ഉണ്ടാകട്ടെ എന്ന തിരുവചനത്താൽ സകലതും ഉണ്ടാക്കുവാനും അപ്രകാരം ഒരു വചനത്താൽ സകലതും ഇല്ലാതാക്കുവാനും കഴിവുള്ള സർവ്വേശ്വരന്റെ ഏകപുത്രനെത്തന്നെയാണ് നിന്റെ കൈകളിൽ എടുക്കുകയും ദിവസംപ്രതി നിന്റെ ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്യുന്നത്. ഇങ്ങനെയുള്ള നിന്റെ കൈകളും, നാവും, ഹൃദയവും എത്രയോ ശുദ്ധിയുള്ളതാകുവാൻ ആവശ്യമായിരിക്കുന്നു!

...ആദിയിൽ തന്നെ സർവ്വേശ്വരൻ നിന്നെ വിളിച്ചു. അനേകം ആളുകളിൽ നിന്ന് താൻ നിന്നെ തിരഞ്ഞെടുത്ത് നിന്നെ അനുഗ്രഹിച്ചു. തന്റെ സ്ഥാനവും അധികാരവും നിനക്കുതന്നു. തന്റെ ദേവാലയത്തിൽ നിന്നെ സ്വീകരിച്ചു, തന്റെ വീട്ടിൽ തന്നോടുകൂടി നിന്നെ

പാർപ്പിച്ചു. തന്റെ പ്രിയപ്പെട്ടവനായിട്ടു നിന്നെ താൻ കൈക്കൊണ്ടു. ഇതുകൂടാതെ തന്റെ വിശേഷവരപ്രസാദങ്ങളാൽ നിന്നെ അലങ്കരിച്ചു. പല പല വിശേഷഅനുഗ്രഹങ്ങളും നിനക്കു താൻ നൽകി. എത്രയോപ്രാവശ്യം നിന്നോടു താൻ ക്ഷമിച്ചു. എന്തെല്ലാം ജ്ഞാന സഹായങ്ങളും പ്രകാശവും നിനക്കുതന്നു. എന്നാൽ നിന്നെക്കാൾ നല്ലവരെ ലോകത്തിൽ തന്നെ നിർത്തിയിട്ട് നിന്നെ താൻ വിളിച്ച് തന്റെ പ്രസാദവരങ്ങൾ നിനക്കുതന്നു! ഇപ്പോൾ കൂടപ്പിറപ്പെ, നിന്റെ വ്യാപാരവും മനസ്സും സൂക്ഷിച്ചാൻ തമ്പുരാനോടു നീ മത്സരിക്കുന്നു എന്നു തോന്നുന്നു?

...നീയും ഞാനും ഈ കർത്താവിന്റെ തിരു അൾത്താരയിൽ ഏതൊരവസ്ഥയിൽ അണഞ്ഞു എങ്കിലും യാതൊരുകോപവും തിരുവുള്ളക്കേടും കാണിക്കാതെ എല്ലാ താൻ ക്ഷമിക്കുന്നു. ഏതൊരു കയ്യാൽ തന്നെ എടുക്കുന്നു എങ്കിലും, ഏതൊരു നാവിൽതന്നെ വെയ്ക്കുന്നുവെങ്കിലും, ഏതൊരു ഹൃദയത്തിൽ തന്നെ കുടിയിരുത്തുന്നു എങ്കിലും എല്ലാം താൻ അനുസരിക്കുന്നു.

... കൂടപ്പിറപ്പെ, ഈ നല്ലപിതാവായ സർവ്വേശ്വരൻ നിന്റെ ഉള്ളിൽ ഇരുന്നുകൊണ്ട്, ഇനിമേലിൽ എട്ടുദിവസത്തിലധികം നീളാതെ കുമ്പസാരിക്കണം എന്നും, ദിവസം പ്രതി കുറച്ചുസമയമെങ്കിലും മുടക്കം വരുത്താതെ ധ്യാനിക്കണം എന്നും, ദിവസവും ആത്മശോധനചെയ്യണമെന്നും, ഭക്തിദ്യോതകമായ പുസ്തകങ്ങളും തങ്ങളുടെ അന്തസ്സിനും കടമകൾക്കും യോജിച്ച ജ്ഞാനപുസ്തകങ്ങളും ദിവസത്തിൽ കുറെ നേരമെങ്കിലും വായിക്കണമെന്നും നിന്നെക്കൊണ്ടു തന്നെയാണ് പ്രതിജ്ഞ ചെയ്യിച്ചത്.

...... ഇതെല്ലാം ഇപ്രകാരം ആയിരിക്കയിൽ പൗരോഹിത്യം സ്വീകരിച്ചവനും ആത്മാക്കളുടെ രക്ഷക്കായുള്ള ദൈവശുശ്രൂഷിയും ആയ നീ നിന്റെ അപേക്ഷകളാലും നമസ്ക്കാരത്താലും ദിവ്യപൂജാർപ്പണത്താലും ദൈവകോപത്തെ അകറ്റുവാനും പാപികൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിച്ച് അവരുടെ മേലുള്ള കോപത്തെ മാറ്റാനും കടപ്പെട്ടവനാകുന്നു.

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol. III, ആദ്ധ്യാത്മിക കൃതികൾ, PP. 51, 56, 60, 62.

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL -A)

## ചാവറയച്ചൻ സന്യസ്തരോടു സംസാരിക്കുന്നു

... നിന്റെ ദിവ്യഗുരുവായിരിക്കുന്ന ഈശോമിശിഹായെ പിൻചെല്ലുന്നതിനും, തന്റെ ദാസനായി സകലത്തിലും നടന്ന്, വില മതിക്കാനാവാത്ത തന്റെ തിരുരക്തത്താൽ വാങ്ങിയിരിക്കുന്ന നിന്റെ ആത്മാവിനെയും, സഹോദരങ്ങളായ മറ്റുള്ളവരുടെ ആത്മാക്കളെയും തന്നോടുചേർക്കുന്നതിനായി, പാപത്തിൽ നിന്ന് നിന്നെയും മറ്റുള്ളവരേയും രക്ഷിക്കുന്നതിനും പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റുള്ളവരെക്കൊണ്ടു ചെയ്യിക്കുന്നതിനും വേണ്ടിയാണ് നിന്നെ ഈ അന്തസ്സിലേയ്ക്ക് വിളിച്ചത്.

... സന്യാസസമൂഹം മനുഷ്യനിർമ്മിതമല്ല, പിന്നെയൊ തമ്പുരാൻ എത്രയൊ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും, നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു എന്നതിന് നിങ്ങൾ സാക്ഷികളായിരിക്കുന്നു.

... സന്യാസത്തിൽ എത്ര ആശ്രമങ്ങൾ ഉണ്ടായാലും, ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽ നിന്നു പിറന്നു. ആ അമ്മയുടെ മുലപ്പാൽ കുടിച്ചു വളർന്നവർ എന്നതുപോലെ സ്നേഹത്തിൽ ഒരിക്കലും കുറവു വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചുവരണം.

... ആശ്രമങ്ങളുടെ ഉറപ്പ് അതിന്റെ ചുമരുകളുടെ ഉറപ്പല്ല മറിച്ച് അതിൽ വസിക്കുന്നവരുടെ തീക്ഷ്ണതയും വിശുദ്ധിയുമാകുന്നു.

...സന്യാസജീവിതത്തെ തകർക്കുന്നതിന് മനുഷ്യരുടെ പീഡനങ്ങൾക്കോ, സൃഷ്ടികളുടെ എതിർപ്പിനോ സാധ്യമല്ല. എന്നാൽ ഒരു കാര്യം മാത്രം മതി, അതായത് നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന് അതിനടുത്തുള്ള കടമകളെ ഉപേക്ഷിച്ച് നമ്മുടെ അന്തസ്സിനടുത്ത പുണ്യങ്ങളായിരിക്കുന്ന എളിമ, അനുസരണം, ഉപവി, സന്യാസഅടക്കം, സത്യസന്ധമായ ഭക്തി എന്നിവയെ വാക്കുകൾ കൊണ്ടുമാത്രം മതി എന്നുവെച്ച് പ്രവർത്തികളാൽ നിറവേറ്റാതിരുന്നാൽ മതി.

... സന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിന്നെ മുഴുവനായി ത്യജിച്ചുകൊണ്ടുള്ള കണ്ണും ചെവിയുമില്ലാത്ത അനുസരണമാകുന്നു.

... സന്യാസാംഗങ്ങൾക്ക് ഉന്നതാധികാരികളോടും, നേരിട്ടുള്ള അധികാരികളോടും, തമ്മിൽ തമ്മിലും ആദരവുണ്ടെങ്കിൽ ഭൂമിയിലെ ചെറിയ സ്വർഗ്ഗമായിത്തീരും സന്യാസഭവനം.

ആത്മീയഗ്രന്ഥങ്ങളുടെ വായനയിൽ താല്പര്യമായാൽ ഏകാന്തത്തിൽ സന്തോഷമാകും; ഏകാന്തത്തിൽ സന്തോഷമായാൽ ആ ആത്മാവിനെ ഏകാന്തത്തിൽ വെച്ചുകാണുവാനായി ഈശോമിശിഹാ എഴുന്നള്ളിവന്ന് ആ ആത്മാവിനോടു സംസാരിച്ചുതുടങ്ങും. ഇതാണ് വിശുദ്ധിയിൽ ഉയരുവാനും, അവിടെനിന്ന് വീഴായ്‌വാനും നിശ്ചയമുള്ള ക്രമം.

...ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നു എന്നുവരുമ്പോൾ, ഒരു സ്നേഹിതനോടുള്ള സംസാരം പോലെയാകുന്നു. സ്നേഹിതന്മാരാകട്ടെ ഒന്നിച്ചിരുന്നാൽ വേർപിരിയുംവരെ നാവ് അടക്കാതെ സംസാരിക്കും. ഇതിനിടയിൽ സംസാരിക്കുവാൻ വിഷയമില്ലാഞ്ഞിട്ട് സംസാരിക്കാതിരിക്കേണ്ടിവരില്ല. അപ്പോൾ സ്നേഹമുണ്ടെങ്കിൽ അയാളോടു സംസാരിക്കാൻ വിഷയമുണ്ടാകും. ഇങ്ങനെയുള്ള സംസാരം വേറൊരാൾ പഠിപ്പിക്കയും വേണ്ട.

....നന്നായിട്ടു ധ്യാനിക്കാൻ സ്നേഹത്തോടെ ദൈവത്തോടു ചേർന്നിരിക്കുക ആവശ്യമാണ്. എന്നാൽ പാപമുള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ പാപമോചനം സ്വീകരിക്കണം.

... ദൈവശുശ്രൂഷിയായ ആത്മാവേ, നീ എന്തുചെയ്യുന്നു, എവിടെപ്പോകുന്നു. ഈ ജീവിതത്തിൽ നീ എന്തായിത്തീരും. ഇപ്പോൾ നടക്കുന്ന വഴി നിന്നെ എവിടെ എത്തിക്കും? വഴിയാത്രക്കാരനായിരിക്കുന്നവൻ യാത്രക്കിടയിൽ പോകുന്ന വഴി നേരെയുള്ളതോ അല്ലയോ എന്നു പരിശോധിക്കും. ഇതുപോലെ നിത്യതയിലേയ്ക്ക് യാത്രചെയ്യുന്ന നീയും, നീ ഇപ്പോൾ നടക്കുന്ന വഴി സർഗ്ഗത്തിലേക്കാണോ നരകത്തിലേക്കാണോ എന്ന് ഇടക്കിടക്ക് വിലയിരുത്തുക ന്യായമാകുന്നു.

(സന്യാസ ജീവിതത്തേക്കുറിച്ചുള്ള ചാവറയച്ചന്റെ ഈ ദർശനങ്ങളിലൂടെ, സുവിശേഷസൽബുദ്ധികൾ, സമൂഹജീവിതം, ജ്ഞാനവായന, ഏകാന്തം, ധ്യാനം, ആത്മപരിശോധന, പാപവിമോചനം, സുകൃതാഭ്യാസങ്ങൾ എന്നിങ്ങനെ സന്യാസജീവിതത്തിനത്യാവശ്യമായ ചുമതലകളെക്കുറിച്ച് പ്രതിപാദിക്കുന്നു.)

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ. Vol. III, PP 14, 15, 49, 50. VOL-IV; PP. 90, 94, 99, 100, 116 (ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - A & C)

## ചാവറയച്ചൻ കുടുംബങ്ങളോട് സംസാരിക്കുന്നു

"നല്ല ക്രിസ്ത്യാനികുടുംബം സ്വർഗ്ഗരാജ്യത്തിനു സദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ, രക്തത്താലും സ്നേഹത്താലും തമ്മിൽ തമ്മിൽ ബന്ധിപ്പിച്ച പലയാളുകൾ, കാരണവന്മാരുടെ നേരെ ആദരവും അനുസരണവും ഉള്ളവരായി, ദൈവത്തോടും മനുഷ്യരോടും സമാധാനമായി നടക്കുകയും, അവരവരുടെ ജീവിതാന്തസ്സിനു തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനു പ്രയത്നം ചെയ്ത് ഒരുമയോടെ ജീവിക്കുകയും ചെയ്യുന്നതാകുന്നു.

ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും സമാധാനവും ഉപവിയും ക്രമവും ഉള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു ഏറ്റം മധുരിക്കപ്പെട്ട ആശ്വാസം.

...പരസ്പരം ക്ഷമിക്കുവിൻ, ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.

...സ്വന്തം കാര്യങ്ങളെ ഉത്തരവാദിത്വത്തോടെ ശ്രദ്ധിക്കുന്നുവെങ്കിൽ ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടുവാൻ സമയമുണ്ടാകുകയില്ല.

...അലസത സർവ്വദുർഗുണങ്ങളുടെയും മാതാവാകുന്നു. പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു. മദ്യപാനം ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും ദൈവത്തിന്റെ മുമ്പിൽ എത്രയും തിന്മയുള്ളതുമാകുന്നു.

... അന്യർക്ക് എന്തെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം നിന്റെ നിത്യജീവിതത്തിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല.

...അതിധാരാളിത്വവും ലുബ്ധും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും.

... വേലക്കാർക്ക് ന്യായമുള്ള കൂലികൊടുക്കാതിരിക്കയോ താമസിപ്പിക്കയോ ചെയ്യരുത്. എന്തെന്നാൽ ഇതു ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു. പാവപ്പെട്ടവരെ നിന്ദിക്കണ്ട; അവരെ ബുദ്ധിമുട്ടിക്കയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായി നിന്നോടു പകരം ചോദിക്കും.

...മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിക്കാനായിട്ട് നിങ്ങ

ളുടെ കൈയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുരക്തത്താൽ ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാക്കുന്നതിനും, വിധി ദിവസത്തിൽ തിരിച്ചേല്പിക്കുന്നതിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കൈയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കളാകുന്നു ഇവർ എന്ന് നന്നായി അറിഞ്ഞുകൊൾവിൻ: നിങ്ങളുടെ കുറ്റം നിമിത്തം നിങ്ങളുടെ മക്കളിൽ ഒരാൾ നരകത്തിൽ നശിച്ചുപോകുമെങ്കിൽ, ഇത് കാരണവന്മാർ രക്ഷപ്പെടുന്നതിന് എത്രയോ തടസ്സമായിരിക്കും.

... നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ സഹായിക്കാനും പൊരുത്തപ്പെടുത്താനും തക്ക നല്ലമക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ, അവരെ ചെറുപ്രായത്തിൽ നല്ല ക്രിസ്ത്യാനികളാക്കുവിൻ. ഈ ചെറുപ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കയും ഭയപ്പെടുകയും ഇല്ലെങ്കിൽ പിന്നീട് അവരുടെ കാരണവന്മാരെയും അനുസരിക്കയും ബഹുമാനിക്കുകയുമില്ല. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ അടുക്കലടുക്കൽ തമ്പുരാന് കാഴ്ചവെയ്ക്കയും, അവരെ ഈശോമറിയം യൗസേപ്പിന്റെ മാദ്ധ്യസ്ഥത്തിൽ ഏല്പിക്കയും, അവർക്കുവേണ്ടി കൂടെക്കൂടെ പ്രാർത്ഥിക്കയും ചെയ്യണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷപോലെ ദൈവം കൊക്കൊള്ളും.

... അവസാനമായി, മക്കളെ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കാനും, അവരുടെ മനസ്സിനെ ദുഃഖിപ്പിക്കാതിരിക്കാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേത് ലംഘിക്കുന്നവർക്ക് പരലോകത്തിൽ തന്നെയല്ല ഈ ലോകത്തിൽക്കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്ന് നല്ലവണ്ണം ഓർത്തുകൊള്ളുവിൻ

... ആയതിനാൽ എന്റെ കൈയ്യെഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കയില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി സൂക്ഷിക്കാൻ എന്റെ മക്കളായ കൈനകരി കുരിശു പള്ളിക്കാരായ നിങ്ങളെ ഞാനിത് ഏല്പിക്കുന്നു.''

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol. IV, കത്തുകൾ, മാന്നാനം, 1982, PP. 136-152 (ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C)

## 5. ചാവറയച്ചൻ എഴുതുന്നു

**മാന്നാനത്ത് ആശ്രമം തുടങ്ങാൻ ഹിന്ദുവും, മുസൽമാനും, ക്രിസ്ത്യാനിയും തോളോട് തോൾ ചേർന്ന് സഹകരിച്ചു എന്ന് നാളാഗമത്തിൽ ചാവറയച്ചൻ എഴുതുന്നു.)**

"....... ഓലൻ കണ്ണാമുകൾ എന്ന നമ്മുടെ ഈ ബേസ് റൌമ്മയിൽ (ഉയരത്തിലെ ഭവനം-മാന്നാനം) കയറി പുലയരെ ക്കൊണ്ട് കാടുവെട്ടിക്കയും ഇവർ ചില കുറ്റിപ്പുറത്തും മരത്തിന്റെ മൂട്ടിലും ഇരിക്കയും ചെയ്തു. ഇങ്ങനെ ആ ദിവസം കഴിഞ്ഞ് പിറ്റെ ദിവസം പെസഹായും അങ്ങനെ വലിയ ദിവസങ്ങളാകകൊണ്ട് നോയമ്പു വീടി തിങ്കളാഴ്ച മുതൽ വീണ്ടും കാടുവെട്ട് തുടങ്ങി. ഒശനാരു മേത്തരും ഒരു ദിവസം പുലയരെ അയച്ച് അയാളുടെ ചിലവിൽ കാടുവെട്ടി. പിന്നെയും കൊച്ചുപുര, പീടികയ്ക്കൽ, പൊവെനി, തറെൻ, മെലൻ ഇങ്ങനെ പലരും സഹായിച്ചു.

.........പട്ടക്കാർക്കും വേലക്കാർക്കും പെരുമാലിൽ നിന്നു ഭക്ഷണം തരികയും, ആ നാളുകളിൽ ഞങ്ങൾക്കുവേണ്ടി ഏറിയ ബുദ്ധിമുട്ടുകൾ സഹിക്കയും ഞങ്ങൾക്ക് കിടക്കാൻ വേണ്ടി ചിറ്റേ ഴത്ത് ഈച്ചരച്ചാരുടെ കളപ്പുര വാങ്ങിച്ച് വൃത്തിയാക്കിത്തരികയും ചെയ്തു.

........... മേലെഴുതിയ തരകനേയും ഇതു കൂടാതെ കുടമാളൂർ തെക്കേടത്ത് കോരപ്പണിക്കരുടെ മകൻ ഇട്ടിച്ചെറിയ എന്നയാൾ ഇതി നേറ്റം മനസ്സുകാരനും ഉത്സാഹക്കാരനുമായിരിക്കയാൽ അയാ ളെയും വരുത്തി നമ്മുടെ ഈ ബേസ് റൌമ്മായുടെ കാര്യത്തിന് ഉത്സാഹിപ്പിക്കയും......."

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol -1 നാളാഗമങ്ങൾ, മാന്നാനം, 1981, pp 17, 20, 22.

(ARCHIVES OF ST. JOSEPH'S MONASTERY MANNANAM, C. M. I. SPECIAL-A)

## സെമിനാരിക്കുവേണ്ടി അയച്ച സർക്കുലർ

(മാന്നാനം സെമിനാരിയുടെ പണികൾ പൂർത്തിയാക്കാനും സെമിനാരിയിൽ പഠിക്കുന്നവരുടെ ചിലവുകൾ വഹിക്കാനും സാമ്പത്തികസഹായം തേടിക്കൊണ്ട് ചാവറയച്ചൻ തന്റെ ശിഷ്യരായ വൈദികർക്കും അയൽ പള്ളികൾക്കും 1850-ൽ കൊടുത്തുവിട്ട സർക്കുലർ ആണ് ഇത്.)

### ഈശോമറിയം യൗസേപ്പെ തുണ

രണ്ടാമത്തെ വെളിവ് പഠനം ആകുന്നു എന്ന് ശു. മാർ അപ്രേം മല്പാൻ പഠിപ്പിക്കുന്നു. അതായത്, കണ്ണിന്റെ കാഴ്ചക്കൂടാതെ ലോകത്തിലുള്ള വസ്തുക്കൾ കാണാൻ കഴിയാത്തതുപോലെ പഠനം എന്ന വെളിവുകൂടാതെ പരലോകത്തെയും അതിൽ വസിക്കുന്ന തമ്പുരാനെയും അറിയാൻ കഴിയുകയില്ല. കണ്ണില്ലാത്തവർ കുരുടൻമാർ ആകുന്നു എന്നതുപോലെ പഠനമില്ലാത്തവർ ജ്ഞാനകുരുടന്മാർ ആകുന്നു.

ഈ കുരുടത്തം കാരണത്താൽ നമ്മുടെ മലയാളത്തിലുള്ള ക്രിസ്ത്യാനികൾ പൂർവ്വ നസ്രാണികൾ ആകുന്നു എങ്കിലും ശുദ്ധമാകപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതെ ആയിരിക്കുന്നു. കുരുടനെ കുരുടൻ വഴി നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും എന്നു നമ്മുടെ കർത്താവും അരുളി ചെയ്തിരിക്കുന്നു എന്നു വരുമ്പോൾ, പട്ടക്കാര് ജനങ്ങളേയും, കാരണവന്മാര് മക്കളെയും പഠിപ്പിക്കാൻ കടമയായിരിക്കുന്നു. ഈ കടമ എല്ലാവർക്കും തികപ്പാൻ ദ്രവ്യചുരുക്കത്താലും പഠിക്കാനുള്ളവരുടെ ചുരുക്കത്താലും വിഘ്നം വന്നിരിക്കുന്നു. ആ കുറവിനെ നികത്താൻ തക്കവണ്ണം ഏവർക്കും, പെ. ബ. നമ്മുടെ മേല്പട്ടക്കാരനായ മെത്രാനച്ചനും ഇഷ്ടപ്പെടുന്ന ഒരിടത്ത് ഒരു സെമിനാരി തീർപ്പിക്കണം.

ഇതിൽ ഒന്നാമത്തേതിൽ (അപ്പസ്റ്റോലിക് സ്കൂൾ) മലയാളം, തമിഴ്, ലത്തീൻ, സുറിയാനി എന്നീ ഭാഷകൾ പഠിപ്പിക്കാൻ മല്പാന്മാരെ ചുമതലപ്പെടുത്തേണ്ടതാകുന്നു. കുട്ടികളാകട്ടെ ഇവിടെ താമസിച്ച് പഠിച്ച് പ്രായവും പക്വതയും എത്തുമ്പോൾ പട്ടമേൽക്കണമെന്ന് മനസ്സും, ദൈവത്താൽ ഏല്പിക്കപ്പെട്ടിരിക്കുന്നവർക്ക് കർത്താവ് വ്യക്തമാക്കുകയും ചെയ്താൽ അങ്ങിനെയുള്ളവരെ പട്ടം സ്വീകരിക്കാനാവശ്യമായ ദൈവശാസ്ത്രം പഠിപ്പിക്കയും പട്ടം കൊടുക്കുകയും ചെയ്യാം.

ഇങ്ങനെയുള്ള കുട്ടികളെ അതിൽ (സെമിനാരിയിൽ) ആക്കി പഠിപ്പിക്കയും ഇങ്ങനെ പഠനം കഴിഞ്ഞ് അവർ ദൈവവിളിക്കൊത്ത ജോലികൾ കുറവുകൾക്കൂടാതെ ചെയ്യാൻ കഴിവുള്ളവരാകയും ചെയ്യും.

എന്നാൽ ഇപ്രകാരമുള്ള സ്ഥലം ഉണ്ടാക്കുന്നതിനും ഇതിൽ പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ചിലവും ശമ്പളവും കൊടുക്കുന്നതിനും കുറഞ്ഞ വകകൊണ്ടു നടക്കായ്കയാലും, ദൈവമുതൽ ദൈവവേലയ്ക്ക് വേണ്ടി ചിലവാക്കേണ്ടതിനാലും എല്ലാവരുടെയും ഉപകാരത്തിനുവേണ്ടി ഭാരം കൂടാതെ നിറവേറ്റുവാൻ തക്കവണ്ണം നിശ്ചയിച്ചത് ഇങ്ങനെയാണ്. പള്ളികളിൽ ആണ്ടുതോറും നിശ്ചയിക്കപ്പെട്ട സമയത്ത് കണക്കുകൾ തീർക്കുകയും അപ്പോൾ വരവിൽ പത്തിന് ഒന്നു വീതം ഉള്ളതും, ഈ സെമിനാരിയിൽ കൂടുന്നവർ അതിന്റെ നടത്തിപ്പിനായി കൊടുക്കേണ്ട നിശ്ചയിക്കപ്പെട്ട മാസപ്പടിയും, ഇവ രണ്ടും നിർദ്ദിഷ്ട ആളുകളെ ഏൽപ്പിച്ച് ഈ കാര്യം നിറവേറ്റുവാൻ സന്മനസ്സോടെ സമ്മതിച്ചിരിക്കുന്നു എന്നതിന് സാക്ഷിയായി ബഹു. വികാരി അച്ചന്മാർ ഈ എഴുത്തിൽ കൈ ഒപ്പ് ഇട്ടു തരുമാറാകണം.

1850-ാം കാലം ഇത് കൊവേന്തയിൽ നിന്ന്

മാർച്ച് 25 പ്രിയോർ

(ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം IV, കത്തുകൾ, മാന്നാനം, 1982, PP. 129, 130.

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL- B)

*" വൈദികൻ ജനങ്ങളേയും, കാരണവന്മാർ മക്കളേയും പഠിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു"*

(ചാവറയച്ചൻ, കത്തുകൾ P. 129)

## പരിശുദ്ധ കുർബ്ബാനയുടെ പ്രദക്ഷിണം നടത്തുവാൻ അനുവാദത്തിന് 1852-ൽ എഴുതുന്നു

(മാന്നാനത്ത് പള്ളിയിൽ നിന്ന് പുറത്തേയ്ക്ക് മുൻവർഷങ്ങളിൽ നടത്തിയതുപോലെ, പരിശുദ്ധ കുർബ്ബാനയുടെ പ്രദക്ഷിണം നടത്തുന്നതിന് വരാപ്പുഴ മെത്രാനോട് 1852-ൽ അനുവാദത്തിനായി എഴുതുന്നു.

"എത്രയും പെരിയ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും പ്രൊ. വികാരി അപ്പസ്തോലിക്ക ആയ ബർണ്ണർദീനോസ് മെത്രാനച്ചന്റെ അരികത്തു നിൽക്കുന്ന പട്ടക്കാരൻ വായിച്ചു ബോധിപ്പിക്കേണ്ട അവസ്ഥ.

ബ. അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുര്യാക്കോസ് കത്തനാർ കുറിക്കുന്നത്.

ഞങ്ങളുടെ ഈ കൊവേന്തപ്പള്ളിയിൽ ആണ്ടുതോറും നവംബർ (വൃശ്ചികം) 21-ാം തീയതി റോസറി മാതാവിന്റെ തിരുന്നാൾ പട്ടക്കാരും ശെമ്മാശ്ശന്മാരുംകൂടി ഘോഷിച്ചു വരികയാലും, ഇതിനുമുമ്പിലും അനുവാദം വാങ്ങിച്ച് ശുദ്ധ കുർബ്ബാന പുറത്തേയ്ക്ക് എഴുന്നള്ളിച്ച് വന്നിട്ടുള്ളതാകയാലും ഈ ആണ്ടിലും അപ്രകാരം എഴുന്നള്ളിക്കണമെന്നും ആഗ്രഹമായിരിക്കയാൽ ബ. അച്ചന്റെ മനോഗുണം ഉണ്ടായി ആയതിനുള്ള അനുവാദം തരുമാറാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

വിധേയമുള്ള ശുശ്രൂഷി ആയിരിക്കുന്ന എന്റെമേൽ വാഴുവും അനുഗ്രഹവും ഉണ്ടാകുമാറാകണമെന്ന് അപേക്ഷിച്ചുകൊണ്ട് 1852-ാം കാലം ഒക്ടോബർ (തുലാം) 19-ന്."

ചാവറ കുര്യാക്കോസ് കത്തനാർ

(ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, Vol. IV., കത്തുകൾ, 1982, PP. 36, 37.)

ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C)

## ചാവറയച്ചൻ വിചാരണനടത്തിയ നടപടികളുടെ റിപ്പോർട്ടും അതിനുള്ള വികാരി അപ്പസ്തോലിക്ക ലുദുവിക്കോസ് മെത്രാപ്പോലീത്തയുടെ മറുപടിയും.

"എത്രയും പെരിയ ബഹുമാനപ്പെട്ട മലയാളമൊക്കെയുടെയും വികാരി അപ്പസ്തോലിക്ക ലുദുവിക്കോസ് മെത്രാപ്പോലിത്തായ്ക്ക്,

ബഹുമാനപ്പെട്ട അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറകുരിയാക്കോസ് അച്ചൻ കുമരകത്തുള്ള പ്രശ്നത്തിന് ആ കരക്കാരുകൊണ്ടുവന്നിരിക്കുന്ന ആധാരം കൊടുത്തയക്കുന്നു എന്നും അതു സത്യമെങ്കിൽ അതുപ്രകാരം എഴുതി ബോധിപ്പിച്ചുകൊള്ളണം എന്ന് കൊടുത്തയച്ച കല്പനപ്രകാരം ഞാൻ വിചാരണ നടത്തി. അതിൻപ്രകാരം ഒരവകാശിയുംക്കൂടി ഒപ്പിടാനുണ്ടായിരുന്നതും ചേർത്ത് അതിൽ ഉള്ള വസ്തുക്കൾ ഒക്കെയും ഇവരെ ഏല്പിച്ച് രസീതും വാങ്ങി ഇതോടുക്കൂടി കൊടുത്തയയ്ക്കുന്നു. ഇനി ഇവരുടെ പള്ളിക്കുറ്റവും തീർത്ത്, പള്ളിനടത്തുന്നതിന് ഒരു വൈദികനെയും നിശ്ചയിച്ചാക്കിയാൽ ദൈവസഹായത്താൽ കുഴപ്പം കൂടാതെ നടക്കുമെന്നെനിക്ക് തോന്നുന്നു. ആയതുകൊണ്ട് എന്തുവേണമെന്ന് അങ്ങയുടെ കല്പനയുണ്ടാകണമെന്ന് ഞാനും അപേക്ഷിക്കുന്നു.

ഈശോയുടെ അനുസരണമുള്ള ശുശ്രൂഷി ആയിരിക്കുന്ന എന്റെമേൽ ആശീർവ്വാദവും അനുഗ്രഹവും ഉണ്ടാകുമാറാകണമെന്ന് അപേക്ഷിച്ചുകൊണ്ട് 1848 മാർച്ചുമാസം 13-ാം തീയതി.

(ഒപ്പ്)

മറുപടി

ഇപ്രകാരമാകാമെന്നു നാം നിശ്ചയിക്കുന്നു. ആ പള്ളി വെഞ്ചരിച്ച് അതിൽ വിശുദ്ധ കുർബ്ബാന ചൊല്ലുന്നതിനും, ആ പള്ളിയിൽപ്പെട്ട ശീശ്മക്കാരുടെ പള്ളിക്കുറ്റം പോക്കിക്കൊള്ളണമെന്നും, ശെമ്മാശ്ശന്റെ മഹറോൻ പോക്കിക്കൊള്ളണമെന്നും, നല്ലവരിൽ ഒരു വൈദികനെ കണ്ടെത്തി വികാരിക്കടുത്ത അധികാരം അയാൾക്കു കൊടുത്തു ആ പള്ളിയെ ഭരിക്കുന്നതിനു ചുമതലപ്പെടുത്തുവാനും താങ്കളെ ഞാൻ നിയോഗിക്കുന്നു.

ഇത് വരാപ്പുഴ നിന്നും 1848-ാം കാലം മാർച്ചുമാസം 29-ാം തീയതി

ലുദുവിക്കോസ് മെത്രാപ്പോലീത്താ.

(വിവിധ കാര്യങ്ങൾക്കായി മെത്രാന്മാർ ഏല്പിച്ച ചുമതലകൾ നിർവ്വഹിച്ചതിനെക്കുറിച്ച് ഇതുപോലുള്ള പത്തു രേഖകൾ മാന്നാനത്തു സൂക്ഷിച്ചിരിക്കുന്നു)

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, vol. IV,
കത്തുകൾ PP. 33, 34

(ARCHIVES OF ST. JOSEPH'S MONASTERY MANNANAM CMI SPECIAL - C)

## പൗരോഹിത്യം വരെയുള്ള ചാവറയച്ചൻ

| | | |
|---|---|---|
| ജനനം | - | 1805 ഫെബ്ര. 10 |
| മാമ്മോദീസ ചേന്നങ്കരി ഇടവകപ്പള്ളിയിൽ | - | 1805 ഫെബ്ര. 18 |
| മേരീദാസനായി അടിമവെച്ചു വെച്ചൂർ പള്ളിയിൽ | - | 1805 സെപ്റ്റം. 8 |
| വിദ്യാഭ്യാസം - ആശാൻ കളരിയിൽ | - | 1810–1815 |
| സെമിനാരി ജീവിതത്തിനു തുടക്കം വീട്ടിലും ചേന്നങ്കരി ഇടവകപള്ളിയിലുമായി | - | 1816–1817 |
| പള്ളിപ്പുറം സെമിനാരിയിൽ പാലക്കൽ തോമാ മല്പാനോടൊത്ത് | - | 1818–1829 |
| ആസ്തപ്പാടുപട്ടം, പീറ്റർ ഡി അൽക്കാന്ത്രമെത്രാനിൽ നിന്ന് | - | 1818 |
| മാതാപിതാക്കളുടെയും ഏക സഹോദരന്റെയും മരണം | - | 1819–1824 |
| ഡീക്കൻപട്ടം, മിലെസ്, പ്രെൻഡർഗാസ്റ്റ് മെത്രാനിൽനിന്ന് | - | 1828 |
| പൗരോഹിത്യം, മൗറേലീയൂസ് സ്തബലീനി മെത്രാനിൽ നിന്ന് | - | 1829 നവം. 29 |
| ആദ്യബലിയർപ്പണം ചേന്നങ്കരിപള്ളിയിൽ | - | 1829 നവം. 30 |
| ആദ്യധ്യാന പ്രസംഗം പുളിങ്കുന്നിൽ | - | 1830 മാർച്ച് |

## റോക്കോസ് ശീശ്മക്കാലത്ത് ചാവറയച്ചൻ 9-ാം പീയൂസ് മാർപ്പാപ്പയ്ക്ക് എഴുതിയ കത്ത്

പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല എന്ന് പത്രോസിനോടു പറഞ്ഞു ധൈര്യപ്പെടുത്തിയവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപ്പാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേക്ക്.

മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ പെ. ബ. ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൻ കീഴുള്ള, വിനീതരും വിശ്വാസത്തിലും ഉപവിയിലും ബലഹീനരുമായ അമലോത്ഭവമറിയത്തിന്റെ നിഷ്പാദുക കർമ്മലീത്താ സഭയിൽപ്പെട്ട ഏതാനും വൈദികരും അവരുടെ ശ്രേഷ്ഠനായ കുറിയാക്കോസ് ഏലിയായും ഒരുമിച്ച് അങ്ങയുടെ മഹനീയമായ സാന്നിദ്ധ്യത്തിൽ മുട്ടുകുത്തി അരൂപിയിൽ തൃപ്പാദങ്ങൾ ചുംബിച്ച് താഴെപ്പറയുന്ന കാര്യം അങ്ങയുടെ പരിചിന്തനത്തിന് സമർപ്പിക്കുന്നു.

അതെന്തെന്നാൽ ഈ 1861-ാം കാലം മേയ് മാസം 9-ാം തീയതി ബാബേൽ പാത്രിയാർക്കീസായ ജോസഫ് ഔദോയുടെ കല്പനയനുസരിച്ചു തോമസ് റോക്കോസ് എന്ന പേരിൽ ഒരു മെത്രാൻ ഞങ്ങളുടെ പക്കൽ വന്നു. ഇവിടെ നിന്നും മോസുളിലേക്കു പോയിരുന്ന അന്തോനി എന്ന പേരിൽ ബ. ഒരു വൈദികനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.

ഈ മെത്രാനാവട്ടെ വിശ്വാസികളെ പൊതുവെ സംബോധന ചെയ്തുകൊണ്ട് അവരോടു പ്രസംഗിക്കുന്നു. അങ്ങയുടെ അനുവാദത്തോടും, കല്പനയോടുംകൂടെ മലയാളത്തിലെ കൽദായ ക്രിസ്ത്യാനികളെ ഭരിക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടെ മേൽപറഞ്ഞ പാത്രീയർക്കീസ് തന്നെ മലയാളത്തിലേക്കു അയച്ചുവെന്ന്. എന്നാൽ ഞങ്ങളുടെ വികാരി അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാപ്പോലീത്താ തന്റെ ഇടയലേഖനത്തിൽ തെളിവായി പ്രസ്താവിച്ചിരിക്കുന്നു, "അങ്ങയുടെ മനസ്സിനും കല്പനയ്ക്കും വിരോധമായി, പാത്രിയർക്കീസ് സ്വന്ത നിശ്ചയപ്രകാരം മേൽപറഞ്ഞ മെത്രാനെ മലയാളത്തിലേക്ക് അയച്ചിരിക്കുന്നു. അതിനാൽ

പ്രസ്തുത മെത്രാനിൽനിന്ന് അധികാരമോ, തിരുപ്പട്ടമോ സ്വീകരിക്കുന്ന ഏവനും, അവ നൽകുന്നവനും അതിനാൽതന്നെ സഭാഭ്രഷ്ടനാകും'' എന്ന്. എന്നിരുന്നാലും വൈദികരും വിശ്വാസികളും ദിവസേന എന്നോണം അദ്ദേഹത്തിന്റെ പക്കൽ പൊയ്ക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാലടികളെ പിഞ്ചെല്ലുന്നു. ഞങ്ങൾക്കു തോന്നിപ്പോകുന്നു, ഞങ്ങളുടെ ഈ എഴുത്തിന്റെ മറുപടി ഇവിടെ എത്തുന്നതിനു മുമ്പുതന്നെ ഒരുപക്ഷേ ഞങ്ങളുടെ പള്ളികൾ എല്ലാംതന്നെ അദ്ദേഹത്തിന്റെ അനുസരണത്തിൻ കീഴ് അണിനിരക്കും. കർമ്മലീത്താ വൈദികരാൽ നയിക്കപ്പെടുന്ന ഏതാനും പള്ളികളൊഴിച്ച് ശേഷിച്ചവയെല്ലാം അദ്ദേഹത്തെ അനുധാവനം ചെയ്യും. സർവ്വസംഗതികളും സംഭവത്തിനുമുമ്പുതന്നെ വീക്ഷിച്ചറിയുന്ന ദൈവം ഇതറിയുന്നു.

അതിനാൽ പരിശുദ്ധ പിതാവെ, എളിമയോടു കൂടി ഞങ്ങൾ, കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങെ പക്കൽ അഭ്യർത്ഥിക്കുന്നു: ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമെന്ന്. അത് ഞങ്ങളുടെ കൽദായ ഭാഷയിൽതന്നെ ആയിരിക്കണം. പാത്രീയാർക്കീസ് തിരുമേനി അങ്ങയോടു എന്താവശ്യപ്പെട്ടുവെന്നും, അദ്ദേഹത്തിനു എന്തു മറുപടി അങ്ങു കൊടുത്തുവെന്നും, ഈ രണ്ടു പേരിൽ ആരെ ഞങ്ങൾ അനുസരിക്കണമെന്നും, ആ എഴുത്തിൽ ഞങ്ങൾക്ക് വ്യക്തമാക്കിത്തരണം. പ്രശ്നം നിറഞ്ഞ ഈ കലഹാന്തരീക്ഷത്തിൽ നല്ലതെന്നു അങ്ങു കാണുന്ന വഴിയിലൂടെ സർവ്വനന്മകളാലും അലംകൃതനായ അങ്ങുതന്നെ ഞങ്ങളെ നയിക്കേണമെ. സംശയമനഃസ്ഥിതിയോടെ ഇനിയും കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങളെ നന്മയിൽ ഉറപ്പിക്കുന്നതിനു ഇതാവശ്യമായി ഞങ്ങൾ കരുതുന്നു.

അവസാനമായി അങ്ങയുടെ സിംഹാസനത്തിനുമുമ്പിൽ മുട്ടുകുത്തി തൃപ്പാദങ്ങൾ ചുംബിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു, അങ്ങേയ്ക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്തമക്കളായി വ്യാപരിക്കുന്നതിനു ഞങ്ങൾക്കു കഴിയുമാറ് അങ്ങേ പൈതൃകാശീർവ്വാദം ധാരാളമായി ഞങ്ങൾക്കു നൽകണമെന്ന്.

അതേ ആശീർവ്വാദം ഞങ്ങളുടെ പള്ളികൾക്കും, ഞങ്ങളുടെ രാജ്യത്തിനും അതിൽ വസിക്കുന്ന എല്ലാവർക്കും ധാരാളമായി അങ്ങു നൽകണമെ. എന്തുകൊണ്ടെന്നാൽ അജ്ഞാനാധികാരി

കൾക്കു വിധേയരായിട്ടാണ് ഞങ്ങൾ ഇവിടെ ജീവിക്കുന്നത്.

മാന്നാനം ആശ്രമത്തിൽനിന്ന്

ജൂൺ 19, 1861.

കുറിയാക്കോസ് എലിയാ-പ്രീയോർ

ഒപ്പ്

(വേറെ 12 വൈദികർകൂടി ഇതിൽ ഒപ്പുവെച്ചിട്ടുണ്ട്)

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol.IV, കത്തുകൾ, മാന്നാനം, 1982, PP. 5, 6, 7

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM - C.M.I. SPECIAL -C SCRITTURE ORIGINAL DEI CONGR. GEN. PER. GL. AFFARI ORIENTALI, 1861-66))

*"..... അവസാനമായി ഞങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ രാജ്യത്തിനും, മഹാരാജാവിനും, മന്ത്രി മാർക്കും ദൈവം അവരുടെ ഹൃദയങ്ങളെ വിശ്വാസ ത്തിലേയ്ക്ക് തിരിക്കുവാൻ അങ്ങയുടെ ശ്ലൈഹിക ആശീർവ്വാദം നൽകണമെന്ന് അപേക്ഷിക്കുന്നു."*

1870 ഏപ്രിൽ 25 ന് മാർപ്പാപ്പായ്ക്ക് എഴുതിയ കത്തിൽ നിന്ന്

(ചാവറയച്ചൻ, കത്തുകൾ, p. 11)

## 9-ാം പീയൂസ് മാർപ്പാപ്പായുടെ മറുപടികത്ത്

നമ്മുടെ സ്നേഹമക്കളും മലയാള സുറിയാനിക്കാരുമായ പ്രിയോർ കുറിയാക്കോസ് ഏലിയാ, അലക്സാണ്ടർ ഔസേപ്പ്, കുറിയാക്കോസ് ഏലീശാ മുതലായ പട്ടക്കാർക്ക് സ്വസ്തിയും ശ്ലീഹായിക്കടുത്ത ആശിസ്സും.

സ്നേഹ മക്കളേ, കൽദായക്കാരുടെ ബാബേലിലെ മാർ ഔസേപ്പു പാത്രിയർക്കീസായ ബ. നമ്മുടെ സഹോദരന്റെ ഒരെഴുത്തോടുകൂടി കഴിഞ്ഞ മേയ് 9-ന് നിങ്ങളുടെ പക്കൽ വരികയും മലയാളത്തിലുള്ള പള്ളികളെ ഭരിക്കുവാൻ നമ്മുടെ ആജ്ഞയനുസരിച്ചു ഔസേപ്പു പാത്രിയർക്കീസിനാൽ അയക്കപ്പെട്ടിരിക്കുന്നെന്നു പറയുകയും ചെയ്യുന്ന റോക്കോസു മെത്രാനോടു ഏതുപ്രകാരം വർത്തിക്കണമെന്നു അറിവാൻ അപേക്ഷിക്കുന്നതായി ഈയാണ്ടു ജൂൺ 19ന് നമ്മുടെ പക്കലേക്കു നിങ്ങളയച്ച എഴുത്തു ഇവിടെ വന്നു ചേർന്നെന്നു നിങ്ങളോടു നാം അറിയിക്കുന്നു.

ഈ മഹാ കാര്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽ നിന്നു അകലുവാൻ ശ്ലീഹായിക്കടുത്ത ഈ സിംഹാസനത്തോടും മറ്റു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയ റോമ്മാ എന്ന ഈ പള്ളിയോടും നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു.

എന്നാൽ സ്നേഹ മക്കളേ, മലയാളത്തിലുള്ള പള്ളികളുടെ കാര്യത്തിൽ യാതൊരു പ്രകാരവും പ്രവേശിച്ചുകൂടാ എന്നു 1860 ഏപ്രിൽ 26-ന് തന്നെ ഈ പാത്രിയർക്കീസിനോടു നാം എഴുത്തു മൂലം ആജ്ഞാപിച്ചിരുന്നതിനാൽ ഈ പാത്രിയർക്കീസിന്റെ സ്വമനസ്സാലും ആജ്ഞയാലും മാത്രമാണ് റോക്കോസു അവിടെ വന്നിരിക്കുന്നതെന്നു നിങ്ങൾ അറിയണം. ആകയാൽ സ്നേഹ മക്കളേ, റോക്കോസു മെത്രാൻ പള്ളിക്കടുത്ത അധികാരമില്ലാത്തവനും ക്രമവിരോധമായി നിയമിക്കപ്പെട്ടവനും പള്ളിക്കടുത്ത പല മഹറോനിൽ വീണിരിക്കുന്നവനും ആയിരിക്കുന്നു എന്നു നിങ്ങൾ ധരിച്ചുകൊൾവിൻ.

ആകയാൽ പരിശുദ്ധവും ശ്ലീഹായിക്കടുത്തതുമായ ഈ സിംഹാസനത്തിന്റെ പ്രതിപുരുഷനായി അവിടെ നാം നിയമിച്ചിരിക്കുന്ന പാർസാലിയായുടെ മെത്രാപ്പോലീത്താ ആയ ബ. നമ്മുടെ

സഹോദരന്മാർ ബർണ്ണർദീനോസു മാത്രം മലയാളത്തിലുള്ള പള്ളികളുടെ മേല്പട്ടക്കാരനാകയാൽ അദ്ദേഹത്തിനു നിങ്ങൾ കീഴ്പ്പെട്ടിരിക്കേണ്ടതു ന്യായമാകുന്നു.

തന്നിമിത്തം റോക്കോസു മെത്രാനെ ക്ഷണേന. താമസമെന്യേ അവിടെനിന്നു വിളിച്ചുകൊള്ളുവാൻ ഔസേപ്പു പത്രിയർക്കീസിനോടു നാം കല്പിച്ചിരിക്കുന്നു എന്നുള്ള വസ്തുത നിങ്ങളെ നാം അറിയിക്കുന്നു.

സ്വർഗ്ഗീയമായ സകല അനുഗ്രഹങ്ങളുടെയും നിങ്ങളുടെമേൽ നമുക്കുള്ള പിതാവിനടുത്ത സ്നേഹത്തിന്റെയും അച്ചാരമായി നമ്മുടെ ഹൃദയസ്നേഹമൊക്കെയോടും കൂടി ശ്ലീഹായിക്കടുത്ത ആശിസ്സിനെ സ്നേഹമക്കളായ നിങ്ങൾക്കു നാം തരുന്നു.

നമ്മുടെ വാഴ്ചയുടെ 16-ാം വത്സരം

ക്രിസ്താബ്ദം 1861 സെപ്തംബർ 5ന്

റോമായിൽ ശെമയോൻ കേപ്പായുടെ പള്ളിയിൽനിന്നു

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol. IV, കത്തുകൾ, PP. 8,9

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM)


Pius PP. IX

Dilecti Filii, Salutem et Apostolicam Benedictionem

*1861ൽ 9-ാം പീയൂസ് മാർപ്പാപ്പ ചാവറയച്ചന് അയച്ച കത്ത് ലത്തീൻ ഭാഷയിൽ*

## റോക്കോസ് മെത്രാനെ തിരിച്ചുവിളിക്കാൻ നിർദ്ദേശം

(അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണ്ണബായ്ക്ക്, 1861 ഒക്ടോബർ 2-ാം തീയതി എഴുതുന്നത്.)

അത്യുന്നത കർദ്ദിനാൾ, പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അധിപൻ അലക്സാണ്ടർ ബർണ്ണബോയ്ക്ക്.

അങ്ങയുടെ വിനീത മക്കളായ ഞങ്ങൾ, അതായത് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴിലുള്ള കുരിയാക്കാസച്ചനും, ഏതാനും വൈദികരും ചേർന്ന് എഴുതുന്നത്.

പൂജ്യമായ അങ്ങയുടെ കരങ്ങൾ ചുംബിച്ചുകൊണ്ട് വേദനാജനകമായ ഒരു പ്രശ്നത്തെക്കുറിച്ച് അഞ്ചാമത്തെ പ്രാവശ്യമാണ് ഞങ്ങൾ എഴുതുന്നത്: അതായത് തോമസ് റോക്കോസ് മെത്രാൻ അദ്ദേഹത്തിന്റെ എതിർപ്പുവഴിയായി കാര്യമായിട്ടൊന്നും ഇതുവരേയും നേടാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ഇവിടെനിന്നും അദ്ദേഹം എഴുതിയ ഏതാനും കത്തുകൾക്ക് കാര്യമായ മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നു വരികിലും അദ്ദേഹം ഇപ്പോൾ പള്ളികളിൽ ചുറ്റി സഞ്ചരിക്കുവാൻ തുടങ്ങിയിരിക്കുന്നു. പഠിത്തം ഉള്ളവർക്കും പഠിത്തം ഇല്ലാത്തവർക്കും. നല്ലവർക്കും നേർവഴിവിട്ടു നടക്കുന്നവർക്കും യാതൊരു വിവേചനവും കൂടാതെ അദ്ദേഹം തിരുപ്പട്ടങ്ങൾ നൽകുന്നു. കഴിഞ്ഞ സെപ്റ്റംബറിലെ തിരുപ്പട്ടത്തിന്റെ അവധിക്ക് അദ്ദേഹം വൈദീകപട്ടവും ഡീക്കൻ പട്ടവും മറ്റു തിരുപ്പട്ടങ്ങളും യഥേഷ്ടം നൽകി. ഇതു ഞങ്ങൾ ഇതുവരെയും കണ്ടിട്ടില്ലാത്ത കൽദായ രീതിയിലാണ് നടത്തിയത്.

.... അതിനാൽ ഞങ്ങൾ വിനയപൂർവ്വം കേണപേക്ഷിക്കുകയാണ് ഞങ്ങളുടെ ഈ എഴുത്തിനു ഉടനെ ഒരു മറുപടി അയച്ചുതരണമെന്ന്. ഈ മറുപടി ഞങ്ങളുടെ കൽദായ ഭാഷയിൽ തന്നെ ആയിരിക്കണം. ഇതിൽ മാർപ്പാപ്പായുടെ മുദ്രയും ഒപ്പും ഉണ്ടായിരിക്കണം. ഇങ്ങനെ അവരവർക്കുതന്നെ വായിച്ചറിയുവാൻ സാധിക്കും. വസ്തുതകളുടെ യഥാർത്ഥ്യം. റോക്കോസ് പാർശ്വത്തിൽ ചേർന്നിരിക്കുന്ന വൈദീകരെക്കൊണ്ടുതന്നെയും ഇതു ഞങ്ങൾക്ക് വായിപ്പിക്കുവാൻ സാധിക്കും. അങ്ങനെ എതിരാളികളുടെ വായ് ഒരുപക്ഷേ

ഞങ്ങൾക്കു അടയ്ക്കുവാൻ സാധിക്കും. ഈ മെത്രാനെ ഉടനെ ബാഗ്ദാദിലേയ്ക്ക് തിരിച്ചുവിളിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. അദ്ദേഹം ഈ സ്ഥലത്തുനിന്നും പോയിക്കഴിഞ്ഞാലുടനെ ഈ വിഷമസന്ധി അവസാനിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. എന്നാൽ അദ്ദേഹം ഇവിടെ തുടർന്നു നിൽക്കുന്നുവെങ്കിൽ ജനമദ്ധ്യത്തിൽ ഇപ്പോഴുള്ള അസ്വസ്ഥതകൾ തുടരുകതന്നെ ചെയ്യും. സഭാ ഭ്രഷ്ടു കൽപിച്ചാൽതന്നെയും ബന്ധപ്പെട്ട ആരും പിറകോട്ടു പോകുമെന്നു തോന്നുന്നില്ല.

അവസാനമായി അങ്ങയുടെ പൈതൃക ആശീർവാദം ഞങ്ങളുടെമേലും ഞങ്ങളുടെ പള്ളിയിന്മേലും ഞങ്ങൾ യാചിക്കുന്നു.

മാന്നാനം വി. യൗസേപ്പിന്റെ ആശ്രമത്തിൽനിന്ന്

ഒക്ടോബർ 2, 1861

കുരിയാക്കോസ് ഏലിയാ.

(ഇതിന്റെ മൂലം സുറിയാനി. വത്തിക്കാൻ പൗരസ്ത്യതിരുസംഘത്തിനന്റെ ഈടുവെപ്പിൽ ഇതു സൂക്ഷിക്കപ്പെടുന്നു. (Scrit. rif. Mesopotamia–Persia: Caldlie Latini, 1856-1863 (vol. 21) ff. 953-955)

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, vol. IV, കത്തുകൾ, PP. 19, 20

(REF. ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL -C)

*"....എന്നാൽ ഒന്നുക്കൂടി അറിഞ്ഞിരിക്കട്ടെ. അതായത്: അദ്ദേഹത്തിന്റെ അധികാരചരിന്നത്തിനടുത്ത മോതിരം ഞാൻ മുത്തുകയില്ല. കാരണം ശുദ്ധ പള്ളിയുടെ അനുവാദം കൂടാതെ വന്നിരിക്കയാൽ ആ മോതിരം മുത്തുമ്പോൾ തെറ്റു ചെയ്തവനെ ഞാനും അനുകൂലിക്കുന്നു എന്നു വരുന്നതിനാൽ ആയതു ചെയ്യാൻ പാടില്ല. പക്ഷെ, മോതിരം മാറ്റിയാൽ കയ്യോ, കാലോ എളിമ എന്ന പുണ്യത്തെ പ്രതി മുത്തിക്കൊള്ളാം."*

(ചാവറയച്ചൻ, നാളാഗമം. P. 207)

## പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ നടത്തണമെന്ന് ചാവറയച്ചൻ

"... ഇടവകകൾ തോറും പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ നടത്തണമെന്നും അല്ലാത്തപക്ഷം പള്ളിമുടക്കു കൽപ്പിക്കുമെന്നു മായിരുന്നു പ്രസിദ്ധമായ പ്രസ്തുത സർക്കുലർ."

മാന്നാനത്ത് ഈ കുന്നേൽ സ്ക്കൂൾ പണി തുടങ്ങുകയും അർപ്പൂക്കര തുരുത്തിമാലിയുടെ കുന്നേൽ പുലയര് മാർഗ്ഗംകൂടുന്ന വർക്ക് കപ്പേളയും അതോട് ചേർന്ന് സ്ക്കൂളും പണിയിക്കുന്നതിന് സ്ഥലം കണ്ടു നിശ്ചയിച്ചു. പള്ളികളിൽ നിന്നും പ്രധാനികളിൽ നിന്നും വീതം എടുത്ത് സമീപെ 17 പറയ്ക്ക് പുഞ്ച തീറ് എഴുതി, കൊവേന്തയിൽ നിന്നു നടത്തണമെന്ന് കൽപ്പനയും കൊടുത്തു.

"ഓരോ കൊവേന്തക്കാരും അവരുടെ അതിർത്തിയിലുള്ള പള്ളി ക്കാരുടെ ആത്മ കാര്യങ്ങൾ നടത്താനും, സ്ക്കൂളുകളുടെ നടത്തി പ്പിന്റെ കാര്യങ്ങൾ അന്വേഷിക്കാനും, വചന പ്രഘോഷണത്താലും കുമ്പസാരമെന്ന കൂദാശയാലും രക്ഷയുടെ വഴി കാട്ടി നടത്തുവാനും ആയി ഓരോ പള്ളികളിൽ പോകണമെന്നും കൽപന തന്നിരിക്കു ന്നതിൻ പ്രകാരം നടത്തി."

(പോരുക്കര കുര്യാക്കോസ് ഏലീശാ അച്ചനും, പാറപ്പുറത്ത് വർക്കിയച്ചനും എഴുതിയ നാളാഗമങ്ങളിൽ നിന്ന് - 1865)

മാന്നാനം നാളാഗമം, Vol- 1I1, P. 90 ff

(ARCHIVES OF ST. JOSEPH`S MONASTERY, MANNANAM, CMI SPECIAL)

*"പ്രകാശമില്ലാതെ ലോകത്തിലുള്ള വസ്തുക്കൾ കാണാൻ കഴിയില്ലാത്തതുപോലെ പഠനം എന്ന വെളിച്ചം കൂടാതെ പരലോകത്തെയും അതിൽ വസിക്കുന്ന ദൈവത്തെയും അറിയാൻ കഴിയില്ല."*

(ചാവറയച്ചൻ, കത്തുകൾ, P. 129)

# ചാവറയച്ചൻ കൂനമ്മാവുമഠത്തിലെ സി.എം.സി. സിസ്റ്റേഴ്സിന് എഴുതുന്നു.

(1866 ലാണ് ലയോപ്പോൾദ് മിഷനറിയുടെ സഹകരണത്തോടെ ചാവറയച്ചൻ C.M.C. സഭ സ്ഥാപിച്ചത്)

ഈ. മ. യ.

ആ എന്റെ പ്രിയ കുഞ്ഞുങ്ങളെ!

സർവ്വേശ്വരൻ, നമ്മുടെ കർത്താവ് എങ്ങിനെ നമ്മുടെ കാര്യങ്ങളെ വിചാരിച്ചു നടത്തുന്നു എന്നോർപ്പിൻ. അതായത്, തമ്പുരാനെ നാം സ്നേഹിക്കണമെന്നുള്ള മനസ്സ് നമ്മുടെ ഹൃദയത്തിൽ ഉണ്ടെന്ന് താൻ കണ്ടാൽ എത്രയോ സന്തോഷത്തോടുകൂടെ നമുക്കുവേണ്ടിയിരിക്കുന്നതൊക്കെയും താൻ അന്വേഷിക്കും എന്നു കാണ്മിൻ. ഇതായത് ഈ മഠം സ്ഥാപിക്കപ്പെട്ടിരിക്കയാൽ ഇതിന്റെ നടപ്പ് എങ്ങിനെ എന്ന് വിചാരിക്കുമ്പോൾ നടത്തുവാൻ വേണ്ടിയിരിക്കുന്നതൊക്കെയും അല്പബുദ്ധിമുട്ടുകൂടാതെ ദൈവം നിറവേറ്റുന്നു. അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനംപോലെ ആയതിൽ ഒന്നു ഇതുതന്നെ. അതായത് ഒരു ചെറിയ പുസ്തകം മുറിയിൽ കണ്ടെത്തി. എടുത്തുനോക്കിയപ്പോൾ 'കന്നികളിൽ അനുചാരം' എന്നു കണ്ടു. ഇത് നിങ്ങൾക്കായി ദൈവം കൊടുത്തയച്ചതത്രെയെന്ന് ബോധിച്ച് മലയാളഭാഷയിൽ എഴുതി ഇന്നലെ തീർത്തു. ഇത് ജ്ഞാനവായനയായിട്ട് മുഴുവനും ഒരു വട്ടമെങ്കിലും എല്ലാവരും നല്ലവണ്ണം വായിച്ചറിയണം. എന്നാൽ നമ്മുടെ പൈതങ്ങൾ ഇപ്പോൾ തമിഴു പഠിച്ചു എന്ന് നിരൂപിക്കയാൽ വായിപ്പാനും തക്കവണ്ണമുള്ള അർത്ഥം പഠിപ്പാനും രണ്ടുംകൂടെ ഉണ്ടായാൽ നല്ലതെന്നു തോന്നുകയാൽ കണ്ടെഴുതിയ തമിഴ്പുസ്തകം കൊടുത്തയക്കുന്നു. രണ്ടും സൂക്ഷിച്ചു വായിച്ചുകൊള്ളണം. ഇനിക്കുവേണ്ടിയും അപേക്ഷിപ്പിൻ.

1870-കാലം ഏപ്രിൽ 4 ന് പ്രിയോർ കുര്യാക്കോസ് ഏലിയാ പട്ടക്കാരൻ

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, vol. IV, കത്തുകൾ, P. 118
(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM CMI SPECIAL -B)

## ആരാധനാക്രമസംബന്ധമായി പ്രൊപ്പഗാന്ത തിരുസംഘത്തിന് ചാവറയച്ചൻ എഴുതിയ കത്തിൽനിന്ന്

"അത്യുന്നത കർദ്ദിനാൾ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ സിമയോണി തിരുമേനിക്ക്,

സുറിയാനി കത്തോലിക്കാ സഭയിലെ ഇടവക വൈദികരും, സന്യാസവൈദികരും, ശെമ്മാശന്മാരും ഒന്നുചേർന്നു എഴുതുന്നത്:

ഏതാണ്ടു രണ്ടുകൊല്ലം മുമ്പ് മോൺസിഞ്ഞോർ വുനാർഡ് വഴി അംഗീകരണത്തിനുവേണ്ടി ഞങ്ങൾ തിരുസംഘത്തിലേയ്ക്ക് അയച്ചിരുന്ന സുറിയാനി കാനോൻ ജപപ്പുസ്തകം പരിശോധിച്ചംഗീകരിക്കുന്നതിൽ അങ്ങു കാണിക്കുന്ന വലിയ ജാഗ്രതയിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്. പ്രസ്തുത പുസ്തകങ്ങളുടെ പരിശോധന അവസാനിക്കാറായി എന്നറിയുന്നതിൽ ഞങ്ങൾ വളരെ സംതൃപ്തരാണ്. പരിശോധന പൂർത്തിയാക്കി കഴിയുന്നതും വേഗം അവ അംഗീകരിച്ചുകിട്ടുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ഞങ്ങളുടെ പ്രായംചെന്ന വൈദികർ, പ്രത്യേകിച്ച്, വളരെ ആകാംക്ഷയോടെ പാർത്തിരിക്കയാണ്, അംഗീകരിച്ച പുതിയ കാനൻ ജപപ്പുസ്തകം കാണ്മാൻ.

ഇതോടുകൂടി വലിയ ശനിയാഴ്ചത്തെ ക്രമം ലത്തീൻ മിസ്സാഫിൽനിന്നും തർജ്ജിമചെയ്ത് അംഗീകരണത്തിനുവേണ്ടി അയയ്ക്കുകയാണ്. എന്തുകൊണ്ടെന്നാൽ വലിയ ശനിയാഴ്ച ദിവസം ഞങ്ങളുടെ സുറിയാനിക്രമത്തിൽ ഇപ്പോൾ ദേവാലയത്തിൽ പ്രത്യേക ശുശ്രൂഷകളൊന്നുമില്ല. യഹൂദപള്ളികൾക്കു സമാനം ഞങ്ങളുടെ ദേവാലയങ്ങൾ ആ ദിവസം പൂട്ടിക്കിടക്കയാണ്. അതിനാൽ കഴിയുന്നതുംവേഗം ഇതു ഞങ്ങൾക്കു അംഗീകരിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

കൂടാതെയും കുർബാനയുടെ അവസാനത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽനിന്നുള്ള "ആദിയിൽ വചനം ഉണ്ടായിരുന്നു...." എന്നുതുടങ്ങുന്ന ആ വായന ഇപ്പോൾ നടപ്പിൽ ഇല്ല. ആയതും ഞങ്ങൾക്കു അനുവദിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

ഞങ്ങളുടെ ഈ അപേക്ഷകൾ എല്ലാം ഞങ്ങളുടെ ആത്മീക

പുരോഗതിയെ പരിഗണിച്ച് കഴിയുന്നതുംവേഗം ഞങ്ങൾക്ക് അനുവദിച്ചുതരണമെന്നു അപേക്ഷിക്കുന്നു....

(എഴുത്തിന്റെ മൂലം സുറിയാനി. കയ്യക്ഷരം ചാവറയച്ചന്റേത്. വരാപ്പുഴ വികാരി അപ്പസ്തോലിക്ക, ബർണർദീനോസ് മെത്രാപ്പോലീത്തായുടെ ആമുഖക്കുറിപ്പോടെ വത്തിക്കാനിൽ പൗരസ്ത്യതിരുസംഘത്തിന്റെ ഈടുവെപ്പിൽ സൂക്ഷിച്ചിരിക്കുന്നു."

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, vol. IV, കത്തുകൾ, PP. 19, 20

(SCRIT. RIF. MAL. 1862-77 ff. 120-121), ARCHIVES OF ST. JOSEPH'S MONASTERY, MANNANAM CMI, SPECIAL - C)

*"കൂടാതെയും 1844-ൽ റോമിൽ അടിച്ച ഞങ്ങളുടെ കുർബ്ബാന തക്സായിൽ കുർബ്ബാനയിൽ ആരംഭത്തിലുള്ള സുവിശേഷമല്ലാതെ കുർബ്ബാനയുടെ അവസാനത്തിൽ ആദിയിൽ വചനമുണ്ടായിരുന്നു– എന്നുതുടങ്ങുന്ന യോഹന്നാന്റെ സുവിശേഷത്തിൽ നിന്നുള്ള വായന കൊടുത്തിട്ടില്ല. എന്നാൽ മറ്റു സുറിയാനി റീത്തുകളിലും കൽദായ റീത്തിൽ തന്നെയും മറ്റു സ്ഥലങ്ങളിൽ ഈ വായന പതിവുണ്ട്...."*

ചാവറയച്ചൻ റോമിലേക്ക് എഴുതുന്ന കത്ത്

(ചാവറയച്ചൻ, കത്തുകൾ, P. 24)

# നന്മരണസഭയും ഉപവിശാലയും സ്ഥാപിക്കുന്നതിനേക്കുറിച്ച് ചാവറയച്ചൻ കൊടുത്ത നിർദ്ദേശത്തിൽ നിന്ന്

"....നന്മരണ വരം സകലമനുഷ്യർക്കും ആവശ്യമുള്ളതും അതിന്റെ നിക്ഷേപകൻ പരിശുദ്ധ യൗസേപ്പ് പിതാവ് ആയിരിക്കയാലും, തന്റെ തൃപാദത്തിൽ നിന്നു തന്നെ ഈ സഭയും നടന്നുവളർന്നുവരുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു. എന്നാൽ ഈ സംഗതി വിലയിരുത്തി നോക്കിയാൽ, സ്വർഗ്ഗത്തിൽ നിന്നും പിതാവായ ദൈവം തന്റെ ഏകപുത്രനെ ഈ ലോകത്തിലേയ്ക്ക് യാത്രയാക്കിയതും താൻ 33 സംവത്സരം ജീവിച്ച് തന്റെ പ്രാണനെ ബലികൊടുത്തതും മനുഷ്യരായ നമ്മെ രക്ഷിപ്പാനത്രെ. അതായത് മരണനേരത്തിൽ ദൈവേഷ്ടപ്രസാദത്തോടുക്കൂടി മരിച്ചു എന്നുള്ള മരണസാക്ഷ്യവുമായി ചെല്ലുന്ന ആത്മാവുകൾക്കുമാത്രം സ്വർഗ്ഗവാതിൽ തുറക്കപ്പെടുന്നുള്ളു. എത്രയോ വിശുദ്ധനായിരുന്നാലും ഒരു പാപത്തിനടിമപ്പെട്ടു അതോടുക്കൂടി മരിച്ചാൽ എന്നന്നേയ്ക്കുമുള്ള മരണശിക്ഷയും, എത്രയോ മഹാപാപി ആയിരുന്നാലും ചെയ്തുപോയ പാപങ്ങളെ ഓർത്ത്, വലതുഭാഗത്തു തൂങ്ങിയ കള്ളനെപ്പോലെ ആ സമയത്തെങ്കിലും നല്ല മനസ്ഥാപത്തോടുക്കൂടി മരിക്കുന്നു എങ്കിൽ സ്വർഗ്ഗവാതിൽ താനെ തുറക്കപ്പെടുകയും ചെയ്യും. അപ്പോഴെ എല്ലാറ്റിന്റെയും അന്ത്യമായ പുണ്യം ഇതുതന്നെ. മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഏറ്റം വലിയ സഹായം മരണനേരത്തു ചെയ്യുന്ന സഹായമത്രെ. എല്ലാറ്റിലും വലിയ മനോഗുണപ്രവർത്തിയും ഇതുതന്നെ. അതുകൊണ്ട് ഇതു എത്രയോ വലിയ കാര്യവും എല്ലാ മനുഷ്യർക്കും ആവശ്യമുള്ളത് എന്നും നിശ്ചയമായിരിക്കുന്നു.

.....ആയതിനാൽ ഈ സഭയിൽ ചേരുവാൻ മനസ്സുള്ളവരൊക്കെ മുൻപിനാൽ തന്നെ ഇതിനുള്ള ക്രമങ്ങളും കടമകളും നല്ലവണ്ണം വായിച്ചറിയണം.

......... രോഗികളെ ശുശ്രൂഷിക്കുന്ന പ്രവർത്തിവഴി സർവ്വേശ്വരൻ വിശുദ്ധരെ പുണ്യപ്പെട്ടവരാക്കി. ഇത് മനുഷ്യർക്ക് ഏറ്റം അറപ്പും, വെറുപ്പും, പ്രയാസമുള്ളതും ലോകത്തിന്റെ മുമ്പിൽ ഹീനമായി കരുതുന്നതും ദൈവതിരുമുമ്പിൽ വലിയ ഫലമുള്ളതും

ആകുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചാൽ ഈ കാര്യം മനസ്സിലാകും.

അതുകൊണ്ട് ഈ സഭയുടെ പ്രഥമ ചുമതല ഇതായിരിക്കുന്നു. ഈ സഭയിൽ കൂടുന്നവരൊക്കെയും ഈ മനോഗുണപ്രവർത്തി ചെയ്യുവാൻ നല്ല മനസ്സും ധൈര്യവുമുള്ളവരായിരിക്കണം. ആരുതന്നെ ആയിരുന്നാലും ഈ സഭയിൽ കൂടിയതിനുശേഷം ഒരാളുടെ അന്ത്യദിനം ആയിരിക്കുന്നു എന്നുകേട്ടാൽ അംഗങ്ങൾ ഒന്നിച്ചോ അല്ലെങ്കിൽ കുറച്ചുപേരെങ്കിലും രോഗിയെ ചെന്നുകാണുകയും, മരണം അടുത്തു എന്നു കണ്ടാൽ കൂദാശകളൊക്കെയും കൊടുപ്പിക്കയും, ഇതുകഴിഞ്ഞാൽ ആ രോഗിയുടെ ശുശ്രൂഷക്കു വേണ്ട ആളുകളെ നിയമിച്ചും, അവർക്ക് മാറ്റത്തിനുള്ള സമയം നിശ്ചയിച്ചു ക്രമപ്പെടുത്തുകയും വേണം.

.......അതായത് 'നന്മരണ ഉണ്ടിയൽപെട്ടി' എന്നുപേരായി ഒരു പെട്ടിവെച്ചു സൂക്ഷിച്ച് ലജ്ജക്കൂടാതെ മറ്റുള്ളവരോടു ധർമ്മം ചോദിച്ചും, നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തായി ചെറുതായിട്ടെങ്കിലും ഒരു ബംഗ്ലാവുപോലെ; ഇരുവശവും രണ്ടു മുറിയും ഒരു വരാന്തയുമായി മുളകൊണ്ടെങ്കിലും ഒരു കൂടുംവെച്ച് 'ധർമ്മശാല' അഥവാ 'ഉപവിശാല' എന്ന പേരും വിളിച്ച്, ആരും ഇല്ലാത്തവരെയോ വൃദ്ധന്മാരെയോ, പിച്ചക്കാരായ രോഗം പിടിച്ചവരേയോ, പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൽക്കാലങ്ങളിൽ ഇത് മലയാളത്തിലെ ഒന്നാമത്തെ ഉപവിശാലയായിത്തീരുവാൻ ഇടവരും. എന്റെ വചനം കേട്ട് കർത്താവിനെ പ്രതി ലജ്ജിക്കാതിരിക്കുവിൻ. തുടക്കത്തിൽ ഇതു ഭ്രാന്താണെന്ന് പലരും പറഞ്ഞു പരിഹസിക്കും. നിങ്ങൾ ഇതു തുടങ്ങിയാൽ പ്രയാസം കൂടാതെ നടക്കും."

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, vol. IV, കത്തുകൾ, PP. 153, 163 (ARCHIVES OF ST. JOSEPH'S MONASTERY, MANNANAM CMI SPECIAL -A)

## ആരാധനാക്രമത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനേക്കുറിച്ച് ചാവറയച്ചൻ അറിയിക്കുന്നു

ഈ. മ. യ.

"ബ. എന്റെ കൂടപ്പിറപ്പുകളും സ്നേഹപ്പെട്ട അനുജന്മാരും ആയിരിക്കുന്ന ഈ കേരളത്തിലുള്ള സുറിയാനി പട്ടക്കാരും ശമ്മാച്ചന്മാരും ആയവരോടു നിങ്ങളുടെ എളിയ കൂടപ്പിറപ്പായിരിക്കുന്ന ക. ദി. മു. സ. പ്രിയോർ കുറിയാക്കോസ് ഏലിയാസ് എഴുതി അറിയിക്കുന്നത്:

നമ്മുടെ സുറിയാനി ക്രമത്തിനു തക്കവണ്ണം റോമ്മയിൽ നിന്നും വാസ്ഥവപ്പെടുത്തി അടിപ്പിച്ചു തന്നിരിക്കുന്ന തക്ക്സായിലുള്ള ആണ്ടുവരെയുള്ള ഞായറാഴ്ച പെരുന്നാൾ ക്രമം പോലെയും, എല്ലാവരും ഒരുപോലെയും നടന്നുവരുവാൻ തക്കവണ്ണം ആണ്ടുവട്ടം നടപ്പാനായിട്ടു കലണ്ടറും ആയതിൻവണ്ണം കുർബാനയിൽ തക്ക്സായിൽ വിവരം കാണിക്കാത്ത ഓരോ അല്പമായ ക്രമങ്ങളും ഒരുപോലെ ചെയ്‌വാൻ തക്കവണ്ണം ചെറുതായി കുർബാനക്രമവും അച്ചടിപ്പിച്ചിരിക്കയാൽ ആയതും ഒരു ക്രമമായി നടപ്പാൻ ദൈവസഹായത്താൽ ഇടയായിരിക്കുന്നു. ഇനി രണ്ടാംപങ്കായിരിക്കുന്ന കാനോനാ നമസ്ക്കാരം ഇത് നോയമ്പു ദിവസങ്ങളിൽ 7 ഹുലാലയും, ഞായറാഴ്ച 10, പിറവിയ്ക്ക് 21 ഉം യിങ്ങനെയുള്ള ഭാരത്താലും പെരുന്നാൾ നമസ്ക്കാരങ്ങളും ഈവണ്ണം നീളമുള്ളതാകയാലും പെരുന്നാൾ പുസ്തകം എഴുതുവാനുള്ള പ്രയാസത്താലും ആയതും, തക്ക്സായിൽ പെരുന്നാൾ മിക്കതും ഇല്ലായ്കയാലും ഇങ്ങനെ പല കാരണങ്ങളാൽ പലരും പല പ്രകാരത്തിൽ ഈ കാനോനാ നമസ്ക്കാരം എത്തിച്ചുവരികയും കുർബാന ഒരു പുണ്യവാളന്റെതും കാനോനാനമസ്ക്കാരം ആഴ്ചയുടേതും ഇങ്ങനെ ക്രമക്കേടായി നടക്കയാൽ ഈ കാനോനാ നമസ്കാരം ചുരുക്കി കുർബാനയും നമസ്കാരവും ഒന്നായിട്ടു നടപ്പാൻ തക്കവണ്ണം കാലംചെയ്തു പെ. ബ. മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം ക്രമപ്പെടുത്തി ആ പുസ്തകങ്ങൾ അദ്ദേഹം വഴിയായിട്ട് അടിപ്പാൻ ഈ കാലങ്ങളിൽ പ്രയാസമായിരിക്കയാലും ഇപ്പോൾ ആയതു നമസ്ക്കരിപ്പാൻ അനുവാദം കിട്ടിയിരിക്കയാൽ എഴുതി ഉപയോഗിക്കാൻ പ്രയാസമാകകൊണ്ടും കല്ലുപ്രസ്സിൽ എന്റെ സൂക്ഷത്തിൻകീഴിൽ തന്നെ

ഇപ്പോൾ അച്ചടിപ്പാൻ നിശ്ചയിച്ചു ഏർപ്പാടു ചെയ്തിരിക്കകൊണ്ടും ഇപ്പോൾ നടന്നുവരുന്ന നമസ്ക്കാരപുസ്തകവും ഞായറാഴ്ച പെരുന്നാൾ നോയമ്പ് ഇങ്ങനെയുള്ള ആണ്ടു മുഴുവനും തക്ക്സാപ്രകാരമുള്ള പെരുനാളുകളും കൂടി അടിപ്പിപ്പാൻവേണ്ടി ചിലവിനു വകയുണ്ടാക്കുവാനും എത്ര പുസ്തകം അടിപ്പിക്കണമെന്ന് ഒരു കണക്കുണ്ടാക്കേണ്ടതിനും ആയിട്ട് ഈ എഴുത്ത് യാത്രയാക്കുന്നു."

ഇത് 1869-ാംകാലം ജനുവരി 1-ന്

കുര്യാക്കോസ് പട്ടക്കാരൻ (ഒപ്പ്)

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, vol. IV, കത്തുകൾ, PP. 139-136 (ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL -C)

*"44-ാം കാലം ഓഗസ്റ്റു (ചിങ്ങം)മുതൽ പുസ്തകം അടിപ്പാനുള്ള ജോലിക്ക് പ്രത്യേകം മനസ്സുവെച്ചു തുടങ്ങി. രണ്ടു പ്രാവശ്യം ഞാൻ വലിയ ആഗ്രഹത്തോടെ കോട്ടയത്തു ചെന്നിട്ടും അവർ കാണിച്ചുതന്നില്ല. പിന്നെ കേട്ടറിഞ്ഞും കണ്ടിട്ടുള്ള പലരോടും ചോദിച്ചും ജോലികൾ ഓരോന്ന് നടത്തി."*

മാന്നാനത്ത് പ്രസ്സ് ആരംഭിച്ചതിനെക്കുറിച്ച് ചാവറയച്ചൻ

(ചാവറയച്ചൻ, നാളാഗമം, P. 44)

## 1869-ൽ സ്വന്തറീത്തിൽ മെത്രാനുവേണ്ടി ചാവറയച്ചൻ എഴുതുന്നു

(സ്വന്തം റീത്തിൽ മെത്രാനെ ലഭിക്കുന്നതിനായി ചാവറയച്ചൻ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണ്ണബായ്ക്ക് എഴുതുന്നു.)

"അങ്ങയുടെ ഏറ്റവും എളിയ വിധേയത്വമുള്ള മകൻ, വരാപ്പുഴ വികാരിയാത്തിലുള്ള എല്ലാ ആശ്രമങ്ങളുടേയും പ്രിയോർ കുറിയാക്കോസ് ഏലിയ, സീറോമലബാർ സഭയിലെ എല്ലാ ഇടവക വൈദികരുടേയും സന്യാസ വൈദികരുടേയും നല്ല ആലോചനയാൽ പ്രചോദിതനായി ശുദ്ധമനഃസാക്ഷിയോടെ ചില വസ്തുതകൾ അങ്ങയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

ഇവിടെ വിശ്വാസികളുടെ ഇടയിൽ യാതൊരുവിധ ഭിന്നതയോ സഭാകാര്യങ്ങളിൽ അഭിപ്രായവ്യത്യാസമോ ഇല്ല. കാരണം മലബാറിൽ ഞങ്ങളുടെ അടുക്കൽ എത്തിയിരുന്ന കൽദായക്കാരുടെ പ്രത്യേകിച്ച് തോമ്മാ റോക്കോസ് മെത്രാന്റെ വാക്കുകളും പ്രവർത്തികളും മൂലം അവരുടെ വഞ്ചനയും സൂത്രവും അത്യാഗ്രഹവും എല്ലാവർക്കും നന്നായി അറിവുള്ളതാണ്. ഇപ്പോൾ അവർ സമാധാനത്തിൽ ജീവിക്കുന്നുവെങ്കിലും അനുഭവത്തിൽനിന്നും പറയുവാൻ സാധിക്കും, അധികംനാൾ ഈ നില തുടരുകയില്ലെന്ന്. അവരുടെ സമാധാനം അല്പംപോലും ഭംഗപ്പെടുന്നില്ലെങ്കിലും, അല്പം അയഞ്ഞ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ചിലരുടെ മനസ്സിൽ കലഹങ്ങളെക്കുറിച്ചുള്ള ചിന്ത വരാൻ സാദ്ധ്യതയുണ്ട്.

ഞങ്ങൾ തോമ്മാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. അനേകം കൊല്ലങ്ങളായി ഞങ്ങൾക്കു സ്വന്തം മെത്രാനില്ല. എന്നാൽ ഈ അടുത്തകാലങ്ങളിൽ വിശ്വാസം സ്വീകരിച്ചവർക്ക് അവരുടെ സ്വന്തം മെത്രാനുണ്ട്. അതുകൊണ്ട് സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്നതിനായി നമുക്കു ബാബേലിനെ ആശ്രയിക്കാം. ഇങ്ങനെയുള്ള ഒരു അസൂയയാൽ പ്രേരിതരായി അവസരം കിട്ടുമ്പോൾ അവർ ബാബേലിലേക്കു പോകും. ചുരുങ്ങിയപക്ഷം എഴുത്തുകൾ വഴിയായിട്ടെങ്കിലും. അത്യാഗ്രഹികളായ ആ ആളുകൾ പ്രസ്തുത അപേക്ഷ സ്വീകരിക്കുകയും ചെയ്യും.

അതുകൊണ്ട് അത്യുന്നത തിരുമേനി, നല്ലതെന്നു എനിക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ടു മെത്രാന്മാർ ഉണ്ടാകുന്നതു വളരെ നല്ലതാണ്. ഒന്നു ലത്തീൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം അവസാനിക്കും.

ഇതു ഉപകാരപ്രദമായിരിക്കുമെന്നു മാത്രമല്ല, യാക്കോബായക്കാരെന്നു അറിയപ്പെടുന്ന അകത്തോലിക്കർ ഞങ്ങളുടെ രക്തസംബന്ധികളും ബന്ധുക്കളുമായി അനേകരുണ്ട്. തങ്ങളുടെ ശിശ്മ ഉപേക്ഷിച്ചു കത്തോലിക്കാ ഐക്യത്തിലേക്കു തിരിച്ചുവരാനും ഇതു വളരെ സഹായിക്കും."

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, vol. IV, കത്തുകൾ, PP. 28,29

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM. ORIGINAL IN PROPAGANDA, ROME, SCRIT, RIF. MAL. 1962- 1969, F. 384)

*"ഇതു കൂടാതെയും പുത്തൻ കൂറ്റുകാരോട് (യാക്കോബായാക്കാർ) ഇങ്ങോട്ടു കൂടുവാൻ പറയുമ്പോൾ അവർക്കുള്ള തടസ്സമായി പറയുന്നത് സുറിയാനി ക്രമത്തിൽ മെത്രാന്മാർ ഇല്ലെന്നുള്ളതാകുന്നു. ആയതുകൊണ്ട് മേല്പറഞ്ഞ അപേക്ഷ സാധിച്ചാൽ യാക്കോബായക്കാരും കൂടുവാൻ ഇടവരും."*

യാക്കോബായക്കാരുടെ പുനരൈക്യ സാദ്ധ്യതയെക്കുറിച്ച്
ചാവറയച്ചൻ റോമിലേയ്ക്ക് എഴുതുന്നു

(ചാവറയച്ചൻ, കത്തുകൾ, P. 85)

## യാക്കോബായ മെത്രാന്മാരെ ഒന്നാം വത്തിക്കാൻ സൂനഹദോസിലേയ്ക്കു ക്ഷണിക്കുന്നു

(1869-ൽ ആരംഭിച്ച ഒന്നാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുവാൻ യാക്കോബായ മെത്രാന്മാരെ ക്ഷണിച്ചുകൊണ്ട് വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു ചാവറയച്ചൻ എഴുതികൊടുത്ത ഡ്രാഫ്റ്റ് മാന്നാനത്ത് സൂക്ഷിച്ചിരിക്കുന്നു. അതിലെ പ്രസക്ത ഭാഗങ്ങൾ എടുത്ത് യാക്കോബായ മെത്രാന്മാരെ സുനഹദോസിൽ പങ്കെടുക്കുവാൻ പ്രേരിപ്പിച്ചുകൊണ്ട് വൈദികർക്ക് ചാവറയച്ചനെ ഴുതിയ കത്തിന്റെ ഡ്രാഫ്റ്റും മാന്നാനത്ത് സൂക്ഷിച്ചിരിക്കുന്നു)

...... കല്ലു നീ എന്നും ഈ കല്ലിന്മേൽ എന്റെ പള്ളി പണിയുമെന്നും നരകവാതിൽ അതിന്മേൽ ഒരു നാളും വിജയിക്കയില്ലെന്നും നമ്മുടെ കർത്താവ് അരുളിചെയ്തുകൊണ്ടു ഈ ശുദ്ധകത്തോലിക്കാ പള്ളിക്ക് തലവനായി കല്പിച്ചു എന്ന ശു പത്രോസിന്റെ അനന്തരഗാമിയായിപ്പോൾ റോമ്മാപള്ളിയിൽ വാണരുളുന്ന 9-ാം പീയൂസ് എന്ന ശു. മാർപ്പാപ്പ, ഈ ശുദ്ധപള്ളിയുടെ പൂർവ്വനടപ്പിൻ പ്രകാരം ഈ വരുന്ന ഡിസംബർ 8-ന്, ശു. മാതാവിന്റെ അമലോത്ഭവതിരുന്നാൾ ദിവസം ആകമാന സൂനഹദോസു കൂടുവാൻ നിശ്ചയിച്ചിരിക്കയാൽ ലോകമൊക്കെയുമുള്ള എല്ലാ മെത്രാന്മാരെയും, ശുദ്ധ സിംഹാസനത്തിന്റെ കൂട്ടായ്മയിൽ നിന്ന് അകന്നുനിൽക്കുന്ന എല്ലാ ക്രിസ്തീയ വിഭാഗങ്ങളിലുമുള്ള മെത്രാന്മാരെയും വിളിച്ചിരിക്കുംവണ്ണം ഈ മലയാളത്തിലും പുത്തൻകൂർ (യാക്കോബായ) മെത്രാന്മാർക്കും തന്റെ തിരുവെഴുത്ത് യാത്രയാക്കിയിരിക്കുന്നു.

.... ഇങ്ങനെയുള്ള സത്യങ്ങളാലെ നിങ്ങളും അറിഞ്ഞും മനസ്സിലാക്കിയുമിരിക്കുംവണ്ണം പരാതികളും, സംശയങ്ങളൊക്കെയും നീക്കുന്നതിന് സൂനഹദോസ് എന്ന ഈ വഴി ദൈവം തമ്പുരാനാൽ നിശ്ചയിക്കപ്പെട്ടിരിക്കയാലും, 11-ാം നാഴികയിലെ ദൈവസ്വരംപോലെ ഈ രക്ഷാനാഥൻ ലോകമൊക്കെയും കേൾപ്പിച്ചു തന്ന തന്റെ വികാരിയാലെ തലവന്മാരെ ഒക്കെയും നേരിട്ടു വിളിക്കയാലും നിങ്ങളുടെ മെത്രാന്മാർക്കും തന്റെ തിരുവെഴുത്തു കൊടുത്തയച്ചിരിക്കകൊണ്ടും നിങ്ങളിലും യാതൊരുത്തൻ ഈ മഹാ

ശുദ്ധമാന കൂട്ടത്തിൽ ചെന്ന് കേൾപ്പാനും നിങ്ങളുടെ സംശയങ്ങൾ തീർത്ത് നിത്യരക്ഷ എന്ന ഈ വലിയ കാര്യത്തിനുള്ള നേർവ ഴിയെ അറിഞ്ഞു പഠിപ്പാൻ മനസ്സുള്ളവരുണ്ടായിരുന്നാൽ, അയവരും അവിടെ ചെന്നാൽ നിങ്ങളുടെ സ്ഥാനത്തിനൊത്ത് സ്വീകരിക്കുന്ന തിനായി അവിടെ ക്രമീകരണം ചെയ്യുന്നതായിരിക്കും.

അപ്പോഴോ, രക്ഷിതാവിന്റെ അടുത്തേയ്ക്കുള്ള ഈ വിളിക്ക് ചെവി ചായിച്ചില്ലെങ്കിൽ വീണ്ടും ഈ സ്വരം കേൾപ്പാൻ ഇടവരുമോ എന്ന് ഭയപ്പെട്ട് തന്റെ കൂടെ തന്നെ ആയിരിപ്പാൻ പോകുക.

(ഫാ. ബർണ്ണാർഡ്, മാർത്തോമ ക്രിസ്ത്യാനികൾ, VOL.2, മാന്നാനം, 1921, PP. 283- 286. വത്തിക്കാൻ സുനഹദോസിലേയ്ക്ക് യാക്കോബായ മെത്രാന്മാരെ ക്ഷണിച്ചുകൊണ്ടുള്ള കത്ത് ഇവിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM CMI
SPECIAL - C GOLDEN RECORDS)

*"........നവംബർ 28-ന് റോമ്മായിൽനിന്നും പെ. ബ. മെത്രാനച്ചൻ പെ. ബ. പ്രൊവി. അപ്പ. ഫിലിപ്പച്ചനും, മലയാളത്തിൽ പ്രിയോരച്ചനും ഇങ്ങനെ രണ്ടെഴുത്തു വന്നു. അതിൽ ശുദ്ധ മാർപ്പാപ്പായ്ക്കുള്ള കാഴ്ചപണം (Rs. 32007) മെത്രാനച്ചൻ തന്നെ തിരു മുമ്പിൽ കൊടുത്തു....."*

ഒന്നാം വത്തിക്കാൻ സൂനഹദോസിലേയ്ക്ക് നൽകിയ പിരിവ്

(ചാവറയച്ചൻ, നാളാഗമം. P. 159)

## പുനരൈക്യശ്രമം- പാലാക്കുന്നേൽ വല്യച്ചന്റെ ഡയറിയിൽനിന്ന്

"......ഇതിനാൽ പുത്തൻകൂറ്റുകാരെ (യാക്കോബായക്കാർ) കുറിച്ചു വേല ചെയ്യുവാൻ ശേഷമുള്ളവരും ഉത്സാഹിപ്പാൻ വേണ്ടി അതിനു ഞാനും പ്രിയോരു കുറിയാക്കോസ് ഏലിയായും കൂടി ചെയ്ത ബുദ്ധിമുട്ടുകൾ നിങ്ങൾ അറിഞ്ഞാൽ കുറെ ജാഗ്രത കാണുമെന്നു വിചാരിച്ച് അദ്ദേഹം എനിക്കയച്ച ഒരു മറുപടിയുടെ ശരി പകർപ്പ് താഴെ പകർത്തുന്നു.

ഈ. മ. യൗ.

1870 ഫെബ്രവരി 11

ആഹ കർമ്മലീത്ത മൂന്നാംസഭയുടെ പ്രിയോർ

ബ. എന്റെ പ്രിയമുള്ള പാലാക്കുന്നേൽ അച്ചൻ കൊടുത്തയച്ച എഴുത്തിന്റെ സംഗതിയെ ബ. പ്രൊ. വികാരി ജനറാൾ അച്ചനെ ബോധിപ്പിച്ചത്, നമ്മുടെ പെ. ബ. മെത്രാപ്പോലീത്താച്ചൻ ആ സംഗതിക്കായി റോമായിൽ ബോധിപ്പിച്ചു ചോദിച്ചപ്പോൾ, അവിടെനിന്നു വന്ന ഉത്തരം തന്നെ എന്റെ പക്കൽ തന്നു. അതിൽ നമ്മുടെ ചോദ്യങ്ങളിൽ മിക്കതിനും ഉത്തരിച്ചിരിക്കുന്നു.

........ഇനിയും ഈക്കാര്യം ഒന്നുക്കൂടി തിരക്കി അപേക്ഷകാരൻ ആര്? എന്തുകൊണ്ടു മനസ്സുണ്ടായി? ഇനിയും ഈ വണ്ണമുള്ളവരുണ്ടാകുമോ? എന്നുള്ള അന്വേഷണങ്ങളൊക്കെയും വേഗത്തിൽ തിരക്കി ഒന്നുവരികയോ അല്ലെങ്കിൽ വിവരത്തിന് എഴുത്തയയ്ക്കുകയോ എങ്കിലും ചെയ്താൽ ഫലവും ഉപകാരവും ഉണ്ട്. നമ്മുടെ മെത്രാപ്പോലീത്താച്ചൻ നവംബറിൽ വരും. അതിന്നകത്ത് ഒന്നുക്കൂടി അങ്ങോട്ടറിയിപ്പാൻ തക്ക സമയത്തിനുള്ളിൽ ഈ അന്വേഷണങ്ങൾ നടത്തി അറിയിച്ചാൽ കൊള്ളാം. ശേഷം ദൈവസഹായം പോലെ.

(പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം, ചരമശതാബ്ദിക്കമ്മറ്റി പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി, 2000, PP. 81, 82. original in manuscript, Archives of Dharmaram College, Bangalore)

# 6. 19–ാം നൂറ്റാണ്ടിലെ തിരുവിതാംകൂർ രാജാക്കന്മാർ

| | |
|---|---|
| ബാലരാമവർമ്മ മഹാരാജാവ് | – 1798 – 1810 |
| റാണി ഗൗരി ലക്ഷ്മിഭായി | – 1810 – 1815 |
| റാണി ഗൗരി പാർവ്വതീഭായി | – 1815 – 1829 |
| സ്വാതിതിരുന്നാൾ രാമവർമ്മ മഹാരാജാവ് | – 1829 – 1847 |
| ഉത്രം തിരുന്നാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് | – 1847 – 1860 |
| ആയില്യം തിരുന്നാൾ മഹാരാജാവ് | – 1860 – 1880 |
| വിശാഖം തിരുന്നാൾ മഹാരാജാവ് | – 1880 – 1885 |
| ശ്രീചിത്തിര തിരുന്നാൾ മഹാരാജാവ് | – 1885 – 1924 |

(ഇൻഡ്യയുടെ തെക്കെ അറ്റത്തുള്ള തിരുവിതാംകൂർ പ്രാചീനകാലം മുതൽ പ്രസിദ്ധമായിരുന്നെങ്കിലും അതിന്റെ പഴയ ചരിത്രം, ഭൂവിസ്തൃതി തുടങ്ങിയ വിവരങ്ങൾ അജ്ഞാതങ്ങളാണ്. ചരിത്രാതീതകാലത്തേയ്ക്കു കവിയുന്ന അതിന്റെ പഴമയെപ്പറ്റി ചരിത്രവസ്തുതകൾ ലഭ്യമല്ല. ചേരന്മാരുടെ മണ്ഡലസാമ്രാജ്യമാണ് തിരുവിതാംകൂറിന്റെ മാതൃരാജ്യം. പ്രകൃതിദത്തമായ അതിരുകൾകൊണ്ട് അതു സംരക്ഷിക്കപ്പെട്ടിരിക്കുന്നു. തെക്കും പടിഞ്ഞാറും ഇന്ത്യാസമുദ്രവും, കിഴക്ക് സഹ്യപർവ്വതവും, വടക്കു മിക്ക ഭാഗങ്ങളിലുമുള്ള കായലുകളും തോടുകളും നദികളും.

സ്വാതിതിരുനാളിന്റെ ഏറ്റുമാനൂർ എഴുന്നള്ളത്തിന് മാന്നാനത്തു നിന്ന് ചാവറയച്ചനും കൂട്ടരും പോയി സമ്മാനങ്ങൾ നൽകി സ്വീകരിച്ചിട്ടുണ്ട്. ഇദ്ദേഹമാണ് 1846–ൽ പ്രസ്സുതുടങ്ങുവാൻ അനുവാദം നൽകിയത്. ആയില്യം തിരുനാൾ മഹാരാജാവിനെയും ആലുവായിൽവെച്ച് ചാവറയച്ചൻ സ്വീകരിച്ച് സമ്മാനങ്ങൾ നൽകിയിട്ടുണ്ട്. നാട്ടുരാജാക്കന്മാർ തമ്മിലുള്ള മത്സരത്തെ മുതലെടുത്തു കൊണ്ട് സാമ്രാജ്യമോഹികളായ ബ്രിട്ടീഷുകാർ പിന്നണിയിൽ പ്രവർത്തിക്കുന്ന കാലമായിരുന്നു 19–ാം നൂറ്റാണ്ട്. (നാളാഗമം P, 42, 136,137)

# 7. ചാവറയച്ചനും ആധികാരിക രേഖകളും

## ചാവറയച്ചൻ എഴുതിത്തുടങ്ങിയ ആദ്യരേഖ

## ദർശനവീടിനെയും താപസ്സഭവനത്തേയും കുറിച്ച്

(സന്യാസജീവിതത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് 1829 മുതലുള്ള സി. എം. ഐ. സഭയുടെ ചരിത്രം നാളാഗമത്തിൽ എഴുതിത്തുടങ്ങി. ചാവറയച്ചന്റെ കയ്യക്ഷരത്തിലുള്ള നാളാഗമത്തിലെ ആദ്യത്തെ പേജാണ് ഇവിടെ ചേർത്തിരിക്കുന്നത്.)

**ദർശനവീടു പണിവക വർത്തമാനം**


**ഒന്നാം തുടക്കം**

ബഹുമാനപ്പെട്ട ഞങ്ങളുടെ പള്ളിപ്പുറത്ത് പാലയ്ക്കൽ തോമ്മായെന്ന് പേരു വിളിക്കപ്പെട്ട മല്പാനച്ചനോടുക്കൂടെ പഠിച്ചതിൽ ഒരുത്തൻ കുറയപ്പെട്ടവൻ ചാവറ കുറിയാക്കോസ് കത്തനാർ എഴുതിയത്.

ബഹുമാനപ്പെട്ട ഞങ്ങളുടെ മല്പാനച്ചൻ ഞങ്ങളെ പഠിപ്പിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഏറിയ പ്രയത്നത്താൽ യജമാനന്മാരെ ബോധിപ്പിച്ച് ആ പള്ളിയിലും പിന്നെയും ചില പള്ളികളിലും കൊഗ്രഹീസ്യാ എന്ന കർമ്മല മാതാവിന്റെ ദർശനപ്പെരുന്നാൾ ഉണ്ടാക്കി ഘോഷിച്ചിരിക്കയിൽ അദ്ദേഹത്തിന് ഏറ്റിക്കപ്പെട്ട സ്നേഹക്കാരനായി ബഹുമാനപ്പെട്ട പോരൂക്കര തോമ്മാകത്തനാരച്ചനും കൂടിയിവരിരുപേരും കൂടി ഈ മലയാളത്തിൽ പട്ടക്കാർക്കു പോലും ഒരു താപസ്സഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്കു വീഴ്ചയായിരിക്ക കൊണ്ടും വല്ല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലുമൊരു ദർശനവീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ ആയതിനൊരു സഹായമാരുമില്ലായ്ക.....

(ARCHIVES OF. ST. JOSEPH'S MONASTERY, MANNANAM, C. M. I. SPECIAL - A)

1829 മുതൽ ചാവറയച്ചൻ എഴുതിത്തുടങ്ങിയ നാളാഗമത്തിലെ ആദ്യപേജ്



## വരാപ്പുഴ മെത്രാൻ മൗറേലിയൂസ് സ്തബിലീനി 1829-ൽ നൽകിയ അനുവാദപത്രം

(സി. എം. ഐ. സഭ തുടങ്ങുവാനും അതിനാവശ്യമായ സാമ്പത്തികസഹായം സ്വീകരിക്കുവാനും അനുവദിച്ചുകൊണ്ട് വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗറേലിയൂസ് സ്തബിലീനി ഒ. സി. ഡി. 1829 ൽ നൽകിയ അനുവാദപത്രത്തിലെ പ്രസക്തഭാഗം.)

"....എന്തെന്നാൽ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽനിന്ന് നമ്മെ ഏല്പിച്ചാക്കിയിരിക്കുന്ന ഈ പരിപാലനയിൽ, ആവശ്യമായ കാര്യമാകയാൽ, തമ്പുരാന്റെ ഉന്നതസ്തുതിക്കും തിരുസഭയുടെ നന്മയ്ക്കും മഹത്വത്തിനും അരുപിക്കടുത്ത പ്രവർത്തനങ്ങൾക്കും തുടർച്ചയായി ഇവർ അപേക്ഷിച്ചതിനാൽ, ഇതിൽ പിന്നെ വിശുദ്ധ വേദം കൈക്കൊണ്ട ചെറിയ സ്ഥലങ്ങളിൽ പോലും പല ആശ്രമങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കും ഉണ്ടായിരിക്കുന്നതു പോലെ പൂർവ്വകാലം മുതൽ വിശ്വസിക്കുന്ന നിങ്ങൾക്കും ഉണ്ടാകണമെന്ന് ശുദ്ധമാനപള്ളിയോട് അപേക്ഷിച്ചിട്ട് ഇതുവരെ നടപ്പിൽ വരായ്കയാൽ ഈ കണ്ടുപിടിത്തവും വേലയും കൊണ്ടുള്ള ഫലം അനുഭവിപ്പാൻ പുരുഷന്മാരുടെയും സ്ത്രീകളുടെയും ഇടയിൽ ഇത്തരമൊരു ദൈവവിളി ഉണ്ടായിട്ടില്ലെന്നു മാത്രമല്ല പിന്നെയോ അരൂപിക്കടുത്ത കൂടപ്പിറപ്പുകളായ പട്ടക്കാരുടെയിടയിൽപോലും ഇതിന് തയ്യാറാക്കപ്പെട്ട ഒരു കൂട്ടത്തെ ഇതുവരെ ഇവിടെ കണ്ടെത്തായ്കയാൽ, ഇവരുടെ ഉത്സാഹത്തിൽ നിന്ന് എല്ലാറ്റിനും ഒരു വാതിൽ തുറക്കപ്പെടുവാൻ ഇവരുടെ കൂട്ടത്തിനായിട്ട് ഒരു പള്ളിയും അവർക്ക് ആവശ്യമായ താമസസ്ഥലങ്ങളും, ഇതിൽ കൂട്ടുന്നവരുടെ ചിലവിനു വേണ്ടവകയ്ക്കും ഇവരിൽ നിന്നു കിട്ടുന്നതുകൊണ്ടുമാത്രം സാധിക്കില്ലാത്തതുകൊണ്ടും, പലയിടങ്ങളിൽ നിന്നും ഇതു കുറശ്ശെ കിട്ടിയാൽ വിഷമം കൂടാതെ ഇതു നടപ്പാകും. മേടിക്കുന്നവനെക്കാൾ കൊടുക്കുന്നവന് ഭാഗ്യം. ഇങ്ങനെയുള്ള കൊടുക്കൽ വഴി വലിയ നന്മകൾ അടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഈ യാത്രയാക്കപ്പെട്ട പട്ടക്കാരുടെ കൈകളാൽ പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും വാങ്ങിച്ച് ഈ നിശ്ചയിക്കപ്പെട്ട ദർശനവീടും അതിനുള്ള പള്ളിയും അവരുടെ കഴിപ്പിനുള്ള വകയും ഉണ്ടാക്കി മനസ്സാകപ്പെട്ട പട്ടക്കാരെ

അവിടെ പാർപ്പിച്ച് ഈ ഭാഗ്യത്തിന്റെ വഴി തെളിയിക്കണമെന്നും അതിനുവേണ്ടിയ സഹായം ചെയ്യണമെന്നും നിർദ്ദേശിക്കുന്നു.....”

ഇത് മിശിഹാ പിറന്നിട്ട് 1829-ാം കാലം ഏപ്രിൽ 1ന്

Ep. Maurilius Epis Dolicinnis,
Interius Vicarrius Apostolicus
Terra Malabarium et Cocinni

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C, GOLDEN RECORDS)

*“........ ഇവരു മൂവരുമൊരു മനസ്സായി മുമ്പിനാൽ നിരൂപിച്ചിരുന്ന കാര്യം അതായത് തപസ്സു ഭവനം തീർക്കണമെന്നിങ്ങനെ ആഗ്രഹിച്ച് ക്ലേശിച്ചപ്പോൾ, 'എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചു ചേരുമ്പോൾ അവരുടെ മദ്ധ്യേ ഞാനുമുണ്ട്' എന്നും 'ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും' എന്നിങ്ങനെയുള്ള നമ്മുടെ കർത്താവിന്റെ തിരുവചനങ്ങൾക്കു തക്കവിധം ഇവരുടെ ഉത്സാഹത്താലും അപേക്ഷയാലും...... ബ. മെത്രാനച്ചന്റെ തിരുമനസ്സിൽ ഈ കാര്യങ്ങൾ അറിയിച്ചപ്പോൾ ദാഹിക്കപ്പെട്ട ഭൂമി മഴ വർഷത്താൽ തെളിയും വണ്ണം..... ഈ പ്രസ്ഥാനത്തിനു ദാനധർമ്മം ചെയ്യണമെന്നിങ്ങനെ ഒരു പത്തോന്തീം.”*

തപസ്സു ഭവനം തുടങ്ങാൻ കിട്ടിയ അനുവാദത്തെക്കുറിച്ച്

(ചാവറയച്ചൻ, നാളാഗമം. P. 3)

# 1844-ൽ ചാവറയച്ചനെ മല്പാനും വൈദികരുടെ പരീക്ഷകനുമായി നിശ്ചയിച്ചുകൊണ്ടുള്ള നിയമനപത്രം

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അനുഗ്രഹത്താലും സാർഡിയായുടെ മെത്രാപ്പോലീത്തയും മലബാറിന്റെ വികാരി അപ്പസ്തോലിക്ക നിഷ്പാദുക കർമ്മലീത്ത സഭാംഗവുമായ വിശുദ്ധ അന്നയുടെ ഫ്രാൻസിസ് സേവ്യർ ചേന്നങ്കരി ഇടവകക്കാരനായ ചാവറ കുര്യാക്കോസ് കത്തനാർക്ക് സ്വസ്തിയും ആശീർവ്വാദവും.

താങ്കളെ നമ്മുടെ വികാരിയാത്തിലുള്ള സുറിയാനി റീത്തുകാരായ സകലവൈദികരുടെയും പരീക്ഷകനായും സർവ്വവൈദികശാസ്ത്രങ്ങളുടെയും മല്പാനായും നിയമിച്ചാക്കുന്നതിന് നിങ്ങളുടെ സൽഗുണങ്ങളും കർമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടം സ്വീകരിക്കുന്നതിന് അർത്ഥികളെ അനുവദിക്കുന്നതിനു മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുവാൻ പട്ടക്കാർക്ക് അനുമതി നൽകുന്നതിനും ഈ അധികാരപത്രത്താൽ നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു. ആകയാൽ ഈ കല്പനയുടെ പരിധിയിൽ പെടുന്ന എല്ലാവരും മേൽപറഞ്ഞ മല്പാന്റെയും പരീക്ഷകന്റെയും സ്ഥാനത്തിലും ഉദ്യോഗത്തിലും നിങ്ങൾ സ്വീകരിച്ച് അനുസരിക്കണമെന്ന് നാം ആജ്ഞാപിക്കുന്നു.

1844-ാം കാലം ഫെബ്രവരി 16-ാം തീയതി നമ്മുടെ ഔദ്യോഗിക ഒപ്പും മുദ്രയും വെച്ച് വരാപ്പുഴെ നിന്ന് കൊടുത്തത്.

ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലിത്ത

ഫാദർ മിഗായേൽ കൊറെയാ, സെക്രട്ടറി.

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, GOLDEN RECORDS, CMI SPECIAL -C)

## 1846-ൽ പ്രസ്സു തുടങ്ങുവാൻ തിരുവിതാംകൂർ മഹാരാജാവിന്റെ അനുവാദം

No. 1117/1846 മേജർ ജനറൽ എം. കല്ലൻ

ബ്രിട്ടീഷ് റസിഡന്റ്

മാർച്ചു 17-ാം തീയതിയും (No. 480), മെയ് 12-ാം തീയതിയും (No. 817), നിങ്ങളിൽ നിന്നു ലഭിച്ച എഴുത്തുകൾ പ്രകാരം, രാജ കൊട്ടാരത്തിലെ ദിവാനിലൂടെ മെയ് 18-ാം തീയതി ലഭിച്ചിരിക്കുന്ന അനുവാദത്തെക്കുറിച്ച് അറിയിക്കുവാൻ ഞാൻ സന്തുഷ്ടനാണ്.

മലബാറിന്റെ വികാരി അപ്പസ്തോലിക്ക വന്ദ്യനായ ആർച്ചു ബിഷപ്പ് വഴി ഏറ്റുമാനൂർ ഡിസ്ട്രിക്ടിൽ ഒരു പ്രിന്റിംങ്ങ് പ്രസ്സു തുടങ്ങുവാൻ അനുവാദത്തിനു ചോദിച്ചിരിക്കുന്നത് മഹാരാജാവു തിരുമനസ്സുകൊണ്ട് സന്തോഷത്തോടെ അനുവദിച്ചിരിക്കുന്നു.

നന്ദിയോടെ

മഹാരാജാവിനുവേണ്ടി ദിവാൻ

(ഒപ്പ്)

തിരുവനന്തപുരം

1846 ജൂലായ് 3 ന് ശരിപകർപ്പ്


എം. കല്ലൻ, റെസിഡന്റ് (ഒപ്പ്)

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C, GOLDEN RECORDS P. 61)

*"ചീത്ത പുസ്തകങ്ങൾ വീട്ടിൽ വെച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചുവെക്കുന്നതിന് സമമാകുന്നു."*

(ചാവറയച്ചൻ, കത്തുകൾ, P. 145)

1846-ൽ ചാവറയച്ചൻ സ്ഥാപിച്ച മരപ്രസ്സ്



## 1849-ൽ കേരളസഭയിലെ വചന പ്രഘോഷകരായി നിയമിക്കുന്നു

(വരാപ്പുഴ നിന്നുള്ള വികാരി അപ്പസ്തോലിക്കമാരായിരുന്നു കേരളത്തിലെ സുറിയാനി, ലത്തീൻ സഭകളുടെ ഭരണം നടത്തിയിരുന്നത്. നയ്യാമികമായി രണ്ടു സഭകളുടെയും ഭരണം രണ്ടായിട്ടായിരുന്നു നടത്തിയിരുന്നത്. എങ്കിലും ചാവറയച്ചനെയും മാന്നാനം ആശ്രമാംഗങ്ങളെയും പൊതുവചനപ്രഘോഷകരായി നിയമിച്ചു.)

പരിശുദ്ധ മാർപ്പാപ്പായുടെ ശുശ്രൂഷകനും, സിശ എന്ന ദിക്കിന്റെ മെത്രാപ്പോലീത്തായും, മലബാറിന്റെ വികാരി അപ്പസ്തോലിക്കയുമായ വിശുദ്ധ ത്രേസ്യായുടെ ലുദുവിക് എന്ന നാം നമ്മുടെ അധികാരപരിധിയിലുള്ള സുറിയാനി, ലത്തീൻ സഭകളിലെ സകല വൈദികർക്കും വിശ്വാസികൾക്കും സ്വസ്തിയും ആശീർവ്വാദവും.

നിങ്ങളുടെയിടയിലേയ്ക്ക് വചനപ്രഘോഷകരായി ബഹുമാനപ്പെട്ട ചാവറ കുര്യാക്കോസച്ചനെയും മാന്നാനം ആശ്രമത്തിൽ നിന്നുള്ള വൈദികരെയും അയയ്ക്കുന്നു.

ഇവർ നിങ്ങളെ സമീപിക്കുമ്പോൾ അതാതു പള്ളികളിലെ വികാരിമാരോ, ചുറ്റുപാടുമുള്ള പള്ളികളിലെ വികാരിമാർ ഒരുമിച്ചോ വേണ്ട ആദരവോടെ ഇവരെ സ്വീകരിക്കയും, അവർക്ക് വേണ്ടിവരുന്ന ചിലവുകൾ അതാതു പള്ളികൾ വഹിക്കേണ്ടതുമാണ്.

ഇവർ നടത്തുന്ന ധ്യാനങ്ങളിലും ആത്മീയപ്രവർത്തനങ്ങളിലും നല്ല മനസ്സോടെ സഹകരിച്ച് നിങ്ങളുടെ നിത്യരക്ഷക്കാവശ്യമായ കൃപാവരങ്ങൾ പ്രാപിക്കേണ്ടതാണ്.

1849 ജനുവരി 8

ലുദുവിക് മർത്തീനി
വരാപ്പുഴ വികാരി അപ്പസ്തോലിക്ക

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C, GOLDEN RECORDS)

**ഭാരതത്തിലെ ആദ്യത്തെ ക്രൈസ്തവ**

*"അന്യർക്ക് വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല."*

(ചാവറയച്ചൻ, കത്തുകൾ P. 142)

## സന്യാസിയുടെ വ്രതാർപ്പണം

(ഇൻഡ്യയിൽ ഇൻഡ്യക്കാരാൽ സ്ഥാപിച്ച ആദ്യ ക്രൈസ്തവ സന്യാസസഭയാണ് സി.എം.ഐ. സഭ. ചാവറയച്ചനാണ് ഒന്നാമതായി സന്യാസവ്രതം ചെയ്ത ആദ്യ ഇൻഡ്യൻ സന്യാസി.)

പുരോഹിതനായ ഞാൻ ചാവറ കുര്യാക്കോസ്, ദൈവത്തോടും, ഭാഗ്യപ്പെട്ടവളും കറക്കൂടാതെ ഗർഭം ധരിക്കപ്പെട്ടവളുമായ പരിശുദ്ധ മറിയത്തോടും, ഏറ്റം ബഹുമാനപ്പെട്ട മെത്രാനച്ചൻ, മലബാറിന്റെ വികാരി അപ്പസ്തോലിക്കായോടും, നിയമത്താലും അധികാരികൾ വഴിയും ഞങ്ങളോടു കല്പിക്കപ്പെട്ടിരിക്കുന്ന അനുസരണവും, ബ്രഹ്മചര്യവും, ദാരിദ്ര്യവും വാഗ്ദാനം ചെയ്യുന്നു. ഇവയ്ക്കു പുറമെ, എനിക്കുവേണ്ടി ഞാൻ നേരിട്ടോ, മറ്റുള്ളവർ വഴിയോ, സന്യാസസഭയ്ക്ക് ഉള്ളിലൊ സഭയ്ക്കു പുറത്തോ, മെത്രാനച്ചന്റെ സമ്മതം കൂടാതെ ഉദ്യോഗം അന്വേഷിക്കയില്ലെന്നും വാഗ്ദാനം ചെയ്യുന്നു.

പ്രിയോർ

"ദൈവത്തിന് സ്തോത്രം അർപ്പിക്കുക, നിന്റെ നേർച്ചകൾ അത്യുന്നതനോടു നീ നിറവേറ്റുക. ഞാൻ വാഗ്ദാനം ചെയ്യുന്നു." "കർത്താവിനോടുള്ള എന്റെ നേർച്ചകൾ ഞാൻ പൂർത്തിയാക്കും: ജനം മുഴുവന്റെയും മുമ്പാകെ നമ്മുടെ ദൈവത്തിന്റെ ഭവനാങ്കണത്തിൽ."

മെത്രാന്റെ കല്പനപ്രകാരം വിശുദ്ധ ത്രേസ്യായുടെ ഫാ. മർസലീനൂസ്

സി. ഡി. മിഷനറി അപ്പസ്തോലിക്ക


(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C, GOLDEN RECORDS)

**മഠത്തിന്റെ സ്ഥലം സെമിനാരിയുടേതായി മാറുന്നു**

*"ഒരു വലിയ പ്രകാശത്തെ പരത്തിയിട്ട് ഉടൻ കെട്ടുപോകുന്ന വൈക്കോൽ തുറുവിൻ തീയേക്കാൾ കൂടുതൽ സമയത്തേയ്ക്ക് പ്രകാശം തരുന്ന ഒരു ചെറിയ വിളക്കാണ് കൂടുതൽ നല്ലത്."*

(ചാവറയച്ചൻ, കത്തുകൾ, P. 139)

# ചാവറയച്ചന്റെ വ്രതപത്രിക (സുറിയാനി ഭാഷയിൽ)



(വരാപ്പുഴ പുത്തൻപള്ളി ഇടവകയോഗ നിശ്ചയപ്രകാരം 'അമലോത്ഭവ വിശുദ്ധ കർമ്മല ദേവ മാതാവിന്റെ കന്യാസ്ത്രീ മഠം' തുടങ്ങുന്നതിന് എഴുതിക്കൊടുത്ത പാട്ടച്ചീട്ടിൽ നിന്ന്)

അമലോത്ഭവ വിശുദ്ധ കർമ്മലദേവമാതാവിന്റെ കന്യാസ്ത്രീ മഠം വെച്ചു നടത്തുന്നതിന് ഞങ്ങളുടെ പള്ളിവക അട്ടിപ്പേറ് അങ്ങാടിയിൽ കിഴക്കുവശത്തുള്ള 68, 69, 70, 71 നാലു ലക്കമായിട്ട് പറമ്പു രണ്ടു മുറിയും, ഇതിനു കിഴക്കുവശം കാണംവകയിൽ 76-ാം ലക്കത്തിൽ തെക്കെമുറി പറമ്പ് ഒന്നും, ഈ വക പറമ്പുകൾ മൂന്നു മുറിയും വെറും പാട്ടമായി കൊടുക്കണമെന്നും ആ വക പാട്ടം പള്ളിക്കു തരുവിച്ചു കൊള്ളാമെന്നും എ. പെ. ബ. മലയാളത്തിന്റെ വികാരി അപ്പസ്തോലിക്ക ആയ ബർണർദീനോസ് ദെസാന്ത ത്രേസ്യാ എരക്ല എന്ന ദിക്കിന്റെ മെത്രാനച്ചൻ കല്പിക്ക കൊണ്ട് മേലെഴുതിയ പറമ്പു മൂന്നു മുറിയും കൂടി പാട്ടം കണ്ട് കണക്കുംപടി ആണ്ടിനാൽ പാട്ടം ഒരുനൂറ്റി എൺപത്തെട്ടും (188) പള്ളികാര്യത്തിൽ തരുവിച്ച് കുറി വാങ്ങിക്കൊള്ളത്തക്കവണ്ണവും സമ്മതിച്ച് മേലെഴുതിയ കന്യാസ്ത്രീമഠം വെയ്ക്കുന്നതിന് പറമ്പ് മൂന്നു മുറിയും പാട്ടമായി എഴുതി തന്നതിന് സാക്ഷി: പുതുശ്ശേരി ചെറിയത് ഇട്ടിയച്ചന്റെയും, ചാക്കിയത്ത് വർക്കി മാത്തുവിന്റെയും, വിതയത്തിൽ വർക്കി പൗലോയുടെയും, തളിയത്ത് വർക്കി പൗലോയുടെയും അറിവോടെ.

എന്ന്

ആയിരത്തി എണ്ണൂറ്റി അമ്പത്തൊമ്പതാംകാലം

(1859) ഫെബ്രവരി 4-ന്

(ഒപ്പ്)

(അക്കാലത്ത് സ്ഥാപനങ്ങൾക്കുള്ള വസ്തുവകകൾ മെത്രാന്റെ പേരിലെ എഴുതുവാൻ പാടുണ്ടായിരുന്നുള്ളു. അതുകൊണ്ടു ചാവറയച്ചന്റെ പേരുവെക്കാതെ തന്റെ സഭയുടെ പേരാണ് വെച്ചത്. മഠം പണിയുവാൻ വേണ്ട കാര്യങ്ങളെല്ലാം ചാവറയച്ചന്റെ ചുമതലയിലായിരുന്നു നടത്തിയിരുന്നത്. മഠത്തിനു വേണ്ടി 1859-ൽ പണികൾ ആരംഭിച്ചെങ്കിലും, റോക്കോസ് ശീശ്മയ്ക്കുശേഷം വരാപ്പുഴ അപ്പസ്തോലിക്ക ബർണർദീനോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേ

ശപ്രകാരം സീറോമലബാർ സഭയുടെ സെമിനാരിയാക്കി. പിന്നീട് പൊതുസെമിനാരിയാക്കി. 1932-ൽ മംഗലപ്പുഴയിലേയ്ക്ക് മാറ്റുന്നതുവരെ പുത്തൻപള്ളിയിൽ തുടർന്നു.

ചാവറയച്ചൻ, സമ്പൂർണ്ണകൃതികൾ, Vol. 1, P. 126)

(പുത്തൻപള്ളിവക സെമിനാരി പറമ്പിന്റെ ചരിത്രം, കയ്യെഴുത്ത്, സി.എം.സി. കോൺവെന്റ് പുത്തൻപള്ളി)

*"......കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്നും നിശ്ചയിച്ച് 1860–ൽ വരാപ്പുഴ പുത്തൻപള്ളിയുടെ കുരിശിന് കിഴക്കുവശത്തുള്ള പറമ്പിൽ ഇതിനടിസ്ഥാനവും ഇട്ട് ഏറിയ ദ്രവ്യം ചെലവു ചെയ്തു അഞ്ചേമുക്കാൽ കോൽ പൊക്കത്തിൽ നാലുവശവും മതിൽകെട്ടി പൊക്കി വരികയിൽ ബാബേലിൽ നിന്നും ശുദ്ധ സിംഹാസനത്തിലെ കല്പനയ്ക്ക് എതിരായിട്ട് സുറിയാനി മെത്രാൻ വരികയും അപ്പോൾ സുറിയാനി പള്ളിക്കാരു മിക്കതും ഇതിൽ ഉൾപ്പെടുകയും ഈ കലക്കം നിമിത്തം വീണ്ടും ഈ കാര്യം മുടങ്ങിപ്പോകയും, ദൈവകൃപയാൽ ആ വഴക്കുകൾ തീർന്നു വന്നപ്പോൾ നല്ല പട്ടക്കാരില്ലായ്കയാലുള്ള ആത്മനാശം കണ്ട് കന്യാസ്ത്രീമഠം എന്നതു മാറ്റി സെമിനാരി എന്നു നിശ്ചയിച്ചതു പ്രകാരം പഠനശാലയാക്കി മാറ്റിയതിനാൽ ഞങ്ങൾക്കുണ്ടായിരുന്ന പ്രതീക്ഷയും നശിച്ചു....."*

പുത്തൻ പള്ളിയിൽ മഠത്തിനുള്ള തുടക്കം

(ചാവറയച്ചൻ, നാളാഗമം P. 231, 232)

# 1861 ൽ ചാവറയച്ചനെ വികാരി ജനറാളായി നിശ്ചയിച്ചുകൊണ്ടുള്ള നിയമനപത്രം

(1653-ലെ കൂനൻ കുരിശു സത്യത്തിനുശേഷം കേരളസുറിയാനി കത്തോലിക്കരുടെയിടയിൽ ആർച്ചുഡീക്കൻ പദവിയും നഷ്ടപ്പെട്ടിരുന്നു. പിന്നീടു രണ്ടു നൂറ്റാണ്ടുകൾക്കുശേഷം ചാവറയച്ചനെയാണ് ആദ്യമായി പ്രത്യേക അധികാരങ്ങളോടുകൂടി സുറിയാനി സഭയുടെ മുഴുവൻ വികാരി ജനറാളായി നിയമിച്ചത്.)

ചാവറ കുര്യാക്കോസ് ഏലിയാസച്ചന്,

നാം മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയ പ്രെ. ബർണ്ണർദീനോസ് ദെസാന്ത ത്രെസ്യാ പർസ്സാല്യ മെത്രാപ്പോലീത്തായുടെ എഴുത്ത്.

നമ്മുടെ സ്നേഹപ്പെട്ട മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോര് ചാവറ പെ. ബ. കുര്യാക്കോസ് കത്തനാർ അറിയുന്നതിന്.

പലകാലങ്ങളിൽ ആയിട്ട് നമ്മുടെ കീഴിലുള്ള പള്ളികളിൽപെട്ട ക്രൈസ്തവരെ ഭരിക്കുന്നതിൽനിന്നുള്ള പ്രയാസത്താലും, നമ്മുടെ വയസ്സിന്റെ ആധിക്യത്താലും, ക്ഷീണവും അസ്വസ്തകളും ഉള്ളതുകൊണ്ടും, നമ്മുടെ ഭരണം കൊണ്ട് പട്ടക്കാർക്കും മറ്റു അൽമേനികൾക്കും അവരുടെ ആത്മഗുണത്തിനടുത്ത ഫലം ഉണ്ടായി കാണാത്തതിനാലും, ഇപ്പോഴത്തെ സംഗതികളാലും (റോക്കോസ് ശീശ്മ), ആവശ്യമായി വന്നാൽ ഒരു വികാരിജനറാളിനെ നിശ്ചയിച്ച് കാര്യങ്ങൾ നടത്താം എന്ന് ത്രെന്തോസ് സൂനഹദോസ് അനുവദിക്കുന്നതിൻപ്രകാരം, ആവശ്യമുള്ള കഴിവുകളും സ്തൈര്യവും, അറിവും, വിശുദ്ധിയും താങ്കൾക്കുണ്ടെന്ന് നമുക്ക് ബോദ്ധ്യമാകയാൽ, നമ്മുടെ കീഴിൽ മലയാളത്തിലെ സുറിയാനിപ്പള്ളികളിൽപ്പെട്ട വൈദികരുടെയും ആത്മായരുടെയും ആത്മപരിപാലനം നടത്തി ഭരിക്കുന്നതിന് വികാരി ജനറാളായി തന്നെ നാം കല്പിച്ച്, ശുദ്ധമാനപള്ളി അനുവദിച്ചിട്ടുള്ള അധികാരങ്ങളും അനുവാദങ്ങളും കൂടാതെ പ്രത്യേകമായിട്ട് എഴുത്താലെ നാം തരുന്ന അധികാരപത്രത്തിൽ നൽകുന്ന അധികാരങ്ങളും അനുവാദങ്ങളും കൂടി തനിക്ക് നാം തന്നിരിക്കുന്നു. അതുകൊണ്ട് മേലെഴുതിയ പ്രകാരം നമ്മുടെ കീഴിലുള്ള സുറിയാ

നിപ്പള്ളികളിൽപെടുന്ന വൈദികരുടെയും ശേഷം ജനങ്ങളുടെയും ആത്മപരിപാലനം നടത്തി ആ പള്ളികളെ ഭരിപ്പാൻ ആവശ്യമായ ദൈവമനോഗുണം തനിക്കുണ്ടാകുവാൻ ഉടയതമ്പുരാനോടു നാം പ്രാർത്ഥിക്കുന്നു.

ഇത് വരാപ്പുഴ നിന്നും 1861-ാം കാലം മിഥുനമാസം ജൂൺ 8 ന്

Fr. Bernardinus U.S. Theresia Arch Viear Apostolic

Secretary: Fr. Thomas Giuanar


(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C, GOLDEN RECORDS)

*"......ആയതുകൊണ്ട് സ്നേഹപ്പെട്ട കൂടപ്പിറപ്പുകളെ, വാതിലിൽക്കൂടി തൊഴുത്തിൽ പ്രവേശിക്കാത്തവൻ കള്ള ഇടയനാകുന്നു എന്നും ആടിന്റെ വേഷം ധരിച്ച ചെന്നായ് എന്നും കർത്താവിന്റെ തിരുവചനമാകയാൽ ശുദ്ധ മാർപ്പാപ്പായുടെ തിരുവെഴുത്തു കൂടാതെ നമ്മുടെ ഈ തൊഴുത്തിൽ പ്രവേശിക്കാൻ ഭാവിക്കുന്ന മേൽ പറഞ്ഞ ഇടയന്മാരു വന്നാൽ അവരുടെ ചതിവായ വചനത്തിനു ചെവി കൊടുക്കാതെയും, അവരോടു ചേരാതെയും കർത്താവിന്റെ വികാരി ആയ അപ്പസ്തോലിക്കായ്ക്കു തന്നെ കീഴ്‌വഴങ്ങി നടപ്പാൻ രക്ഷക്കടുത്ത കടമയാലെ ആവശ്യമായിരിക്കുന്നതുക്കൂടാതെ ഇങ്ങനെയുള്ളവരുടെ കൈകളാൽ രക്തസാക്ഷികളായി മരിക്കാൻ ഇടവന്നാൽ ദൈവത്തിന്റെ വലിയ അനുഗ്രഹം എന്നോർത്ത് അതിനു വേണ്ടി ഒരുങ്ങുവാനും ആവശ്യമായിരിക്കുന്നു...."*

വികാരി ജനറൽ ചാവറയച്ചന്റെ, റോക്കോസ് മെത്രാനെതിരായുള്ള സർക്കുലർ

(ചാവറയച്ചൻ, കത്തുകൾ, P. 133)

## ചാവറയച്ചനെ വികാരി ജനറാളായി തെരഞ്ഞെടുത്തുകൊണ്ടുള്ള നിയമനപത്രം



## പല പള്ളികളുടെ ഡെപ്യൂട്ടി ആയി നൽകിയ അധികാരപത്രം

(ചാവറയച്ചൻ വികാരി ജനറൽ ആയിരുന്നപ്പോൾ കേരള സുറിയാനിസഭയെ ഭരണസൗകര്യത്തിനായി പലദിക്കുകളായി തിരിക്കയും ഓരോ വൈദികരെ ഡെപ്യൂട്ടികളായി വികാരി അപ്പസ്തോലിക്കാവഴി നിശ്ചയിക്കയും ചെയ്തിരുന്നു. കാപ്പിൽ മത്തായി അച്ചനെ മെത്രാപ്പോലീത്ത ചുമതലപ്പെടുത്തുന്ന ഡിക്രിയുടെ ഭാഗം ഇവിടെ കൊടുത്തിരിക്കുന്നു)

നാം മലയാളത്തിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക ആയ പ്രെ. ബർണ്ണർദീനോസ് ദെസാന്ത ത്രേസ്യാ എരക്ലായെന്ന ദിക്കിന്റെ മെത്രാൻ.

നമ്മുടെ സ്നേഹപ്പെട്ട തത്തമ്പള്ളി പള്ളിയിടവകക്കാരൻ കാപ്പിൽ ബ. മത്തായി കത്തനാർക്ക് സൊസ്തിയും ആശീർവ്വാദവും.

കടത്തുരുത്തി വല്യപള്ളിയിലും, കടത്തുരുത്തി താഴത്തു പള്ളിയിലും, മുട്ടുചിറ പള്ളിയിലും, പുളിങ്കുന്നു പള്ളിയിലും, ചങ്ങനാശ്ശേരി പള്ളിയിലും, മുട്ടാറ്റു കുരുശുപള്ളിയിലും, കൂടുന്ന ജനങ്ങളുടെ അരൂപിക്കടുത്ത നന്മയെ വർദ്ധിപ്പിച്ച് ആ പള്ളികളിൽ ധ്യാനം കഴിപ്പിച്ചതിനുശേഷം നാം വിസീത്ത നടത്തിയതിന്റെയും ധ്യാനത്തിന്റെയും ഫലം അവരിൽ നിലനില്പാനും വർദ്ധിപ്പാനും വേണ്ടി നമ്മുടെ പേർക്ക് അന്വേഷിപ്പാനും കടത്തുരുത്തി വല്യപള്ളിയിൽ നമ്മുടെ ഡെപ്യൂട്ടിയായും താഴത്തുപള്ളിയിൽ വികാരിയും ഡെപ്യൂട്ടി ആയും, ചങ്ങനാശേരി പള്ളിയിലും മുട്ടാറ്റു കുരിശുപള്ളിയിലും മുട്ടുചിറപള്ളിയിലും പുളികുന്നുപള്ളിയിലും ഡെപ്യൂട്ടി ആയി തന്നെ നാം നിശ്ചയിച്ച് കല്പിച്ചിരിക്കകൊണ്ട് മേലെഴുതിയ ഫലങ്ങളും ഗുണങ്ങളും നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും തനിക്കു തരുന്ന ഇ കല്പന ഡിക്രിയാൽ ആ പള്ളിയിടവകകളിൽ നടന്നുവരുന്ന ക്രമക്കേടുകൾ പൊതുവായും പ്രത്യേകമായും നീക്കി എപ്രകാരം ക്രമത്തിനു നടത്തി സ്ഥിരപ്പെടുത്തണമെന്ന് താഴെ അറിയിക്കുന്നു....

ഫാ. ബർണ്ണർദീനോസ്
ആർച്ചുബിഷപ്പ്

ഫാ. വലേരിയൻ സി.ഡി. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1939, PP. 400, 401
(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL, C)

## ചാവറയച്ചനെ മെത്രാനാക്കണമെന്നപേക്ഷിക്കുന്നു

(വരാപ്പുഴ വികാരി അപ്പസ്തോലിക്കാ, ബർണ്ണർദീനോസ് മെത്രാപ്പോലീത്താ കുരിയാക്കോസ് ഏലിയാസച്ചനെ മെത്രാനായി അഭിഷേകം ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ട് പ്രൊപ്പഗാന്ത തിരുസംഘത്തിനു 1861 ജൂൺ 15-ാം തീയതി അയച്ച കത്ത്.)

"....മൂന്നാം സഭയിലെ വൈദികരിൽ എല്ലാംകൊണ്ടും പ്രമുഖനും, മാതൃഭവനമായ പ്രധാനാശ്രമത്തിന്റെ പ്രിയോരും ഈ സഭ മുഴുവന്റെയും തലവനുമായ വന്ദ്യ ദേഹത്തെ, എന്റെ സഹമിഷനറിമാരുടെ ഉപദേശം ആരാഞ്ഞശേഷം സുറിയാനിക്കാർക്കായുള്ള വികാരി ജനറാളായി ഞാൻ നിയമിച്ച വസ്തുത അവിടെ അറിയിച്ചിട്ടുണ്ടല്ലോ. ഒരു പ്രതിസന്ധിഘട്ടത്തെ നേരിടേണ്ടിവന്നിരിക്കുന്ന ഇന്നത്തെ ചുറ്റുപാടുകളിൽ, എന്റെ സഹപ്രവർത്തകരായ മിഷനറിമാരുടെ ഉപദേശാനുസരണം, അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യുന്നതുതന്നെയും സമുചിതമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

സാക്ഷാത്തായ ക്രൈസ്തവ ചൈതന്യമുള്ളവനും സുകൃതസമ്പന്നനും വളരെ വിവേകമതിയും വേദപുസ്തകത്തിൽ അഗാധപാണ്ഡിത്യമുള്ളവനും, സുറിയാനിഭാഷാവിശാരദനുമാണ് അദ്ദേഹം. ഇവിടെ മതഭിന്നതയുണ്ടാക്കിയവരും ബാഗ്ദാദിൽനിന്നു വന്നുകയറിയ ആ 'കയ്യേറ്റക്കാരനും' സകല തന്ത്രവും എല്ലാ കൗശലവും പ്രയോഗിച്ചു നോക്കിയിട്ടും മിഷനറി വൈദികരോടും കത്തോലിക്കാമതത്തോടും പ. സിംഹാസനത്തോടുമുള്ള ഭക്തിയിലും വിശ്വസ്തതയിലും അചഞ്ചലനായി അദ്ദേഹം ഉറച്ചുനില്ക്കുകയാണു ചെയ്തത്.

മതഭിന്നതക്കാരുടെ ഉദ്ദേശങ്ങളോടു യോജിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ എല്ലാവരും തന്നെ അദ്ദേഹത്തെ അനുഗമിക്കുമായിരുന്നു. അത്ര വലിയ മതിപ്പും ബഹുമാനവും സകലർക്കും അദ്ദേഹത്തോടുണ്ട്. അത്രയേറെയുണ്ട് അദ്ദേഹത്തിന്റെ സ്വാധീനശക്തിയും.

മെത്രാൻ സ്ഥാനത്തേയ്ക്കു ഞാൻ ശുപാർശ ചെയ്യുന്ന ഈ വന്ദ്യദേഹത്തിനു താദൃശമായ ജോലിക്കുവേണ്ട പരിജ്ഞാനം കുറവായിരിക്കാമെന്നതു ശരിതന്നെ. പക്ഷേ അത് എളുപ്പത്തിൽ പരിഹരിക്കാൻ സാധിക്കും. അദ്ദേഹം ഈ നാട്ടുകാരനും ഈ ദൃശസാ

ഹചര്യങ്ങളിൽ ഒരു മെത്രാനുണ്ടായിരിക്കേണ്ട ഗുണലക്ഷണങ്ങൾ തികഞ്ഞവനുമാണ്. അതിനും പുറമെ മുന്തിരിവള്ളിക്കു അതു കയറിപ്പടരുന്ന വൃക്ഷത്തിന്റേതെന്നപോലെ. ഞങ്ങളുടെ (വികാരി അപ്പസ്തോലിക്കായുടേയും മിഷനറിമാരുടേയും) താങ്ങും പിൻതുണയുമുള്ളതുകൊണ്ടും കൽദായ പാത്രിയർക്കീസിനോ അദ്ദേഹമയച്ച 'കയ്യേറ്റക്കാരനോ' കഴിയുന്നതിനേക്കാൾ നല്ല ഫലങ്ങൾ അദ്ദേഹം പുറപ്പെടുവിക്കും: മാത്രമല്ല അദ്ദേഹം ഉത്തമനായ ഒരു വ്യക്തിയും വിവേകശാലിയും നല്ല കീഴ്‌വഴക്കമുള്ളവനും പ്രസംഗത്തിലും പരസ്നേഹകൃത്യങ്ങളിലും തീക്ഷ്ണതയുള്ളവനുമാണ്....

എന്നുവരുകിലും ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. അമലോത്ഭവയായ കർമ്മലമാതാവിന്റെ മൂന്നാം സഭക്കാരുടെ പ്രിയോരായ ചാവറ കുര്യാക്കോസച്ചൻ എന്ന മേല്പറഞ്ഞദേഹം എളിമയുടെ വ്രതം ചെയ്തിട്ടുള്ള ആളാണ്. അങ്ങനെ ഒരു വ്രതം ചെയ്തിട്ടില്ലാതിരുന്നാലും ഇപ്രകാരമൊരു പദവിയോ ജോലിയോ പ്രത്യേകമൊരു കല്പനകൂടാതെ അദ്ദേഹം സ്വീകരിക്കുകയില്ല. അദ്ദേഹത്തെ ഞാൻ വികാരി ജനറാളായി നിശ്ചയിച്ചപ്പോൾ ആ സ്ഥാനം സ്വീകരിക്കുന്നതിനു അങ്ങനെയൊരു കല്പന ഞാൻ കൊടുക്കേണ്ടിവന്നു....

(ഈ കത്ത് പ്രോപ്പഗാന്ത തിരുസ്സംഘത്തിന്റെ അന്നത്തെ പ്രീഫെക്ട് കർദ്ദിനാൾ ബർണ്ണബോ പ. പിതാവ് 9-ാം പീയൂസ് മാർപ്പാപ്പായ്ക്കു സമർപ്പിച്ചു. 1865 മാർച്ച് 6 ന് സമ്മേളിച്ച കർദ്ദിനാളന്മാരുടെ പൂർണ്ണസമ്മേളനം (Plenary Consistory) ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ മെത്രാനായി അഭിഷേകം ചെയ്യുന്നതിനേക്കുറിച്ച് വരാപ്പുഴ വികാരി അപ്പസ്തോലിക്ക ബർണർഡിൻ മെത്രാപ്പോലീത്തായുടെ അഭിപ്രായം അന്വേഷിക്കുവാൻ തീരുമാനിച്ചു. (Ref. lettere Decretti Vol. II. 1864-65. P. 419. V).

(Scritture Originali 1862-66, originali della Ponenza Caldei-Malabar Feb. 1865.)

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL -C, GOLDEN RECORDS)

## കബറിടത്തിൽ ചെമ്പുതകിടിൽ എഴുതി സൂക്ഷിച്ചിരുന്ന രേഖ

(1871 ജനുവരി 4-ാം തീയതി കൂനമ്മാവ് സെന്റ് ഫിലോമിനാസ് ആശ്രമപള്ളിയിൽ കബറടക്കം ചെയ്ത ചാവറയച്ചന്റെ മൃതദേഹത്തോടു ചേർത്ത് ചെമ്പുതകിടിൽ ആലേഖനം ചെയ്യപ്പെട്ട ഒരു രേഖയും വെച്ചിരുന്നു. ചാവറയച്ചന്റെ ജീവിതത്തെക്കുറിച്ചുള്ള ഒരു ലഘുവിവരണമായിരുന്നു പോരൂക്കര കുര്യാക്കോസ് ഏലീശ അച്ചൻ (പിന്നീട് സഭയുടെ രണ്ടാം പ്രിയോർജനറാൾ) ഈ രേഖയിൽ പെടുത്തിയിരുന്നത്)

''ഈ കബറിടത്തിൽ അടക്കപ്പെട്ടിരിക്കുന്ന ചേന്ദൻകരി പള്ളി എടവകക്കാരൻ (കൈനകരിയിൽ ചാവറ) കുര്യാക്കോസ് ഏലിയാദുതുഹമ്മാകന്തീശ എന്ന മലയാളത്തിൽ സ്ഥാപിക്കപ്പെട്ട ക. ദി. മു. സ. (കർമ്മലീത്ത ദിസ്കാൾഡ്സ് മൂന്നാം സഭ) അടിസ്ഥാനക്കാരനും പ്രിയോരുമായ ഈ ദേഹം 1805-ാം കാലം കുംഭമാസം 8-ന് (ഫെബ്രവരി) പിറന്നു. 1832-ാം കാലം ഇടവമാസം (ഏപ്രിൽ) 14-ന് മാന്നാനത്ത് സെമിനാരിയിൽ മല്പാനായി പഠിപ്പിച്ചതിന്റെ ശേഷം 1855-ാം കാലം ധനുമാസം 8-ന് (ഡിസംബർ) പറഞ്ഞൊപ്പ് ചെയ്ത് ഒന്നാമത്തെ പ്രിയോരായി നിയമിക്കപ്പെട്ടു. ശുദ്ധ പള്ളിക്കടുത്തതും, സഭക്കടുത്തതും, ആത്മരക്ഷക്കടുത്തതുമായ ഏറിയ അദ്ധ്വാനങ്ങളും വേലകളും ചെയ്തുവരുമ്പോൾ റോക്കോസിന്റെ ശപിക്കപ്പെട്ട ശീശ്മയുടെ കാലങ്ങളിൽ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളിന്റെ സ്ഥാനത്തോടുകൂടി ആത്മാവുകളുടെ രക്ഷയ്ക്കായി ഏറിയ പ്രയാസങ്ങളെ കഴിച്ചു. 1871-ാം കാലം മകരമാസം 3-ന് (ജനുവരി) കാലത്ത് ഏഴരമണിക്ക് കൂനമ്മാവ് കൊവേന്തയിൽ തന്റെ മക്കളുടെ കണ്ണുനീരുകളുടെയിടയിൽ കൂദാശകളൊക്കെയും വിശേഷഭക്തിയോടെ കൈക്കൊണ്ട് സാമാന്യമല്ലാത്ത ദൈവഭക്തിയുടെ അടയാളങ്ങളോടുകൂടി തന്റെ അഴകുള്ള ആത്മാവിനെ തന്റെ ജീവിതകാലമൊക്കെയും സ്നേഹിച്ച നാഥന്റെ തൃകൈകകളിൽ കയ്യാളിക്കയും ചെയ്തു.''

(മാന്നാനം നാളാഗമം, Vol. III, 1864 - 1872, PP. 266-267

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL)

# ചാവറയച്ചന്റെ നാമകരണനടപടികൾ ആരംഭിക്കുന്നു

(ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള നാമകരണനടപടികൾ ആരംഭിക്കുവാൻ റോമിലെ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതി 1955-ൽ ലഭിച്ചു. 1957-ൽ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാന്മാർ മാത്യുകാവുകാട്ട് നടപടികൾക്കാവശ്യമായ ചരിത്രകമ്മീഷനെ നിയോഗിച്ചു. ദൈവദാസന്റെ ജീവിതം, സുകൃതങ്ങൾ, വിശുദ്ധി, കീർത്തി ഇവയെക്കുറിച്ചുള്ള അറിവു ശേഖരിക്കുന്നതിനായി കേരളത്തിലുണ്ടായിരുന്ന പത്തു രൂപതകളിലേയ്ക്കും അയച്ച സർക്കുലറിൽ നിന്നും എടുത്തത്.)

ബ. വൈദികരെ, സന്യാസികളേ, പ്രിയവിശ്വാസികളേ,

കേരള സുറിയാനി കർമ്മലീത്താസന്യാസസഭയുടെയും സന്യാസിനിസഭയുടെയും സ്ഥാപകനും പ്രഥമപൊതുശ്രേഷ്ഠനും, മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബര്ണർദിനോസ് മെത്രാപ്പോലിത്തായുടെ കീഴിൽ, സുറിയാനി കത്തോലിക്കരുടെ വികാരി ജനറളുമായിരുന്ന, ദൈവദാസൻ ചാവറകുറിയാക്കോസ് ഏലിയാസച്ചനെ, ധന്യനെന്നും വിശുദ്ധനെന്നും നാമകരണം ചെയ്യുന്നതിനുള്ള രൂപതാനടപടികൾ നടത്തുന്നതിന് തിരുസിംഹാസനം നമ്മെ അധികാരപ്പെടുത്തിയതനുസരിച്ച്, ഈ നടപടികളുടെ പ്രാരംഭമായി, പ്രസ്തുതദൈവദാസന്റെ ജീവിതം, സുകൃതങ്ങൾ, അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയെപ്പറ്റി, ജീവിതകാലത്തും മരണശേഷവും ഉണ്ടായ കീർത്തി എന്നിവയെ സംബന്ധിച്ചുള്ള സകലരേഖകളെയും, അദ്ദേഹത്തെ ഏതെങ്കിലും വിധത്തിൽ സംബന്ധിക്കുന്ന ഇതരരേഖകളെയും പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തി അവയെല്ലാം ശേഖരിക്കുന്നതിനും അവയുടെ ചരിത്രപ്രാമാണ്യം, ഉള്ളടക്കം മുതലായവ പരിശോധിച്ച്, ഭാവിയിൽ നിയമിതമാകുവാനിരിക്കുന്ന (അതി)രൂപതക്കോടതികളുടെ മുമ്പാകെ വിവരിക്കുന്നതിനും മുറപ്രകാരം സാക്ഷ്യം നല്കുന്നതിനും, നാം 1957 ഡിസംബർ 31-ാം തീയതി ബ. വഞ്ചിപ്പുരയ്ക്കൽ കുറിയാക്കോസച്ചൻ, ബ. കായിത്തറ അന്തോനിച്ചൻ, ക.നി.സ.സ. അൻസേൽമൂസച്ചൻ എന്നിവർ അംഗങ്ങളായ ഒരു അതിരൂപതക്കമ്മീഷ്യനെ നിയമിച്ചുവെന്നും, ദൈവദാസന്റെ 86-ാം ചരമവാർഷികദിനമായ 1958

ജനുവരി 3-ാം തീയതി, മാന്നാനം ആശ്രമദേവാലയത്തിൽവച്ച്, എട്ടു വൈദികമേലധ്യക്ഷന്മാരുടെയും അനേകം വൈദികരുടെയും സന്യാസികളുടെയും സന്യാസിനികളുടെയും വിശ്വാസികളുടെ ഒരു വലിയ സമൂഹത്തിന്റെയും സാന്നിധ്യത്തിൽ മേൽ പ്രസ്താവിച്ച കമ്മീഷന്റെ ഉദ്ഘടാനം സാഘോഷം നടത്തിയെന്നും ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

ഉദ്ഘാടനാവസരത്തിൽ നാം നൽകിയ നിർദേശം ആവർത്തിച്ചുകൊണ്ടും, കാനോൻ നിയമങ്ങളെയും റീത്തുകളുടെ തിരുസംഘത്തിന്റെ തീരുമാനങ്ങളെയും അടിസ്ഥാനമാക്കിക്കൊണ്ടും, താഴെ വരുന്നവ നാം നിശ്ചയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

...രൂപതാനടപടികളും വിചാരണകളും അനന്തരനടപടികളും വിജയകരമായും വേഗത്തിലും പൂർത്തിയായി, ദൈവഹിതമെങ്കിൽ ദൈവദാസൻ വിശുദ്ധനെന്ന് വിളംബംവിനാ നാമകരണം ചെയ്യപ്പെടുന്നതിന് എല്ലാവരും തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നു നാം ഉപദേശിക്കുന്നു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും നാം ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

മാത്യു കാവുകാട്ട്,

ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ.

അതിമെത്രാസനമന്ദിരം

ചങ്ങനാശേരി

1958 ജനുവരി 25

(ARCHIVES OF THE ARCHBISHOP'S HOUSE, CHANGANASSERY, CHAVARA CAUSES)

*"മാർ തോമ്മാശ്ലീഹായാൽ സത്യവേദം കൈക്കൊണ്ട ഈ മലയാളം ഇതുവരെ വന്ധ്യ ആയിരിക്കയും അതിൽ പിന്നെ സത്യവേദം കൈക്കൊണ്ട പല പല നാടുകളിലും ദ്വീപുകളിലും പല വിശുദ്ധർ ഉണ്ടായിരിക്കുന്നു."*

(ചാവറയച്ചൻ, നാളാഗമം P. 173)

## ചാവറയച്ചന്റെ ജീവചരിത്രപഠന രേഖയെക്കുറിച്ച് മാർപ്പാപ്പ

(റോമിലെ നാമകരണനടപടികളുടെ ചരിത്രവിഭാഗം ചാവറയച്ചന്റെ ജീവചരിത്രവും വിശുദ്ധിയേക്കുറിച്ചുള്ള തെളിവുകളും അടങ്ങുന്ന പൊസിസിയോ 1979 ജൂൺ 28 ന് അവതരിപ്പിച്ചപ്പോൾ പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ നടത്തിയ വിലയിരുത്തലിൽ ഇപ്രകാരം പറഞ്ഞു)

"ചുരുങ്ങിയ സമയം കൊണ്ടു പൂർത്തിയാക്കാൻ കഴിഞ്ഞു എന്നതിലും അതിന്റെ ഗുണമേന്മയിലും ഈ 'പൊസിസിയോ' അഭിനന്ദനാർഹമായ ഒന്നാണ്. ഇതിനുമുമ്പ് കോൺഗ്രിഗേഷന്റെ ഹിസ്റ്റോറിക്കൽ സെക്ഷന്റെ മുമ്പിലെത്തിയിട്ടുള്ള നടപടികളെ, കുര്യാക്കോസ് ഏലിയാസ് ചാവറയുടേതുമായി താരതമ്യം ചെയ്യുമ്പോൾ, ഡോക്യുമെൻസിന്റെ ശേഖരണത്തിലും അവതരണത്തിലുള്ള പൂർണ്ണതയിലും, അതിനുപയോഗിച്ച ശാസ്ത്രീയനടപടിക്രമത്തിലും ഒന്നാമത്തേതും ഏറ്റം തൃപ്തികരമായതുമാണെന്ന് പ്രഖ്യാപിക്കുവാൻ ഞാൻ അതീവം സന്തുഷ്ടനാണ്. ഇതിന്റെ മുഴുവൻ പ്രവർത്തനങ്ങളും ഇൻഡ്യയിൽവെച്ച് ഇൻഡ്യക്കാരാൽ തന്നെ പൂർത്തിയാക്കിയതുമാണ്."

Fr. Lucas Vithuvattical, (Trans),
perspectives of a heroic christian life, Mannanam, 1988, p. 118.

RELATIO ET VOTA. CONGRESSUS DECULIARIS SUPER VIRTUTIBUS DIE 22 NOVEMBRIS AN. 1983 HABITI,

*"ഈ നാമകരണ നടപടിയുടെ പ്രത്യേകതകളിൽ ഒന്ന്, ഇതിനാവശ്യം വന്ന ഗവേഷണത്തിന്റെ സങ്കീർണ്ണതയാണ്. ഇൻഡ്യ, ഇറ്റലി, ഇറാക്ക്, ഓസ്ട്രിയ, സ്പെയിൻ, വത്തിക്കാൻ എന്നീ രാജ്യങ്ങളിലെ 42 സ്ഥലങ്ങളിലുള്ള 66 ഈടുവെപ്പുകൾ പരിശോധിക്കേണ്ടിവന്നു."*

(Positio, Informatio Relatoris Generalis P. XVIII-XX)

# 8. 19-ാം നൂറ്റാണ്ടിലെ മാർപ്പാപ്പാമാർ



*1. 7-ാം പീയൂസ് മാർപ്പാപ്പ*
***(1800 March 21 - 1823 August 20)***



*2. 12-ാം ലെയോ മാർപ്പാപ്പ*
***(1823 Oct. 5 -1829 Feb.10)***



*3. 8-ാം പീയൂസ് മാർപ്പാപ്പ*
***(1829 April 5 - 1830 November 30)***



*4. 16-ാം ഗ്രിഗോരിയോസ്*
***(1831 February 6 - 1846 June 1)***



*5. 9-ാം പീയൂസ് മാർപ്പാപ്പ*
***(1846 June 21- 1878 February 7)***




*6. 13-ാം ലെയോ മാർപ്പാപ്പ*
***(1878 March 3 - 1903 July 20)***

# 9. സമുന്നതനേതാക്കൾ ചാവറയച്ചനെക്കുറിച്ച് സംസാരിക്കുന്നു

## പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ

(1986 ഫെബ്രുവരി 8-ാം തീയതി പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തുവെച്ച് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ടുനടത്തിയ പ്രസംഗത്തിൽ നിന്ന്)



**"കേരളത്തിൽ ജനിക്കയും അറുപത്തഞ്ചുവർഷത്തോളം ഇവിടെ ജീവിക്കയും ചെയ്ത ചാവറകുര്യാക്കോസ് ഏലിയാസച്ചൻ, ക്രിസ്ത്രീയ ജീവിതത്തിന്റെ നവീകരണത്തിനും വളർച്ചയ്ക്കും വേണ്ടി കഠിനാധ്വാനം ചെയ്ത ആളാണ്. ക്രിസ്തുവിനോടുള്ള ആഴമായ സ്നേഹം അദ്ദേഹത്തെ അപ്പസ്തോലിക തീക്ഷ്ണതകൊണ്ടു നിറച്ചു. ഇത് സഭയുടെ ഐക്യത്തെ വളർത്തുവാൻ പ്രത്യേകമായി സഹായിച്ചു. ആത്മാക്കളുടെ രക്ഷയിലുള്ള പ്രവർത്തനങ്ങളിൽ വലിയ ഔദാര്യത്തോടെ എല്ലാവരോടും പ്രത്യേകിച്ച് തന്റെ സഹസന്യാസികളോടും വൈദികരോടും സഹകരിച്ചു.**

.... കുര്യാക്കോസ് അച്ചന്റെയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സന്യാസികളുടെയും ജീവിതം സീറോ മലബാർസഭയുടെ സേവനത്തിനായി സമർപ്പിതമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലൊ, പ്രചോദനത്താലോ ഇവർ ഒട്ടനവധി അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഇടപ്പെട്ടു. വൈദികരുടെ പരിശീലനത്തിനും പഠനത്തിനുമായി സെമിനാരികൾ, ജനങ്ങൾക്കും വൈദികർക്കുമായി വാർഷികധ്യാനങ്ങൾ, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കു വേണ്ടി പ്രസ്സ്, അശരണർക്കും മരണാസന്നർക്കും വേണ്ടി ആശ്രയഭവനം, പൊതുവിദ്യാഭ്യാസത്തിനുള്ള സ്ക്കൂളുകൾ, വിശ്വാസപരിശീലനകേന്ദ്രങ്ങൾ എന്നിവയെല്ലാം നടപ്പിലാക്കി. സീറോമലബാർസഭയുടെ ആരാധനാക്രമനവീകരണത്തിലും, ദിവ്യകാരുണ്യഭക്തി, തിരുക്കുടുംബഭക്തി മുതലായവ പ്രചരിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. പ്രത്യേകമായി, സഭയുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ കുടുംബങ്ങൾക്കുള്ള സ്ഥാനം പരമപ്രധാനമാണ് എന്ന ബോദ്ധ്യത്തോടെ ക്രിസ്തീയകുടുംബങ്ങളുടെ ആത്മീയോൽക്കർഷത്തിനും നന്മയ്ക്കുമായി നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിന് തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു.

**....സഭ ഇന്നു പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തെ സ്നേഹത്തോടും കൃതജ്ഞതയോടുംകൂടി അനുസ്മരിക്കുന്നു; അദ്ദേഹം സഭയിലെ അനൈക്യത്തിനെതിരെ പടപൊരുതിയതിനും, പത്രോസിന്റെ പിൻഗാമിയായ സഭാതലവനോടും ആഗോളസഭയോടും, വൈദികരെയും ദൈവജനത്തെയും ഒരുമിപ്പിച്ചുനിർത്തിയതിനും. ഈ കാര്യവും ഇതുപോലുള്ള അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും വിജയമകുടമണിഞ്ഞത്, അദ്ദേഹത്തിന്റെ ജീവിതം പ്രാർത്ഥനയാലും പരസ്നേഹകൃത്യങ്ങളാലും ലോകത്തിലെ ക്രിസ്തുവിന്റെ ജീവിതവുമായി അഭേദ്യമായ ഒരു ബന്ധം നിലനിർത്തിയിരുന്നതു കൊണ്ടുമാത്രമാണെന്നതിൽ സംശയമില്ല."**

(HERALD OF THE EAST. VOL. 1, NO. 3, P. G. HOUSE, ERNAKULAM, 1992, PP. 81 - 84)

## അത്യുന്നത കർദ്ദിനാൾ പീറ്റർ പലസ്സീനി

(റോമിൽ വിശുദ്ധരുടെ നാമകരണനടപടികളുടെ അദ്ധ്യക്ഷനായിരുന്ന കർദ്ദിനാൾ പീറ്റർ പലസ്സീനി, ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനോട് ചേർന്ന് നൽകിയ സന്ദേശത്തിൽ നിന്ന്)

"പുരുഷന്മാർക്കുള്ള കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (സി. എം. ഐ.), സ്ത്രീകൾക്കായുള്ള കോൺഗ്രിഗേഷൻ ഓഫ് ദി മദർ ഓഫ് കാർമ്മൽ (സി. എം. സി.) എന്നീ സന്യാസസഭകളുടെ സ്ഥാപകനാണ് ധന്യനായ കുര്യാക്കോസ് ഏലിയാസ്. മാമ്മോദീസായിൽ ലഭിച്ച ദൈവവരപ്രസാദം എന്നും താൻ കാത്തുസൂക്ഷിച്ചതായി മരണശയ്യയിൽ വെച്ചു പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

**അതേസമയം, പാപത്തെക്കുറിച്ചുള്ള ആഴമേറിയ അവബോധം പുലർത്തിക്കൊണ്ടാണ് അദ്ദേഹം ജീവിച്ചത്. പാപബോധത്തിന്റെ ഗൗരവപൂർവ്വമായ അഭാവമുള്ള ആധുനികലോകത്തിന്, ഇക്കാര്യത്തിൽ അദ്ദേഹം ഒരു ചോദ്യചിഹ്നമാണ്."**

(THE DEEPIKA (DAILY), KOTTAYAM, 8th FEB.1986, P.4)

*"എന്റെ അറിവു ശരിയാണെങ്കിൽ, വിശുദ്ധരുടെ നാമകരണ നടപടികൾക്കുള്ള തിരുസംഘത്തിന്റെ വിലയിരുത്തലിന് ആദ്യമായി ലഭിച്ച യഥാർത്ഥ ഇൻഡ്യക്കാരനാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. വിസ്തൃതമായ ഇൻഡ്യാമഹാരാജ്യത്ത് യൂറോപ്പിൽ നിന്നുള്ള മിഷനറിമാരായി പ്രവർത്തിച്ച പല സ്ത്രീപുരുഷന്മാരുടെ നടപടികളുമായി താരതമ്യം ചെയ്യുമ്പോൾ അദ്ദേഹം പൗരസ്ത്യദേശത്തിന്റെ മുത്താണ്."*

Antonius Petti
Promoter General of Faith
Relatio et vota - IX, ROMA, 1983

## അത്യുന്നത കർദ്ദിനാൾ സൈമൺ ലൂർദ്ദ്സാമി

(വാഴ്ത്തപ്പെട്ട ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതിനുശേഷം 1986 മെയ് 15 ന് റോമിൽ നടത്തിയ പൊതുസമ്മേളനത്തിൽ ഒറിയന്റൽസഭകളുടെ പ്രീഫെക്ട് അത്യുന്നത കർദ്ദിനാൾ സൈമൺ ലൂർദ്ദ്സാമി നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു)

**"....ഞാൻ വാഴ്ത്തപ്പെട്ട ചാവറയച്ചനിൽ കാണുന്നത് വെറുമൊരു ആത്മീയവ്യക്തിത്വത്തെ മാത്രമല്ല, മറിച്ച് ഒരു ആത്മീയ പ്രഭാവത്തെയാണ്, വശ്യമായ ഒരു ആത്മീയസാന്നിദ്ധ്യത്തെയാണ്, ആഴമായ ദൈവസ്നേഹത്തിന്റെയും സഹജീവികളോടുള്ള പരിഗണനയുടേതുമായ ഒരവതാരത്തെയാണ്.** വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രവർത്തനമണ്ഡലങ്ങളെ ചുരുങ്ങിയ പരിധിക്കുള്ളിൽ ഒതുക്കിനിർത്താവുന്നതല്ല. അദ്ദേഹത്തിന്റെ തിളക്കമാർന്നതും കാന്തികശക്തിയുള്ളതുമായ വ്യക്തിത്വം സഭയിലും, സമൂഹത്തിലും, സംസ്ക്കാരത്തിലും നിറഞ്ഞുനിൽക്കുന്നതായ വൈവിദ്ധ്യങ്ങളെ ഏകീകരിക്കുന്ന അതിശക്തമായ കണ്ണിയാണ്. ഇൻഡ്യയുടെ ആത്മാവിനെ അതിന്റെ ആഴങ്ങളിൽ കണ്ടെത്തി അതിൽ വിലയം പ്രാപിച്ച ഒരാന്തരീകപരിവേഷമാണ് അദ്ദേഹം."

(BL. KURIAKOSE ELIAS CHAVARA, FR. VALERIAN PLATHOTTAM, PALA, 1991, PP 77- 84)

*"രോഗികളെ ശുശ്രൂഷിക്കുന്ന പ്രവർത്തി മനുഷ്യർക്ക് ഏറ്റവും അറപ്പുള്ളതും, വെറുപ്പുള്ളതും, പ്രയാസമുള്ളതും ലോകത്തിൻ മുമ്പിൽ താഴ്ന്നതായി പരിഗണിക്കുന്നതും എന്നാൽ ദൈവത്തിൻ മുമ്പിൽ വലിയ ഫലം ഉള്ളതുമാകുന്നു."*

(ചാവറയച്ചൻ, കത്തുകൾ P. 158, 159)

## അത്യുന്നത കർദ്ദിനാൾ ആന്റണി പടിയറ

(ചാവറയച്ചന്റെ ചരമത്തിന്റെ 125-ാം വർഷത്തിൽ സീറോ മലബാർ സഭയിലെ സകല അംഗങ്ങൾക്കും വേണ്ടി ശ്രേഷ്ഠ മെത്രാപ്പോലീത്ത കാർഡിനൽ ആന്റണി പടിയറ അയച്ച പൊതു ഇടയ ലേഖനത്തിൽ നിന്ന്)

വന്ദ്യ സഹോദരരെ, വാത്സല്യമക്കളെ,

....... 1996 ജനുവരി 3-ാം തീയതി വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദിവംഗതനായിട്ട് 125 വർഷം പൂർത്തിയാകുന്ന ഈ അവസരത്തിൽ നമ്മുടെ സഭാജീവിതത്തിൽ അദ്ദേഹത്തിനുള്ള പ്രസസ്തിയെപ്പറ്റി വിചിന്തനം ചെയ്യാൻ നമ്മുടെ സഭയിലെ അഭിവന്ദ്യപിതാക്കന്മാരേയും ബഹുമാനപ്പെട്ട വൈദികരേയും സന്ന്യാസിനി സന്ന്യാസികളേയും ജനങ്ങളേയും ഞാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. സഭാചരിത്രം പഠിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നു, ദൈവജനത്തിന് കാലാകാലങ്ങളിൽ ആദ്ധ്യാത്മിക നവീകരണവും നേതൃത്വവും നൽകാൻ ചില പിതാക്കന്മാരേയും വൈദികരേയും സന്ന്യസ്ഥരേയും അൽമായരേയും ദൈവം പ്രത്യേകിച്ച് തിരഞ്ഞെടുത്ത് നിയോഗിക്കാറുണ്ടെന്ന്, മാർത്തോമ ക്രിസ്ത്യാനികളുടെ സഭയിൽ ദൈവം ഇപ്രകാരം നിയോഗിച്ചവരിൽ ചിലരാണ്. കരിയാറ്റി ജോസഫ് മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമാക്കത്തനാരും പറമ്പിൽ ചാണ്ടിമെത്രാനും നിധീരിക്കൽ മാണിക്കത്തനാരും തച്ചിൽ മാത്തൂത്തരകനും. ഇവരുടെ ഗണത്തിൽ, **വളരെ സങ്കീർണമായ പ്രശ്നങ്ങൾ നേരിട്ടിരുന്ന 19-ാം നൂറ്റാണ്ടിൽ നമ്മുടെ സഭയ്ക്ക് ധീരമായ നേതൃത്വം നൽകാൻ വിളിക്കപ്പെട്ട് ധന്യാത്മാവാണ് ചാവറയച്ചൻ. അടിയുറച്ച ആദ്ധ്യാത്മികതയും കറകളഞ്ഞ സഭാസ്നേഹവും ക്രിയാത്മകമായ ദീർഘവീക്ഷണവും കൊണ്ട് പ്രശോഭിതമായ ഈ മഹാത്മാവിന്റെ ജീവിതകഥ 19-ാം നൂറ്റാണ്ടിലെ സീറോമലബാർസഭയുടെ ചരിത്രം കൂടിയാണ്. അദ്ദേഹം വഴി നമ്മുടെ സഭയ്ക്ക് കൈവന്നിട്ടുള്ള നേട്ടങ്ങൾ അവഗണിക്കാനോ വിസ്മരിക്കാനോ ആർക്കും സാധിക്കുകയില്ല. മാത്രമല്ല, പൂർണ്ണ ഭരണസ്വാതന്ത്ര്യമുള്ള പക്വതയാർന്ന ഒരു പൗരസ്ത്യ കത്തോലിക്കാസഭയായി വളരാനുള്ള ഇന്നത്തെ നമ്മുടെ പരിശ്രമങ്ങൾക്ക് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകുന്നുമുണ്ട്.**

1599-ലെ ഉദയംപേരൂർ സുനഹദോസിനെത്തുടർന്ന് പദ്രവാദോ ഭരണത്തിനും 1653 ലെ കൂനങ്കുരിശ് സത്യത്തെത്തുടർന്ന് പ്രൊപ്പഗാന്താ ഭരണത്തിനും കീഴിൽ നിരവധി യാതനകൾ അനുഭവിച്ചിരുന്ന നമ്മുടെ ശ്ലൈഹികസഭയ്ക്കുവേണ്ടി പ്രത്യേക വികാരിയാത്തുകളും ഹൈരാർക്കിയും സ്ഥാപിക്കുന്നതിനുമുമ്പ്, ഇതിനെല്ലാം മുന്നോടിയായി, ലത്തീൻഭരണത്തിൻ കീഴിൽത്തന്നെ, എല്ലാ സീറോമലബാർ കത്തോലിക്കർക്കുംവേണ്ടിയുള്ള പൊതു വികാരി ജനറാളായി വാഴ്ത്തപ്പെട്ട ചാവറയച്ചൻ 1861 ൽ നിയമിതനായി. **മാർത്തോമാശ്ലീഹാ സ്ഥാപിച്ച ഭാരതത്തിലെ സഭ ആഗോള കത്തോലിക്കാസഭയുടെ ഭാഗമാണെന്നും റോമാ മാർപ്പാപ്പയ്ക്ക് വിധേയമായിക്കൊണ്ടു മാത്രമേ സഭയുടെ കൂട്ടായ്മ സംരക്ഷിക്കാനാവൂ എന്നും അദ്ദേഹം അചഞ്ചലമായി വിശ്വസിച്ചു. നമ്മുടെ സഭയുടെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതോടൊപ്പം സഭയുടെ ഐക്യവും അഖണ്ഡതയും അദ്ദേഹം പരിരക്ഷിച്ചു. കത്തോലിക്കാ സഭൈക്യത്തിന്റെ കാര്യത്തിൽ ഒരു പൊരുത്തപ്പെടലിനും അദ്ദേഹം തയ്യാറായില്ല. അതുകൊണ്ടാണ് ജീവൻ തൃണവൽഗണിച്ചുപോലും ശീശ്മക്കെതിരെ പോരാടാനും സഭാനൗകയെ സത്യമാർഗ്ഗത്തിലൂടെ നയിക്കാനും അദ്ദേഹം പരിശ്രമിച്ചത്.** എല്ലാ പൗരസ്ത്യ കത്തോലിക്കാ സഭകളുടെയും ഇടയിൽ, നമ്മുടെ സഭമാത്രം ബന്ധപ്പെട്ട ഇതരക്രൈസ്തവസഭാവിഭാഗത്തേക്കാൾ, വിശ്വാസികളുടെ അംഗസംഖ്യയിലും മറ്റെല്ലാക്കാര്യങ്ങളിലും ഉൽകൃഷ്ടമാണെങ്കിൽ അതിനു നാം വാഴ്ത്തപ്പെട്ട ചാവറയച്ചനോട് കടപ്പെട്ടിരിക്കുന്നു.

ക്രാന്തദർശിയായ ഒരു അജപാലകൻ എന്ന നിലയിൽ **വാഴ്ത്തപ്പെട്ട ചാവറയച്ചൻ നമ്മുടെ അജപാലനരംഗത്തെ സമഗ്രമായൊരു നവീകരണത്തിലേക്കു നയിച്ചു. മല്പാന്മാരുടെ കീഴിലുള്ള വൈദികപരിശീലനത്തിനു പകരം, ഇന്നത്തെ പൊതുസെമിനാരികൾക്ക് മുന്നോടിയായി അദ്ദേഹം സ്ഥാപിച്ച സെമിനാരികൾ വിശുദ്ധിയും വിജ്ഞാനവുമുള്ള വൈദികരുടെ ഒരു പുതിയ നിരയ്ക്ക് ജന്മം നൽകി. ഞായറാഴ്ചപ്രസംഗം, ഇടവകകളിൽ ജനങ്ങൾക്കുവേണ്ടിയുള്ള വാർഷികധ്യാനം, കുടുംബപ്രാർത്ഥന തുടങ്ങിയവ അദ്ദേഹം പ്രോത്സാഹിപ്പിച്ച് വളർത്തിയെടുത്തവയാണ്. പിടിയരി, കെട്ട്തെങ്ങ്, നൂറ്റിക്കഞ്ഞ് തുടങ്ങിയ പദ്ധതി**

**കൾവഴി സഭയോടൊത്ത് ചിന്തിക്കാനും അവളുടെ പ്രവർത്തന ങ്ങളിൽ പങ്കെടുക്കാനും അദ്ദേഹം നമ്മുടെ ജനങ്ങളെ അഭ്യ സിപ്പിച്ചു.**

.....19-ാം നൂറ്റാണ്ടിൽ നമ്മുടെ സഭയ്ക്ക് നേരായ നേതൃത്വം നൽകി സഭാജീവിതത്തിലെ എല്ലാ മണ്ഡലങ്ങളും നവീകരിച്ച് ഇന്നത്തെ നമ്മുടെ സഭയ്ക്ക് രൂപവും ഭാവവും നൽകാൻ ദൈവം നിയോഗിച്ച വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാതൃക നമുക്കെല്ലാവർക്കും പ്രചോദനമാകട്ടെയെന്ന് ആശംസിച്ചുകൊണ്ടും കത്തോലിക്കാ കൂട്ടാ യ്മയിൽ പൂർണ ഭരണസ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു പൗരസ്ത്യ സഭയായി വളരുന്നതിനുള്ള നമ്മുടെ പരിശ്രമങ്ങളിൽ അദ്ദേഹ ത്തിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ടും, നിങ്ങളെ എല്ലാവ രെയും * പിതാവിന്റെയും * പുത്രന്റെയും * പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുന്നു.

എന്ന്,

എറണാകുളം-അങ്കമാലി

ശ്രേഷ്ഠമെത്രാസനമന്ദിരത്തിൽനിന്നു

1995 ഡിസംബർ 10-ാം തീയതി

കർദ്ദിനാൾ ആന്റണി പടിയറ

(ARCHIVES OF CMI PRIOR GENERAL'S HOUSE, ERNAKULAM, File No. 3-4/1, ARCHIEPISCOPAL CURIA)

*"സഹോദരങ്ങളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷ യ്ക്കായി ദൈവം ഈ സഭയെ സ്ഥാപിക്കാൻ തിരുമന സ്സായിരിക്കയാൽ..... വിശ്വാസികളുടെ ആത്മനടപ്പിന് എത്രയും നല്ലതും ആവശ്യവും മുത്തോലി എന്ന സ്ഥലത്തും മാന്നാനത്തും രണ്ടു മഠങ്ങളും ബോർഡിങ്ങ് ഹൗസുകളും ആവശ്യംതന്നെ. ഇതി നെല്ലാം നിങ്ങളുടെ അല്പമായ ബുദ്ധിമുട്ടും ഉത്സാ ഹവും മതിയായിരിക്കുന്നു."*

(ചാവറയച്ചൻ, കത്തുകൾ, P. 100, 101)

## രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ, മുൻ ഇൻഡ്യൻ പ്രസിഡണ്ട്

(1987 ഡിസംബർ 20-ാം തീയതി തിരുവനന്തപുരത്ത് ചാവറ -സ്റ്റാമ്പ് പ്രകാശനം ചെയ്തപ്പോൾ നടത്തിയ പ്രസംഗത്തിൽ നിന്ന്)

"ഒരു വലിയ സാമൂഹ്യപരിഷ്ക്കർത്താവായ കുര്യാക്കോസ് ഏലിയാസച്ചനെ അനുസ്മരിക്കുന്ന ഈ ചടങ്ങിൽ പങ്കെടുക്കുവാൻ സാധിച്ചത് ഒരു ബഹുമതിയായി ഞാൻ കാണുന്നു. ഈ മഹാനുഭാവന്റെ പേരിൽ ഒരു സ്റ്റാമ്പ് ഇറക്കുവാൻ തയ്യാറായ ഇൻഡ്യൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു.

...ഒരു മഹാപണ്ഡിതനും, അഗതികൾക്കും വിദ്യാവിഹീനർക്കും, അധകൃതർക്കും വേണ്ടിയുള്ള സ്ഥാപനങ്ങളുടെ സ്ഥാപകനായും അദ്ദേഹം നന്ദിപൂർവ്വം സ്മരിക്കപ്പെടുന്നു. 1986-ൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ തന്റെ ഭാരതസന്ദർശനവേളയിൽ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് തികച്ചും സമുചിതമായിരിക്കുന്നു.

**...വിദ്യാഭ്യാസപ്രവർത്തനം അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ട ഒന്നായിരുന്നു. മതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിന്റെ രണ്ടുവശങ്ങൾ മാത്രമായിരുന്നു. അധഃകൃതരെ ഉദ്ധരിക്കുന്നതിന് ഒന്നാന്തരമൊരു മാർഗ്ഗമായിരുന്നു ചാവറയച്ചന് വിദ്യാദാനപ്രവർത്തനം. വിദ്യാദാനത്തിനുവേണ്ടി അപേക്ഷിക്കുന്ന ഏതു മതക്കാരനും, ഹരിജനങ്ങളുൾപ്പെടെ ചാവറയച്ചൻ സമാരംഭിച്ച സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇത് വിപ്ലവകരമായ ഒരു നീക്കം തന്നെ ആയിരുന്നു.**

ചാവറയച്ചന്റെ വിദൂരദൃഷ്ടി മറ്റൊരു പുരോഗമനപരമായ കാര്യത്തിലും പ്രത്യേകം പതിഞ്ഞിരുന്നു. 1866-ൽ തന്നെ ചാവറയച്ചൻ സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ഭാരതീയ സന്യാസസഭയ്ക്ക് അടിസ്ഥാനമിടുകയും അത് സ്ത്രീജനങ്ങളുടെ സർവ്വതോമുഖമായ പുരോഗതിക്ക് ആക്കം കൂട്ടുകയും ചെയ്തു. ഇപ്രകാരം ചാവറയച്ചൻ ഇൻഡ്യൻ നവോത്ഥാനപ്രസ്ഥാനത്തിന്റെ അതികായനായ ഒരവതാരമായിരുന്നു. ഇത് അധഃകൃതരെ ഉയർത്തുന്നതിനും നിരാശരെ ധൈര്യപ്പെടുത്തുന്നതിനും ജനങ്ങളുടെ സ്വാഭിമാനം വളർത്തുന്നതിനും വളരെയേറെ സഹായകമായി."

(HERALD OF THE EAST. VOL. 1, NO. 1, P. G. HOUSE, ERNAKULAM, 1991, PP. 7 - 11)

## പി. രാമചന്ദ്രൻ, മുൻകേരളഗവർണ്ണർ

(1987 ഡിസംബർ 20 ന് തിരുവനന്തപുരത്ത് ചാവറ-സ്റ്റാമ്പു പ്രകാശനം ചെയ്തപ്പോൾ നടത്തിയ പ്രസംഗത്തിൽ നിന്ന്)

"....ആറരശതാബ്ദം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സുകൃതചര്യകൾ ഈ മർത്ത്യലോകത്ത് അമർത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു.... **ചാവറയച്ചന്റെ ജീവിതം ആത്മാവിലാവേശം പകരുന്ന അന്തസാരപൂർണ്ണമായ ഒരു വീരഗാഥയാണ്. ക്രൈസ്തവസഭയിൽ വൈദികനായ അദ്ദേഹം അഭിഷിക്തനായ നിമിഷം മുതൽ ദൈവത്തിനായി ജീവിതം ഉഴിഞ്ഞുവെച്ചുകൊണ്ട് സഹജീവികളുടെ സാമൂഹ്യവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് ആത്മാർത്ഥമായി യത്നിച്ചു.**

.... മാന്നാനത്തു ഇപ്പോഴും സൂക്ഷിച്ചിട്ടുള്ള മരപ്രസ്സ്, മുദ്രിതാക്ഷരങ്ങളിലൂടെ ജനങ്ങൾക്ക് വിദ്യയുടെ വെളിച്ചം പകർന്നുകൊടുക്കാൻ ചാവറയച്ചൻ മുന്നോട്ടിറങ്ങിയതിന്റെ വാചാലമായ സാക്ഷ്യമാണ്.

....ഇന്നു നാം കാണുന്ന അനേകം കോളേജുകളും സ്കൂളുകളും സാങ്കേതിക സ്ഥാപനങ്ങളും, വൃദ്ധ, ബധിര, അന്ധ, വികലാംഗരുടെ മന്ദിരങ്ങളും, ഹോസ്പിറ്റലുകളും ക്ലീനിക്കുകളുമെല്ലാം ചാവറയച്ചന്റെ വലിയ ദർശനത്തിന്റെയും, വിദ്യാഭ്യാസപരവും സാമൂഹ്യവുമായ ഉന്നതിക്കുവേണ്ടിയുള്ള ഔത്സുക്യത്തിന്റെയും അടിസ്ഥാനത്തിൽ നിന്നുയിർക്കൊണ്ടതാണെന്നും ഇതിന് അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു എന്നും സമ്മതിക്കേണ്ടിയിരിക്കുന്നു."

(HERALD OF THE EAST. VOL. 1, NO. 2, P. G. HOUSE, ERNAKULAM, 1991, PP. 45, 46)

*"ശത്രുക്കളോട് പകരം വീട്ടുവാൻ മൃഗങ്ങൾക്കുകൂടിയും ശക്തിയുണ്ട്. എന്നാൽ അവയെ സാരംവെയ്ക്കാതെ ക്ഷമിക്കുന്നത് മഹാശക്തിയും, വിവേകവും, മാന്യതയുള്ള ആളിനുമാത്രം കഴിയുന്നതുമത്രെ."*

(ചാവറയച്ചൻ, കത്തുകൾ, P. 138)

## മാർ ജയിംസ് കാളാശ്ശേരി ചങ്ങനാശ്ശേരി രൂപതയുടെ മുൻ മെത്രാൻ

**"....ഒരു പുണ്യശ്ലോകൻ, വിശ്വാസസംരക്ഷകൻ, അനഭിഷിക്തനായ മെത്രാൻ, ഈ നിലകളിൽ കേരളപ്രസിദ്ധി കൈവരിച്ചിട്ടുള്ള ചാവറ കുര്യാക്കോസ് ഏലിയാസച്ചനെപ്പോലുള്ള ഒരു മഹാത്മാവിന്റെ ജീവചരിത്രപുസ്തകത്തിന് അവതാരികയുടെ അഭാവംകൊണ്ട് ഒരു കുറവും വരാനില്ല തന്നെ.** പേരെന്തെന്നോ, രൂപമെന്തെന്നോ നിശ്ചയമില്ലാത്ത ഒരു സന്യാസസമൂഹമായിരുന്നല്ലോ പോരൂക്കര തോമ്മാമല്പാനും, പാലയ്ക്കൽ തോമ്മാമല്പാനും, ചാവറ കുര്യാക്കോസ് മല്പാനും കൂടി മാന്നാനംകുന്നിൽ ആരംഭിച്ചത്. എന്നാൽ നിയമാനുസൃതമായ സഭ സ്ഥാപനം നിർവ്വഹിക്കുന്നതിനുള്ള ഭാഗ്യം ലഭിക്കാതെ ആദ്യത്തെ രണ്ടു മല്പാന്മാരും നിത്യഭാഗ്യപ്രാപ്തിക്കായി ലോകത്തിൽ നിന്നും അന്തർദ്ധാനം ചെയ്തു.

അനന്തരം സഭാസ്ഥാപനനിർവ്വഹണത്തിനുള്ള ചുമതല മുഴുവനും കുര്യാക്കോസച്ചൻ ഏറ്റെടുക്കേണ്ടതായി വന്നു. ദൈവം അദ്ദേഹത്തെ ഈ മഹൽക്കാര്യത്തിനായി ചെറുപ്പം മുതൽ സജ്ജമാക്കിയിരുന്നു എന്നുള്ളതിന് ഈ ചരിത്രം ഒരുത്തമസാക്ഷ്യമാണ്. കുര്യാക്കോസച്ചനാകട്ടെ ഈ കൃത്യം പ്രശംസനീയമായ വിധത്തിൽ നിറവേറ്റുകയും ചെയ്തു.

**....ഈ സമൂഹത്തെ നിയമാനുസൃതം സഭയായി സ്വീകരിച്ച് അംഗീകരിക്കണമെന്നു കാണിച്ച് വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ പക്കൽ ചാവറയച്ചൻ അപേക്ഷകൾ സമർപ്പിച്ചു. തൽഫലമായി "അമലോത്ഭവമാതാവിന്റെ ദാസസംഘം" എന്ന പേരിൽ സഭ സ്ഥാപിക്കുന്നതിനും, നിയമാനുസരണം വ്രതങ്ങൾ അനുഷ്ഠിക്കുന്നതിനും മോൺ ബർണ്ണർദീനോസ് ഔദ്യോഗികമായി അനുവാദം നൽകി. അപ്രകാരം 1855 ഡിസംബർ 8 ന് ദൈവജനനിയുടെ നാമത്തിൽ സഭ സ്ഥാപിക്കയും വ്രതങ്ങൾ ദൈവത്തിന് അർപ്പിക്കയും ചെയ്തു. ഇനി, കേരള സുറിയാനി കർമ്മലീത്താസഭയുടെ സ്ഥാപകൻ കുര്യാക്കോസ് ഏലിയാസച്ചനാണെന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ."**

**(ചാവറയച്ചൻ (ജീവചരിത്രം) ഫാ. വലേരിയൻ,**
**അവതാരിക മാന്നാനം, 1939)**

## മാർ ജോസഫ് പവ്വത്തിൽ, ചങ്ങനാശ്ശേരി അതി രൂപതാമെത്രാപ്പോലീത്ത

**('ചാവറജയന്തി 200' ഉൽഘാടനാദ്ധ്യക്ഷനായി മാന്നാനത്ത് 2004 ജനുവരി 3 ന് പങ്കുവെച്ചത്.)**

**"കേരളം കണ്ട ഏറ്റവും വലിയ ആദ്ധ്യാത്മീയ ഗുരുക്കളിൽ ഒരാളാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അദ്ദേഹം ഒരു ആദ്ധ്യാത്മിക മനുഷ്യ നായിരുന്നു. അതോടൊപ്പംതന്നെ മാനുഷികമായി യാതൊന്നും അദ്ദേഹത്തിന് അന്യമായിരുന്നില്ല. ദൈവത്തിന്റെ മഹത്വം മനു ഷ്യന്റെ മാഹാത്മ്യം കൂടിയാണ് എന്ന് അദ്ദേഹത്തിന് അറിയാമാ യിരുന്നു. അതുകൊണ്ട് മാനുഷികമായ എല്ലാ തലങ്ങളിലും അദ്ദേ ഹത്തിന് താല്പര്യം ഉണ്ടായിരുന്നു.** എല്ലാത്തിന്റെയും സുസ്ഥി തിയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യമെന്ന് വേണം പറയുവാൻ. അങ്ങനെ വിവിധ തലങ്ങളിൽ പ്രവർത്തിച്ച വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് നമുക്ക് ഏറെ ഓർമ്മിക്കുവാൻ ഉണ്ടാകും. **ഒരു ചെറിയ ഗ്രന്ഥമാണ് എന്നെ വാഴ്ത്തപ്പെട്ട ചാവറ യച്ചനുമായി പരിചയപ്പെടുത്തിയത്, "നല്ല അപ്പന്റെ ചാവരുൾ" എന്ന് പറയുന്ന ആ ചെറുഗ്രന്ഥം. അത് ഞാൻ ചെറുപ്പമായിരുന്ന വേളയിൽ ഈ പ്രദേശത്തൊക്ക കുടുംബങ്ങളിൽ ഉണ്ടായിരുന്ന ഒരു ഗ്രന്ഥമാണ്. അദ്ദേഹംതന്നെ കുടുംബക്കാർക്കായി എഴുതിയ താണത്.** അന്ന് പല കുടുംബങ്ങൾക്കും അതു പ്രയോജനപ്പെട്ടു. എല്ലാ ഇടവകകൾക്കും സഹായകമാകുമെന്ന് കരുതി അത് അച്ചടിച്ച് മാന്നാനത്തുനിന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ കുടുംബങ്ങളുടെ ഭദ്രതയെക്കുറിച്ചാണ് അദ്ദേഹം കാര്യമായി പ്രതി പാദിക്കുന്നത്. കുടുംബങ്ങളിൽ ചിട്ടയും ക്രമവും ഉണ്ടായിരിക്കണം. ഇതിന് മറ്റൊരു വിധത്തിൽ "ക്രിസ്തീയ കുടുംബചട്ടം" എന്ന് പറ യാമെന്ന് തോന്നുന്നു. അങ്ങനെ ക്രിസ്തീയ കുടുംബങ്ങളിൽ ചില ചട്ടങ്ങളും തഴക്കങ്ങളും നിയമങ്ങളുമെല്ലാം ഉണ്ടായിരിക്കണമെന്നു ള്ളതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അതിനുവേണ്ട കാര്യ ങ്ങൾ അദ്ദേഹം പറഞ്ഞുകൊടുക്കുകയായിരുന്നു. കുടുംബത്തിന്റെ സുസ്ഥിതി സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമാണെന്ന് മനസ്സി

ലാക്കിയ അദ്ദേഹം തനിക്ക് ഏറ്റവും പ്രിയപ്പെട്ട ആളുകൾക്ക് നൽകിയ ഉപദേശങ്ങളാണ് അതിലുള്ളത്. അത് തീർച്ചയായും ഇന്നും നാം ശ്രദ്ധിക്കേണ്ടതാണ്. ഇന്നും ഏറ്റവും അനുപേക്ഷണീയമായ കാര്യം കുടുംബങ്ങളുടെ ഭദ്രതയാണ്. കുടുംബഭദ്രതയെക്കുറിച്ച് ചിന്തിക്കുന്നവർക്ക് ഈ ഗ്രന്ഥം തീർച്ചയായും ഒരു മാർഗ്ഗദർശനം ആയിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല."

C- MISSION, CHAVARA JAYANTHI YEAR SPECIAL, NO. 67, P.G. HOUSE, ERNAKULAM, 2004, PP. 10-11.

*"ഞാൻ മാംസബന്ധത്താൽ ചേന്നങ്കരിപള്ളി ഇടവകയിൽ ചാവറ കുര്യാക്കോസ് എന്ന ആളിന്റെ മകനാകുന്നു.... ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്ക് നീതിയാലെയും ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേഷ കടമയുണ്ട്..... ആയതിനാൽ എല്ലാറ്റിനുമായി എന്റെ കയ്യെഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസു മരിക്കില്ല..... ഇത് എന്റെ ദസ്തമെന്ത് (മരണശാസനം) ആകുന്നു.... ഞാൻ ലോകത്തിൽ വന്നു എന്ന് ഇതിനാൽ ഓർക്കുന്നതിനുവേണ്ടി കഴിയുന്നവരെല്ലാം ഇതു പകർത്തി വീടുകളിൽ സൂക്ഷിപ്പിൻ..... എല്ലാവരും കൂടി ഇത് വായിക്കുക. ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക. മറ്റൊരോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യേണ്ട."*

"ഒരു നല്ല അപ്പന്റെ ചാവരുൾ" കൈനകരിക്കാർക്കായി
ചാവറയച്ചൻ സമർപ്പിക്കുന്നു

(ചാവറയച്ചൻ, കത്തുകൾ P. 152)

## മാർ കുര്യാക്കോസ് കുന്നശ്ശേരി കോട്ടയം രൂപതാ മെത്രാൻ

(2004 ജനുവരി 3 ന് ചാവറ ജയന്തി 200 ഉൽഘാടനവേളയിൽ മാന്നാനത്ത് പങ്കുവെച്ചത്)

"പ്രകൃതിരമണീയമായ ഈ മാന്നാനം കുന്നിൽ, പ്രശാന്തസുന്ദരമായ അന്തരീക്ഷത്തിൽ, പച്ചവില്ലൂസു പോലെയുള്ള 'വടക്കൻ കുട്ടനാട്' എന്നു വിശേഷിപ്പിക്കുന്ന നെൽപ്പാടങ്ങളെ നോക്കി തലയുയർത്തി നില്ക്കുന്ന ഈ ആശ്രമത്തിൽ ഇന്ന് വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ ജന്മ ദ്വിശതാബ്ദി കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് നാം ദിവ്യബലി അർപ്പിക്കുകയാണല്ലോ.

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് അച്ചനെ ഓർക്കുമ്പോൾ യൂറോപ്യൻ സന്ന്യാസസഭകളുടെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ ബനഡിക്റ്റിനെയാണ് ഞാൻ അനുസ്മരിക്കുക. അഞ്ചാം നൂറ്റാണ്ടിൽ വി. ബനഡിക്റ്റ് തുടങ്ങിയ ബനഡിക്റ്റൻ സഭയുടെ നിയമാവലിയെ അനുകരിച്ചാണ് പിന്നീട് യൂറോപ്പിൽ ധ്യാനാത്മകവും പ്രവർത്തനോന്മുഖവുമായ, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള സമൂഹങ്ങൾ ഉടലെടുത്തത്. അവയ്ക്കെല്ലാം ഉണർവ്വും ഉത്തേജനവും നൽകിയത് ലോകപ്രസിദ്ധമായ മോന്തേ കസിനോ ആശ്രമം ആയിരുന്നു. **സുറിയാനി ക്രിസ്ത്യാനികൾക്ക് തനതായി ഒരു രൂപതയോ മെത്രാനോ ഇല്ലാതിരുന്ന കാലഘട്ടത്തിൽ അന്നത്തെ ലത്തീൻ മെത്രാന്മാരുടെ അനുവാദത്തോടുകൂടി പാലയ്ക്കലച്ചന്റേയും പോരൂക്കര അച്ചന്റേയും സഹകരണത്തോടുകൂടി വാഴ്ത്തപ്പെട്ട ചാവറ പിതാവ് ആരംഭിച്ച കേരള കർമ്മലീത്താ സഭയും അതിന്റെ പ്രവർത്തനങ്ങളുമാണ് പിന്നീട് സ്ത്രീകൾക്കും പുരുഷന്മാർക്കുമായി പല സമൂഹങ്ങൾ ഉണ്ടാകുവാൻ നിദാനമായത്. അതുകൊണ്ട് ചാവറ പിതാവിനെ 'ഭാരതീയ ബനഡിക്തോസ്' എന്നും മാന്നാനം ആശ്രമത്തെ 'ഭാരതീയ മോന്തേ കസിനോ' എന്നും നമുക്കു വിളിക്കാം."**

C- MISSION, CHAVARA JAYANTHI YEAR SPECIAL, NO. 67 P.G. HOUSE, ERNAKULAM, 2004, PP. 12-14.

# 10. 19-ാം നൂറ്റാണ്ടിലെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാരും സുറിയാനി സഭാധികാരികളും



*വി. യൗസേപ്പിന്റെ റെയ്മണ്ട് സൂര്യ*

1802 - 1808 - അഡ്മിനിസ്ട്രേറ്റർ

1808 - 1816 - വികാരി അപ്പസ്തോലിക്ക

*പീറ്റർ ഡി. അൽകാന്ത്ര റംസ്സിനി*

1817 - 1821 - അഡ്മിനിസ്ട്രേറ്റർ



*മിലെസ് പ്രെൻഡർഗാസ്റ്റ്*

1821 - 1828 - വികാരി അപ്പസ്തോലിക്ക



*മൗറേലിയൂസ് സ്തബിലീനി*

1828 - 1831 - ഇടക്കാല വികാരി അപ്പസ്തോലിക്ക



***വി. അന്നയുടെ ഫ്രാൻസീസ് സേവ്യർ***

1832 - 1844 - വികാരി അപ്പസ്തോലിക്ക



***വി. ത്രേസ്യായുടെ ലുദ്‌വിക് മർത്തീനി***

1845 - 1853 - വികാരി അപ്പസ്തോലിക്ക



***വി. ത്രേസ്യായുടെ ബർണർഡിൻ ബച്ചിനെല്ലി***

1853 - 1859 - അഡ്മിനിസ്ട്രേറ്റർ

1859 - 1868 - വികാരി അപ്പസ്തോലിക്ക

1861 - 1871 - ചാവറയച്ചൻ - വികാരിജനറൽ



**ഫാ. കുര്യാക്കോസ് ഏലിയാസ് ചാവറ**

1861 - 1871- സുറിയാനിക്കാരുടെ വികാരിജനറൽ



**വി. ലൂയിസിന്റെ ലെയൊനാർഡ് മെല്ലാനൊ**
1868 - 1877- വികാരി അപ്പസ്തോലിക്ക



**വി. ത്രേസ്യായുടെ മർസലീനോസ്**
1877 - 1896 - സുറിയാനിക്കാരുടെ കോ-അഡ്ജത്തോർ

# സുറിയാനി വികാരിയാത്തുകൾ



**അഡോൾഫ് മെഡ്‌ലിക്കോട്ട്**

1887 - 1896 - ത്രിശൂർ അപ്പസ്തോലിക് വികാർ



**ചാൾസ് ലവീഞ്ഞ്**

1887 - 1896 - കോട്ടയം അപ്പസ്തോലിക് വികാർ



**മാർ ലൂയീസ് പഴേപറമ്പിൽ**

1896 - 1919 - എറണാകുളം അപ്പസ്തോലിക് വികർ



**മാർ ജോൺ മേനാച്ചേരി**

1896 - 1919 - ത്രിശൂർ അപ്പസ്റ്റോലിക് വികർ



**മാർ മത്തായി മാക്കീൽ**

1896 - 1911 - ചങ്ങനാശ്ശേരി അപ്പസ്റ്റോലിക് വികർ

# 11. ചാവറയച്ചനെ നേരിട്ടുകണ്ടവർ സംസാരിക്കുന്നു

## ജ്ഞാന ഇരുളിനെ നീക്കി

### കുര്യാക്കോസ് എലീശ പോരൂക്കര

(1831 മുതൽ ചാവറയച്ചനെ നേരിട്ടു പരിചയമുള്ളവനും സഭയുടെ രണ്ടാമത്തെ ജനറലുമായ പോരൂക്കര ഏലിശാച്ചൻ 1871 ൽ എഴുതുന്നു.)

"....ആ സർവ്വേശ്വര! ഇദ്ദേഹം ചെയ്തുവന്നിരുന്ന പ്രവർത്തികളെ ഓർക്കുമ്പോൾ ഇപ്പോൾ ഞങ്ങൾ നാണിക്കുന്നു. ഇടവിടാതെ നമസ്ക്കരിക്കയും, ധ്യാനിക്കയും, ഏറിയനേരം ഉറക്കമൊഴിഞ്ഞിരിക്കയും, ഭക്തിയുടെ ആധിക്യത്താൽ കരയുവാൻ തക്കതിൻവണ്ണമുള്ള ഭക്തിയോടെ ദിവ്യപൂജ അണയ്ക്കുകയും ചെയ്തിരുന്നു. ഞായറാഴ്ചകളിലും, പെരുന്നാളുകളിലും മറ്റും എല്ലായിടങ്ങളിലും ചെന്നു ജ്ഞാനപ്രസംഗങ്ങളാലും, ഇടവിടാതെയുള്ള ഗുണദോഷങ്ങളാലും ഈ ദേശങ്ങളെ ഇളക്കി ജ്ഞാന ഇരുളിനെ നീക്കി ദൈവവെളിച്ചത്തെ വരുത്തുകയും എത്രയും വലിയ ബുദ്ധിമുട്ടോടുകൂടെയും ഓരോരുത്തരുടെ പക്കൽചെന്ന് കിട്ടുന്നതിനെ സന്തോഷത്തോടെ വാങ്ങിക്കൊണ്ട് പണികൾ നടത്തുകയും ചെയ്തിരുന്നു.

....തൂക്കാസ എന്ന സുറിയാനി ക്രമപ്പുസ്തകവും എഴുതിയുണ്ടാക്കി. സുറിയാനി ക്രമപഞ്ചാംഗവും താൻ തന്നെ ഉണ്ടാക്കി. മല്പാനച്ചൻ ഇവിടെ അച്ചടിച്ച് നടപ്പാക്കി. ഇതുകൂടാതെ മൂന്നുപട്ടക്കാരുടെ സ്തപസ്സു കുർബ്ബാനയുടെയും, വേസ്പര എന്ന പാട്ടുറംശയുടെയും, മരിച്ചവർക്കുവേണ്ടിയുള്ള അന്നീദയുടെയും മറ്റും പല ക്രമങ്ങളും എത്രയും വിവേകത്തോടുകൂടെ എഴുതി ഉണ്ടാക്കയും, പരോപകാരത്തിനുവേണ്ടി മലയാളഭാഷയിൽ പല പർവ്വങ്ങളും കവിതകളും കൊവേന്തയുടെ നാളാഗമവും ഇതിന്റെ അടിസ്ഥാനക്കാരിൽപെട്ട രണ്ടു പിതാക്കന്മാരുടെ ചരിത്രവും റോക്കോസ് മെത്രാനാൽ ഉണ്ടായ ശീശ്മകാലത്തെ സംഭവങ്ങളും എഴുതി ഉണ്ടാക്കയും

സ്നേഹവുമായി കൂടെക്കൂടെ തന്റെ സ്തുതികളെക്കുറിച്ച് പറയുകയും കാണുന്നവരുടെ ഹൃദയത്തിൽ ഈ വിശേഷഭക്തിയെ പതിക്കുവാൻ പരിശ്രമിക്കയും ചെയ്തിരുന്നു. എന്നാൽ കുറെ നാളുകളായിട്ട് തന്റെ മരണം അടുത്തിരിക്കുന്നു എന്നുള്ള ഒരു വിശേഷ അറിവാൽ എല്ലായ്പോഴും നല്ല മരണത്തിന് ഒരുങ്ങിയിരുന്നു.

....മൂന്നു മാസത്തേയ്ക്ക് രോഗത്തിന്റെ വിഷമതകളും മുഴുവനായ കാഴ്ചക്കുറവും മഹാക്ഷമയോടും സന്തോഷത്തോടുംകൂടി സഹിച്ചു. തന്റെ പ്രിയമക്കളായിരിക്കുന്ന എല്ലാ കൊവേന്തകളിലുമുള്ള സന്യാസികളുടെ അറിവിനും നിത്യസൂക്ഷ്മത്തിനുമായി അനേകം നിർദ്ദേശങ്ങളടങ്ങിയിരിക്കുന്ന മരണപത്രിക മുൻകൂട്ടി തന്റെ കയ്യാലെ എഴുതി കയ്യൊപ്പുവെച്ചിരുന്നു.

....ഇദ്ദേഹത്തിന്റേതുപോലുള്ള വിശേഷമായ മരണം ആഗ്രഹിക്കുന്ന നാം അദ്ദേഹത്തിന്റെ വിശേഷമായ ജീവിതം കണ്ടുപഠിക്കാൻ പരിശ്രമിക്കുക.''

സ്ഥാപകപിതാക്കന്മാർ, മാന്നാനം, 1905, PP.31- 40

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL)

*''മലയാളത്തിൽ പുത്തനായി സ്ഥാപിച്ച കർമ്മലീത്താദിസ് കാൾസ്ഡ് മൂന്നാംസഭയുടെ അടിസ്ഥാനക്കാരനും, ഒന്നാമത്തെ പ്രിയോരും, മലയാളത്തിന്റെ മല്പാനും, വികാരി ജനറാളും ആയ തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയാ എന്ന ഞങ്ങളുടെ പിതാവ്..... ദൈവസഹായത്തിന്മേൽ ശരണപ്പെട്ടു കണ്ണുനീരുകളാൽ തുടങ്ങിയ ഈ വേല 24-ാം വർഷത്തിൽ ഈ പിതാവു വഴി പൂർത്തിയായി.''*

(സ്ഥാപക പിതാക്കന്മാർ. P. 31-35)

## മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതം
## മിഷനറി ഫാ. ലെയോപ്പോൾദ് ബെക്കാറോ ഒ. സി. ഡി.

(ചാവറയച്ചന്റെ ആത്മീയപിതാവും, സഭയുടെ ഡലഗേറ്റും, ഏഴു വർഷം അദ്ദേഹത്തോടൊപ്പം ജീവിച്ചിരുന്നവനുമായ ഫാ. ലെയോപ്പോൾദ് 1871-ൽ ചാവറയച്ചന്റെ "ആത്മാനുതാപം" പ്രസിദ്ധീകരിച്ചപ്പോൾ ആമുഖമായി എഴുതി)

"ഇപ്പോഴും ജീവിച്ചിരിക്കുന്ന അയാളുടെ സെമിനാരിക്കൂട്ടരായ കത്തനാരച്ചന്മാർ സാക്ഷിക്കും വിധം കൊച്ചു കുര്യാക്കോസിന് ദൈവശുശ്രൂഷയുടെ ലക്ഷ്യമല്ലാതെ മറ്റൊരു ലോകവിചാരം കൂടാതെ പഠിത്തത്തിലും, ക്രമത്തിലും, ദൈവപേടിയിലും വിശേഷതാല്പര്യമുള്ളവനായിരുന്നു.

.... ആ കാലങ്ങളിൽ അപൂർവ്വമായിരുന്ന പള്ളിപ്രസംഗം പലയിടങ്ങളിലും പറയുകയും ആത്മാവുകളെക്കുറിച്ചുള്ള മറ്റോരോരോ പ്രവർത്തനങ്ങളെ വിശേഷ താല്പര്യത്തോടെ ചെയ്തിരുന്നു. പുളിങ്കുന്ന് ഇടവകയിൽ ജനങ്ങളുടെ അപേക്ഷപ്രകാരം ധ്യാനിപ്പിച്ചു. അതിൽക്കൂടിയവർക്കെല്ലാം വിശേഷ അലിവും ഫലവുമുണ്ടായി എന്ന് ഇപ്പോഴും അതിന്റെ ഓർമ്മയുള്ളവർ സാക്ഷിക്കുന്നു.

....പള്ളിയുടെ വെടിപ്പും ക്രമവും ഇടവകക്കാരുടെ ആത്മഗുണവും എത്രയോ ജാഗ്രതയോടും താല്പര്യത്തോടുംക്കൂടി അന്വേഷിച്ചിരുന്നു എന്ന് ഇദ്ദേഹത്തെക്കുറിച്ച് അല്പമെങ്കിലും അറിവുള്ളവർക്ക് എളുപ്പത്തിൽ ഓർക്കാവുന്നതാണ്.

....ഇതിൽ പ്രത്യേകമായിട്ട് മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും, ദൈവികകാര്യങ്ങളെ പഠിക്കുന്നതിനും, നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാകണമെന്ന് എത്രയും ആഗ്രഹമായി, അതിന് സർവ്വേശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പോൾ അതിനെ നടപ്പാക്കുന്നതിന് എത്രയോ പ്രയത്നം ചെയ്തു എന്ന് ഈ ചുരുങ്ങിയ വിവരണത്തിൽ ഒതുങ്ങുന്ന കാര്യമല്ല. കന്യാസ്ത്രീമഠം തുടങ്ങിയതിനുശേഷവും അതിനെ വേണ്ടുന്ന ക്രമത്തോടും വിശുദ്ധിയോടും കൂടി നടത്തുന്നതിന് അദ്ദേഹത്തിന് എത്ര താല്പര്യമായിരുന്ന് എന്നും എല്ലാവർക്കും അറിവുള്ള കാര്യമാകുന്നു.

....തിരുസഭയുടെമേലും പരിശുദ്ധ മാർപ്പാപ്പായുടെമേലും എത്രയും വലിയ വിശ്വാസവും സ്നേഹവുമായിരുന്നു. തിരുസഭയുടെ മഹത്വവും പ്രകാശവും എല്ലായിടത്തും എത്തിക്കുവാൻ വലിയ ആഗ്രഹമായിരുന്നു. അതിന്റെ വിഷമതകളേക്കുറിച്ചു കേൾക്കുമ്പോൾ കരയാൻ തക്കവിധം സങ്കടപ്പെടുകയും, ജയസന്തോഷങ്ങളുടെ അവസരങ്ങൾ കാണുവാൻ അതീവ ആഗ്രഹവും പ്രകടിപ്പിച്ചിരുന്നു...."

ചാവറ, ആത്മാനുതാപം, (പോസ്റ്റുലേറ്റർ പ്രസിദ്ധീകരിച്ചത്, മാന്നാനം, 1959, പ്രസ്താവന, PP. XI-XIX

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL)

*"ഈ മാങ്ങ, പാറായി എനിക്കു കൊടുത്തയച്ച രണ്ടുതരം മാങ്ങ. ഇതിൽ ചുവന്നതു രണ്ടും ഇന്ത്യയിൽ ഉള്ളതിൽ ഒന്നാംതരം. പക്ഷെ നല്ല മൂപ്പാകായ്കയാൽ ഒന്നിന്റെ മുഖം പഴുത്തു പോയി. എങ്കിലും നിങ്ങൾ ഇതിന്റെ രുചി അറിഞ്ഞ് കിളിർപ്പിച്ച് ഉണ്ടാക്കുവാനായിട്ട് അയയ്ക്കുന്നു. അല്പം തൊലി ചെത്തിക്കളഞ്ഞ് പൂളി എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം."*

മഠത്തിലേയ്ക്കു കൊടുത്തുവിട്ട മാമ്പഴത്തെക്കുറിച്ച്

(ചാവറയച്ചൻ, കത്തുകൾ, P. 116)

## എളിമ എന്ന നാലാമത്തെ വ്രതം
### ബിഷപ്പ്. മർസലിൻ ഒ. സി. ഡി.

(മാന്നാനത്ത് ആദ്യസന്യാസസമൂഹത്തെ ധ്യാനിപ്പിക്കയും ചാവറയച്ചന്റെ വ്രതം ഔദ്യോഗികമായി സ്വീകരിക്കയും 1887 വരെ സഭാഭരണത്തിൽ ഉണ്ടായിരിക്കയും ചെയ്ത ബിഷപ്പ്. മർസലിൻ എഴുതിയ 'മലയാളത്തിലെ സത്യവേദചരിത്രം' എന്ന കൃതിയിൽ ചാവറയച്ചനെക്കുറിച്ചു പറയുന്നു:)

....തിരുപട്ടസ്വീകരണത്തിന് തിരഞ്ഞെടുക്കപ്പെട്ടവരെ പഠിപ്പിക്കുന്നതിലൂടെയും നല്ല മാതൃകകളിലൂടെയും ഉത്തേജിപ്പിക്കുന്നതിന് ചെയ്ത ബുദ്ധിമുട്ടുകളേയും മലയാളത്തിന് (കേരളം) വരുത്തിയ ഗുണങ്ങളേയും, തന്റെ മധുരമായ പ്രഭാഷണങ്ങളാൽ ആത്മാക്കൾക്കു ചെയ്ത ഉപകാരങ്ങളേയും പരിഗണിച്ചാൽ പല വൈദികരിലൂടെ ഉണ്ടാകാവുന്ന ഫലങ്ങൾ ഈ ഒരാളിലൂടെ ഉണ്ടായി എന്നു പറയുവാൻ കഴിയും. എന്നാൽ ഈ ദേഹം മുൻപറഞ്ഞതുപോലെ 1855-ാം കാലം സന്യാസജീവിതവും, കർമ്മലീത്താ മൂന്നാംസഭയുടെ ക്രമവും ആരംഭിച്ചപ്പോൾ, മാർ ബർണർദീനോസ് മെത്രാപ്പോലീത്ത ഈ കാര്യത്തിനു നിയമിച്ചയച്ച മിഷനറി വൈദികന്റെ (ഫാ. മർസലിൻ) കൈകളിൽ അസരണം, കന്യാവൃതം, ദാരിദ്ര്യം, എളിമ എന്ന നാലു വ്രതങ്ങളെ ഒന്നാമത്തവനായിട്ടു ചെയ്ത ശേഷം വ്രതം ചെയ്യാൻ തയ്യാറായിനിന്നിരുന്ന മറ്റു പത്തു വൈദികരുടെ വ്രതങ്ങളെ പ്രിയോർ (ചാവറയച്ചൻ) ഏൽക്കുകയും ചെയ്തു."

ഫാ. മർസലിൻ OCD, മലയാളത്തിലെ സത്യവേദചരിത്രം, കൂനമ്മാവ്, 1872, PP. 301-303

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL)

*"ഉപവി, എളിമ, വിശുദ്ധി, തീക്ഷ്ണത, ഇതു നാലും നാലുദിക്കിലും ഉണ്ടായാൽ ലോകം മുഴുവനും സൗഖ്യമുള്ളതായിത്തീരും."*

(ചാവറയച്ചൻ, കത്തുകൾ, P. 96)

## ചാവറയച്ചന്റെ തലമുടി ശിഷ്യന്റെ കയ്യിൽ
### ഔസേപ്പച്ചൻ മുട്ടത്തുപാടത്ത്

(മുട്ടത്തുപാടത്തു ബ. വർക്കി അച്ചൻ, ചാവറയച്ചന്റെ ശിഷ്യൻ, എടുത്ത് നിക്ഷേപിച്ചിരുന്നതും ഇന്നും പരിപാവനമായി മാന്നാനത്ത് സൂക്ഷിക്കപ്പെടുന്നതുമായ, ചാവറയച്ചന്റെ കുറെ തലമുടിയെപ്പറ്റി അദ്ദേഹത്തിന്റെ അനന്തരവൻ മുട്ടത്തുപാടത്ത് ബ. യൗസേപ്പച്ചൻ)

"ഈ മലയാളദേശത്തിന്റെ ആത്മീയാഭിവൃദ്ധിക്ക് ഹേതുഭൂതനും മലയാളികളുടെ മാത്രമല്ല സർവ്വജാതി മതസ്തരുടെയും ആഭിവാദ്യത്തിന് പാത്രീഭൂതനുമായ പെ. ബ. ചാവറ കുര്യാക്കോസ് ഏലിയാച്ചൻ പുത്രനിർവ്വിശേഷമായ സ്നേഹവാത്സല്യത്തോടുകൂടെ എന്റെ കാരണവൻ മുട്ടത്തുപാടത്തു വർക്കി അച്ചൻ അവർകളെ എല്ലാവിധത്തിലും പഠിപ്പിച്ചു വളർത്തിയിരുന്നു. പിതൃഭക്തിഹേതുവായിട്ടും ഒരു പുണ്യവാനെന്ന ബഹുജനസങ്കല്പത്തേക്കാൾ തനിക്ക് ഈ പൂജ്യനോടുണ്ടായിരുന്ന വണക്കം ഹേതുവായിട്ടും ഒരിക്കൽ പട്ടം വെട്ടിയപ്പോൾ 'ഈ തലമുടികൾ തിരുശേഷിപ്പായി വണങ്ങപ്പെടുന്നതിന് ദൈവം അനുവദിക്കുന്ന കാലത്ത് ഉണ്ടായിരിപ്പാൻ വേണ്ടി ഞാൻ ഇത് സൂക്ഷിക്കുന്നുണ്ട്' എന്ന് പറഞ്ഞതിന് വിരോധം പറഞ്ഞു എങ്കിലും അതു സമ്മതിക്കാതെ പൂജ്യമായി ഒരു അരളിക്കായിൽവെച്ചു സൂക്ഷിച്ചിട്ടുള്ളതാകുന്നു. മരണാനന്തരം ഒരു വ്യാഴവട്ടക്കാലത്തോളം ശ്രാദ്ധദിവസം പൂജ്യപാദന്റെ പേർക്ക് റാസ ടി. വർക്കിഅച്ചൻ പാടുകയും ആശ്രമവാസികളെല്ലാവർക്കും തന്റെ വകയായി കാപ്പിസൽക്കാരം നടത്തുകയും അപ്പോഴൊക്കെയും ഈ തലമുടി എടുത്തു കാണിക്കയും തന്റെ ഭക്തിയെ പ്രകടിപ്പിക്കയും ചെയ്തിരുന്നു. മാന്നാനം ആശ്രമത്തിൽ തന്നെ ടി. വർക്കി അച്ചൻ താമസിച്ചുവരികയും ചെയ്തു. പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമത്തിൽ പുനഃസ്ഥാപിക്കപ്പെട്ട ദിവസത്തിൽ അന്നത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചിരുന്ന മാമല അച്ചൻ മുതലായിട്ടുള്ളവരേയും, രണ്ടാം പ്രിയോർ പോരൂക്കരെ അച്ചൻ, വലിയ ചാണ്ടിയച്ചൻ മുതലായവരേയും ഈ അരുളിക്കാ കാണി

ക്കയും എല്ലാവരും വർക്കി അച്ചന്റെ പ്രേമാധിക്യത്തെപ്പറ്റിയും ഈ ഉചിത പ്രവൃത്തിയെപ്പറ്റിയും പ്രശംസിക്കയും ചെയ്തതാണ്, ഇതിനെ ഞാനും ഇത്ര പൂജ്യമായി സൂക്ഷിച്ചുവെച്ചുകൊണ്ടിരുന്നത്. ദൈവം തിരുമനസ്സാകുന്നതുപോലെ പരസ്യവണക്കത്തിന് ഇട വരുമാറാകട്ടെയെന്ന് ഞാൻ സദാ പ്രാർത്ഥിക്കുന്നു."

എന്ന്

മുട്ടത്തുപാടത്തു ഔസേപ്പുകത്തനാർ

1936 സെപ്റ്റംബർ 8

വലേരിയൻ, ചാവറകുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1939, PP. 239, 240

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL -C)

*"ദൈവത്തിനു സ്തുതിയായിരിക്കട്ടെ. എന്റെ ജോലിയുടെ കാലം തീരാറായിരിക്കുന്നു. ഇനി ഏറെയില്ല. എന്നാൽ സർവ്വേശ്വരൻ കാരണവന്മാർക്കു കൊടുത്തതിലധികം സമയം എനിക്കു തന്നു. അത് ദൈവത്തിന്റെ അധിക കൃപയാലെ എനിക്കുവേണ്ടി മാത്രം തന്നതല്ല; പിന്നെയോ മറ്റുള്ളവർക്കു വേണ്ടിയുംക്കൂടി എന്ന് ഞാനിപ്പോഴേ സ്പഷ്ടമായി അറിയുന്നുള്ളു. എന്നാൽ ഞാൻ ആയതിനെ പൊലിപ്പിക്കാതെ ഒരു താലന്തു കിട്ടിയവനെപ്പോലെ കുഴിച്ചുമൂടി സൂക്ഷിച്ചതല്ലാതെ വേല ചെയ്തില്ല എന്ന് എന്നെയിപ്പോൾ അധികമായി മനസ്സാക്ഷി കുറ്റപ്പെടുത്തുന്നു. എന്നാൽ അതിനും ഒഴിവുകഴിവുകളും കള്ള ന്യായങ്ങളും മനസ്സിൽ ഉണ്ടാകുന്നു."*

(ചാവറയച്ചൻ, കത്തുകൾ, P. 79)

## കണ്ണുനീർ തുളുമ്പുന്ന ദൈവാനുഭവം -1936
### മഞ്ഞുമ്മേൽ ലൂയിസച്ചൻ

(ചാവറയച്ചനോടുകൂടി വളരെക്കാലം ഒരുമിച്ചുതാമസിച്ചിരുന്നയാളും അദ്ദേഹത്തിന്റെ ശിഷ്യനുമായിരുന്നു മഞ്ഞുമ്മേൽ ലൂയിസച്ചൻ ഒ.സി.ഡി. തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.)

മഞ്ഞുമ്മേൽ കൊവേന്ത

12 ജനുവരി 1936

പ്രിയ മർച്ചെല്ലി അച്ചാ!

കഴിഞ്ഞ 5-ാം തിയതിയിലെ അച്ചന്റെ എഴുത്ത് കുറെ മുമ്പ് കൈപ്പറ്റി...

"വന്ദ്യ പ്രിയോർ പിതാവ് പല വത്സരത്തേക്ക് ഈയുള്ളവന്റെ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണകൃത്യത, ദൈവത്തോടുള്ള സ്നേഹഐക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തര ശ്രദ്ധ ഇത്യാദി സർവ്വതാല്പര്യത്തോടെ പരിശീലിപ്പിച്ചുവന്നു....... വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽ തന്നെ പരവശമായി നിന്നിരുന്നു, അനുവാദത്തിനായി ചെല്ലുന്നവർ സ്ക്കാപ്പുലർ മുത്തിക്കൊണ്ട് പൊയ്ക്കൊള്ളുക പതിവായിരുന്നു. മണി ആകുമ്പോൾ സമീപെ നില്ക്കുന്നവർ വിളിച്ചറിയിക്കും അപ്പോൾ പാരവശ്യം തീർന്ന് ജപം ചൊല്ലി അവസാനിപ്പിക്കും. കണ്ണുനീർ ഒഴുക്കിക്കൊണ്ടാണ് മുറിയിലേക്ക് പോയിരുന്നത്.

പട്ടക്കാരുടെ ജീവിതം അവരുടെ ഉടുപ്പ് മുതലായതിൽ വളരെ ശ്രദ്ധ ഉണ്ടായിരുന്നു. മാന്നാനം സെമിനാരിയിൽ ചെന്നാൽ പിന്നെ അവർക്കു മിണ്ടാട്ടമില്ല. ചാവറയച്ചൻ എന്നുകേട്ടാൽ സുറിയാനിപട്ടക്കാർക്ക് ദേവനെപോലെ വണക്കമുണ്ടായിരുന്നു."

ലൂയീസച്ചൻ,

ഫാ. മത്യാസ്, ചാവറകുര്യാക്കോസ് ഏലിയാസച്ചൻ, അനുബന്ധം, മാന്നാനം, 1936, P. 5

വലേരിയൻ, ചാവറകുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1939, PP. 238

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL -C)

# 12. ചാവറയച്ചനിലൂടെ അനുഗ്രഹം കിട്ടിയവർ സംസാരിക്കുന്നു

## അൽഫോൻസാമ്മയ്ക്ക് ലഭിച്ച രോഗശാന്തികൾ - 1936

"....ഒരുമാതിരി സുഖം കണ്ടതുകൊണ്ടു എന്നെക്കൂടെ നോവീഷ്യാത്തിനയച്ചു. വന്നവഴിക്കുതന്നെ വീണ്ടും പഴയ സുഖക്കേടു ആരംഭിച്ചു. അങ്ങനെ ഇങ്ങനെ ഒരു മാസത്തോളം ഇഴഞ്ഞും വലിഞ്ഞും ക്രമങ്ങളിലൊക്കെ സംബന്ധിക്കുന്നതിനു സാധിച്ചു. പിന്നീടു തീർത്തു സുഖമില്ലെന്നായി കിടപ്പിലായി. ഭക്ഷണം യാതൊന്നും കഴിപ്പാൻ നിവൃത്തിയില്ല. ഒന്നുരണ്ടു കയിൽ കാപ്പിയോ കഞ്ഞിയോ കഴിച്ചാൽ വയറു നെഞ്ചിനു മുകളുവരെ വീർത്തുവരും. ശ്വാസംപോലും വിടുവാൻ നിവൃത്തിയില്ലായിരുന്നു. പോരെങ്കിൽ അതിശക്തിയായ വേദനയും വിശപ്പും പരവേശവും.

പരസഹായം കൂടാതെ എഴുന്നേൽക്കുവാൻപോലും നിവൃത്തിയില്ലാതെയും ഉറക്കമില്ലാതെയും ഏകദേശം വളരെയധികനാൾ കഴിച്ചുകൂട്ടേണ്ടതായി വന്നു. ദിവസത്തിൽ 8-10 പ്രാവശ്യം ഛർദ്ദിക്കും. മിക്കവാറും അതു കട്ടരക്തമായിരിക്കും. തലവേദന ശക്തിയായിട്ടുണ്ടാകുന്ന ദിവസം മൂക്കിൽനിന്നു ധാരാളം രക്തം പോകും. ചില ദിവസങ്ങളിൽ കണ്ണിൽനിന്നും പോയിട്ടുണ്ട്.

....ഇങ്ങനെ കഴിച്ചുകൂട്ടി വരവേ, ഒരു ദിവസം പെ. ബ. ളൂയീസച്ചൻ പ്രിയോരച്ചന്റെ ഒരപേക്ഷ കൊണ്ടുവന്നുതന്നു. ആ നൊവേന എത്തിക്കുവാൻ ആരംഭിച്ചപ്പോൾ മുതൽ സ്വല്പം ആശ്വാസംപോലെ തോന്നി. അപേക്ഷ മുടക്കം വരുത്താതെ തുടർന്നുകൊണ്ടിരുന്നു. മെയ്മാസാവസാനത്തിലാണെന്നു തോന്നുന്നു, ആ വന്ദ്യദേഹത്തിന്റെ ഒരു ഛായാപടവും പെ. ബ. അച്ചൻ കൊണ്ടുവന്നുതന്നു. ആ പടം കണ്ടപ്പോൾ മുതൽ എനിക്കു എന്തെന്നില്ലാത്ത ഒരു വിശ്വാസവും ഭക്തിയും അദ്ദേഹത്തോടു തോന്നി. അന്നുമുതൽ അതിൽ ഒന്നു ഞാൻ എടുത്തു എന്റെ അരികെവെച്ച് എപ്പോഴും മുത്തി അദ്ദേഹത്തോടു നമസ്ക്കരിച്ചുകൊണ്ടു കിടന്നുറങ്ങിയിരുന്നു. പടംവെച്ചു അപേക്ഷിക്കുവാൻ തുടങ്ങിയ ദിവസം മുതൽ പേടിക്കു വളരെ കുറവുള്ളതുപോലെ തോന്നി. ഒരു ദിവസം വിശപ്പുകൊണ്ടും ദാഹം

കൊണ്ടും വളരെ ക്ഷീണിച്ചു. എന്നാൽ വയറു വീർപ്പുകൊണ്ടു ഒന്നും കഴിപ്പാൻ നിവൃത്തിയില്ലാതെയും ഉറക്കമില്ലാതെയും വളരെ അവശതയിൽ കിടക്കുന്ന അവസരത്തിൽ എന്റെ അരികെ വെച്ചിരിക്കുന്ന പടത്തിന്റെ ഛായ തോന്നിക്കുന്ന ഒരാൾ എന്റെ അടുത്തുവന്നു നില്ക്കുന്നതുപോലെയും, എന്തോ സംസാരിക്കുന്നതുപോലെയും എനിക്കു തോന്നി. ഗുരുത്തിയമ്മയാണെന്നു വിചാരിച്ച് എന്റെ ഗുരുത്തിയമ്മേ നേരം വെളുക്കുമ്പോഴേയ്ക്കും, വയറുപൊട്ടിയോ, ശ്വാസം വിടുവാൻ നിവൃത്തിയില്ലാതെയോ ഞാൻ മരിക്കുമെന്നു തോന്നുന്നു എന്നുപറഞ്ഞു തപ്പിനോക്കിയപ്പോൾ ആളിനെ കാണുന്നില്ല. നിന്റെ വയറു ഇനി വീർക്കുകയില്ല, ദൈവം നിന്നെ അനുഗ്രഹിക്കും എന്നു പറയുന്നതുപോലെ എനിക്കു തോന്നി. നേരം വെളുത്തപ്പോഴേയ്ക്കും സുഖക്കേടെല്ലാം കുറഞ്ഞു. അന്നുമുതൽ ഇന്നുവരെയും സുഖക്കേടെല്ലാം കുറഞ്ഞു. അന്നു മുതൽ ഇന്നുവരെയും എന്റെ വയറു വീർത്തിട്ടില്ല.

....വേറൊരു ദിവസം, ശക്തിയായ തലവേദനയും ഉണ്ട്; മൂക്കിൽനിന്നു ധാരാളം രക്തവും പോയി. ആകപ്പാടെ ഞാൻ വിഷമിച്ചു. വേദനയെടുത്തു ഞാൻ കിടക്കുന്ന സന്ദർഭത്തിൽ ഞാൻ എന്റെ സഹായത്തിനായി അദ്ദേഹത്തെ വിളിച്ചു പ്രാർത്ഥിച്ചു. ഒരു സഹോദരിയും എന്റെ അരികെ ഇരിപ്പുണ്ടായിരുന്നു. ഏകദേശം മൂന്നു മണിയായപ്പോൾ നമ്മുടെ പഴയ ആൾ എന്റെ അടുക്കൽ വന്നു വളരെ സന്തോഷത്തോടുകൂടി നില്ക്കുന്നതുപോലെയും അദ്ദേഹത്തിന്റെ കരങ്ങൾ പൊക്കി എന്നെ ആശീർവ്വദിക്കുന്നതുപോലെയും എനിക്കു തോന്നി. ഉടനെ ഞാൻ ഉറച്ചു ചിരിച്ചു. എന്റെ അടുത്തുണ്ടായിരുന്ന സഹോദരി ചിരിച്ചതിന്റെ കാരണം ചോദിച്ചപ്പോൾ വെറുതെയാണെന്നു ഞാൻ ഉത്തരവും പറഞ്ഞു. അപ്പോൾ മുതൽ എനിക്കു വളരെ ആശ്വാസംപോലെ തോന്നി. അതിൽപിന്നെ ഇന്നുവരെ മൂക്കിൽനിന്നും രക്തം പോയിട്ടില്ല. ഇങ്ങനെ മൂക്കിൽ നിന്നും രക്തം പോകയാണെങ്കിൽ കുറെ അധികം ദിവസത്തേയ്ക്കു പോകാതിരിക്കും. നേരം വെളുത്തപ്പോൾ എനിക്കു നല്ല സുഖംപോലെ തോന്നി. കൂടാതെ കാലിൽ കുറെ ദിവസങ്ങളായിട്ടു പഴുത്തു പൊട്ടിക്കൊണ്ടിരുന്ന ഒരു വ്രണം നേരം വെളുത്തപ്പോഴേയ്ക്കു കരിയുകയും ചെയ്തു.''

## 'ഒരു മനോഗുണം' - 1937

"ആറേഴു വർഷമായിട്ടു തീരെ സുഖമില്ലായിരുന്നു. യാതൊന്നും കഴിക്കാൻ പാടില്ലായിരുന്നു. സ്വല്പം പൊടിയരിക്കഞ്ഞി മാത്രം ചിലപ്പോൾ. പല ഡോക്ടർമാർ പരിശോധിച്ചുവെങ്കിലും സൗഖ്യമാകുക അസാദ്ധ്യമാണെന്നു പറഞ്ഞു. ചെത്തിപ്പുഴ നൊവിസ്യാത്തു തുടങ്ങി 15 ദിവസങ്ങൾ കഴിഞ്ഞപ്പോൾ വളരെ വർദ്ധിച്ചു. അപ്പോഴാണ് മുൻപു ഞാൻ കുറിച്ചു അയച്ചിരിക്കുന്നതു പോലെ നടന്നത്.

ഇവിടെ (ഭരണങ്ങാനം) വന്നതിന്റെ ശേഷം 5 മാസത്തോളം പനിയായി വളരെ വിഷമമായി. ഡോക്ടർ ക്ഷയമാണെന്നും കൂട്ടത്തിൽനിന്ന് മാറ്റണമെന്നും, ആരും രോഗിയുടെ മുറിയിൽ പോകരുതെന്നും മറ്റും പറഞ്ഞു. വീട്ടുകാർ വീട്ടിലേയ്ക്കു കൊണ്ടുപോകുന്നതിനും, മഠത്തിൽനിന്നു വിടുന്നതിനും ആലോചനയായി. അപ്പോൾ ഞാൻ സങ്കടപ്പെട്ടു എന്നെ വീട്ടിലേയ്ക്കു അയക്കരുതെന്നും, പ്രിയോരച്ചൻ എന്നെ സുഖമാക്കുമെന്നും, അദ്ദേഹത്തിന്റെ ഒരു നൊവേന കഴിച്ചിട്ടു വിടാമെന്നും പറഞ്ഞ് മദറിനെ സമ്മതിപ്പിച്ചു. നൊവേന കൂട്ടമായിട്ടു തുടങ്ങി ഓരോ ദിവസവും പനി വർദ്ധിച്ചു തന്നെ വന്നു. എട്ടാംദിവസം വൈകിട്ട് 106 ഡിഗ്രി പനിയുണ്ടായിരുന്നു. എല്ലാവരും ഭയപ്പെട്ടു. എന്നാൽ ഒൻപതാം ദിവസം വെളുപ്പിന് 3½ മണിക്ക് 95½ ഡിഗ്രിയായി. അതിൽപിന്നെ പനിച്ചിട്ടുമില്ല. ഇപ്പോൾ യാതൊരു വിഷമവുമില്ല. ഇതു എന്റെ കുര്യാക്കോസച്ചൻ ചെയ്ത മനോഗുണം തന്നെയാണ്."

സി. അൽഫോൻസാ,

ഭരണങ്ങാനം,

28-3-1937

(ഫാ. ആൻസലം, ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1958, PP. 65-69 (ആൻസലമച്ചൻ ചാവറയച്ചന്റെ നാമകരണ നടപടികളുടെ ചരിത്രകമ്മീഷൻ സെക്രട്ടറിയായിരുന്നു.)

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL- C)

## ചാവറയച്ചന്റെ കൂനമ്മാവിലെ മുറിയും രോഗ ശാന്തിയും- 1949

### ജോസഫ് റോക്കി, അന്തിക്കാട്, കൂനമ്മാവ്

"ഞാൻ ഒരു മരമറപ്പുകാരനാണ്. 1949 ഏപ്രിൽ മാസത്തിലെ ഒരു വൈകുന്നേരം എന്റെ ഇടത്തുകാലിന്റെ മുട്ടിനു മുകളിലായി ഒരു നീരുകണ്ടു. അത് എനിക്കു അസഹനീയമായ വേദനയും ഇട തുവശത്തിന് തളർച്ചയും ഉണ്ടാക്കി. ഞാൻ പല മരുന്നുകളും കഴി ച്ചെങ്കിലും ഫലമൊന്നുമുണ്ടായില്ല. 18 ദിവസം ഞാൻ കിടപ്പിലാ യി. എന്റെ പ്രാഥമീകാവശ്യങ്ങൾക്കുപോലും കട്ടിലിൽ നിന്നെഴു ന്നേൽക്കാൻ സാധിച്ചിരുന്നില്ല.

19-ാം ദിനം വൈകുന്നേരം എന്റെ ഇളയപ്പൻ തോമസ് കൊച്ചാപ്പു എന്നെ കാണാൻ വന്നു. കൂനമ്മാവിലുണ്ടായിരുന്ന പഴയ ആശ്രമ ത്തിന്റെ കെട്ടിടങ്ങൾ ഇളയപ്പനായിരുന്നു കോൺട്രാക്ട് എടുത്തു പൊളിപ്പിച്ചുകൊണ്ടിരുന്നത്. പലതും സംസാരിച്ചുകൊണ്ടിരുന്ന തിന്റെ കൂട്ടത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത കെട്ടിടം പൊളിക്കൽ നിർത്തുവാൻ ആവശ്യപ്പെട്ടതിനെക്കുറിച്ചും പറഞ്ഞു. ഈ കെട്ടിട ത്തിലായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ താമസിച്ചി രുന്നത്. അദ്ദേഹം താമസിച്ചിരുന്നതിന്റെ അടുത്ത മുറിവരെ പൊളി ച്ചുകഴിഞ്ഞിരുന്നു. തലേരാത്രിയിലുണ്ടായ പ്രത്യേക ദർശനത്തിന്റെ വെളിച്ചത്തിൽ വിശുദ്ധനായ ഒരാൾ താമസിച്ചിരുന്ന മുറിയാണല്ലൊ ഇതും പൊളിച്ചുകളയണമൊ എന്ന് മെത്രാപ്പോലീത്തായോടന്വേ ഷിക്കുവാൻ വികാരിയച്ചൻ (ഫാ. ജോസഫ് പള്ളത്തുശേരി) എഴുത്തെഴുതിക്കൊണ്ടിരുന്നപ്പോഴാണ് പെട്ടെന്ന് മെത്രാപ്പോലീത്താ യ്ക്കും ഉണ്ടായ പ്രത്യേക പ്രചോദനത്താൽ കൊടുത്തയച്ച ഓർഡർ കിട്ടിയത് "പുണ്യപ്പെട്ട ഒരച്ചൻ താമസിച്ചിരുന്ന മുറി പൊളിച്ചുകള യാതെ സൂക്ഷിക്കുക" എന്ന്.

അപ്പോൾ വീട്ടിൽ കൂടിയിരുന്ന എല്ലാവരും ഞാനതുവരെ കേട്ടി ട്ടില്ലാതിരുന്ന അച്ചന്റെ ഗുണഗണങ്ങളേക്കുറിച്ചായി സംസാരം. വള രെയധികം വേദനയുണ്ടായിരുന്നെങ്കിലും അവരുടെ സംസാരം ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അപ്പോൾ അദ്ദേഹത്തോടൊരു പ്രത്യേക ഭക്തിയും ആദരവും തോന്നിയതുകൊണ്ട് എനിക്ക്

സൗഖ്യം തരേണമെ എന്നു മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് ഒരു സ്വർഗ്ഗസ്ഥനായ പിതാവെയും, നന്മനിറഞ്ഞ മറിയവും, ത്രിത്വസ്തുതിയും ചൊല്ലി. അതിനോടൊപ്പം, സൗഖ്യം കിട്ടിയാൽ അദ്ദേഹത്തിന്റെ മുറി നന്നാക്കുവാൻ കൂലി വാങ്ങാതെ രണ്ടുദിവസം ജോലി ചെയ്തുകൊള്ളാമെന്നും നേർന്നു.

ഈ പ്രാർത്ഥന ചൊല്ലി അരമണിക്കൂറിനുള്ളിൽ ഞാൻ വലിയ ഉറക്കത്തിലായി. രാവിലെ നാലുമണിയോടുക്കൂടി ഉറക്കം തെളിഞ്ഞപ്പോൾ വേദന ഒട്ടും തോന്നിയില്ലെന്നു മാത്രമല്ല പരസഹായം കൂടാതെ എഴുന്നേൽക്കുവാനും സാധിച്ചു. കാലിലുണ്ടായിരുന്ന നീരും കാണാനില്ലായിരുന്നു. പ്രഭാതത്തിൽ എഴുന്നേറ്റ് കുളിച്ചൊരുങ്ങി പള്ളിയിലേക്കു പോയി. അവിടെച്ചെന്ന് കുര്യാക്കോസ് ഏലിയാസച്ചൻ താമസിച്ചിരുന്ന മുറിയിൽ പോയി മുട്ടുകുത്തി പ്രാർത്ഥിച്ചു. തലേദിവസം രാത്രിയിലും വേദനയായി കിടക്കുകയായിരുന്നു എന്നറിഞ്ഞവരെല്ലാം അത്ഭുതത്തോടെ എന്റെ വിവരങ്ങൾ അന്വേഷിച്ചു. അവിടെയുണ്ടായിരുന്ന അച്ചന്മാരും സത്യാവസ്ഥ എന്നോടന്വേഷിച്ച് ഉറപ്പുവരുത്തി.''

Fr. Valerian Plathottam, Blessed Kuriakose Elias Chavara, Pala 1991, PP- 113,114

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL- C )

*"അതിധാരാളിത്തവും ലുബ്ദും, രണ്ടും തിന്മയാകുന്നു. ലുബ്ദന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും."*

(ചാവറയച്ചൻ, കത്തുകൾ, P. 142)



## അത്ഭുത സൗഖ്യം ചാവറയച്ചനിലൂടെ -1960
## മാത്യുതോമസ് പെണ്ണാപറമ്പിൽ

എന്റെ മകൻ ജോസഫിന്റെ കാൽപാദങ്ങൾ രണ്ടും ജന്മനാ മുടന്തുള്ളതായിരുന്നു. ഉപ്പൂറ്റി നിലത്തു നിന്നു പൊങ്ങിയതും പാദത്തിന്റെ ഉൾവശം ഒരേ വശത്തേയ്ക്ക് ചെരിഞ്ഞതും ആയിരുന്നു.

ജോസഫിന് ആറു വയസ്സുള്ളപ്പോഴാണ്, ദൈവദാസൻ ചാവറയച്ചന്റെ മദ്ധ്യസ്ഥത്താൽ ധാരാളം പേർക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്നുണ്ട് എന്നു ഞങ്ങൾ അറിഞ്ഞത്. അന്നു മുതൽ ഞങ്ങളും ജോസഫിന്റെ കാലിന്റെ വൈകല്യം മാറിക്കിട്ടുന്നതിനായി ചാവറയച്ചനോട് പ്രാർത്ഥിച്ച് തുടങ്ങി. ജോസഫിന്റെ മൂത്ത സഹോദരി അന്നക്കുട്ടിയായിരുന്നു ഈ കാര്യത്തിൽ കൂടുതൽ താൽപര്യം കാണിച്ചത്. അവളുടെ നിർബന്ധത്താൽ ഞങ്ങൾ എന്നും ചാവറയച്ചനോട് പ്രത്യേകം പ്രാർത്ഥിക്കുമായിരുന്നു.

അന്നക്കുട്ടിയോടു കൂടെയായിരുന്നു ജോസഫ് സ്ക്കൂളിൽ പോയിരുന്നത്. പലപ്പോഴും ചരൽക്കല്ലുകളിൽ ചവിട്ടുമ്പോൾ അവൻ വേദനകൊണ്ട് വാവിട്ട് കരയുമായിരുന്നു. കൂടുതൽ ബുദ്ധിമുട്ടുള്ള വഴികളിൽ അന്നക്കുട്ടി അവനെ എടുത്തുകൊണ്ടാണ് സ്ക്കൂളിലേക്ക് പോയിരുന്നത്.

ചാവറയച്ചനോട് പ്രാർത്ഥിച്ചു തുടങ്ങി കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം സ്ക്കൂളിലേക്കുള്ള വഴിയിൽ വെച്ച് കാലിൽ ശക്തിയായ വേദന അനുഭവപ്പെട്ട ജോസഫ് ഉറക്കെ കരഞ്ഞു തുടങ്ങി. അവനെ എളിയിൽ എടുക്കുന്നതിന് പകരം തന്നോടൊപ്പം ചാവറയച്ചനോട് പ്രാർത്ഥിക്കുവാൻ അന്നക്കുട്ടി ആവശ്യപ്പെട്ടു. അവൾ ചൊല്ലിക്കൊടുക്കുന്നതിനനുസരിച്ചു അവനും പ്രാർത്ഥിച്ചുകൊണ്ട് ഒരു സ്വർഗ്ഗസ്ഥനായ പിതാവെ, ഒരു നന്മനിറഞ്ഞ മറിയം, ഒരു ത്രിത്വസ്തുതിയും ചൊല്ലി 'ചാവറയച്ചാ എന്റെ കാലു സുഖപ്പെടുത്തണമെ' എന്നു പറഞ്ഞതും വലതുകാൽ ശക്തമായി ഇളകുന്നതായി അവനു അനുഭവപ്പെട്ടു. ഉടനെ തന്നെ വലതുകാൽ കൃത്യമായി നിലത്തു ചവിട്ടുവാനും അവനു കഴിഞ്ഞു.

കൃതജ്ഞതാ നിർഭരമായ മനസ്സോടും വിശ്വാസത്തോടുംകൂടി

ഞങ്ങൾ പ്രാർത്ഥന തുടർന്നു. ഏതാനും മാസങ്ങൾക്കുശേഷം ഒരു ദിവസം അന്നക്കുട്ടിയും ജോസഫും കൂടി അടുത്തു താമസിക്കുന്ന മൂത്ത മകന്റെ വീട്ടിലേയ്ക്ക് പോകുകയായിരുന്നു. വഴിയിൽ വെച്ച് ജോസഫിന്റെ ഇടത്തുകാലിൽ ശക്തിയായ വേദന അനുഭവപ്പെട്ടു. രണ്ടുപേരും കാലിലേയ്ക്ക് നോക്കിയപ്പോൾ ചെരിഞ്ഞിരുന്ന പാദം നിവർന്നു വരുന്ന കാഴ്ചയാണ് കണ്ടത്. ഈ കാൽ പൂർണ്ണമായും കൃത്യമായി ചവിട്ടാറായിട്ടില്ല. ഈ വലിയ അനുഗ്രഹം ചാവറയച്ച നിലൂടെ ലഭിച്ചതായി വിശ്വസിക്കുന്നു. അദ്ദേഹത്തെ വേഗം അൾത്താരയിലെ വണക്കത്തിനായി നല്ല ദൈവം തിരഞ്ഞെടുക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.''

കൂടരഞ്ഞി, മലബാർ — തോമസ് മാത്യു

10-നവംബർ 1960 — പെണ്ണാപറമ്പിൽ

(ഈ അത്ഭുതസൗഖ്യമാണ് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ സ്വീകരിച്ചത്)

Herald of the East Vol. I No. I, P.G. House, Ernakulam, 1991, PP- 39, 40

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL- C)

*''എന്റെ അപ്പൻ എത്രയും അനുഗ്രഹം ഉള്ളവനും സത്യമായ ഉപവിയും. സ്നേഹം എന്നത്രെ തന്റെ നാമവും..... എന്റെ അപ്പാ, എന്ന ഈ പേരു കൊണ്ട ല്ലാതെ നിന്നെ വിളിക്കുവാൻ എന്റെ ഹൃദയം സമ്മ തിക്കുന്നില്ല.''*

(ചാവറയച്ചൻ, ധ്യാനസല്ലാപങ്ങൾ, P. 17, 18)

## കേട്ട അറിവിൽനിന്ന് അനുഭവത്തിലേയ്ക്ക് - 1993

### മരിയ (ആനന്ദവല്ലി)

എന്റെ വായിൽ മേലണ്ണാക്കിൽ ഒരു മുഴയുണ്ടായിരുന്നു. അതിടയ്ക്കിടയ്ക്ക് പൊട്ടുകയും പഴുപ്പും രക്തവും വരാറുമുണ്ടായിരുന്നു. പൊട്ടിയാൽ താമസ്സിയാതെ മുഴ വീണ്ടും വലുതാകും. ഏതാണ്ടു രണ്ടരവർഷത്തോളം ഇങ്ങനെയായിരുന്നു. ഞാൻ ഇതിനുവേണ്ടി ഡോക്ടർമാരെ കണ്ടിരുന്നു. അവർ പരിശോധിച്ച് ചില മരുന്നുകൾ തന്നു. എന്നാൽ ആ ചികിത്സകൾ കൊണ്ടു പ്രത്യേക ഫലമൊന്നുമുണ്ടായില്ല. അവസാനം അവർ കൈയ്യൊഴിഞ്ഞു പറഞ്ഞു; "ഞങ്ങൾക്കു ചെയ്യാവുന്നതെല്ലാം ചെയ്തുകഴിഞ്ഞു. ഇനി നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുക."

എന്റെ അവസ്ഥ ഈ സ്ഥിതിയിലെത്തിയപ്പോൾ എന്റെ വീടിന്റെ അടുത്ത പ്രദേശത്തുള്ള ഒരു കത്തോലിക്കാ പെൺകുട്ടി പറഞ്ഞു: 'നിങ്ങൾ സ്വർണ്ണത്തിന്റെ ചെറിയൊരു തകിടിൽ ഒരു തലയുടെ ചിത്രവും അതിൽ ഒരു മുഴയും അടയാളപ്പെടുത്തി നേർച്ചയായി വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കബറിടത്തിൽ സമർപ്പിച്ച് കബറിടത്തിനു ചുറ്റും മൂന്നു പ്രാവശ്യം മുട്ടിൽ നീന്തുക' എന്ന്. ചാവറയച്ചനോടുള്ള ചെറിയൊരു പ്രാർത്ഥനയും തന്നു.

ഞാൻ 33 വയസ്സുള്ള ഒരു ഹിന്ദു സ്ത്രീയാണ്. പറഞ്ഞുകേട്ടതുപോലെ ഞാൻ മാന്നാനത്തുപോയി സമർപ്പിച്ചു പ്രാർത്ഥിച്ചു. ഈ രോഗത്തിൽ നിന്ന് സുഖമായാൽ, എന്റെ ഭർത്താവും സമ്മതിച്ചാൽ ഞാൻ ഒരു ക്രിസ്ത്യാനി ആയിക്കൊള്ളാമെന്നും, ഭർത്താവിനും താല്പര്യമെങ്കിൽ ഏലിയാസ് എന്നു പേരു സ്വീകരിച്ചു ക്രിസ്ത്യാനിയായിക്കൊള്ളാമെന്നും ഞാൻ പ്രതിജ്ഞ എടുത്തു.

അന്നു രാത്രിയിൽ ഒരു സ്വപ്നത്തിലൂടെ ചാവറയച്ചൻ എനിക്ക് പ്രത്യക്ഷപ്പെട്ട് 'നീ പൂർണ്ണമായും സുഖമായിരിക്കുന്നു' എന്നു പറഞ്ഞു. രാവിലെ എഴുന്നേറ്റു പരിശോധിച്ചപ്പോൾ പൂർണ്ണമായി സൗഖ്യപ്പെട്ടതായി കണ്ടു. അതു മുതൽ ഇതുവരെ ഉണ്ടായിട്ടില്ല.

ഒരു വർഷം കഴിഞ്ഞ് ഇന്നലെ 12-4-1993-ൽ എന്റെ കുടുംബം മുഴുവനും രണ്ടു പെൺമക്കളോടുകൂടി മാമ്മോദീസാ സ്വീകരിച്ചു.

എനിക്കു കിട്ടിയ രോഗശാന്തിയെക്കുറിച്ച് ഞാൻ അയൽവാസികളോടു പറഞ്ഞിരുന്നു. എട്ടംഗങ്ങൾ ഉള്ള ഒരു കുടുംബവും ഞങ്ങളോടുക്കൂടി, ഞങ്ങളുടെ അടുത്തുള്ള പള്ളിയിൽ മാമ്മോദീസാ സ്വീകരിച്ചു.

മരിയ (ആനന്ദവല്ലി) (ഒപ്പ്)

പോസ്റ്റുലേറ്റർ — ഏലിയാസ് (ചെല്ലപ്പൻ) (ഒപ്പ്)

മാന്നാനം — ചെറുവള്ളിക്കുഴിയിൽ

കൊന്നകാമൂളി P. O.

Herald of the East Vol. IV No. 1 -3, P.G. House, Ernakulam, 2003, PP- 34, 35

*"ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നു എന്നു വരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരം പോലെയാകുന്നു. എന്നാൽ സ്നേഹിതന്മാർ തമ്മിൽ ഒരുമിച്ചിരുന്നാൽ വേർപിരിയും വരെയും നാവ് അടക്കാതെ സംസാരിക്കും. ഇതു കണ്ടുവരുന്ന കാര്യം തന്നെ. ഇതിനിടയിൽ അവർക്ക് സംസാരത്തിന് വകയില്ലാതെ മിണ്ടാതിരുന്നുവെന്നും വരികില്ല. അപ്പഴോ, സ്നേഹമുണ്ടെങ്കിൽ അയാളോടു സംസാരിപ്പാൻ വകയുണ്ടാകും. ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും വേണ്ട."*

(ചാവറയച്ചൻ, ധ്യാനസല്ലാപങ്ങൾ, P. 14)

## ചാവറഭക്തിയിലൂടെ ആത്മവിശ്വാസം-2004

### ഷൈനി വിൽസൺ (കായികതാരം)

ചാവറയച്ചന്റെ ഭക്തയാണ് ഞാൻ. ചാവറ ഭക്തിയിലാണ് ഞാൻ വളർന്നുവന്നതും. വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ചു കൂടുതൽ അറിഞ്ഞത് ഹൈസ്കൂൾ പഠനകാലത്താണ്. കൃത്യമായി പറഞ്ഞാൽ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ.

അന്ന് ഞാൻ കോട്ടയത്ത് ഗാന്ധിനഗറിലുള്ള സ്പോർട്സ് സ്കൂളിലാണു പഠിക്കുന്നത്. സ്കൂളിൽ നിന്നു കുട്ടികളെല്ലാം ഒന്നിച്ചാകും പോവുക. ഈ യാത്രകളിലാണു ചാവറയച്ചനെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ അറിഞ്ഞത്.

സ്കൂളിലെ മത്സരങ്ങൾക്കു തലേന്നു മാന്നാനം പള്ളിയിൽ പോയി പ്രാർഥിക്കുന്ന പതിവ് ആദ്യം തുടങ്ങി. മീറ്റുകൾക്കു പുറപ്പെടുന്നതിനുമുമ്പു മാന്നാനം പള്ളിയിൽ പോയി പ്രാർഥിച്ചാലേ ആത്മവിശ്വാസം ലഭിക്കൂ. ചാവറയച്ചന്റെ പള്ളിയിൽ പോയി പ്രാർഥിച്ചിട്ടു വരുമ്പോൾ മീറ്റിൽ ജയിച്ചു മടങ്ങാമെന്നു പ്രതീക്ഷയേറും.

1984-ൽ ലോസ് ആഞ്ചൽസിൽ നടന്ന ഒളിമ്പിക്സിനുശേഷവും ഞാൻ മാന്നാനം പള്ളിയിൽ പോയി. ഒളിമ്പിക്സിൽ മുന്നേറാൻ കഴിഞ്ഞതിനു നന്ദി പറയാൻ.

1985-ൽ ജക്കാർത്തയിൽ നടന്ന ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റിൽ എനിക്ക് റിക്കാർഡ് സ്വർണം ലഭിച്ചു. എണ്ണൂറു മീറ്ററിൽ. ഫിനിഷിംഗ് ലൈൻ മുറിച്ചുകടക്കുമ്പോൾ ആഹ്ലാദംകൊണ്ടു വാക്കുകൾ തൊണ്ടയിൽ കുടുങ്ങി. ആദ്യം നന്ദി പറഞ്ഞതു ചാവറയച്ചനാണ്. മീറ്റ് കഴിഞ്ഞെത്തിയ ഉടൻ തന്നെ മാന്നാനം പള്ളിയിൽ പോയി പ്രാർഥിക്കുകയും ചെയ്തു.

എഴുപത്തിയഞ്ചുപ്രാവശ്യം ഇന്ത്യയെ പ്രതിനിധീകരിച്ചു ട്രാക്കിലിറങ്ങാൻ കഴിഞ്ഞു. എല്ലാം ചാവറയച്ചന്റെ അനുഗ്രഹം കൊണ്ടാണെന്നു വിശ്വസിക്കുന്നു.

ഇനി ചെറിയൊരു സ്വകാര്യം: എനിക്ക് ആദ്യം ജനിച്ചവർ രണ്ടും പെൺകുട്ടികളാണ്. മൂന്നാമത് ഒരാൺകുട്ടി കൂടി വേണമെന്ന്

എനിക്കും വിൽസണും വലിയ ആഗ്രഹമായിരുന്നു. അതിനായി ചാവറയച്ചനോട് പ്രാർഥിക്കുകയും ചെയ്തു. മൂന്നാമത്തെ പ്രസവത്തിൽ ആൺകുട്ടി ജനിച്ചു. അവൻ ജനിച്ചശേഷം ഞങ്ങൾ ചാവറയച്ചന്റെ പള്ളിയിൽ പോയി നന്ദി പറഞ്ഞു. എന്റെ അനുജത്തിക്കു ജോലി ലഭിക്കുന്നതിനും ഞാൻ ചാവറയച്ചനോടാണ് പ്രാർത്ഥിച്ചത്.

(ചാവറയച്ചൻ, (ed.) ദീപിക പ്രസിദ്ധീകരണം,
കോട്ടയം, 2004, P. 41)

*"അയ്യോ! എത്ര പ്രാവശ്യം നീ എന്നോടു ക്ഷമിച്ചു. എന്റെ അമ്മയുടെ കയ്യിൽനിന്ന് ഇളംപ്രായത്തിൽ തന്നെ എന്നെ നീ കൈക്കൊണ്ടല്ലോ. തെറ്റുകളെ കണ്ടപ്പോൾ വീണ്ടും ലോകത്തിൽ നിന്ന് എന്നെ പിൻവലിച്ചല്ലോ. അതുകൊണ്ടും ഞാൻ ദുഷ്ടതയിൽ നിന്നും പിന്മാറുന്നില്ലെന്നു കണ്ടപ്പോൾ, എന്നേയ്ക്കുമായി നിന്റെ ഉത്തരീയകൂട്ടത്തിൽ ചേർത്തുവല്ലോ. ഇനിയും ഞാൻ മുഴുവനായിട്ടും നിന്റെ മക്കൾക്കടുത്ത ജീവിതം തുടങ്ങുന്നില്ലെങ്കിൽ എത്രയോ ഭാഗ്യദോഷിയായിപ്പോകും. ആയതിനാൽ മനോഗുണമുള്ള അമ്മേ, ഇനി നാളെയെന്നു ഞാൻ പറയാതെ ഇപ്പോൾ തന്നെ മുഴുവനും നിനക്കുള്ളവനാകുവാൻ എന്റെ ശക്തിയൊക്കെയോടും കൂടി ഉറച്ചു."*

(ചാവറയച്ചൻ, ധ്യാനസല്ലാപങ്ങൾ, P. 18)

# ഓപ്പറേഷൻ ടേബിളിൽ നിന്ന് ഓപ്പറേഷൻ കൂടാതെ -2004

ഗ്രേസി ആന്റണി, കല്ലറക്കൽ

പെരുമ്പടന്ന

10-09-2004

എന്റെ ചെവിക്ക് അസുഖം തുടങ്ങിയിട്ട് പത്തു വർഷമായി. ഇടയ്ക്കിടെ ചെവിയിൽ നിന്നും പഴുപ്പും വെള്ളവും വരുമായിരുന്നു. അപ്പോൾ അടുത്തുള്ള ആശുപത്രിയിൽ പോയി മരുന്നു കഴിക്കുമ്പോൾ കുറയും. എന്നാലും ഇടയ്ക്കിടെ അസുഖം വരുമായിരുന്നു. അങ്ങനെ ലൂർദ്ദ് ആശുപത്രിയിൽ പോയി ഡോക്ടറെ കാണിച്ചപ്പോൾ ചെവിയുടെ പുറകിലെ അസ്ഥി ഉരുകി വലിയ ഹോളുണ്ടായിരിക്കുന്നു എന്നറിയിച്ചു. ഉറപ്പുവരുത്തുവാൻ വേണ്ടി എക്സ് -റേ എടുത്തപ്പോൾ അതു ശരിയായിരുന്നു. അതിനുശേഷം രണ്ടാമത്തെ ഡോക്ടർ പരിശോധിക്കയും കണ്ട രോഗം ശരിവെയ്ക്കുകയും ചെയ്തു. അപ്പോൾ തന്നെ സീനിയർ ഡോക്ടറിന്റെ ചെക്കപ്പിനായി വിട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഈ അവസ്ഥയിൽ എഴുന്നേറ്റു നടക്കുന്നത് ദൈവത്തിന്റെ പരിപാലനയാലാണ് എന്നായിരുന്നു. ഒരു ദിവസം പോലും വൈകാതെ ഓപ്പറേഷൻ വേണമെന്നും പറഞ്ഞു. പിന്നത്തെ ആഴ്ച ഓപ്പറേഷൻ ചെയ്യാൻ തീരുമാനിച്ചു. 31-ാം തീയതി അഡ്മിറ്റാകുകയും 1-ാം തീയതി ഓപ്പറേഷനു കയറ്റുകയും അനസ്തേഷ്യ തരുകയും ചെയ്തു. ഓപ്പറേഷനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കി. അപ്പോഴാണ് ഒന്നുകൂടി ടെസ്റ്റു ചെയ്യുവാൻ വേണ്ടി ഡോക്ടർക്ക് ഉൾപ്രേരണ ഉണ്ടായത്. ഒന്നുകൂടി ടെസ്റ്റു ചെയ്തപ്പോൾ നേരത്തെ കണ്ടതായ അസുഖം ഒന്നും ഇല്ലായിരുന്നു. ഈ കാര്യം ഒന്നുകൂടി തീർച്ചപ്പെടുത്തുവാൻ വേണ്ടി സി. റ്റി. സ്കാൻ ചെയ്തു. അതിലും യാതൊരുവിധ അസുഖങ്ങളും ഇല്ലായിരുന്നു. തുള്ളിമരുന്നു മാത്രം തന്ന്, മറ്റു മരുന്നുകളൊന്നും കഴിക്കണ്ടാ എന്നു പറഞ്ഞു ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്തു.

ഓപ്പറേഷൻ വേണമെന്നു പറഞ്ഞപ്പോൾ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാദ്ധ്യസ്ഥം യാചിച്ച് നൊവേനയിൽ പങ്കുകൊണ്ടു പ്രാർത്ഥി

ച്ചിരുന്നു. ഓപ്പറേഷൻ കൂടാതെ സുഖപ്പെടുത്തിയതിന് യേശുവിൽ നിന്ന് അനുഗ്രഹം നേടിത്തന്ന വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാദ്ധ്യസ്ഥത്തിന് ഞങ്ങൾ സകുടുംബം നന്ദി പറയുന്നു. ഇനിയും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ!

എന്ന്
ഗ്രേസി ആന്റണി
കല്ലറയ്ക്കൽ ഹൗസ്
പെരുമ്പടന്ന
നേർത്ത് പറവൂർ

വികാരി
സെന്റ് ഫിലോമിനാസ് ചർച്ച്
കൂനമ്മാവ്

*"ഈ നിന്റെ ദയയിൽ കാലമായ ഈ പുതിയ നിയമകാലത്ത്, പ്രമാണപലകയല്ല പിന്നെയോ പ്രമാണം കല്പിച്ചു കൊടുത്ത നീ തന്നെ യാതൊരു ഉറയും മറവും കൂടാതെ തന്റെ ദൈവത്വത്തോടും മനുഷ്യത്വത്തോടും കൂടെ ഞങ്ങളുടെ മദുബഹായിൽ താൻ എഴുന്നള്ളിയിരിക്കുന്നു. ആരെല്ലാവരും ചെല്ലുന്നവോ, എല്ലാവരെയും സ്വീകരിക്കുന്നു; ആരു വിളിക്കുന്നുവോ, അവനിൽ ചെല്ലുന്നു; എവിടേയ്ക്കു കൊണ്ടുപോകുന്നുവോ, അവിടേയ്ക്ക് താൻ പോരുന്നു; ഏതു നാവിൽ വെയ്ക്കുന്നുവോ, അവിടെ താൻ ഇരിക്കുന്നു; ഏതു ഹൃദയത്തിൽ കുടിയിരുത്തുന്നുവോ, ആ ഹൃദയത്തെ പ്രാപിക്കുന്നു.... തിരുപ്പട്ടം എന്ന മുദ്രയാൽ പതിക്കപ്പെട്ടിരിക്കുന്ന ഏതു നാവുകൊണ്ട് ഈ തിരുവചനങ്ങളെ ഉച്ചരിക്കുന്നു എന്ന ക്ഷണത്തിൽ തന്നെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി അയാളുടെ കയ്യിൽ എഴുന്നള്ളുന്നു."*

(ചാവറയച്ചൻ, ധ്യാനസല്ലാപങ്ങൾ, P. 39)

# 13. കേരളത്തിലെ ചരിത്ര, സാഹിത്യ സാമൂഹ്യ, സാംസ്ക്കാരികനായകന്മാർ ചാവറയച്ചനെ ക്കുറിച്ച് എഴുതുന്നു

## 'ചാവറയച്ചൻ- കേരളചരിത്രകാരന്മാർ വിസ്മരിച്ച നവോത്ഥാനേതാവ്'

**പ്രൊഫ. ഏ. ശ്രീധരമേനോൻ**

(കേരളത്തിന്റെ ആധികാരിക ചരിത്രകാരൻ)

''ക്രൈസ്തവസാമുദായികപരിഷ്കർത്താക്കളെ കേരളചരിത്രകാരന്മാർ പൊതുവെ അവഗണിച്ചു. ഈ അബദ്ധം മൂലം കേരളചരിത്രത്തിൽ അർഹമായ സ്ഥാനം ലഭിക്കാതെ പോയ നവോത്ഥാന നായകനാണ് ചാവറകുര്യാക്കോസ് ഏലിയാസച്ചൻ.

....എല്ലാ പള്ളികളോടുംചേർന്ന് പള്ളിക്കൂടം സ്ഥാപിക്കണമെന്ന് കർശനനിർദ്ദേശം നൽകി. എല്ലാ വീട്ടിലെയും കുട്ടികൾ സ്ക്കൂളിൽ ചേർന്നിരിക്കണമെന്നും നിർദ്ദേശിച്ചു. ഇങ്ങനെ ചെയ്യാത്ത പള്ളികൾക്ക് ആത്മീയപ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുമെന്നും ചാവറയച്ചൻ താക്കീതു ചെയ്തു. പള്ളിക്കൂടങ്ങളിൽ ജാതിമതഭേദമെന്യെ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകി. സർക്കാർ സ്ക്കൂളുകളിൽപോലും ദളിതർക്കും അവർണ്ണർക്കും പ്രവേശനമില്ലാതിരുന്ന കാലത്താണിതെന്ന് ഓർക്കണം.

ദളിത്കുട്ടികളെ സ്ക്കൂളിലെത്തിക്കാൻ ചാവറയച്ചൻ മുൻകൈ എടുത്തു. ഇവർ പഠനം മുടക്കാതിരിക്കുവാൻ പാഠപുസ്തകം, വസ്ത്രം, ഉച്ചക്കഞ്ഞി എന്നിവ സൗജന്യമായി നൽകി. സർക്കാർ സ്ക്കൂളുകളിൽ പാവപ്പെട്ടവർക്ക് ഉച്ചക്കഞ്ഞി ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തുകൊണ്ടു ദിവാനായിരുന്ന സി. പി. രാമസ്വാമി അയ്യർ 1936 നവമ്പർ 26 ന് മഹാരാജാവിനു സമർപ്പിച്ച കുറിപ്പിൽ ക്രൈസ്തവസ്ഥാപനങ്ങളിലെ ഈ പതിവ് മാതൃകയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

....സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കുന്നതിന് ചാവറയച്ചൻ യത്നിച്ചു. സ്ത്രീകളിൽ നിന്നുതന്നെ ഒരു

സംഘത്തെ രൂപപ്പെടുത്തിയെടുത്ത് അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കയായിരുന്നു ഉദ്ദേശ്യം. സ്ത്രീസ്വാതന്ത്ര്യം, സമത്വം, സ്വാശ്രയത്വം എന്നിവ കൈവരിക്കാൻ ചാവറയച്ചൻ പല പദ്ധതികളും നടപ്പിലാക്കി.

ചാവറയച്ചൻ ക്രൈസ്തവജീവിതക്രമത്തിനായി തയ്യാറാക്കി നൽകിയ പെരുമാറ്റച്ചട്ടം സർവ്വസാമുദായിക പ്രസക്തിയുള്ളതാണ്. അശോകന്റെ ശാസനങ്ങളെ ബുദ്ധധർമ്മസംഹിത എന്നതിനപ്പുറം സാർവ്വത്രിക ധർമ്മസംഹിത എന്നുവിളിക്കുന്നതുപോലെ അച്ചന്റെ ധർമ്മനിയമങ്ങളേയും കണക്കാക്കാം.

....കേരളചരിത്രം പഠിക്കുമ്പോഴും രചിക്കുമ്പോഴും പലകുറി കണ്ടുമുട്ടിയ ചാവറയച്ചനെപ്പറ്റി വിശദമായി പഠിക്കാനായില്ലല്ലോ എന്ന് എനിക്ക് ദുഃഖം തോന്നുന്നു. ആ സങ്കടം തീർക്കുവാൻ വേണ്ടി ക്കൂടിയാണ് ഈ കുറിപ്പ്. ചാവറയച്ചന്റെ സന്ദേശവും ജീവിതവും നേട്ടങ്ങളും കത്തോലിക്കാ സമുദായത്തിനു മാത്രമുള്ളതല്ല. എല്ലാ സമുദായങ്ങൾക്കും എല്ലാകാലത്തും പ്രസക്തമാണ്. കാലത്തിനു മുമ്പേ ജനിച്ച മഹാനായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചനെന്ന് നിസംശയം പറയാം.''

(ചാവറയച്ചൻ (ed), ദീപിക പബ്ലിക്കേഷൻ, കോട്ടയം 2004, pp. 16-20)

*''ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃതസ്കൂൾ സ്ഥാപിക്കപ്പെട്ടിരുന്നു. അതിൽ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള മറ്റു കുട്ടികളും ചേർന്നു പഠിച്ചുവന്നിരുന്നു. ഇതിന്റെ നടത്തിപ്പിന്നായി തൃശ്ശൂരിൽ നിന്ന് വാര്യരു ജാതിയിൽപെട്ട ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു..... അയാളുടെ സാമർത്ഥ്യം കണ്ട് പ്രസ്തുത പ്രിയോരച്ചനും ആ വാദ്യാരിൽ നിന്ന് സംസ്കൃത ഭാഷ പഠിക്കാൻ ആരംഭിച്ചു.''*

(പാറപ്പുറം വർക്കിയച്ചൻ, നാളാഗമം, P. 1474)

# 'ചാവറയച്ചൻ- സുറിയാനി സഭയിൽനിന്നൊരു നവോത്ഥാന നായകൻ'

## പി. ഗോവിന്ദപ്പിള്ള

(മാർക്സിസ്റ്റ് സൈദ്ധാന്തികൻ, ദേശാഭിമാനി മുൻ ചീഫ് എഡിറ്റർ)

"....അതുകൊണ്ട് രാജാറാംമോഹൻ റോയിയേയും (1774- 1831), ശ്രീനാരായണഗുരുവിനേയും (1856 - 1928) പശ്ചിമേന്ത്യൻ ദയാനന്ദ സരസ്വതിയേയും (1824-1883) എല്ലാം നവോത്ഥാന നായകരായി വാഴ്ത്തുന്നതിൽ തെറ്റില്ലെങ്കിലും ഇവർക്കെല്ലാം മുമ്പും പിമ്പും പ്രവർത്തിച്ച അനേകം പ്രതിഭാശാലികളായ നവോത്ഥാന നായ കരെ വിസ്മരിക്കുന്നത് ചരിത്രത്തോട് കാട്ടുന്ന അനീതിയായിരിക്കും.

........കേരളീയ കത്തോലിക്കാസഭയിൽ, വിശേഷിച്ച് കത്തോലി ക്കാസുറിയാനിസഭയിൽ ദൂരവ്യാപകമായ പരിഷ്ക്കരണങ്ങൾക്ക് നേതൃത്വം നൽകിയ അനുഗ്രഹീത പുരോഹിതശ്രേഷ്ഠൻ എന്ന നിലയിൽ ചാവറയച്ചൻ സഭയ്ക്കകത്തും വെളിയിലും അറിയപ്പെ ടുന്നു എന്നതു നേരുതന്നെ. എന്നാൽ അദ്ദേഹത്തിന്റെ സമർപ്പിത ജീവിതവും ദീർഘദൃഷ്ടിയോടുക്കൂടിയുള്ള പരിഷ്ക്കരണപ്രവർത്ത നങ്ങളും കേരളനവോത്ഥാനചരിത്രത്തിന്റെ അവിഭാജ്യഘടകങ്ങ ളാണ്.

.......സഭയ്ക്കകത്തെ അദ്ദേഹത്തിന്റെ പരിഷ്ക്കരണശ്രമങ്ങൾ മാർട്ടിൻ ലൂഥർ, പാലക്കുന്നത്ത് അബ്രാഹം മല്പാൻ തുടങ്ങിയവ രുടെ പ്രവർത്തനങ്ങളേക്കാൾ വിശുദ്ധരായ ബനഡിക്റ്റ്, അസ്സീസി, അക്വീനാസ്, ലയോള തുടങ്ങിയവരുടെ പ്രവർത്തനങ്ങളോടാണ് സാമ്യം വഹിച്ചിരുന്നത്. എന്തുകൊണ്ടെന്നാൽ സഭയെ ദുർബല പ്പെടുത്തുകയോ പിളർത്തുകയോ ചെയ്യാതെ അതിനകത്ത് കാലോ ചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുകയായിരുന്നു ചാവറയച്ചൻ ചെയ്തത്.

......സാധാരണ വിദ്യാർത്ഥികൾക്ക് നൽകിയ ഈ വിദ്യാഭ്യാസ സൗകര്യം അക്കാലത്ത് മറ്റു പല വിദ്യാലയങ്ങളിലും അയിത്തം മൂലം പ്രവേശനമില്ലാതിരുന്ന ദളിതർക്കുപോലും ലഭിക്കുവാൻ

വികാരി ജനറാളായിരുന്ന ചാവറയച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

.....വ്യാപകമായ ഈ ജനകീയ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അനുബന്ധവും തുടർച്ചയുമാണ് ഒരു അച്ചുകൂടം സ്ഥാപിക്കൽ എന്ന് അച്ചൻ മനസ്സിലാക്കി. ചാവറയച്ചന്റെ മസ്തിഷ്ക്കത്തിൽ അച്ചുക്കൂടത്തെക്കുറിച്ചുള്ള ആശയം ഉദിക്കുമ്പോൾ അദ്ദേഹം അച്ചുകൂടം എന്നൊരു സാമഗ്രി കണ്ടിട്ടേയില്ലായിരുന്നു.

......ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നവോത്ഥാനപ്രവണത പ്രകടമായ മറ്റൊരു രംഗം മലയാളഭാഷയോടും സംസ്കൃതത്തോടും അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവേഴ്ചയും സർഗവാസനയുമാണ്..... ചേലപ്പറമ്പൻ, വെൺമണി തുടങ്ങിയ ചില പച്ച മലയാള കവിത എഴുത്തുകാരെ ഒഴിച്ചുനിർത്തിയാൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടും മൂന്നും പാദങ്ങളിൽ ഇത്ര ലളിതമായ മലയാളം കവിതക്ക് ഉപയോഗിച്ചവർ വളരെ ചുരുക്കമായിരുന്നു.''

(ചാവറയച്ചൻ (ed), ദീപിക പബ്ലിക്കേഷൻ, കോട്ടയം, 2004, pp. 32-34; 169-172)

*''എന്നാൽ ഈ എഴുതുവാൻ പോകുന്ന സംഗതികൾ ഒക്കെയും കണ്ണുകൊണ്ട് കണ്ടതായിട്ടും, വിശ്വാസമുള്ളവരിൽനിന്നു കേട്ടതായിട്ടും ഉള്ളതാകുന്നു. ഈ വണ്ണം ഞാൻ എഴുതുന്നു എങ്കിലും ഞാൻ അറിയാത്തതായ പല വിവരങ്ങളും ഉണ്ടായിരിക്കും. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എന്റെ ഓർമ്മയിൽ വരുന്നതും ആയ സംഗതികൾ മാത്രം ഇവിടെ കാണിക്കുന്നു.''*

(ചാവറയച്ചൻ, നാളാഗമം P. 60)

## 'ചാവറയച്ചന് 51 വയസുള്ളപ്പോൾ ശ്രീനാരായണഗുരുവിന് 9 വയസ്സ്'

### പ്രൊഫ. എം. കെ. സാനു(സാഹിത്യകാരൻ)

"....ഇന്നു തിരിഞ്ഞുനോക്കുമ്പോൾ നമുക്കത്ഭുതം തോന്നും. ചാവറയച്ചൻ തന്റെ ആശ്രമത്തോടു ചേർത്ത് 1846-ൽ ഒരു സംസ്കൃതസ്കൂൾ തന്നെ ആരംഭിച്ചിരുന്നു.... കേരളത്തിന്റെ ചരിത്രത്തിൽ ദരിദ്രവിദ്യാർത്ഥികൾക്ക് സൗജന്യഭക്ഷണം ആദ്യമായി നൽകിയത് ചാവറയച്ചനാണെന്ന് എത്രപേർ ഓർമ്മിക്കുന്നു?

....സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുക എന്നത് അന്ന് ആർക്കും ആലോചിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. എങ്കിലും ക്രാന്തദർശിയായ ചാവറയച്ചന്റെ കണ്ണുകൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും കണ്ടറിഞ്ഞു.

....വിവാഹം, മരണം തുടങ്ങിയ മുഹൂർത്തങ്ങൾ അക്കാലത്ത് ദരിദ്രരെ ഒട്ടൊന്നുമല്ല അലട്ടിയത്. അതിൽ അവർക്ക് സാന്ത്വനമരുളുന്നതിനുള്ള സംവിധാനങ്ങൾ ഇടവകയിൽ ഏർപ്പാടാക്കുകയും ചെയ്തു.... അന്യമതവിശ്വാസികളായ അയൽക്കാർക്കും ആ സേവനത്തിന്റെ ഗുണഫലങ്ങൾ ധാരാളമായി ലഭിച്ചുവന്നു.

....ഇതൊക്കെയും നടക്കുന്നത് 1865 കാലത്താണെന്നോർമ്മിക്കണം. അന്ന്, ശ്രീനാരായണഗുരു കേവലം ഒമ്പതുവയസ്സുള്ള ബാലൻ മാത്രമായിരുന്നു. മതമോ ജാതിയോ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽനിന്നും മോചിപ്പിക്കാൻ കഠിനമായും സാഹസീകമായും പരിശ്രമിച്ച ചാവറയച്ചന് നമ്മുടെ നവോത്ഥാന നായകരിൽ സുപ്രധാന സ്ഥാനമുണ്ടെന്നോർമിപ്പിക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചത്."

(ചാവറയച്ചൻ (ed), ദീപിക പബ്ലിക്കേഷൻ, കോട്ടയം, 2004, pp. 25-27)

## 'ചാവറയച്ചൻ - സംഘാടകനും സംയോജകനും'

### നിത്യചൈതന്യയതി (ആത്മീയാചാര്യൻ)

"ദുഃഖസമുദ്രത്തിന്റെ അലമാലകൾ ചുഴ്ന്നുയർന്നപ്പോഴും പ്രശാന്തമനസ്ക്കനായ ഒരു യമിനിയായി നിലകൊള്ളുവാൻ ചാവറയച്ചനു കഴിഞ്ഞു. തെറ്റുകളെ ശക്തമായി എതിർക്കുമ്പോൾപോലും തെറ്റുചെയ്തവനോടുള്ള കാരുണ്യത്തിന് അതിരുണ്ടായിരുന്നില്ല. തന്റെ പ്രതിജ്ഞയായ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവയിൽ നിന്ന് അണുവോളം വ്യതിചലിക്കാതെയും തന്റെ കർമ്മധാരയെ ദൈവത്തിനു സാമ്യപ്പെടുത്തി സ്വധർമ്മത്തിനു പോറലേല്ക്കാതെയുമാണ് ചാവറയച്ചൻ കൊണ്ടുപോയത്. വലിയ സംഘാടകനും സംയോജകനുമായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അത്ഭുതപൂർവ്വകമായ ജനസമ്മതിക്കു പാത്രമായി, സമാരാദ്ധ്യനായിരുന്നപ്പോൾപ്പോലും ഒരു മഹിമയും അദ്ദേഹം തന്റേതായി എണ്ണിയില്ല. എല്ലാം പരമകാരുണികനായ ഈശ്വരന്റെ ദയാവായ്പുമൂലം ജനങ്ങൾക്കു ലഭിക്കുന്ന കൃപാകടാക്ഷം എന്നുമാത്രമെ ആ മഹാപുരുഷൻ കരുതിയുള്ളു. താൻ ഒരു നിമിത്തമെന്നതിലധികമായി അദ്ദേഹം തന്റെ മഹിമയെ ഒരിക്കലും കണ്ടിരുന്നില്ല."

(ചാവറയച്ചൻ, ആത്മാനുതാപം, ഗദ്യാവിഷ്ക്കരണം,
സെഡ്. എം. മുഴൂർ, തേവര, 1990, p. 364)

*"എത്രയും ചിത്രമാം നിൻമുഖപത്മത്തെ*
*യേകാന്ത പ്രേമത്താൽ പാർക്കുന്നഹം*
*ഏകേശനാഥനെ, നിന്നുടെ ദാസൻമേ-*
*യേകദാ നിന്നെ ഞാൻ കാണാകേണം."*

(ചാവറയച്ചൻ, ആത്മാനുതാപം, P. 22)

## 'ചാവറയച്ചൻ - വൈദേശികരൂപങ്ങളെ മാതൃകയാക്കിയ കവി, ആദ്യ ഖണ്ഡകാവ്യകൃത്തും'

**സുകുമാർ അഴീക്കോട് (സാഹിത്യവിമർശകൻ, വാഗ്മി)**

"അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതിയിലാകട്ടെ ചാവറയച്ചൻ വൈദേശികരൂപങ്ങളെ മാതൃകയാക്കി കവിത രചിക്കുവാൻ മലയാളിക്ക് ആദ്യപാഠം നൽകി. മലയാളത്തിലെ ഒന്നാമത്തെ ഖണ്ഡകാവ്യം എന്ന് ആ കൃതിയെ കരുതാമെങ്കിൽ ഖണ്ഡകാവ്യരൂപത്തെപ്പറ്റി മലയാളിയെ മാതൃകയിലൂടെ പഠിപ്പിച്ച പ്രഥമാദ്ധ്യാപകൻ ചാവറയച്ചനാണെന്ന് സമ്മതിക്കേണ്ടിവരും."

(സെഡ്. എം. മുഴൂർ, ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ (ed), ചാവറയച്ചന്റെ കവനരീതി, സുകുമാർ അഴീക്കോട്, തേവര, 1989)

*"കന്നി തന്റെ മറുമൊഴി കേട്ടുടനെ മന്ത്രി വീരൻ*
*ഒന്നി തന്റെ മോഹമൊന്നും ഫലിക്കില്ലൊട്ടും*
*ക്രൂരഭാവം നടിച്ചവൻ ചക്ഷു രണ്ടും ചുമപ്പിച്ചു*
*ക്രോധ വീര്യാൽ മുഖം സൂര്യാമേഘമായ് മൂടി*
*കടുത്തൊരു സിംഹവ്യാഘ്രലം കയർത്തെന്ന സമമായി-*
*ട്ടടുത്തു കന്നിയിൽ മുഖത്തടിപ്പിച്ചപ്പോൾ*
*സ്നേഹവാർത്ത പകർത്തീ തൻ ദൂഷണങ്ങൾ*
*കക്കി കഷ്ടൻ*
*മോഹിതമാം കന്നിമുഖം ചോരയാൽ പൂശി.*
*ശീഘ്രലമായി തടവിട്ടു പൂട്ടിയുള്ള വിലങ്ങതിൽ*
*ജാഗ്രതയാൽ ഭടന്മാരെ കാവലും വെച്ചു...*
*തന്റെ യാത്ര സമീപമായെന്നറിഞ്ഞു പുതുകന്നി-*
*തൻ കരങ്ങളുയർത്തിക്കൊണ്ടണച്ചു സ്തോത്രം -*
*പാപികൾക്കു രക്ഷ ചെയ്‌വാൻ വന്നു നീ*
*പൂജിച്ച പോലെ*
*പാപിയാമെൻ ജീവപൂജ പൂർത്തിയാൽ ഏൽക."*

(ചാവറയച്ചൻ, അനസ്താസ്യായുടെ രക്തസാക്ഷ്യം P. 178-180)

## 'ചാവറയച്ചൻ- ആത്മസൗന്ദര്യം കവിതകളിലൂടെ മലയാളത്തിലേക്ക് കൊണ്ടുവന്ന കവി'

**സി. പി. ശ്രീധരൻ (സാഹിത്യകാരൻ, പത്രപ്രവർത്തകൻ)**

"മഹത്തരങ്ങളായ സാഹിത്യകൃതികൾ ഉണ്ടാകണമെങ്കിൽ മഹത്തരങ്ങളായ ജീവിതങ്ങൾ അനിവാര്യമാണ്. മലയാളസാഹിത്യം ബാഹ്യസൗന്ദര്യത്തിലും, രൂപഭംഗിയിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഒരുകാലത്ത് ആത്മസൗന്ദര്യത്തിലും ആത്മവിശുദ്ധിയിലും മികച്ച കവിതകളെ മലയാളത്തിന്റെ ജീനിയസ്സിൽ പകർത്തിക്കൊണ്ട് രംഗപ്രവേശനം ചെയ്ത ഒരു യോഗാത്മക കവിയായിരുന്നു കുര്യാക്കോസ് ഏലിയാസച്ചൻ. ജനങ്ങളെ ക്രിസ്തുമതത്തിലേയ്ക്ക് കൊണ്ടുവരിക എന്നതിൽ കവിഞ്ഞ് ക്രിസ്തുവിനെ ജനങ്ങളിലേയ്ക്ക് കൊണ്ടുവരിക എന്നതായിരുന്നു ചാവറകൃതികളുടെ ലക്ഷ്യം.

....അദ്ദേഹത്തിന്റെ കാലത്ത് സംസ്കൃതവൃത്തങ്ങൾക്കായിരുന്നു ഇവിടെ പ്രാമാണ്യം. എന്നിട്ടും അന്ന് നാട്ടിൽ നടപ്പുണ്ടായിരുന്ന പതിനഞ്ചോ പതിനെട്ടോ ഗാനവൃത്തങ്ങൾ ഏലിയാസച്ചൻ ഉപയോഗിക്കുകയുണ്ടായി.... ഇങ്ങിനെ കിളിപ്പാട്ട്, പാന, തരംഗിണി, വഞ്ചിപ്പാട്ട് തുടങ്ങിയ നാടൻ വൃത്തങ്ങളിൽ കവിതയെഴുതിയ ഈ പ്രതിഭാശാലി വായ്മൊഴിയൊക്കെ സംസ്കൃതത്തിലായിരുന്ന അക്കാലത്ത് ഒരത്ഭുതം സൃഷ്ടിക്കുകയായിരുന്നു. രതിപദങ്ങൾ രസപ്രദങ്ങളായിരുന്ന സമൂഹത്തിൽ വിരതിപദങ്ങളും രസോത്തരങ്ങളാണെന്ന് കാണിച്ചുകൊടുക്കുന്നതിനോടൊപ്പം ജനഹൃദയത്തോട് സംവാദക്ഷമമായ നാടൻശീലുകൾക്കാണ് സംസ്കൃതഛന്ദസ്സുകളേക്കാൾ ആത്മസ്പർശത കൂടുതലെന്നു സ്ഥാപിച്ച ഈ യോഗീവര്യൻ മലയാളകവിതയുടെ ഉടലും ഉയിരും രൂപാന്തരപ്പെടുത്തി എന്നതാണ് സത്യം."

(ചാവറ ചരമശതാബ്ദി 1871-1971 (ed), സി. പി. ശ്രീധരൻ, ആത്മൗന്നത്യം ചുരത്തിയ കവിതാഗംഗ, പ്രകാശം പബ്ലിക്കേഷൻ, pp. 61-66)

## ചാവറയച്ചൻ- ദൈവം പ്രത്യേകം തിരഞ്ഞെടുത്ത സന്യാസസഭാസ്ഥാപകൻ

### ഡോ. സേവ്യർ കൂടപ്പുഴ (സഭാചരിത്രകാരൻ)

"കാലത്തിന്റെ കുത്തൊഴുക്കിൽ ക്രൈസ്തവമൂല്യങ്ങൾ അവഗണിക്കപ്പെടുമ്പോൾ അവ ദൈവജനത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് സഭാജീവിതം നവീകരിക്കാൻ ദൈവം പ്രത്യേകം തിരഞ്ഞെടുക്കുന്നവരാണ് സന്യാസസഭാസ്ഥാപകരെന്ന് പൊതുവെ പറയാം. അജപാലനരംഗത്ത് യഥാർത്ഥനവീകരണമുണ്ടാക്കുവാൻ ചാവറയച്ചൻ പരമാവധി പരിശ്രമിച്ചു.

വിദ്യാഭ്യാസരംഗത്തും കലാസാംസ്ക്കാരിക രംഗങ്ങളിലും ചാവറയച്ചൻ ശ്രദ്ധപതിച്ചു. പ്രസിദ്ധീകരണങ്ങളുടെ പ്രേഷിതരംഗത്തും ചാവറയച്ചൻ നേതൃത്വം നൽകി. അദ്ദേഹം ആരംഭിച്ച പ്രസ്ഥാനങ്ങൾ ഇന്നു വളരെയധികം വളർന്നു വികസിച്ചിരിക്കുന്നു. ചാവറയച്ചന്റെ സഭാവീക്ഷണം സമുദായത്തിന്റെ വളർച്ചയ്ക്ക് വളരെ സഹായകമായി. ആഴമായ ഒരു ആദ്ധ്യാത്മികതയിലൂടെയുള്ള സഭാസേവനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇടവകകളിൽ ധ്യാനപ്രസംഗങ്ങൾ നടത്തുക, മതപഠനത്തിന് സഹായിക്കുക, വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവസന്ദേശം പ്രചരിപ്പിക്കുക, വാർത്താവിനിമയോപാധികളിലൂടെ പ്രേഷിതപ്രവർത്തനങ്ങൾ നടത്തുക, എന്നിങ്ങനെ ബഹുമുഖങ്ങളായിരുന്നു അദ്ദേഹത്തിന്റെ ജീവിതവൃത്തികൾ.

....മാന്നാനംകുന്നിൽ രൂപംകൊണ്ട സന്യാസസമൂഹം യഥാർത്ഥ സമുദായത്തിൽപെട്ട മെത്രാനെ ലഭിക്കുവാൻ നേതൃത്വം നൽകി. ഇതിനായി റോമിലേയ്ക്ക് മെമ്മോറാണ്ടമയച്ച ഏഴുപേർ വരാപ്പുഴ വിദേശകർമ്മലീത്ത മെത്രാന്റെ പ്രതികാരത്തിനിരയായി. ഏഴു സന്യാസികൾ സന്യാസസമൂഹത്തിൽനിന്നു നിഷ്ക്കാസിതരായി. അവർക്ക് 'ഏഴു വ്യാകുലങ്ങൾ' എന്ന പേരും കിട്ടി.

('ദർശന വീട് താപസഭവനം', ചാവറസ്പെഷ്യൽ, കർമ്മലകുസുമം, മാന്നാനം, 1986, PP. 49, 50 )

## 'ചാവറയച്ചൻ -ഭാരതത്തിന്റെ ആദ്ധ്യാത്മിക പൈതൃകം ഉൾക്കൊണ്ടവൻ'

**ഡോ. ജെ. കട്ടയ്ക്കൽ (മതഗ്രന്ഥകാരൻ)**

"ക്രാന്തദർശിയും സിദ്ധനുമായ ചാവറ കുര്യാക്കോസച്ചൻ, ദൈവാനുഭവത്തെ ലക്ഷ്യമാക്കി, ധ്യാനാത്മകപ്രാർത്ഥനയും സന്യാസസംഘടനയും വഴി, കേരള ക്രൈസ്തവസഭയ്ക്ക് ആദ്ധ്യാത്മികമായ ഉണർവ്വു നൽകി. 1861 മുതൽ കേരള സുറിയാനി കത്തോലിക്കരുടെ വികാരി ജനറാൽ കൂടിയായിരുന്ന ഈ 'വലിയ പ്രിയോരച്ചന്' സഭയിൽ തന്റെ ആദ്ധ്യാത്മികസ്വാധീനം ചെലുത്തുന്നതിനാവശ്യമായ സഭാധികാരവും ഉണ്ടായിരുന്നു. ഇടവകയിൽ വാർഷിക ധ്യാനം, പ്രധാന ദേവാലയങ്ങളിൽ 'നാല്പതുമണി ആരാധന', പ്രാർത്ഥനാനിരതവും ധ്യാനാത്മകവുമായ കേരള കർമ്മലീത്താ സന്യാസ, സന്യാസിനിസഭകളുടെ സംഘടിപ്പിക്കൽ എന്നിവയുടെ പേരിൽ, കേരള ക്രിസ്തുസഭയും ഭാരതസഭയും ചാവറയച്ചനോടു പ്രത്യേകം കൃതജ്ഞതയുള്ളവരായിരിക്കണം.

....ആർഷ ഭാരതത്തിന്റെ ആദ്ധ്യാത്മിക പൈതൃകമായ ധ്യാനം, സന്യാസം, ദൈവാനുഭവം മുതലായവയെ ഉൾക്കൊണ്ടുകൊണ്ട് ചാവറയച്ചൻ കേരള ക്രൈസ്തവസഭയുടെ നവോത്ഥാനത്തിനു വഴി തെളിച്ചു."

(ദർശനവീടും താപസഭവനവും, ചാവറസ്പെഷ്യൽ, കർമ്മലകുസുമം, മാന്നാനം, 1986, PP. 150-152)

*"മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു."*

(ചാവറയച്ചൻ, കത്തുകൾ, P. 147)

## ചാവറയച്ചനും മാന്നാനം ചിറ്റേഴത്ത് തറവാടും

### ഡോ. സി. വി. ആനന്ദബോസ് ഐ. എ. എസ്സ്

"ചാവറയച്ചനെ ഞാൻ കണ്ടിട്ടില്ല. ആ സാന്നിദ്ധ്യം അനുഭവിച്ച റിഞ്ഞിട്ടുണ്ട്. ഷേക്സ്പിയർ പറഞ്ഞതു പോലെ, "thereby hangs a tale". ഒരു പുണ്യവാൻ നടന്ന മണ്ണിലൂടെ നടക്കാൻ കഴിയുക, ശ്വസിച്ച വായു ശ്വസിക്കാൻ കഴിയുക, ജീവിച്ച അന്തരീക്ഷത്തിൽ ജനിച്ചുവളരാൻ കഴിയുക - അപൂർവ്വമായ ഒരനുഭൂതി തന്നെയാ ണിത്. എനിക്കു പങ്കുവെയ്ക്കാനുള്ളതും അതുമാത്രമാണ്.

..........അങ്ങനെ അഞ്ചുതലമുറകൾക്കുശേഷം മാന്നാനത്തെ ചിറ്റേഴം തറവാട്ടിൽ നിന്നുള്ള എന്നെ കൈപിടിച്ചുയർത്തിയ ചാവ റയച്ചൻ പത്രോസിന്റെ സിംഹാസനത്തിനു മുന്നിൽ എത്തിച്ചിരി ക്കുന്നു. വീട്ടിലെ കാരണവന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്: 'ചാവ റയച്ചൻ മാന്നാനത്തു പള്ളി പണിയാൻ വന്നപ്പോൾ ചിറ്റേഴത്തെ കളപ്പുരയാണ് അച്ചന്മാർക്കു വിശ്രമിക്കാനും പണിയായുധങ്ങൾ വെയ്ക്കാനും ഉപയോഗിച്ചിരുന്നതെന്ന്. അന്നത്തെ കാരണവന്മാ രോട് അച്ചൻ പറഞ്ഞ പല കാര്യങ്ങളും ആദരവിലും സ്നേഹത്തിലും പൊതിഞ്ഞ് തറവാട്ടിലെ തലമുറകൾക്ക് കൈമാറിയിട്ടുള്ളത് ഞാൻ ഓർമ്മിച്ചു. ചാവറയച്ചൻ പള്ളി പണിത കഥ. സെമിനാരി സ്ഥാപിച്ച കഥ. വാഴപ്പിണ്ടിയിൽ പ്രസുണ്ടാക്കിയ കഥ. ത്യാഗത്തിന്റെ, വിശ്വാ സത്തിന്റെ, പീഡാനുഭവത്തിന്റെ, ഉയിർത്തെഴുന്നേൽപ്പിന്റെ കഥ.

ഇതൊക്കെ എനിക്കു കേട്ടറിവേയുള്ളു, വീട്ടിലെ കാരണവന്മാ രിൽ നിന്നും പക്ഷെ, അവർ കേട്ടത് അവരുടെ അച്ഛനപ്പൂപ്പന്മാരിൽനി ന്ന്. അവർ കേട്ടതോ ചാവറയച്ചനിൽ നിന്നു നേരിട്ട് അതുകൊണ്ടു തന്നെ ആ കേട്ടറിവിന് ആത്മാവുണ്ട്. എന്തൊക്കെയാണ് ഞാൻ കേട്ടത്? പുല്ലരിക്കുന്നിൽ പള്ളി പണിയാൻ ചാവറയച്ചന് താല്പ ര്യമില്ലായിരുന്നത്രെ! പിന്നെ?..... ആ പിന്നെയുടെ പിന്നാലെ പോകു മ്പോഴാണ് അച്ചന്റെ മനസ്സും അച്ചന്റെ മഹത്വവും മനസ്സിലാകുന്നത്.

നീണ്ട നാളത്തെ അന്വേഷണത്തിനുശേഷമാണ് പള്ളി പണി യാനുള്ള സ്ഥലം കണ്ടെത്തിയത്. പുല്ലരിക്കുന്നാണ് പള്ളിക്കായി തീരുമാനിച്ച സ്ഥലം. എന്നാൽ കുമാരനല്ലൂർ ദേവീക്ഷേത്രത്തിലെ ഭക്തജനങ്ങളിൽ ചിലർക്ക് ആശങ്ക. ദേവിയുടെ ദൃഷ്ടിപതിയുന്ന സ്ഥല മാണ് ക്ഷേത്രത്തിനടുത്തുള്ള പുല്ലരിക്കുന്നു. അവിടെ മറ്റൊരു ദേവാ

ലയം വരുന്നത് അത്ര തൃപ്തികരമല്ലല്ലൊ. അവിടെയാണ് ചാവറയച്ചൻ "ഞാൻ ജീവനും വഴിയും വെളിച്ചവുമാകുന്നു" എന്ന തിരുവചനത്തിന്റെ ജീവസുറ്റ പ്രതീകമായി മാറിയത്. 'അന്യമതസ്തരെ മുറിപ്പെടുത്തിക്കൊണ്ട് പുല്ലരിക്കുന്നിൽ പള്ളി പണിയണ്ടാ' അച്ചൻ തറപ്പിച്ചു പറഞ്ഞു.

പുല്ലരിക്കുന്നിന്റെ നഷ്ടം മാന്നാനത്തിന്റെ നേട്ടമായിരുന്നു. ദൈവഹിതം. റോമിൽ നിന്നു പണം ചാക്കിൽ കെട്ടികൊണ്ടുവന്നല്ല ചാവറയച്ചൻ പള്ളി പണിതത്. പിടിയരി പിരിച്ചും ഉല്പന്ന പിരിവു നടത്തിയുമാണ്. അതിൽ സഹകരിച്ചത് ഇടവകക്കാർ മാത്രമല്ല. എൺപതു കഴിഞ്ഞ എന്റെ വലിയമ്മ പിടിയരി ഇടുന്നതു ഞാൻ കണ്ടിട്ടുണ്ട്. അതിന്റെ തുടക്കം ചാവറയച്ചനിൽ നിന്നാണെന്ന് വല്യമ്മയുടെ വല്യമ്മ പറഞ്ഞ് അവർ കേട്ടിട്ടുണ്ടത്രെ.

...........മാന്നാനം പള്ളി, വൈദികരുടെ ആശ്രമം, പള്ളിവക അച്ചുകൂടം, സംസ്കൃതവിദ്യാലയം, അനാഥാലയം, ഇന്നു ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നു പന്തലിച്ചുകിടക്കുന്ന കർമ്മലീത്താ സഭ.... ഇതിന്റെയൊക്കെ പിതാവാകാൻ ചാവറതറവാട്ടിലെ കൊച്ചു കുര്യാക്കോസിന് ദൈവനിയോഗം ലഭിച്ചു."

(ചാവറയച്ചൻ, (ed.), ദീപിക പ്രസിദ്ധീകരണം, കോട്ടയം, 2004, pp. 30-31)

*"കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്; എന്തെന്നാൽ പലപ്പോഴും അവർ മാലാഖാമാരായി പോകയും, പിശാശുക്കളായി പിന്തിരിയുകയും ചെയ്യുന്നു."*

(ചാവറയച്ചൻ, കത്തുകൾ, P. 148)

# 14. ചാവറയച്ചന്റെ സംഭാവനകൾ

## വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സേവനരംഗങ്ങൾ

1. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശിയ സന്യാസ സഭയുടെ (CMI) സ്ഥാപനം. - 1831
2. ഞായറാഴ്ച പ്രസംഗങ്ങളും ഇടവകധ്യാനങ്ങളും വൈദികർക്കുള്ള ധ്യാനവും നടപ്പിലാക്കി പ്രചരിപ്പിച്ചു. - 1831
3. സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതു സെമിനാരി മാന്നാനത്തു സ്ഥാപിച്ചു നടത്താൻ സഹായിച്ചു. - 1833
4. 'കുരിശിന്റെ വഴി' എന്ന ഭക്തിക്രമം മാന്നാനത്തു നിന്നാരംഭിച്ചു. - 1833
5. സുറിയാനിക്കാരുടെ മൽപ്പാനും വൈദികരുടെ പരീക്ഷകനുമായി നിയമിതനായി - 1844
6. സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണകേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു - 1846
7. കത്തോലിക്കാസ്ഭയുടെ നേതൃത്വത്തിലുള്ള ആദ്യത്തെ സംസ്കൃത സ്കൂൾ സ്ഥാപിച്ചു - 1846
8. സുറിയാനി കത്തോലിക്കരുടേതായി ആദ്യത്തെ വിശ്വാസപരിശീലനകേന്ദ്രം (Catechumenate) മാന്നാനത്താരംഭിച്ചു - 1853
9. 1854 -ൽ പരിശുദ്ധമറിയത്തെ അമലോത്ഭവയായി പ്രഖ്യാപിച്ചതിനുശേഷം 'അമലോത്ഭവ' മാതാവിന്റെ നാമത്തിൽ സ്ഥാപിച്ച ആദ്യ സന്യാസ സഭാസ്ഥാപകൻ - 1855
10. ഇൻഡ്യൻ ജനതയിൽ നിന്നുള്ള ആദ്യത്തെ ക്രൈസ്തവ സന്യാസവ്രത സമർപ്പകൻ - 1855
11. കേരളസഭയിലെ ആർച്ചുഡീക്കന്മാർക്കു ശേഷമുള്ള ആദ്യത്തെ വികാരിജനറൽ. - 1861
12. കേരളസഭയിലുണ്ടായ റോക്കോസ് ശീശ്മയെ നിർവീര്യമാക്കി സഭയെ ഐക്യത്തിൽ നിലനിർത്തിയ നേതാവ് - 1861

13. മലയാളഭാഷയിലെ ആദ്യഖണ്ഡകാവ്യം 'അനസ്താസ്യായുടെ രക്തസാക്ഷ്യം' രചിച്ചു. - 1862
14. 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന നിയമം വികാരി ജനറൽ ആയിരുന്നപ്പോൾ നടപ്പിലാക്കി. - 1864
15. പരിശുദ്ധ മാതാവിന്റെ മാസവണക്കം ബെർണർഡിൻ മെത്രാന്റെ സഹായത്തോടെ പ്രചരിപ്പിച്ചു. - 1865
16. ആരാധനക്രമം, കാനോന നമസ്ക്കാരം, കുർബ്ബാന കലണ്ടർ തുടങ്ങിയ ആരാധന ക്രമനവീകരണത്തിന് നേതൃത്വമെടുത്തു. - 1862-1869
17. സീറോ-മലബാർസഭയിലെ ആദ്യത്തെ ഏതദ്ദേശിയ സന്യാസിനി സഭ (C.M.C.) സ്ഥാപിക്കാൻ നേതൃത്വമെടുത്തു. - 1866
18. നാൽപതുമണി ആരാധന കേരളസഭയിൽ ആരംഭിച്ചു. - 1866
19. പെൺകുട്ടികൾക്കു താമസിച്ചു പഠിക്കാനുള്ള ആദ്യത്തെ ബോർഡിംങ്ങ് ഹൗസ് ആരംഭിച്ചു. - 1868
20. 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന കുടുംബ നവീകരണക്രമം നൽകി. - 1868
21. കേരളസഭയിലെ ആദ്യ അത്മായ സംഘടനയായ 'വിശുദ്ധ യൗസേപ്പിതാവിന്റെ നന്മരണസഖ്യം' സ്ഥാപിച്ചു. - 1869
22. അനാഥർക്കും രോഗികൾക്കും, വൃദ്ധർക്കുമുള്ള ആദ്യ ക്രൈസ്തവ അഗതിമന്ദിരം കൈനകരിയിൽ സ്ഥാപിച്ചു. - 1869
23. (19-ാം നൂറ്റാണ്ടിലെ) കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യ പ്രസ്ഥാനത്തിന് പ്രേരണ നൽകി. - 1869
24. 'വാഴ്ത്തപ്പെട്ടവൻ' എന്നു പേരു വിളിക്കപ്പെട്ട ആദ്യ ഭാരതീയൻ - 1986
25. അദ്ദേഹത്തിന്റെ സേവനങ്ങളെ ആദരിച്ച് ഇൻഡ്യ ഗവണ്മെന്റ് തപാൽസ്റ്റാമ്പ് പുറപ്പെടുവിച്ചു. - 1987

# ചാവറയച്ചന്റെ കാലത്തു തുടങ്ങിയ സ്ഥാപനങ്ങൾ




1. മാന്നാനം - സെന്റ് ജോസഫ് ആശ്രമം 1831



2. കൂനമ്മാവ് - സെന്റ് ഫിലോമിനാസ് ആശ്രമം 1857



3. ഏൽത്തുരുത്ത് - സെന്റ് മേരീസ് ആശ്രമം - 1858



4. വാഴക്കുളം - കാർമ്മൽ ആശ്രമം - 1859



5. പുളിങ്കുന്ന് - സെൻ്റ് സെബാസ്റ്റ്യൻ ആശ്രമം - 1861



6. കൂനമ്മാവ് - സെൻ്റ് തെരേസാ മഠം (CMC) 1866



7. അമ്പഴക്കാട് - സെന്റ് തെരേസാ ആശ്രമം 1868



8. മുത്തോലി - സെന്റ് ജോൺ ഓഫ് ദി ക്രോസ് ആശ്രമം 1870

# ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ

1. **നാളാഗമങ്ങൾ - വാല്യം-I**
   - സി. എം. ഐ., സി. എം. സി. സന്യാസസഭകളുടെ സ്ഥാപനം, വളർച്ച.
   - 19-ാം നൂറ്റാണ്ടിലെ 'പദ്രൊവാദോ' 'പ്രൊപ്പഗാന്ത' സഭാ സംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും.
   - 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും
   - പാലയ്ക്കൽ തോമ്മാ മല്പാന്റെ ജീവചരിത്രം (മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം)
   - കേരളസഭയിലെ പഴയ ചരിത്രങ്ങളും മറ്റു പല സംഭവങ്ങളും
2. **സാഹിത്യകൃതികൾ-വാല്യം-II**
   - ആത്മാനുതാപം
   - മരണവീട്ടിൽ പാടുന്നതിനുള്ള പാന
   - അനസ്താസ്യായുടെ രക്തസാക്ഷ്യം
     (മലയാളഭാഷയിലെ ആദ്യ ഖണ്ഡകാവ്യം)
3. **ആദ്ധ്യാത്മിക കൃതികൾ - വാല്യം-III**
   - ധ്യാനസല്ലാപങ്ങൾ
   - ദൈവവിളിയിൽമേൽ ധ്യാനം
   - ദൈവമനോഗുണങ്ങളിന്മേൽ ധ്യാനം
   - ചാവുദോഷത്തിന്മേൽ ധ്യാനം
   - രണ്ടച്ചന്മാരുടെ വില എന്നതിന്മേൽ ധ്യാനം
   - ഭക്തിയില്ലാത്ത വൈദികന്റെ മരണം
   - ചാവറയച്ചൻ ചൊല്ലിയിരുന്ന പ്രാർഥനകൾ
   - നാല്പതുമണി ആരാധന.
4. **കത്തുകൾ - വാല്യം-IV**
   - മാർപ്പാപ്പയ്ക്കെഴുതിയ കത്തുകൾ - 2
   - പ്രൊപ്പഗാന്ത തിരുസംഘത്തിനെഴുതിയ കത്തുകൾ - 7
   - മെത്രാന്മാർക്കുള്ള കത്തുകൾ - 10

- റോമിലെ കർമലീത്ത സഭാധികാരികൾക്ക് എഴുതിയ കത്തുകൾ - 2
- സി.എം.ഐ., സി.എം.സി. സഭാംഗങ്ങൾക്കെഴുതിയ സർക്കുലറുകളും കത്തുകളും - 32
- ഇടവക വൈദികർക്കുള്ള കത്തുകൾ - 4
- പൊതു സർക്കുലറുകൾ - 7
- വ്യവഹാരസംബന്ധമായ കത്തുകൾ - 3

5. **ഏകീകരിച്ചവ**
   - തൂക്കാസ - തിരുക്കർമാചാരാനുഷ്ഠാനങ്ങൾ
   - ലിറ്റർജിക്കൽ കലണ്ടർ
   - മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്
   - വൈദികർക്കുള്ള കാനോന നമസ്ക്കാരം
6. **പ്രഹസനങ്ങൾ**
   - എക്ളോഗുകൾ (പ്രചോദനം മിഷനറിമാരിൽനിന്ന്)


*"ജീവിതകാലത്തിൽ സ്നേഹിതന്മാർ പലർ*
*ജീവൻ പിരിയുമ്പോൾ ആരുമില്ല*
*കൂട്ടരുണ്ടായ് പലർ സ്നേഹിതന്മാരവർ*
*കൂടെ വരുവതിന്നാരുണ്ടിപ്പോൾ?"*

(ചാവറയച്ചൻ, മരണവീട്ടിൽ പാടുന്നതിനുള്ള പാന, P. 136)

## പ്രിയോരച്ചനും പ്രിയോർമാവും

ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിന് മുമ്പു വരെ അദ്ദേഹം അധികവും അറിയപ്പെട്ടിരുന്നത് വലിയ പ്രിയോരച്ചൻ എന്ന പേരിലാണ്. കാരണം അദ്ദേഹം നേതൃത്വമെടുത്ത സന്യാസസഭയുടെ അതുവരെയുള്ള എല്ലാ ആശ്രമങ്ങളുടെയും പൊതു സുപ്പീരിയർ അദ്ദേഹമായിരുന്നു. അദ്ദേഹത്തിനു മാത്രമായിരുന്നു 'പ്രിയോർ' എന്ന സ്ഥാനപ്പേരും. അതുകൊണ്ട് സഭാംഗങ്ങളും മറ്റുള്ളവരും അദ്ദേഹത്തെ 'വലിയ പ്രിയോരച്ചൻ' എന്നേ വിളിച്ചിരുന്നുള്ളു.

1864-നും 1871-നുമിടയിലാണ് ചാവറയച്ചൻ കൂനമ്മാവിലെ ആശ്രമവാസിയായിരുന്നത്. 1870-ൽ ഒരിക്കൽ പാറായി തരകൻ, വിശേഷതരം മാമ്പഴങ്ങൾ ചാവറയച്ചനു സമ്മാനമായി നൽകി. അതിൽ ചിലത് സിസ്റ്റേഴ്സിനും നൽകുകയുണ്ടായി. കുറെ മാങ്ങാ



പ്രിയോർമാവ് (1870-1972)

അണ്ടികൾ പാകി കിളിർപ്പിച്ച് ഒരെണ്ണം കൂനമ്മാവിൽ ചാവറയച്ചന്റെ മുറിയുടെ അടുത്ത് നട്ടുപിടിപ്പിച്ചു. ഈ തൈകൾ മറ്റു ആശ്രമങ്ങളിലേയ്ക്ക് നൽകിക്കൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതി: "എന്നെക്കാൾ ആയുസുള്ളതും, മധുരിപ്പിക്കുന്നതുമായ ഒരോർമ്മ. ഇതിനേക്കാൾ മനുഷ്യൻ എത്രയോ ബലക്ഷയമുള്ളവനും പെട്ടന്നു മാറ്റം വരുന്നവനും എന്ന് എല്ലാ ആശ്രമാംഗങ്ങളും ഓർക്കുവാൻ വേണ്ടി ഓരോ ആശ്രമങ്ങളിൽ ദുക്റാൻ (ഒർമ്മ) എന്നുപേരിട്ട് ഓരോ മധുരമാവ് നടുവിൻ."

കൂനമ്മാവിൽ തന്റെ മുറിയുടെ അടുത്ത് നട്ടുപിടിപ്പിച്ചിരുന്ന മാവ് അദ്ദേഹത്തിന്റെ മരണശേഷം 'പ്രിയോർമാവ്' എന്നപേരിൽ അറിയപ്പെട്ടു. ('പ്രിയോർമാവ്' എന്ന പേരിൽതന്നെ ഇതിന്റെ തൈകൾ മാവിൻ തൈ നേഴ്സറികളിൽനിന്ന് ഇപ്പോഴും സംലഭ്യമാണ്.) നൂറു വർഷത്തിലേറെ ജീവിച്ച പ്രിയോർമാവ് 1972-ൽ ഉണങ്ങിയപ്പോൾ, അന്നു കൂനമ്മാവിൽ സുപ്പീരിയർ ആയിരുന്ന മെലേസിയൂസച്ചൻ മുറിച്ചു ചെറിയ കഷണങ്ങളാക്കി സി. എം. ഐ., സി. എം. സി. സഭകളിലെ പ്രധാന സ്ഥാപനങ്ങളിലേയ്ക്ക് നൽകി. ഇന്ന് ഈ കഷണങ്ങൾ തിരുശേഷിപ്പുപോലെ പലയിടങ്ങളിലും സൂക്ഷിച്ചിരിക്കുന്നു.

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol-IV, കത്തുകൾ, മാന്നാനം, 1982, PP. 70, 71.

*"ഇപ്പോൾ നിങ്ങളുടെ സംബന്ധക്കാരെക്കാൾ എന്നെയും അപ്രകാരം ഞാനും സ്നേഹിപ്പാൻ എന്തു കാരണം? ആ കർത്താവെ! നിന്നോടു ഒന്നു ഞങ്ങൾ ആകുംവരെ ഞങ്ങളിൽ നിന്ന് അകലല്ലെ."*

(ചാവറയച്ചൻ, കത്തുകൾ, P. 114)

# 15. ചാവറയച്ചന്റെ അന്തിമ വചസ്സുകൾ

## ചാവറയച്ചന്റെ മരണപത്രികയിൽ നിന്ന്

"ബഹുമാനപ്പെട്ട എന്റെ കൂടപ്പിറപ്പുകളായ കൊവേന്ത അച്ചന്മാരും, സ്നേഹിക്കപ്പെട്ട മക്കളായ പുതുസന്യാസികൾ, അൽമേനി ദർശനക്കാര് ഏവരോടും കർത്താവിൽ സത്യം ചൊല്ലി നിങ്ങളുടെ ശുശ്രൂഷിയായ സഹോദരൻ കുറിയാക്കോസ് ഏലിയ എന്ന ഞാൻ നിങ്ങളോടുള്ള എന്റെ അന്ത്യവചനങ്ങളും ഉപദേശവും ചാവരുളായി ഇതിനാൽ അറിയിക്കുന്നു.

പ്രിയമുള്ള കുഞ്ഞുങ്ങളേ, നാം സർവ്വേശ്വരന്റെ വിശേഷകൃപ യാൽ ദേവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്ത സഭ ക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലെന്ന് ഇത് കടലാസ് എന്ന് കാണുംവിധം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരായ പെ.ബ. പാലാക്കൽ, പോരൂക്കര അച്ചന്മാര് അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും വിശുദ്ധ ഡോമിനിക്കിന്റെ സഭക്കാരാകണമെന്നത്രെ. ഇതിനായിട്ടത്രെ അതുവരെ ഇവിടെ നട പ്പില്ലാത്ത വെള്ള ളോവ ഉടുത്തു തുടങ്ങിയതും ശേഷവും. ഇതി നാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ വിശുദ്ധ അമ്മ തന്റെ വിശേ ഷസ്നേഹത്തിൽ ചേർത്തു.

...പ്രിയമുള്ള കൂടപ്പിറപ്പുകളായ ഓരോരൊ കൊവേന്തകളുടെ പെ. ബ. വികാരിയച്ചന്മാരു, സത്യമായിട്ടുള്ള ഉപവിയും കൂട്ടായ്മയും, എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദര ത്തിൽ നിന്നു പിറന്ന്, ആ അമ്മയുടെ പാൽ കുടിച്ചു വളർന്നവർ എന്നവിധം യഥാർത്ഥ സ്നേഹത്തിന് ഒരിക്കലും കുറവുവരുത്താതെ മേൽക്കുമേൽ വർദ്ധിപ്പിക്കയും വേണം.

...കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സാകയാൽ, ആൾച്ചുരുക്കത്താൽ അവർക്കുണ്ടാകേണ്ട ഈ സഹായം നിറവേറ്റു ന്നില്ല...... തെക്ക് ഉള്ള കൊവേന്തകളുടെ നോവിഷ്യേറ്റ് മാന്നാന ത്തും, വടക്ക് കൂനമ്മാവും. ദൈവം തിരുമനസ്സാകുന്നു എങ്കിൽ രണ്ടു ഇടങ്ങളും ഓരോ പ്രോവിൻസാകുവാൻ ഇടവരും....കിഴക്കും പടി ഞ്ഞാറുമായി ഈ രണ്ടു കൊവേന്തകളും ചില മഠങ്ങളും ബോർഡി

ങ്ങുകളും ആവശ്യമാണ്. ഇതിനൊക്കെക്കും നിങ്ങളുടെ അല്പമായ ബുദ്ധിമുട്ടുകളും ഉത്സാഹവും മതിയായിരിക്കുന്നു.

......മഠം ബോർഡിങ്ങ് ഇവയിൽ പ്രത്യേകം നിയോഗിക്കപ്പെട്ടവരല്ലാതെ മറ്റുള്ളവർ ഉൾപ്പെടാതിരിക്കുവാൻ സൂക്ഷിക്കണം.

.......ഒടുക്കമായി, എ. പെ. ബ. വികാരി അപ്പസ്തോലിക്കാ അച്ചനോടും പെ.ബ. ദലഗാദച്ചനോടും പെ. ബ. മിഷനറി അച്ചന്മാരോടും, എല്ലാ കൊവേന്തക്കാരോടും ഞാൻ പൊറുതി അപേക്ഷിക്കുന്നു. എന്റെ കടമയ്ക്കനുസരിച്ച് ഓരോരുത്തരോടും ചെയ്യേണ്ടിയിരുന്ന ശുശ്രൂഷകളിലും, ശേഷം സകലത്തിലും ഞാൻ കടപ്പെട്ടിരിക്കുന്ന കുറവുകൾ എന്നോടു പൊറുക്കണമെന്ന് ദൈവതിരുമുമ്പിൽ ഞാൻ മാപ്പപേക്ഷിക്കുന്നു. വീണ്ടും ബ. കൂടപ്പിറപ്പുകളായ കൊവേന്തക്കാരോടു ഞാൻ അപേക്ഷിക്കുന്നു. ഇവിടെ ഈ സഭയിൽ ഒന്നാമത്തവനായി ഞാൻ വൃതം ചെയ്തു, ഒന്നാം പ്രിയോരും ഞാൻ ആയി. എന്നാൽ നമ്മുടെ നിയമാവലിയെ അനുസരിക്കുവാനും അനുസരിപ്പിക്കുവാനും എന്റെമേൽ ഞാൻ ഏറ്റിയ കടം ഞാൻ മുഴുവനായിട്ടും തികച്ചില്ല. നല്ല മാതൃക ഞാൻ തന്നില്ല. അതിനാൽ ഞാൻ നിങ്ങൾക്കു നൽകിയിട്ടുള്ള ഇടർച്ചകൾ ക്ഷമിക്കണമെന്നും എന്റെ ദുർമ്മാതൃകകൾ നോക്കാതെ എന്നിലൂടെ വന്ന കുറവുകൾ പരിഹരിച്ച് പ്രത്യേകം തീക്ഷ്ണതയുള്ളവരാകണമെന്നും അപേക്ഷിക്കുന്നു."

ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, Vol-IV, കത്തുകൾ, മാന്നാനം, 1982, PP. 99 -103.

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL- C)

*"മുള കൊണ്ടെങ്കിലും ഒരു കൂടുംവെച്ച് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച്, ആരും ഇല്ലാത്തവരെയോ, വൃദ്ധരേയോ, യാചകരേയോ, രോഗികളേയോ പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് ഇത് പിൽക്കാലങ്ങളിൽ കേരളത്തിലെ ഒന്നാമത്തെ ഉപവിശാല ആയിത്തീരുവാൻ ഇടവരും."*

(ചാവറയച്ചൻ, കത്തുകൾ, 1869, P. 162)

# ചാവറയച്ചന്റെ അന്തിമോപദേശങ്ങളും അവസാന നിമിഷങ്ങളും

1871 ജനുവരി 2-ാം തീയതി രാത്രി ഏഴുമണിക്ക് ആശ്രമസ്ഥരെല്ലാവരും തങ്ങളിൽ നിന്നു എന്നന്നേയ്ക്കുമായി പിരിയുവാൻ പോകുന്ന ആ സ്നേഹപിതാവിന്റെ മുറിയിൽ വന്നുകൂടി. നെടുവീർപ്പോടും നനഞ്ഞ കണ്ണുകളോടും കൂടി അവർ രോഗിയുടെ കട്ടിലിനു ചുറ്റും മുട്ടുകുത്തി. താങ്ങാനാവാത്ത ഹൃദയവ്യഥമൂലം ചിലർ പൊട്ടിക്കരഞ്ഞിരുന്നു. താൻ 25 സംവത്സരത്തോളം സ്നേഹിച്ചും ഉപദേശിച്ചും ആദ്ധ്യാത്മികപോഷണം നൽകിയും വളർത്തിയിരുന്ന ആ സന്യാസഗണം അന്ത്യയാത്ര പറയുവാനായി തന്റെ ചുറ്റും കൂടി നില്ക്കുന്നതുകണ്ട് ആർദ്രചിത്തനായിത്തീർന്ന ആ സ്നേഹമുള്ള പിതാവ് തല നിവർത്തി ശയ്യയിൽ ചാരി ഇരുന്നുകൊണ്ട് അവരോടായി ഭക്തിപ്രചുരവും, സ്നേഹനിർഭരവുമായ കുറെ വചസ്സുകൾ ഉച്ചരിച്ചു.

"നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മാനുഷൻ ആരുതന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറേനാൾ മുമ്പുതുടങ്ങി ഞാൻ ചെയ്തുവന്നു. ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം ഔസേപ്പ് എന്ന മഹാകുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ (കട്ടിലിന്റെ അരികിൽ ഇരുന്നിരുന്നതും എപ്പോഴും കാണത്തക്കവിധം തന്റെ മേശയിൽ വച്ചിരുന്നതുമായ രൂപത്തെ കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടും

ബത്തെ നിങ്ങൾ ആശ്രയിക്കുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ. ഞാൻ മരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ട. ദൈവതിരുമനസ്സിനു സന്തോഷത്തോടുകൂടി കീഴ്വഴങ്ങുവിൻ. ദൈവം സർവ്വ വല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു. സഭയ്ക്കും നിങ്ങൾ ഓരോരുത്തർക്കും എന്നെക്കാൾ കൂടുതൽ നന്മചെയ്യുവാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും. നിങ്ങൾ എല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിച്ചു കാക്കണം. ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടുകൂടെ സ്നേഹിക്കണം. ആ തിരുഹൃദയത്തിൽ നിന്ന് നിവ്യായുടെ വ്ചനംപോലെ ആയുസ്സിന്റെ വെള്ളത്തെ കോരിയെടുപ്പിൻ. സഭയുടെ അംഗങ്ങളടങ്ങിയിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രേഷ്ഠന്മാരും തമ്മിൽതമ്മിൽ പരമാർത്ഥ ഉപവിയുള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭ വഴിയായിട്ട് ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകയും സഭ ഒന്നിനൊന്നിന് അഭിവൃദ്ധി പ്രാപിക്കയും ചെയ്യും''

ഇപ്രകാരം പറഞ്ഞ് അവസാനിപ്പിച്ച ഉടനെ 'ഒപ്പ്റുശുമ' (രോഗിലേപനം) എന്നു പറയുകയും, പിതാവിന്റെ വാഴ്വ് ഇവിടെ നിൽക്കുന്ന ഞങ്ങൾക്കും സഭയിലുള്ള എല്ലാവർക്കും തരണമെന്ന് വികാരിയച്ചൻ അപേക്ഷിക്കയിൽ 'ബുർക്കസെ' ചൊല്ലിക്കൊണ്ട് കൈപൊക്കി ആശീർവദിക്കയും ചെയ്തു. അതിന്റെശേഷം നിവർന്നു കിടന്ന് ബോധത്തെളിവോടുകൂടെ രോഗീലേപനം സ്വീകരിക്കയും ഓരോ മൊഴികളും കൂടി ചൊല്ലുകയും ചെയ്തു. ഇതിന്റെശേഷം മനസ്സിനു വല്ല അസ്വാസ്ഥ്യവും തോന്നുന്നുണ്ടോ എന്ന് വികാരിയച്ചൻ ചോദിച്ചപ്പോൾ 'പരിപൂർണ്ണസമാധാനവും സന്തോഷവും ഇപ്പോൾ അനുഭവിക്കുന്നു' എന്നു പറഞ്ഞു. പിന്നീട് അധികമൊന്നും പറഞ്ഞിരുന്നില്ല. ഇടക്കിടെ ഓക്കാനവും ഛർദ്ദിയും ചിലപ്പോൾ മയക്കവും ഉണ്ടായിരുന്നു. മയക്കം തെളിയുമ്പോൾ തനിച്ചും ശേഷം പേര് ചൊല്ലിക്കൊടുക്കുന്നതിനെ കേട്ടും സുകൃതജപങ്ങൾ ചൊല്ലിയിരുന്നു. കുറെക്കഴിഞ്ഞപ്പോൾ മയക്കം വർദ്ധിച്ച് വലിവ് ആരംഭിച്ചു. രാത്രി 12 മണിക്കുശേഷം യാതൊന്നും പറഞ്ഞിട്ടില്ല.

ജനുവരി 3-ാനു രാവിലെ 7-മണി ആയപ്പോൾ രോഗിക്കു കുറെ ആശ്വാസമുണ്ടെന്നു കാണുകയാൽ അച്ചന്മാരിൽ ചിലർ കുർബ്ബാന ചൊല്ലുന്നതിനും, പുതുസന്യാസികളും മറ്റും കുർബാന കാണുന്നതിനും കൈക്കൊള്ളുന്നതിനും പള്ളിയിൽ പോയി. ഏഴരമണിയോടുകൂടെ പെട്ടെന്ന് ഒരു പകർച്ച കണ്ടതിനാൽ അടുക്കൽ നിന്നിരുന്ന അച്ചന്മാർ അന്തിമാശീർവ്വാദവും മറ്റും കൊടുത്തു. അതോടുകൂടെ വായൊന്ന് തുറന്ന് ഒടുക്കത്തെ ശ്വാസം വിടുകയും ചെയ്തു.

മാന്നാനം നാളാഗമം, Vol. III, 1864-1871, PP, 264-267; വർക്കി പാറപ്പുറത്തച്ചന്റെ നാളാഗമം, മാന്നാനം, PP. 1409- 1417; ഫാ. മത്യാസ്, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1936, PP. 61-64

(ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL)

*"കാലം ചെയ്ത പ്രിയോരച്ചൻ മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പ് തന്റെ സന്യാസികൾക്കു വേണ്ടി എഴുതി ഉണ്ടാക്കിയ അനേകം സൽബുദ്ധികൾ നിറഞ്ഞ ഒരു മരണ പത്രിക ഉണ്ടായിരുന്നു... പുതുസന്യാസികളിൽ ഒരുവനെ വിളിച്ച് മേൽപറഞ്ഞ ദസ്തമെന്തിനെ കാണിച്ച് "ഞാൻ മരിച്ചതിനുശേഷം ഈ എഴുത്ത് ദി. ശ്രീ. ലെയോപ്പോൾദച്ചനെ ഏല്പിക്കണ്"മെന്നു പറഞ്ഞു... ഇദ്ദേഹമൊ, അതിന്റെ ശരിയായ പകർപ്പ് ശേഷമെല്ലാ ആശ്രമങ്ങൾക്കും കൊടുക്കണമെന്നു നിശ്ചയിച്ചു."*


(പാറപ്പുറത്ത് വർക്കിയച്ചന്റെ നാളാഗമം, P. 1421)

# 16. ചാവറയച്ചൻ - അവസാനിപ്പിച്ചിടത്തുനിന്ന് ആരംഭിച്ചിടത്തേയ്ക്ക്

(ചാവറയച്ചൻ 1831 മുതൽ 1864 വരെ 33 വർഷം മാന്നാനത്തും 1864 മുതൽ 1871 ൽ മരിക്കുന്നതുവരെ കൂനമ്മാവിലുമാണ് താമസിച്ചിരുന്നത്. 1871 ജനുവരി 4-ാം തീയതി അദ്ദേഹത്തെ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ആശ്രമം പള്ളിയിൽ കബറടക്കം ചെയ്തു. പിന്നീട് 1889 മെയ് 24-ാം തീയതി അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ മാന്നാനത്തേക്ക് മാറ്റി.)


"....മേലെഴുതിയ ടി എഴുത്തു വന്നതിന്റെ ശേഷം ഞാൻ ഉടനെ ചെന്നു. വേണ്ടുന്ന ഉപചാരത്തോടെ എന്നെ കൈക്കൊണ്ടു. ഉടൻതന്നെ പള്ളിയിലേക്കു വിളിച്ചുകൊണ്ടുപോയി. വേലക്കാരെക്കുറിച്ചും കൂലിയെക്കുറിച്ചും ഒന്നും ചോദിക്കയും പറയുകയും ഉണ്ടായില്ല. ഉടനെ കുഴിമാടം തുറപ്പിക്കാൻ തുടങ്ങി. വികാരി ജനറാളായ പെ. ബ. പീലിപ്പോസ് മൂപ്പച്ചനും ഏതാനും ജനങ്ങളും ഉണ്ടായിരുന്നു. കുറെനേരം ചെന്നപ്പോൾ ബ. കാന്തിദോസ് മൂപ്പച്ചനും വന്നു.

കുഴിമാടം തുറന്നുനോക്കിയപ്പോൾ ഏതാനും അസ്ഥികൾമാത്രം



*ചാവറയച്ചൻ താമസിച്ച് മരിച്ച മുറി കൂനമ്മാവിൽ-1864-1871*

കിട്ടി. അതെടുത്ത് ഒരു പെട്ടിയിൽ വെച്ചു. കൂനമ്മാവു കന്യാസ്ത്രീ മഠത്തിന്റെ അടുത്തുള്ള ബംഗ്ലാവിലേയ്ക്കു ഞാൻ കൊണ്ടുപോന്നു.''



*ചാവറയച്ചന്റെ കബറിടം മാന്നാനം ആശ്രമദേവാലയത്തിൽ*

''....ഈ ചരിത്ര സംക്ഷേപത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം കൂനമ്മാവുങ്കൽ പള്ളിയിൽ അടക്കം ചെയ്യപ്പെട്ടിരുന്ന ഈ വന്ദ്യപിതാവിന്റെ അസ്ഥികളെ 1889 മെയ് 24 വെള്ളിയാഴ്ച മാന്നാനത്തുള്ള പള്ളിയിൽ ആഘോഷമായി അടക്കം ചെയ്തു. .......ഈ ആണ്ട് മുൻപറഞ്ഞിരിക്കുന്ന കുര്യാക്കോസ് ഏലിയാ എന്ന ഒന്നാമത്തെ പൊതു പ്രിയോർ, ചാവറയച്ചന്റെ തലയോടും അസ്ഥികളും കൂനമ്മാവിൽ നിന്ന് ഈ ഏപ്രിൽ മാസത്തിൽ മാന്നാനത്തു കൊണ്ടുവന്നു. ഒരു ക്കോൽ നീളമുള്ള ചെമ്പുപെട്ടിയിൽ വെച്ച് സൂക്ഷ്മമായി മുദ്രയും വെച്ച് വിവരത്തിന് എഴുത്തുകളും അതിൽ അടക്കം ചെയ്ത് ഈ കൊവേന്തയുടെ പള്ളിയിൽ വല്യ അൾത്താരയ്ക്കു താഴെ സങ്കീർത്തിമുറിയുടെ വാതുക്കൾ ആഘോഷമായിട്ട് അടക്കം ചെയ്യുകയും ചെയ്തു. അടക്കിപ്പു ദിവസത്തിൽ ക്ഷണപ്രകാരം പല പട്ടക്കാരും വളരെ ജനങ്ങളും കൂടിയിരുന്നു.''

ചെത്തിപ്പുഴ തിരുഹൃദയ ആശ്രമ നാളാഗമം, Vol. I; മാന്നാനം നാളാഗമം, Vol. IV, PP. 68-72

# 17. 'ചാവറയച്ചൻ ഒരു രേഖാചിത്രം' എന്ന ഈ പുസ്തകത്തിലെ രേഖകളുടെ ആധികാരികതയും അതു കണ്ടെത്താനുള്ള മാർഗ്ഗങ്ങളും

## 1. മാന്നാനത്തുള്ള ഗ്രന്ഥശേഖര ഈടുവെപ്പ്

സി. എം. ഐ. സഭയുടെ മാന്നാനത്തുള്ള സെന്റ് ജോസഫ് മോണസ്റ്ററിയിലെ ഗ്രന്ഥശേഖര ഈടുവെപ്പിലാണ് വാഴ്ത്തപ്പെട്ട ചാവറയച്ചനെ സംബന്ധിക്കുന്ന സുപ്രധാന രേഖകളെല്ലാം സൂക്ഷിച്ചിരിക്കുന്നത്.

ചാവറയച്ചന്റെ നാമകരണ നടപടികളുടെ ഭാഗമായി ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാനായിരുന്ന മാർ മാത്യു കാവുകാട് 1957-ൽ നിശ്ചയിച്ച ചരിത്ര കമ്മീഷന്റെ പരിശ്രമ ഫലമായി ഇൻഡ്യ, ഇറ്റലി, വത്തിക്കാൻ സ്പെയിൻ, ഓസ്ട്രിയ, ഇറാക്ക് തുടങ്ങിയ രാജ്യങ്ങളിലെ 66 രേഖാ ഈടുവെപ്പുകളിൽ നിന്നും, സി. എം. ഐ. ആശ്രമങ്ങളിൽ നിന്നും മറ്റു വ്യക്തികളിൽ നിന്നും കിട്ടിയ രേഖകളാണ് ഇവിടെയുള്ളത്.

(Kuriakose Elias Chavara, Positio, Vatican, in Information Relatoris Generalis PP. XVIII, XIX, XX)

ഈ ശേഖരത്തിലുള്ള കൈയ്യെഴുത്തുകളെല്ലാം ആരുടേതാണെന്നും, ഏതു കാലത്തുള്ളതാണെന്നും ശാസ്ത്രീയപഠനങ്ങളിലൂടെ വിലയിരുത്തിയിരിക്കുന്നു (ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, വാല്യം I, നാളാഗമങ്ങൾ, ആമുഖം, മാന്നാനം, 1981, pp. iii-xxii)

ചാവറയച്ചനോടു ബന്ധപ്പെടുത്തിയുള്ള രേഖകളെല്ലാം, ഒറിജിനൽ അല്ലെങ്കിൽ യഥാർത്ഥ കോപ്പി, മാന്നാനം ഈടുവെപ്പിലെ ക്രമവിവരപട്ടികയിൽ സ്ഥാനനിർണ്ണയത്തിനെളുപ്പമായി. 'സി. എം. ഐ. സ്പെഷ്യൽ' എന്ന പേരിൽ എ.ബി.സി. എന്നീ ഗ്രൂപ്പുകളിലായി പെടുത്തിയിരിക്കുന്നു.

ഏ. ഗ്രൂപ്പിൽ, നാളാഗമങ്ങൾ, തീരുമാനങ്ങൾ, ഡയറികൾ, റിപ്പോർട്ടുകൾ, നിയമങ്ങൾ തുടങ്ങിയ പേരുകളിലും; ബി. ഗ്രൂപ്പിൽ എഴുത്തുകളുടെ ശേഖരങ്ങൾ എന്ന പേരിലും; സി.ഗ്രൂപ്പിൽ ചാവറ നാമകരണ നടപടികൾ: ഹിസ്റ്റോറിക്കൽ കമ്മിറ്റി എന്ന പേരിലു

മാണ്. 'സുവർണ്ണരേഖകൾ' എന്ന പേരിലുള്ള ശേഖരം വളരെ പ്രധാനപ്പെട്ട രേഖകളാണ്.

ഈ ശേഖരത്തിലുള്ള അനവധി എഴുത്തുകളും ഇതരരേഖകളും ഒറ്റ താളുകളിലായതുകൊണ്ട് പേജുനമ്പറുകൾ ഇല്ല. അതുകൊണ്ട് ഈ രേഖകൾ ഈ പുസ്തകത്തിൽ ചേർക്കുമ്പോൾ, C.M.I. SPECIAL, A or B or C, ARCHIVES OF ST. JOSEPH'S MONASTERY, MANNANAM എന്നുമാത്രമായിരിക്കും കൊടുക്കുക.

അതുപോലെ, ഈടുവെപ്പിൽ കൈയ്യെഴുത്തായും, മറ്റു ഭാഷകളിലുമായി ഉള്ള ഈ രേഖകൾ ഇതിനുമുമ്പ് പ്രസിദ്ധീകരിച്ചവയിൽ നിന്നെടുത്തത് പുസ്തകത്തിന്റെ അടിക്കുറിപ്പിൽ ചേർത്തിട്ടുണ്ട്.

ചാവറയച്ചന്റെ കൈയ്യെഴുത്തിലുള്ള രേഖകൾ മുഴുവനും നാലു വാല്യങ്ങളിലായി 'ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ' എന്ന പേരിൽ 1981-ലും 1982-ലും പ്രസിദ്ധീകരിച്ചിരിക്കുന്നതിൽ നിന്ന് എടുത്തിരിക്കുന്നവ ആ പേരിൽ തന്നെ ആയിരിക്കും അടിക്കുറിപ്പിൽ കാണിച്ചിരിക്കുക. ഇവയുടെയും കൈയ്യെഴുത്തു രേഖകൾ C.M.I Special A.B.C. ഗ്രൂപ്പുകളിൽ മാന്നാനം ഈടുവെപ്പിൽ സൂക്ഷിച്ചിരിക്കുന്നു.

**2. ചാവറയച്ചന്റെ ജീവചരിത്രത്തേയും വിശുദ്ധിയേയും വിലയിരുത്തുന്ന പൊസിസ്സിയോ (Positio) എന്ന ആധികാരിക പഠന രേഖ**

തിരുസഭയിൽ ഒരു വ്യക്തിയുടെ മരണശേഷം ആ വ്യക്തിയുടെ രൂപതാദ്ധ്യക്ഷൻ തനിക്കു ലഭിച്ച ഉറപ്പിന്റെയും, പൊതുജനങ്ങളിൽ നിന്നു കിട്ടുന്ന പ്രേരണകളുടെയും വെളിച്ചത്തിൽ, അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള നാമകരണ നടപടികൾ എടുക്കണമെന്ന് പരിശുദ്ധ സംഹാസനത്തോടാവശ്യപ്പെടുന്നു. ഇതു സ്വീകാര്യമായാൽ വിശുദ്ധരുടെ നടപടികൾക്കുള്ള തിരുസംഘം കൊടുക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഈ ആളെ 'ദൈവദാസൻ' എന്നു പ്രഖ്യാപിച്ചുകൊണ്ട്, ഇദ്ദേഹത്തെക്കുറിച്ചു കൂടുതൽ പഠിക്കുന്നതിനുവേണ്ടി രൂപതാമെത്രാൻ പല കമ്മീഷനുകളെ നിയോഗിക്കുന്നു.

ഇവർ ദൈവദാസനെക്കുറിച്ച് ശേഖരിക്കുന്ന രേഖകളെല്ലാം

ശരിയാണെന്ന് ഉറപ്പുവരുത്തിയശേഷം നാമകരണ നടപടികളുടെ തിരുസംഘത്തിന് മെത്രാൻ അയച്ചുകൊടുക്കുന്നു. കിട്ടിയ രേഖകളെല്ലാം പഠനവിഷയമാക്കി, ദൈവദാസന്റെ ചരിത്രപരവും, സാംസ്ക്കാരികവും, സഭാപരവുമായ ജീവിതത്തെക്കുറിച്ചും സമ്പാദിച്ച ജീവിതവിശുദ്ധിയെക്കുറിച്ചും തെളിയിക്കത്തക്കവിധം തയ്യാറാക്കുന്ന ആധികാരികഗ്രന്ഥത്തിനാണ് 'പൊസിസ്സിയോ' എന്നുപറയുന്നത്.

ഈ രേഖകൾ നാമകരണനടപടികൾക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന പോസ്റ്റുലേറ്ററിന്റെ നേതൃത്വത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഇപ്രകാരം തയ്യാറാക്കിയ പൊസിസ്സിയോ, റോമിൽ ചുമതലപ്പെടുത്തിയിരിക്കുന്ന ഹിസ്റ്റോറിക്കൽ കമ്മീഷൻ പഠിക്കുന്നു. അവരുടെ പഠനറിപ്പോർട്ടിനെ ('Relatio et Vota') ക്കുറിച്ച് അതിന്റെ അദ്ധ്യക്ഷനായ 'റി ലേറ്റർ ജനറൽ', Augustinus Amore, 'റെലാസിയോ എത്ത് വോത്താ' എന്ന രേഖയിൽ കൊടുത്തിരിക്കുന്നതിന്റെ ചുരുക്കമാണ് താഴെ കൊടുത്തിരിക്കുന്നത്.

പൊസിസ്സിയൊ 22 അദ്ധ്യായങ്ങളിലൂടെ പൂർത്തിയാക്കിയിരിക്കുന്നു. ഇവയെ ചുവടെ കൊടുത്തിരിക്കുന്ന നാലു ചോദ്യങ്ങളുടെ വെളിച്ചത്തിൽ 13 അംഗ ഹിസ്റ്റോറിക്കൽ കമ്മീഷൻ പഠനവിഷയമാക്കി.

1. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും സത്യസന്ധമായി വിലയിരുത്തുവാൻ സഹായകമാകുംവിധം ഇതിനാവശ്യമായ രേഖകളെല്ലാം ശേഖരിക്കയും, വിമർശന ബുദ്ധിയോടെ പരിശോധിക്കയും, ശാസ്ത്രീയമായവിധത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ?

2. ഈ രേഖകളിൽ ചരിത്രപരമായ കാര്യങ്ങളിൽ വിശ്വാസം അർപ്പിക്കാൻ സാധിക്കയും ഇതിൽനിന്ന് ദൈവദാസന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള വ്യക്തമായ അറിവും കിട്ടുമോ?

3. വസ്തുനിഷ്ഠമായി ദൈവദാസന്റെ ജീവിതവിശുദ്ധി തെളിയിക്കാൻ ആവശ്യമായ ന്യായങ്ങൾ ഈ രേഖകളിൽ നിന്നു കണ്ടെത്താനാകുമോ?

4. ഈ രേഖകളിൽനിന്ന് ദൈവദാസൻ വീരോചിതമായവിധം

വിശുദ്ധി പ്രാപിച്ചിരുന്നു എന്നുള്ള തെളിവുകൾ കണ്ടെത്തുവാൻ ദൈവശാസ്ത്രപഠനസംഘത്തിന് കഴിയുമോ?

ഹിസ്റ്റോറിക്കൽ കമ്മീഷനിലെ 13 അംഗങ്ങളും പൊസിസ്സിയോ ലക്ഷ്യപ്രാപ്തിക്ക് അനുയോജ്യമാണെന്ന്, ദൈവദാസനോടുള്ള വലിയ മതിപ്പോടെ 1978 ഫെബ്രുവരി 22-ന് കൂടിയ സമ്മേളനത്തിൽ അംഗീകരിച്ചു.

ഇതിനെക്കുറിച്ച് റിലേറ്റർ ജനറൽ പറയുന്നതിപ്രകാരമാണ്:

"ഈ രേഖയെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നത്, ഇത് വളരെ ധന്യവും, വസ്തുനിഷ്ഠവും, പൂർണ്ണവും, ഏകീകൃതസ്വഭാവമുള്ളതുമാണ് എന്നാണ്. ദൈവദാസന്റെ ജീവിതവിശുദ്ധിയെയും അതിന്റെ ആഴത്തെയും കുറിച്ച് ദൈവശാസ്ത്രവിദഗ്ധർക്ക് വിലയിരുത്തുവാനാവശ്യമായ എല്ലാ ഘടകങ്ങളും ഇതിലുണ്ട്."

(Herald of the East, Vol. 11, No. 2, 1992, PP. 40-43 Translation by Fr. Lucas Vithuvattical CMI, postulator, from "Relatio et vota (Italian), F. Augustinus Amore OFM, Relator General.)

ചാവറയച്ചൻ വീരോചിതമായി ജീവിത വിശുദ്ധി സമ്പാദിച്ചിരുന്നോ എന്ന് പഠിക്കുവാൻ ഏല്പിച്ച കമ്മിറ്റിയിൽ വിശ്വാസകാര്യാലയത്തിന്റെ അദ്ധ്യക്ഷൻ അടക്കം 9 ദൈവശാസ്ത്രപണ്ഡിതരാണ് ഉണ്ടായിരുന്നത്. അവർ നടത്തിയ പഠനറിപ്പോർട്ടിന്റെ അവസാനത്തിൽ വിശ്വാസകാര്യാലയത്തിന്റെ പ്രൊമോട്ടർ ജനറൽ അന്റോണിയോ പേത്തി 1983 നവംബർ 22-ാം തീയതി എഴുതി:

"ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ വീരോചിതമായി വിശുദ്ധി പ്രാപിച്ചിരുന്നുവോ എന്ന ചോദ്യത്തിന്, വോട്ടവകാശമുണ്ടായിരുന്ന 9 അംഗങ്ങളും ഒരേ സ്വരത്തിൽ അനുകൂലമായ മറുപടി തരികയും, അതിനോടൊപ്പം, പരിശുദ്ധ പിതാവിന് എതിരഭിപ്രായങ്ങൾ ഇല്ലെങ്കിൽ നാമകരണത്തിനുള്ള നടപടികൾ എത്രയും വേഗത്തിൽ നടക്കട്ടെ എന്ന് ആശംസിക്കയും ചെയ്തു."

(Relatio et Vota Congressus Peeuliaris super virtutibus die 22 Novemberis an 1983 habiti. Translated from Italian by Fr. Lucas Vithuvattical CMI, Postulator, in perspectives of a heroic Christian life, Mannanam, 1988, P. 129.)

ഇത്തരത്തിൽ റോമിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന പൊസി

സ്സിയോ, ചാവറയച്ചനെക്കുറിച്ചുള്ള ഏറ്റം ആധികാരികമായ സംക്ഷിപ്തരേഖയാണ്. ഇതിൽനിന്ന് ഉദ്ധരിക്കുമ്പോൾ Positio, CMI Special, Archives of St. Joseph's Monastery, Mannanam എന്നായിരിക്കും കാണിക്കുക.

## 3. HERALD OF THE EAST

ചാവറയച്ചനെക്കുറിച്ചുള്ള ആധികാരികപഠനങ്ങൾ പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയാണ് HERALD OF THE EAST. മലയാളത്തിലും മറ്റിതരഭാഷകളിലും ചാവറയച്ചനേക്കുറിച്ച് എഴുതിയിട്ടുള്ള രേഖകളും, ഇതരപഠനങ്ങളും, അദ്ദേഹത്തിലൂടെ നടക്കുന്ന അത്ഭുത അനുഭവങ്ങളുമെല്ലാം ഇതിലൂടെ പ്രസിദ്ധീകരിക്കുന്നു. സി. എം. ഐ. സഭയുടെ പാസ്റ്ററൽ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിലാണ് ഈ പ്രസിദ്ധീകരണം. Herald Of the East, P. G. House, Ernakulam, എന്നായിരിക്കും സോഴ്സ് കാണിക്കുക.

4. ചാവറയച്ചനെക്കുറിച്ച് ഇതിനുമുമ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന ജീവചരിത്രങ്ങൾ, ലേഖനസമാഹാരങ്ങളടങ്ങുന്ന പുസ്തകങ്ങൾ തുടങ്ങിയവയിൽ നിന്ന് എടുത്തിട്ടുള്ളവയും ഈ പുസ്തകത്തിൽ പെടുത്തിയിട്ടുണ്ട്.

# END NOTES


1. Herald of the East, VOL. 1, No. 3, P. G. House, Ernakulam, 1992 PP. 81-87.
2. ചാവറയച്ചന്റെ ജനന തീയതിയെക്കുറിച്ച് ആദ്യകാല ജീവ ചരിത്രകാരന്മാർ വ്യത്യസ്ത തീയതികളാണ് നൽകുന്നത്. ഈ കാര്യത്തിൽ 1864-ൽ സഭയുടെ ഡലഗേറ്റായിരുന്ന ലയോപ്പോൾദ് മിഷനറിക്ക് ചാവറയച്ചൻ എഴുതി കൊടുത്തിരുന്ന (ചാവറയച്ചന്റെ നാളാഗമം, 1981, p. 59) സഭാംഗങ്ങളുടെ പേരു വിവരങ്ങളിൽ പെടുത്തിയിരിക്കുന്നതും, ലയോപ്പോൾദ് അച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതുമായ തീയതിയാണ് വിശുദ്ധരുടെ നടപടികൾക്കുള്ള സംഘം അംഗീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം 1805 ഫെബ്രുവരി 10 ആണ് ചാവറയച്ചന്റെ ജന്മദിനം.
3. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 11, സാഹിത്യകൃതികൾ, മാന്നാനം, 1981, P. 6, 1-16.
4. Ibid. P. 2, 46-54
5. Ibid. P. 4, 89-113
6. Positio, CMI Special, Archives of St. Joseph's Monastery, Mannanam, Summary, P. XVIII.
7. Positio, Opus.cit, Summary, P. XVIII
8. Positio, Opus. cit, Summary, P. XVIII
9. Positio, Opus. cit, PP. 24, 25; 57, 58
10. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, നാളാഗമങ്ങൾ, മാന്നാനം, 1981, P. 26.
11. Ibid, P. 26
12. മാന്നാനം നാളാഗമം, കണിയാന്തറ യാക്കോബ് എഴുതിയത്, കയ്യെഴുത്ത്, PP. 1-12; Archives of St. Joseph's Monastery, Mannanam, CMI Special - A.
13. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, Opus. cit, P. 1
14. Ibid, P. 26

15. Ibid, PP. 24, 25
16. ഭാരത ക്രൈസ്തവ ചരിത്രത്തിൽ 17-ാം നൂറ്റാണ്ടിനു മുമ്പ് ഇടപ്പള്ളിയിലും, മൈലാപ്പൂരിലുമൊക്കെ, ചില സന്യാസസമൂഹങ്ങൾ ഉണ്ടായിരുന്നു എന്ന് ചരിത്രരേഖകളിൽ കാണുന്നുണ്ടെങ്കിലും 1653-ലെ കൂനൻകുരിശു സത്യത്തിനുശേഷം ഇവ തുടർന്നു നിലനിന്നതായി ചരിത്രത്തിൽ കാണുന്നില്ല. 17-ാം നൂറ്റാണ്ടിനുശേഷം യാതൊരു സന്യാസസമൂഹവും ഉണ്ടായിരുന്നില്ല.
17. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, P. 208
18. Ibid, PP. 55, 76
19. Ibid, PP. 58, 130
20. CMI Spiritual Pilgrimage to perfect love, A Source Book, Cochi, 2004, p. 55
21. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, PP. 84-89; 159; 209-225
22. Ibid, P. 59
23. Ibid, P. 33; പാറപ്പുറത്തു വർക്കിയച്ചൻ എഴുതിയ നാളാഗമം, CMI Special (A), Archives of St. Joseph's Monastery, Mannanam.
24. PP. 17, 29-30; ഫാ. വലേരിയൻ സി.ഡി., ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1939, P. 81
25. സുവർണ്ണരേഖകൾ, Archives of St. Joseph's Monastery, CMI Special - C.
26. A Kanjirathinkal, A Church in Struggle, P. 103
27. പുത്തൻപള്ളി വക സെമിനാരി പറമ്പിന്റെ ചരിത്രം, കയ്യെഴുത്ത്, സി.എം.സി. കോൺവെന്റ്, പുത്തൻപള്ളി.
28. ശൗര്യാരച്ചൻ, പൊതുജനധ്യാനങ്ങൾ. 2nd ed., മാന്നാനം, 1948, P. VII
29. സ്ഥാപകപിതാക്കന്മാർ, മാന്നാനം, 1905, P. 37
30. Ibid, P. 36

31. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. III, ആദ്ധ്യാത്മിക കൃതികൾ, മാന്നാനം, 1981, PP. 78-83; VOL. IV, കത്തുകൾ, PP. 108, 109.

32. സ്ഥാപക പിതാക്കന്മാർ, Opus. cit, P. 32

33. വലേരിയൻ, ചാവറ കുര്യാക്കോസ്, ഏലിയാസച്ചൻ, മാന്നാനം, 1939, PP. 400, 401

34. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, PP. 131, 132; ബർണ്ണാർഡ് തോമസ്, ക. നി. മു. സഭയുടെ ചരിത്രസംക്ഷേപം, മാന്നാനം, 1908, (2nd ed.) PP. 120, 155, 131, 288, 154, 155.

35. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, നാളാഗമങ്ങൾ, P. 44; ബർണ്ണസ് തോമസ്, സി.എം.ഐ. ചരിത്രസംക്ഷേപം (2nd ed), PP. 26,27

36. GOLDEN RECORDS ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL

37. പാറപ്പുറത്ത് വർക്കിയച്ചന്റെ നാളാഗമം, മാന്നാനം, VOl. 2, P. 1474

38. മാന്നാനം നാളാഗമം, VOL. III, 1864-71, P. 90

39. Ibid, P. 44

40. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, നാളാഗമങ്ങൾ, P. 191

41. GOLDEN RECOROS, ARCHIVES OF ST. JOSEPH'S MONASTERY, MANNANAM, CMI SPECIAL - C

42. ബർണ്ണാഡ് തോമസ്, മാർത്തോമ്മാ ക്രിസ്ത്യാനികൾ, മാന്നാനം, 1921, PP. 276-278.

43. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. IV, മാന്നാനം, PP. 5-7

44. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ. VOL. 1, PP. 126, 232, 236, 237

45. Ibid, PP. 126, 127

46. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. IV, കത്തുകൾ, PP. 153-163

47. Ibid, PP. 53, 54, 163

48. മാന്നാനം നാളാഗമം, VOL. III, 1864-1871, P. 90

49. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOl. 1, നാളാഗമം, PP. 158, 208

50. ചാവറയച്ചൻ, VOL. IV, കത്തുകൾ, PP. 38-48

51. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, നാളാഗമം, PP. 173, 174

52. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. IV, കത്തുകൾ, PP. 28, 29; 83-85

53. Ibid, PP. 22-24

54. Ibid, PP. 28, 29; 83, 85

55. പാലാക്കുന്നേൽ വല്യച്ചന്റെ നാളാഗമം, ചരമശതാബ്ദി പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി, 2000, PP. 81, 82.

56. Golden Records, Archives of St. Joseph's Monastery, Mannanam, CMI Special - C

57. മാന്നാനം നാളാഗമം, VOL. III, 1864 -1871, P. 26

58. The Carmelite Congregation of Malabar, 1831-1931, Trichinapoly, 1932, P. 57.

59. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, PP. 62, 68

60. Ibid, PP. 37, 183-185; ബർണ്ണാർഡ്, സി.എം.ഐ. സഭ, 1908, (2nd ed.) 1989, P. 82.

61. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1; PP. 121-125

62. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. IV, P. 102

63. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, PP. 111-115

64. സ്ഥാപകപിതാക്കന്മാർ, Opus.cit, P. 37

65. വലേരിയൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1939, PP. 163-174

66. സ്ഥാപകപിതാക്കന്മാർ, Opus.cit., P. 39; ധ്യാനസല്ലാപങ്ങൾ, PP. 30-38.

67. വലേരിയൻ, Opus. cit., P. 242.

68. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, PP. 74, 75

69. മാന്നാനം നാളാഗമം, VOL. 111, 1864-1971, PP. 131-132

70. Ibid, P. 261, 262, 265; സ്ഥാപകപിതാക്കന്മാർ, P. 39

71. ജോസ് മത്യാസ്, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1936, P. 14.

72. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. 1, P. 30

73. Ibid, PP, 77, 79-81, 167-172.

74. Ibid, PP. 92-125; 178-208.

75. ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ, VOL. IV, PP. 77, 78.

76. ഫാ. ആൻസലം, ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1958, PP. 41-43. ചാവറയച്ചന്റെ നാമകരണ നടപടികളുടെ ഭാഗമായി രൂപത നിശ്ചയിച്ച ചരിത്രാന്വേഷണ കമ്മീഷന്റെ സെക്രട്ടറിയായ അൻസലമച്ചൻ ശേഖരിച്ച രേഖകളുടെ വെളിച്ചത്തിൽ എഴുതിയ ജീവചരിത്രമാണിത്.

77. ഫാ. മത്യാസ്, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1936, PP. 61-64.

78. ഫാ. ലൂക്കാസ്, വിത്തുവട്ടിക്കൽ, നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ, 1967-2004, Positio.

79. ദീപിക (ദിനപത്രം), കോട്ടയം, 1986 ഫെബ്രവരി 8, P. 4.

# ചാവറയച്ചൻ

## ഒരു രേഖാചിത്രം

ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ.

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ്ച്ചമച്ചെന്നെയും
ആയതിന്നെന്തു കാരണം ദൈവമെ
ആദ്യഹീനനാം നിന്റെ ദയതന്നെ.

ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ-
ലിക്കൃമിയായെന്നെയും ചെയ്തെങ്കിൽ,
ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ
ഇഹലോകെ പരലോകെയാരുള്ളു

ഈ മഹാവലിപ്പത്തിന്റെ ചിത്തം പോൽ
ഈ മഹാപാപിയായോരടിയനെ,
ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും
ഈശനായ നിൻകൃപയതിൻമൂലം.

ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്

(ചാവറയച്ചൻ, **ആത്മാനുതാപം**)

ദൈവം ചെയ്യിച്ചതൊക്കെയും എന്റെ കഴിവുകൊണ്ടാണോ! ഇവിടം വരെ നീ വന്നത് എങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിന് എങ്ങനെ കേറി? കൊവേന്തയിൽ എങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരുവിളിച്ചു? ഇതൊന്നിനു നിന്നെ കൊള്ളാമൊ? ഇല്ല, ഇല്ല, നിശ്ചയം! അപ്പോഴോ തിരുമനസ്സു നടക്കും, നടത്തും!

(ചാവറയച്ചൻ, **ധ്യാനസല്ലാപങ്ങൾ**)